**4. നിയമനിർമ്മാണകാര്യം**

2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും

മി. സ്പീക്കർ: ബഹുമാനപ്പെട്ട നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചു കൊണ്ട് നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഇതോടൊപ്പം മേശപ്പുറത്തുവയ്ക്കാവുന്നതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ചെയർ ബിൽ അവതരിപ്പിച്ചുവെന്ന് പറയുന്നില്ല. അതിനുമുമ്പ് ശ്രീ. എ. കെ. ബാലൻ, അങ്ങേയ്ക്ക് ക്രമപ്രശ്നം ഉന്നയിക്കാം.

ക്രമപ്രശ്നം

ശ്രീ. എ. കെ. ബാലൻ: സർ, ഇതിൽ അദ്ധ്യായം 3 'കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും' എന്നതിൽ ഒൻപതാം ക്ലോസിന്റെ അവസാനം പറയുന്നൊരു വാചകം 'ഈ വകുപ്പിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും കാര്യം ദേശീയ ന്യൂനപക്ഷ കമ്മീഷൻ കൈകാര്യം ചെയ്യുന്നുണ്ടെ

ങ്കിൽ അങ്ങനെയുള്ള കാര്യങ്ങളിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് അധികാരം ഇല്ലാതായി തീരുന്നതാണ്'. ഇവിടെ കേന്ദ്ര ആക്ടിൽ പറഞ്ഞി ട്ടുള്ള ഏതെങ്കിലും ഒരു കാര്യത്തിനപ്പുറം ഈ ബില്ലിൽ ഒന്നുമില്ല. കമ്മീ ഷന്റെ ചുമതലകൾ പറഞ്ഞിട്ട് (എ) ന്യൂനപക്ഷങ്ങളുടെ വികസനത്തിനുണ്ടാ യിട്ടുള്ള പുരോഗതി വിലയിരുത്തൽ, കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമുള്ള നിരീക്ഷണം ഇങ്ങനെ ഒൻപത് കാര്യങ്ങൾ പറയുന്നുണ്ട്. കേന്ദ്ര ആക്ടിലും അതുതന്നെയാണ് പറഞ്ഞിട്ടുള്ളത്. നേരെമറിച്ച് കേന്ദ്ര ആക്ടിൽ പറഞ്ഞതിനപ്പുറം എന്തെ ങ്കിലും പറഞ്ഞെങ്കിൽ മാത്രമേ നമുക്ക് എക്സർസൈസ് ചെയ്യാൻ കഴിയുക യുള്ളൂ. അതിനപ്പുറം ഈ ആക്ടിൽ ഏതാണുള്ളത്. ഏതെങ്കിലും ഒന്നു ണ്ടോ? യഥാർത്ഥത്തിൽ ഇതൊരു സ്റ്റീരിയോടൈപ്പ് ആക്ടാണ്. 'സെൻട്രൽ' എന്നതിനുപകരം 'കേരളം' എന്നാക്കിയെന്നല്ലാതെ വേറെയൊ ന്നുമില്ല. കേന്ദ്ര ആക്ടിൽ പറയുന്നതിനപ്പുറം എന്തെങ്കിലും സംസ്ഥാനത്തെ ന്യൂനപക്ഷവുമായി ബന്ധപ്പെട്ടുണ്ടെങ്കിൽ മാത്രമേ ഈ ആക്ടിന് നിലനിൽപ്പു ള്ളൂ. അതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കാൻ അനുവദിക്കരുത്, ഈ ബിൽ പിൻവലിക്കണമെന്നതാണ് എന്റെ അഭിപ്രായം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, അന്നത്തെ ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ മുഹമ്മദ് ഷാഫി ഖുറേഷി 27-1-2009-ന് അന്നത്തെ മുഖ്യമന്ത്രിക്ക് അയച്ച കത്താണ് എന്റെ കയ്യിലുള്ളത്. അതിൽ പറയുന്നത്, "....The organizational structure and

the legal status in respect of the already existing Minority Commissions in 15 States have been reviewed in NCM. It is observed that all these Commissions greatly vary in terms of their legal status, tenure of the Chairman and Members, size, autonomy and powers etc. The various Acts enacted for setting up of these Commissions also vary considerably which made the task of these Commissions in various States somewhat complicated and difficult. NCM therefore feels that there should be some kind of uniformity in the SCMs in respect to their legal status and organizational structure so that all such Commissions can effectively contribute for the larger benefit of minority communities in line with their respective charters. NCM has therefore devised a Model Act for SMCs which can be adopted by various States with suitable modifications as per specific requirements of the States. A copy of the Model Act for SMCs prepared by this Commission is enclosed. It is not out of place to mention here that the enclosed Model Act for SMCs has been discussed in the recently concluded Annual Conference of the SMCs and they have been requested to take up the matter with the respective State Governments.

I shall, therefore, be grateful if the enclosed Model Act for SMCs is examined in your State and suitable legislation is made by the State

Assembly to give effect to it as early as possible..." എന്നാണ്. ദേശീയ ന്യൂനപക്ഷ കമ്മീഷൻ കൈകാര്യം ചെയ്യുന്ന കാര്യങ്ങൾക്ക് വിരുദ്ധമല്ലാത്ത ഏത് കാര്യങ്ങളും സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയ്യുന്നതിൽ നിയമ തടസ്സമില്ല. മാത്രമല്ല സംസ്ഥാനത്ത് താമസിക്കുന്ന ന്യൂനപക്ഷ സമുദായ ത്തിൽപ്പെടുന്നവർക്ക് ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് നൽകുക മുതലായ പ്രധാനപ്പെട്ട കമ്മീഷന്റെ കർത്തവ്യം ദേശീയ ന്യൂനപക്ഷ കമ്മീഷൻ വഴി നിർവ്വഹിക്കാൻ സാധ്യമല്ല. അതുകൊണ്ട് നിർബന്ധമായും ഇത് അനുവദിക്ക ണമെന്നാണ് എനിക്ക് പറയാനുള്ളത്.

റൂളിംഗ്

മി. സ്പീക്കർ: 2013–ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബില്ലിൽ കമ്മീഷന്റെ ചുമതലകളായി കാണിച്ചിട്ടുള്ള കാര്യങ്ങൾ ദേശീയ ന്യൂനപക്ഷം കൈകാര്യം ചെയ്യുന്നവയാണെന്നും ഈ ബില്ലിലെ ഒൻപതാം വകുപ്പിൽ സംസ്ഥാന കമ്മീഷന്റെ ചുമതലകളായി പറഞ്ഞിട്ടുള്ള ഏതെങ്കിലും കാര്യം ദേശീയ ന്യൂനപക്ഷ കമ്മീഷൻ കൈകാര്യം ചെയ്യുന്നുണ്ടെങ്കിൽ അങ്ങനെയുള്ള കാര്യങ്ങളിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് ആധികാരി കത ഇല്ലാതായി തീരുമെന്നും പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഈ ബിൽ പിൻവലിക്കണമെന്നാണ് ശ്രീ. എ. കെ. ബാലന്റെ ക്രമപ്രശ്നം. 2003–04–ൽ കൂടിയ ദേശീയ ന്യൂനപക്ഷ കമ്മീഷന്റേയും സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർപേഴ്സൺമാരുടേയും സമ്മേളനം എല്ലാ സംസ്ഥാനങ്ങളും ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ മാതൃകയിൽ സ്റ്റാറ്റ്യൂട്ടറി പദവി നൽകിക്കൊണ്ട് രൂപീകരിക്കണമെന്ന ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്നത്. ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ

ചുമതലകളായി 1992-ലെ ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിയമത്തിൽ പരാമർശിച്ചിട്ടുള്ള ചില കാര്യങ്ങൾ സംസ്ഥാന കമ്മീഷന്റെ ചുമതലകളായി ഈ ബില്ലിലെ ഒൻപതാം വകുപ്പിൽ ചേർത്തിട്ടുണ്ട്. ദേശീയ ന്യൂനപക്ഷ കമ്മീഷൻ ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നുണ്ടെങ്കിൽ മാത്രമേ സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് ഈ വിഷയം കൈകകാര്യം ചെയ്യാൻ ആധികാരികത ഇല്ലാതാകുകയുള്ളൂ. ദേശീയ ന്യൂനപക്ഷ കമ്മീഷൻ സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളെ സംബന്ധിച്ചുള്ള വിഷയങ്ങളിൽ ചുമതല ഏറ്റെടുക്കാത്ത കാര്യങ്ങൾ സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് നടപടി എടുക്കാവുന്നതാണ്. ഈ സാഹചര്യത്തിലും മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിലും സ്റ്റാറ്റ്യൂട്ടറി പദവിയിലുള്ള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുക എന്നതാണ് ഇപ്പോൾ അവതരിപ്പിക്കുന്ന ബില്ലിന്റെ ഉദ്ദേശം എന്നതുകൊണ്ട് ശ്രീ. എ. കെ. ബാലന്റെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. മന്ത്രിക്ക് ബിൽ അവതരിപ്പിക്കാവുന്നതാണ്. ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 1987-ലാണ് ദേശീയ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചത്.

എന്നാൽ അതിനും വളരെ മുമ്പുതന്നെ, അതായത് 1960–ൽ യു.പി–യിലും 1971–ൽ ബീഹാറിലും ഭരണഘടനയിലെ 29, 30 വകുപ്പുകൾ പ്രകാരം ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകുന്ന പരിരക്ഷ ഉറപ്പാക്കാനായി ന്യൂനപക്ഷ കമ്മീഷനുകൾ രൂപീകരിച്ചിരുന്നു. ചില സംസ്ഥാനങ്ങളിൽ ന്യൂനപക്ഷ കമ്മീഷനുകൾ രൂപീകരിക്കാത്തതിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങളിൽ ദേശീയ ന്യൂനപക്ഷ കമ്മീഷൻ നേരിട്ട് ഇടപെടേണ്ട സാഹചര്യമുണ്ടാവുകയും അതുകൊണ്ട് എല്ലാ സംസ്ഥാനങ്ങളോടും വേഗത്തിൽത്തന്നെ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. പക്ഷെ വിദ്യാഭ്യാസ–ആരോഗ്യ രംഗത്ത് വളരെ മുമ്പിലുള്ള കേരളം ന്യൂനപക്ഷ വിഷയങ്ങളിൽ ഇടപെടുന്നതിൽ പ്രത്യേകിച്ച് കമ്മീഷൻ രൂപീകരണത്തിൽ മറ്റുള്ള സംസ്ഥാനങ്ങളുടെ വളരെ പിന്നിലായി. 2006–ൽ സച്ചാർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടതോടുകൂടി ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ച് രാജ്യവ്യാപകമായി ഗൗരവമായ ചർച്ചയുണ്ടായി. അതേത്തുടർന്ന് സച്ചാർ കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കാൻ 2008–ൽ രൂപീകൃതമായ പാലോളി കമ്മിറ്റി കേരളത്തിലും ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. കൂടാതെ കേന്ദ്ര സർക്കാരും പലപ്രാവശ്യം ഈ ആവശ്യം ഉന്നയിച്ചിരുന്നു. പക്ഷെ, പല കാരണങ്ങളാലും ഇത് നീണ്ടുപോവുകയായിരുന്നു. ഗൗരവമായ നടപടികൾ സ്വീകരിക്കാനോ കമ്മീഷൻ യാഥാർത്ഥ്യമാക്കാനോ സർക്കാരിന് കഴിഞ്ഞില്ല. 2012–ൽ കേരളം സന്ദർശിച്ച Dr. Spalzes Angmo കേരളം പോലെയൊരു സംസ്ഥാനത്ത് ഇനിയും ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കാത്തതിൽ ആശ്ചര്യപ്പെടുകയും അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ഈ വസ്തുതകളുടെ പശ്ചാ

ത്തലത്തിൽ സംസ്ഥാനത്ത് ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കാതിരുന്നത് അങ്ങേയറ്റം അനഭികാമ്യവും പ്രബുദ്ധ കേരളത്തിന്റെ യശസ്സിന് മങ്ങലേൽപ്പിക്കുമെന്നും സർക്കാർ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ദേശീയ കമ്മീഷൻ ആക്ടിലെ മാതൃകയിൽ സംസ്ഥാന തലത്തിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചത്. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലില്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ തീരുമാനം അടിയന്തരമായി നടപ്പാക്കേണ്ട സാഹചര്യം നിലവിലുണ്ടായിരുന്നതിലും 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഓർഡിനൻസ് 2013 മേയ് 14-ാം തീയതി കേരളാ ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2013 മേയ് 15-ാം തീയതിയിലെ 1350-ാം നമ്പർ കേരളാ (അസാധാരണ) ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ഓർഡിനൻസ് പ്രകാരം സംസ്ഥാന നിയമസഭയിൽ ഒരു ആക്ട് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 239-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും ആയത് 2013 ജൂൺ 10-ാം തീയതി ആരംഭിച്ച് ജൂലൈ 9-ാം തീയതി അവസാനിച്ച സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഓർഡിനൻസ് 2013 ജൂലൈ 18-ാം തീയതി കേരള ഗവർണർ വിളംബബരപ്പെടുത്തുകയും ആയത് 2013 ജൂലൈ 19-ാം തീയതിയിലെ 2105-ാം നമ്പർ കേരള (അസാധാരണ) ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. കൂടുതൽ കാര്യങ്ങളൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല.

മി. സ്പീക്കർ: ഇന്നത്തെ രണ്ട് ബില്ലിലുംകൂടി പത്ത് പ്രാസംഗികരുണ്ട്. ഞാനൊന്ന് ഓർമ്മിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. ബിൽ ആയതുകൊണ്ട്

കടുത്ത നിയന്ത്രണം സാധ്യമല്ല. ഒരു ബില്ലിന്റെ ചർച്ചയ്ക്ക് നിശ്ചിത സമയമുണ്ടെങ്കിലും നമ്മൾ അത് പാലിക്കാറില്ല. നേരത്തേ, ക്രമപ്രശ്നം ഉന്നയിച്ചുകൊണ്ട് ശ്രീ. എ. കെ. ബാലൻ, ഞാൻ ഇപ്പോൾ നിർത്തുന്നു, നിരാകരണ പ്രമേയത്തിൽ പറഞ്ഞുകൊള്ളാമെന്ന് പറഞ്ഞു. അത് ഞാൻ പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. ശ്രീ. എ. കെ. ബാലൻ, അങ്ങേയ്ക്ക് 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

Shri A.K. Balan: Sir, I move that – "This House resolves to disapprove The Kerala State Commission for Minorities Ordinance, 2013 (Ordinance No.44 of 2013)."

ഞാൻ ആദ്യം ബില്ലിന്റെ ഉള്ളിൽ നിന്ന് ചില കാര്യങ്ങൾ അവതരിപ്പിക്കാം, അതിനുശേഷം പൊതുവായ കാര്യങ്ങൾ പറയാം. 1992-ലെ നൂനപക്ഷ ദേശീയ കമ്മീഷൻ ആക്ടിന്റെ മാതൃകയിലാണ് കേരള ഗവൺമെന്റ് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിനുവേണ്ടി ഒരു ബിൽ കൊണ്ടുവരുന്നത്. അതിന്റെ ഭാഗമായാണ് ഓർഡിനൻസ് റീപ്ലേസ് ചെയ്ത് ഈ ബിൽ വരുന്നത്. 2004 ഫെബ്രുവരി 8-ാം തീയതി ചേർന്ന സംസ്ഥാന ന്യൂനപക്ഷ ചെയർപേഴ്സൺമാരുടെ സംയുക്ത സമ്മേളനമാണ് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു കമ്മീഷന് രൂപംകൊടുക്കാൻ തീരുമാനിച്ചത്. എന്നാൽ ഇതിനുമുമ്പ് 2003-ൽതന്നെ ദേശീയ ന്യൂനപക്ഷ കമ്മീഷൻ ഈ ദിശയിൽ ഒരു കമ്മീഷന് ശുപാർശ ചെയ്തിരുന്നു. നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ അദ്ധ്യായം 3-ൽ, അധികാരങ്ങളും ചുമതലകളും ഈ

ബില്ലിൽ പറയുന്നത് ക്ലോസ് 9, 10, 11 ഭാഗങ്ങളിലായാണ്. ദേശീയ കമ്മീഷൻ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ സംസ്ഥാന കമ്മീഷൻ കൈകാര്യം ചെയ്യാൻ പാടില്ലെന്ന് ക്ലോസ് 9-ൽ കൃത്യമായി പറയുന്നുണ്ട്. കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും വ്യക്തമാക്കുന്ന ക്ലോസ് 9, 10, 11 എന്നിവയിൽ ഏതൊക്കെ വിഷയങ്ങളാണ് സംസ്ഥാനം കൈകാര്യം ചെയ്യാൻ പോകുന്നത് എന്നുപറയുന്നുണ്ട്. ഇതിൽ പറയുന്ന കാര്യങ്ങളെല്ലാം ദേശീയ കമ്മീഷൻ കൈകാര്യം ചെയ്യുന്ന വിഷയങ്ങളാണ് എന്നുള്ളതുകൊണ്ടുതന്നെ ഇതിൽ ദേശീയ കമ്മീഷൻ കൈകാര്യം ചെയ്യാത്ത ഏതുവിഷയമാണ് സംസ്ഥാനം കൈകാര്യം ചെയ്യുവാൻ പോകുന്നതെന്നു ള്ളത് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ വ്യക്തമാക്കണം. യഥാർത്ഥത്തിൽ ഇത് അർത്ഥശൂന്യമായ ഒരു ബില്ലാണെന്നാണ് എനിക്ക് തോന്നുന്നത്. യഥാർത്ഥത്തിൽ ഇതൊരു ശുപാർശ കമ്മീഷനാണ്. ക്ലോസ് 9-ൽ കുറച്ച് കാര്യങ്ങൾ പറയുന്നുണ്ട്. *(1)* ന്യൂനപക്ഷ വികസനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പുരോഗതി വിലയിരുത്തൽ; *(2)* സംരക്ഷണപ്രവർത്ത നങ്ങളുടെ പ്രവർത്തനരീതി നിരീക്ഷിക്കൽ; *(3)* പരാതികൾ അധികാരസ്ഥാപ നങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരൽ; *(4)* ആസൂത്രണ പരിപാടികളിൽ ഉപദേശം കൊടുക്കൽ; *(5)* ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും വേണ്ടിയുള്ള നടപടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഗവൺമെന്റിലേക്ക് ശുപാർശ ചെയ്യൽ; (*6*) വിവേചനത്തിൽ നിന്നുണ്ടാകുന്ന പ്രശ്നങ്ങളിൽ ശുപാർശ; *(7)* സാമൂഹി കവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പ്രശ്നങ്ങളിൽ പഠനം,

ഗവേഷണം, വിശകലനം; *(8)* പ്രത്യേകം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ പ്രത്യേക റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന് കൊടുക്കൽ; *(9)* ഗവൺമെന്റ് ചുമതലപ്പെടുത്തുന്ന മറ്റ് ചുമതലകൾ, ഇതെല്ലാമാണ് ഇതിൽ പറയുന്നത്. ഇക്കാര്യങ്ങളാണ് ദേശീയ കമ്മീഷനും പറയുന്നത്. ഇതിലുമപ്പുറം ഈ കമ്മീഷനുമായി ബന്ധപ്പെട്ടുകൊണ്ട് എന്തെങ്കിലുമൊരു കാര്യം ഞാൻ കാണുന്നില്ല. ന്യൂനപക്ഷത്തിനുവേണ്ടി ഉമ്മൻചാണ്ടി ഗവൺമെന്റ് എന്തോ അത്ഭുതം സൃഷ്ടിക്കുവാൻ പോകുന്നുവെന്ന രാഷ്ട്രീയപ്രചരണത്തിന് ഇത് ആവശ്യമാകാം, പ്രത്യേകിച്ച് ലോകസഭാ തെരഞ്ഞെടുപ്പ് അടുക്കുന്ന കാലഘട്ടത്തിൽ. കമ്മീഷന്റെ അധികാരത്തെപ്പറ്റിയാണ് ക്ലോസ് 12–ൽ പറയുന്നത്. കമ്മീഷന് സിവിൽ കോർട്ടിനുള്ള അധികാരമുണ്ട്. പക്ഷെ, ഇതിൽപ്പറയുന്ന ഒറ്റ ക്ലോസുപോലും ബാക്കിയുള്ള കമ്മീഷനുകളെ പ്പോലെതന്നെ ഈ കമ്മീഷനും എൻഫോഴ്സ് ചെയ്യാൻ പറ്റില്ല. ആൾക്കാരെ വിളിച്ചുവരുത്തി തെളിവെടുപ്പ് നടത്താമെന്നതിനപ്പുറം മറ്റൊന്നും ഈ കമ്മീഷനെക്കൊണ്ട് പറ്റില്ല. വെറുതെ കുറേ താപ്പാനകളെ ശമ്പളവും അലവൻസും കൊടുത്ത് പോറ്റാമെന്നല്ലാതെ യഥാർത്ഥത്തിൽ ഈ കമ്മീഷൻ കൊണ്ടുള്ള ഉദ്ദേശ്യമെന്താണ്? കേരളത്തിൽ നമ്മൾ രൂപം കൊടുത്ത ഏതെങ്കിലുമൊരു കമ്മീഷന് അവരുടെ ഫൈൻഡിംഗ് എൻഫോഴ്സുചെയ്യാൻ കഴിയുന്നുണ്ടോ? പിന്നേയും പോലീസിലേക്കും കോടതിയിലേക്കും പോകേണ്ടേ. അതേ അനുഭവം തന്നെയായിരിക്കും ഇതിനും വരുന്നത്. ഞങ്ങളുടെ കാലഘട്ടത്തിൽ പാസ്സാക്കിയ കമ്മീഷനായാലും ഈ കാലഘട്ട ത്തിൽ പാസ്സാക്കിയ കമ്മീഷനായാലും അതിന്റെയെല്ലാം പൊതുഗതി അതാണ്.

കമ്മീഷനെ സംബന്ധിച്ച് ഗൗരവത്തിൽ ഒരു പരിശോധന നടത്തണം. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കോപ്പിയടിച്ച ഒരു ബില്ലുതന്നെയാണ് ഇത്. മറ്റു ള്ള സംസ്ഥാനത്തിലെ കമ്മീഷന്റെ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. അതിൽനിന്ന് ഒരു മാറ്റവുമില്ലാതെ കോപ്പിയടിച്ച ബില്ലാണ് ഇത്. ക്ലോസ് 2 (ഡി) യിൽ ന്യൂനപക്ഷത്തെ സംബന്ധിച്ച് നിങ്ങൾ നിർവ്വചിക്കുന്നുണ്ട്. ന്യൂനപക്ഷത്തിന്റെ നിർവ്വചനം, 1992 ലെ ന്യൂനപക്ഷ കമ്മീഷൻ നിയമത്തിലെ 2 (സി) വകുപ്പാണ്. അതാണ് നിങ്ങൾ ഇതിൽ അഡോപ്റ്റ് ചെയ്യുന്നത്. ദേശീയ കമ്മീഷന്റെ 2 (സി) വകുപ്പിൽ മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, പാഴ്സി എന്നീ വിഭാഗങ്ങൾ മാത്രമാണ് ന്യൂനപക്ഷത്തിൽ വരുന്നത്. അതിനപ്പുറമുള്ള ഒരു വിഭാഗവും ഈ ബില്ലിൽ വരുന്നില്ല. കേരളത്തിലെ മറ്റ് ന്യൂനപക്ഷങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. ഉദാഹരണത്തിന് ജൈനമതം. ശ്രീ.ശ്രേയാംസ് കുമാറിന്റെയും ശ്രീ. വീരേന്ദ്ര കുമാറിന്റെയും മതം. ചെറുതാ ണെങ്കിൽപ്പോലും ആ മതം കേരളത്തിലെ അറിയപ്പെടുന്നൊരു ന്യൂനപക്ഷമാ ണ്. അത് ഇതിൽ വരുന്നില്ല. യഥാർത്ഥത്തിൽ കേരളത്തിലെ എല്ലാ ന്യൂനപ ക്ഷങ്ങളെയും ഇത് ഉൾക്കൊള്ളുന്നില്ല. റ്റി.എം.എ പൈ കേസുമായി ബന്ധ പ്പെട്ടുകൊണ്ട് സുപ്രീം കോടതി വിധിയുണ്ട്, ഒരു സംസ്ഥാനത്തെ അടിസ്ഥാ നമാക്കിയാണ് ന്യൂനപക്ഷത്തെ ഡിഫൈൻ ചെയ്യേണ്ടത്. അങ്ങനെ പറയാൻ കാരണമെന്താണ്. ജമ്മുവിലും പഞ്ചാബിലും ന്യൂനപക്ഷം ഹിന്ദുവാണ് മേഘാലയ, നാഗാലാന്റ്, മിസോറാം അവിടെ ഭൂരിപക്ഷം ക്രിസ്ത്യനും ന്യൂനപക്ഷം ഹിന്ദുവുമാണ്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞത് സംസ്ഥാനത്തിന്റെ സാഹചര്യം കണക്കിലെടുത്ത് ന്യൂന പക്ഷത്തെ ഡിഫൈൻ ചെയ്യണമെന്ന്. ഈ രൂപത്തിൽ ബീഹാർ, കർണ്ണാടക,

യു.പി, ബംഗാൾ, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ അവരുടെ സംസ്ഥാനങ്ങളിലെ ന്യൂനപക്ഷത്തെ ഈ ബില്ലിന്റെ ഭാഗമാക്കിയിട്ടുണ്ട്. നമ്മുടെ ബില്ലിൽ കേരളത്തിലെ ഒരു ചെറിയ സമൂഹത്തെപ്പോലും ഉൾക്കൊള്ളാൻ കഴിയുന്നുമില്ല. ഹിമാചൽപ്രദേശ്, ജാർഖണ്ഡ്, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങൾ ജൈന മതക്കാരെ ന്യൂനപക്ഷമായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ കേരള അസംബ്ലിയിലെ ഒരു എം.എൽ.എ പ്രതിനിധീകരിക്കുന്ന മതം പോലും ഈ ബില്ലിൽ വരുന്നില്ല. എന്തുഗുണമാണ് ഇതുകൊണ്ട് ഉണ്ടാകുന്നത്. ഇതുകൊണ്ട് കേരളത്തിലെ ന്യൂനപക്ഷത്തെ ഏതെങ്കിലും രൂപത്തിൽ സംരക്ഷിക്കാൻ പറ്റുമോ? കമ്മീഷന്റെ ഭാഗമായി ന്യൂനപക്ഷത്തിന് വേണ്ടി എന്താണ് ചെയ്യാൻ പോകുന്നത്? 1947 ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ രാജ്യത്തെ ഒരു മതേതര രാഷ്ട്രമായി നിലനിർത്താനാണ് നമ്മൾ ശ്രമിച്ചതും സ്വാതന്ത്ര്യ സമര പോരാളികൾ തീരുമാനിച്ചതും. അതിന്റെ ഫലമായിട്ടാണ് ഇസ്ലാമിന്റെ പേരിൽ പാകിസ്ഥാൻ എന്ന രാജ്യം രൂപീകരിച്ചിട്ടുപോലും ഇവിടെയുള്ള മുസ്ലീം ജനവിഭാഗത്തിലെ നല്ല ഒരു വിഭാഗം ഇന്ത്യയിൽ താമസിക്കാൻ തയ്യാറായത്, അവരുടെ മാനസികാവസ്ഥ ആ രൂപത്തിൽ മാറിയത്. ഇന്ത്യാ രാജ്യം ഒരു സെക്കുലർ രാഷ്ട്രമാണെന്നുള്ളതു കൊണ്ടാണ്. ഇന്ത്യയുടെ മതേതര കാഴ്ച്ചപ്പാടാണ് യഥാർത്ഥത്തിൽ ന്യൂനപക്ഷ വിഭാഗങ്ങളെ ഇന്ത്യാ രാജ്യത്ത് നിലനിർത്തുന്നതിന് സഹായിച്ചതിന്റെ അടിസ്ഥാനം. ഇന്ത്യൻ മതേതരത്വത്തിന് എതിരായിട്ടുള്ള നിലപാടാണ് ഇന്ന് പൊതുവിൽ നമ്മൾ കാണുന്നത്. പ്രത്യേകിച്ച് സംഘ്പരിവാർ ശക്തികൾ സ്വീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി മതേതര ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണ്.

ഇതിനെ ചെറുക്കാൻ ഏറ്റവും വലിയ മതേതര പാർട്ടി എന്നു പറയുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന് സാധിക്കുന്നില്ല, അശക്തമാണ്. ഓരോ ദിവസം കഴിയുന്തോറും സംഘ്പരിവാറിന്റെയും ആർ.എസ്.എസ്സി–ന്റെയും ബി.ജെ.പി.–യുടെയും മുൻപിൽ അന്ധാളിച്ചു നിൽക്കുന്ന ഒരു പാർട്ടിയായി അഖിലേന്ത്യാ തലത്തിൽ കോൺഗ്രസ്സ് മാറുകയാണ്. അത് പെട്ടെന്നുണ്ടായതല്ല. അയോദ്ധ്യാ പ്രശ്നത്തിൽ പട്ടാളം നോക്കി നിലക്കുന്ന സമയത്താണ്, ഇന്ത്യൻ പ്രധാനമന്ത്രി അന്ന് ജീവിച്ചിരിപ്പുണ്ട്, ശ്രീ. നരസിംഹ റാവു. പട്ടാളത്തെ അയയ്ക്കണമോ എന്ന് ചോദിച്ചപ്പോൾ ഞാൻ പൂജ നടത്തുകയാണെന്നാണ് പറഞ്ഞത്. അപ്പോഴേക്കും ഇത് ഭസ്മമായില്ലേ. ഇന്ത്യൻ മതേതരത്വത്തിന്റെ ഭാഗമായിട്ടുള്ള ബാബ്റി മസ്ജിദ് പള്ളിയാണ് ഭസ്മമായത്. ഇതുപോലെ തന്നെയാണ് ക്രിസ്ത്യൻ സമൂഹം നേരിട്ട പ്രശ്നങ്ങൾ. എല്ലാം ഞാൻ പറയുന്നില്ല. ഒറീസ്സയിൽ പള്ളിയിലെ ഫാദർ ഗ്രഹാം സ്റ്റെയിൻസും അദ്ദേഹത്തിന്റെ കുട്ടികളും എങ്ങനെയാണ് ചുട്ടു കൊല്ലപ്പെട്ടതെന്ന് നമ്മൾ കണ്ടതാണ്. കൈസർ ബാനു എന്ന 18 വയസ്സുള്ള ഗർഭിണിയായ ഒരു മുസ്ലീം പെൺകുട്ടിയെ നടുറോഡിൽ വച്ചാണ് ഗർഭപാത്രം കീറി പിഞ്ചുകുട്ടിയെ എടുത്ത് ത്രിശൂലത്തിൽ കുത്തി ഓംകാളി ഭദ്രകാളി വിളിച്ചത്. ഒരു കോൺഗ്രസ് എം.പി മുസ്ലീം ആണെന്ന ഒറ്റ കാരണത്താലാണ് സംഘ്പരിവാർ അദ്ദേഹത്തെ ചുട്ടുകൊന്നത്. നമ്മുടെ രാജ്യത്തിൽ ഹിന്ദുത്വ വർഗ്ഗീയത ഉയർത്തുന്ന ഫാസിസ്റ്റ് വെല്ലുവിളി എന്താണ് എന്നതിനെ സംബന്ധിച്ച് ഞാൻ ഇവിടെ വിശദീകരിക്കേണ്ട ആവശ്യമില്ല. അതിനെ നേരിടേണ്ട പാർട്ടിയായ കോൺഗ്രസ്സിന്റെ സ്ഥിതി എന്താണ്. കോൺഗ്രസ്സ് എന്നു പറഞ്ഞാൽ പകൽ ഖദർ ഇടും രാത്രി കാക്കി ഇടും. അതുകൊണ്ടാണ് കോൺഗ്രസ്സ് തകരുന്നതും ബി.ജെ.പി വളരുന്നതും. ഇതിനെതിരായി

എന്തെങ്കിലുമൊരു നീക്കം ഇടതുപക്ഷവും കമ്മ്യൂണിസ്റ്റ് പാർട്ടിയും നടത്തുന്നുവെന്ന് വിചാരിക്കുക എന്നാൽ ഈ രണ്ടും ചേർന്ന് ഞങ്ങളെ കൊല്ലും. ഏതെങ്കിലും വിധത്തിൽ ഉത്തരേന്ത്യയിൽ ഞങ്ങൾ ഒന്ന് ക്ലച്ച് പിടിക്കാൻ ശ്രമം നടത്തിക്കഴിഞ്ഞാൽ രണ്ടും ഒന്നാകും. ഞങ്ങളെ തകർക്കും. കേരളത്തിലാണെങ്കിലും സംഘ്പരിവാറിനോടൊപ്പം കോൺഗ്രസ്സ് നിന്ന് ഞങ്ങളെ തകർത്തതിന്റെയും കൊന്നതിന്റെയും കണക്കൊന്നും ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. ഇന്ത്യാ രാജ്യത്തിന്റെ ഒരു പൊതുചിത്രം ഇതാണ്. എന്നാൽ കേരളത്തിലെ പൊതുസ്ഥിതി പരിശോധിച്ചാൽ കേരളത്തിലെ ന്യൂനപക്ഷം താരതമ്യേന മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സുരക്ഷിതരാണ്. മറ്റ് സംസ്ഥാനങ്ങളിലെ ന്യൂനപക്ഷങ്ങളെക്കാൾ എല്ലാ മേഖലയിലും മുൻപന്തിയിലുമാണ്. ഇതിന് ഒരു നിർണ്ണായകമായ പങ്ക് കമ്മ്യൂണിസ്റ്റുകാർ വഹിച്ചിട്ടുണ്ട്, ഇടതുപക്ഷക്കാർ വഹിച്ചിട്ടുണ്ട് എന്നുള്ളത് ചരിത്രത്തിന്റെ ഭാഗമാണ്. കേരളത്തിലെ ജനസംഖ്യയുടെ ഏതാണ്ട് പകുതി ന്യൂനപക്ഷങ്ങളാണ്. മുസ്ലീം ന്യൂനപക്ഷം ഏതാണ്ട് 26 ശതമാനം വരും ക്രിസ്ത്യൻ 19 ശതമാനം വരും. ഏതാണ്ട് 45 ശതമാനം വരുന്ന മത ന്യൂനപക്ഷങ്ങൾ കേരളത്തിൽ എല്ലാ രൂപത്തിലും ഇന്ന് സുരക്ഷിതരാണ്. മറ്റ് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മറ്റ് എല്ലാ മേഖലയിലും പുരോഗതിയും പ്രാപിച്ചിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലമെന്താണെന്ന് ഞാൻ ഇപ്പോൾ പറയുന്നില്ല. നമ്മുടെ ദേശീയ രംഗം പൊതുവിൽ എടുത്തു കഴിഞ്ഞാൽ എന്താണ് സ്ഥിതി. ദേശീയ സാമ്പിൾ സർവ്വേ മതന്യൂനപക്ഷവുമായി ബന്ധപ്പെട്ട് നടത്തിയ സർവ്വേ അതുപോലെ തന്നെ 1981 ലെ ഗോപാൽ സിംഗ് കമ്മീഷൻ, 2005–ലെ ജസ്റ്റീസ് രജീന്ദ്ര സച്ചാർ സമിതി ഇവയൊക്കെ പുറത്തു കൊണ്ടുവരുന്ന വിവരങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. സാമൂഹ്യമായി ഏറ്റവും

അടിത്തട്ടിലുള്ളവരുടെ ഒപ്പമാണ് ഇന്ത്യാ രാജ്യത്തിലെ മുസ്ലീങ്ങൾ എന്നാണ് ഈ റിപ്പോർട്ടിലെ ഉള്ളടക്കം. 21 ശതമാനം മുസ്ലീങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെ എന്നാണ് ഈ റിപ്പോർട്ടിൽ പറയുന്നത്. വിദ്യാഭ്യാസ, തൊഴിൽ മേഖല യിൽ എസ്.സി/എസ് റ്റി വിഭാഗത്തെക്കാളും പിന്നിൽ എന്നാണ് കമ്മീഷൻ റിപ്പോർട്ട്. സാമ്പിൾ സർവ്വെ പറയുന്നത്. 33 ശതമാനം മുസ്ലീങ്ങളും ദാരിദ്ര്യ രേഖയ്ക്കും താഴെ എന്നാണ്. സ്വാതന്ത്ര്യം കിട്ടി 67 വർഷം കഴിഞ്ഞിട്ടുള്ള ഒരു ന്യൂനപക്ഷത്തിന്റെ സ്ഥിതിയെ സംബന്ധിച്ചാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. ജനസംഖ്യയിൽ അഖിലേന്ത്യാതലത്തിൽ 14 ശതമാനം മുസ്ലീങ്ങളുണ്ട്. അതിൽ ഐ.എ.എസ് മൂന്ന് ശതമാനമാണ്, ഐ.പി.എസ് നാല് ശതമാനമാണ്, ഐ.എഫ്.എസ് 1.8 ശതമാനമാണ്. ഇന്ത്യൻ റെയിൽവേ യിൽ 4.5 ശതമാനമാണ്. താഴ്ന്ന തസ്തികയിലെ ന്യൂനപക്ഷത്തിന്റെ പ്രാതി നിധ്യം 11 ശതമാനമാണ്. തൊഴിൽ മേഖലയിൽ ഒരു വകുപ്പിലും ജനസംഖ്യാ ആനുപാതികമായി പ്രാതിനിധ്യം കേരളം ഒഴികെ മറ്റൊരു സംസ്ഥാനത്തിലു മില്ല. ഇവരുടെ സുരക്ഷിത ബോധവും സർക്കാരിലുള്ള വിശ്വാസവും ഇപ്പോൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സ്ഥിതിയുണ്ട്. ഇതിന്റെ ഭാഗമായി ഈ വിഭാഗത്തിൽ തീവ്രവാദത്തിലേക്ക് വഴുതി പോകുന്ന അപകടകരമായ സ്ഥിതിയും നമ്മൾ കാണുകയാണ്. കോൺഗ്രസ്സ് ഗവൺമെന്റ് തുടർന്നുവരുന്ന ജനദ്രോഹ നയങ്ങളാണ് ഒരു ഭാഗത്തെങ്കിൽ ഹിന്ദുത്വ വർഗ്ഗീ യത ഉയർത്തുന്ന ഫാസിസ്റ്റ് വെല്ലുവിളിയാണ് മറ്റൊരു ഭാഗത്ത്. ഇത് ഇടതു പക്ഷം തിരിച്ചറിഞ്ഞതിന്റെ ഭാഗമായാണ് ഒന്നാം യു.പി.എ ഗവൺമെന്റിനെ ഇടതുപക്ഷം പിൻതുണ നൽകിയ ഘട്ടത്തിൽ 2005-ൽ മുസ്ലീം വിഭാഗത്തിന്റെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവ സ്ഥയ്ക്ക് പരിഹാരം കാണുന്നതിന് വേണ്ടി ജസ്റ്റിസ് രജീന്ദ്ര സച്ചാർ

ചെയർമാനായി ഒരു കമ്മിറ്റിയെ അന്നത്തെ ഒന്നാം യു.പി.എ ഗവൺമെന്റ് വച്ചത്. ഇടതുപക്ഷത്തിന്റെ പിന്തുണയില്ലെങ്കിൽ ആ കമ്മിറ്റി ഇന്നും വരില്ല. ഇതിന്റെ തുടർച്ചയാണ് 2007 ലെ പാലോളി  കമ്മിറ്റി റിപ്പോർട്ട്. യഥാർത്ഥ ത്തിൽ സച്ചാർ കമ്മീഷൻ ഇന്ത്യാ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ടെങ്കിൽ അത് കേരളത്തിൽ മാത്രമാണ്. അതിനുള്ള പ്രധാന കാരണം പാലോളി കമ്മിറ്റിയാണ്. ന്യൂനപക്ഷക്ഷേമവ കുപ്പ് ഈ കമ്മീഷന്റെ ഭാഗമായി 29.12.2010-ന് ഞങ്ങൾ രൂപം കൊടുത്തു. 52 തസ്തികകൾ സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി ജില്ലകൾ തോറും കളക്ടറേറ്റിൽ ന്യൂനപക്ഷ സെല്ലുകൾ 2009 മുതൽ ഞങ്ങൾ ആരംഭിച്ചു.  ഹജ്ജ്, വഖഫ്, മദ്രസ അദ്ധ്യാപക ക്ഷേമ നിധി, മൈനോരിറ്റി കോച്ചിംഗ് സെന്റർ എല്ലാം ഇതിന്റെ കീഴിലാക്കി. മദ്രസ അദ്ധ്യാപക ക്ഷേമനിധി രൂപീകരിച്ചു. ഒരു ലക്ഷം പേർക്ക് അതിന്റെ ആനുകൂല്യം കിട്ടി. 2009 ഫെബ്രുവരിയിൽ ക്ഷേമനിധി ഓഫീസ്  കോഴിക്കോട് തുടങ്ങി.

ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 2008-09 മുതൽ പെൺകുട്ടിക ൾക്ക് സ്കോളർഷിപ്പ് നടപ്പിലാക്കി.  5000 രൂപ മുതൽ 10000 രൂപ വരെയാണ് ഹോസ്റ്റൽ സ്റ്റൈഫന്റായി ഞങ്ങൾ കൊടുത്തത്.  മുസ്ലീങ്ങൾ തിങ്ങിത്താമസി ക്കുന്ന പല മേഖലകളിലും ഗവൺമെന്റ് നിയന്ത്രണത്തിലുള്ള എയ്ഡഡ് സ്കൂളുകളുണ്ടായിരുന്നില്ല.  ഇതിനായി മലബാർ മേഖലയിൽ മാത്രം 176 എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ ആരംഭിച്ചു.  ഇന്ത്യാ രാജ്യത്ത് അഞ്ച് സ്ഥലങ്ങളിലാണ് അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റി ഓഫ് കാമ്പസുള്ളത്.  അതിലൊന്ന് മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിലാണ്. ഇതിനായി 350 ഏക്കർ ഭൂമി അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് ഏറ്റെടു

ത്തു. രണ്ടാമത്തെ സെന്റർ മുർഷിദാബാദ്, വെസ്റ്റ് ബംഗാളിലാണ്. കമ്മീഷന്റെ ഭാഗമായി കോഴിക്കോട്, പൊന്നാനി, പയ്യന്നൂർ, എറണാകുളം എന്നീ സ്ഥലങ്ങളിൽ കോച്ചിംഗ് സെന്ററുകളാരംഭിച്ചു. ഇതിനെല്ലാം പുറമെ പൊതുമേഖലയുമായി ബന്ധപ്പെട്ടുകൊണ്ട്, ശ്രീ. എളമരം കരീം മന്ത്രിയായിരിക്കുന്ന സമയത്ത് പൊതുമേഖലാ ഇന്റർവ്യൂ ബോർഡിൽ ന്യൂനപക്ഷ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനുവേണ്ടി വ്യവസായ വകുപ്പ് പ്രത്യേക ഉത്തരവ് കൊടുത്തു. ഓർഫനേജ് അന്തേവാസികളുടെ പ്രതിമാസ ഗ്രാന്റ് ഇരട്ടിയായി വർദ്ധിപ്പിച്ചു. സച്ചാർ കമ്മീഷന്റെ ഭാഗമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഫലപ്രദമായി നടപ്പിലാക്കിയ കുറേ കാര്യങ്ങളിൽ ചിലത് മാത്രമാണ് ഞാനിവിടെ സൂചിപ്പിച്ചത്. ഈ കമ്മീഷന്റെ പശ്ചാത്തലത്തിൽ ഒരു പ്രായോഗിക പ്രവർത്തനവും മറ്റു സംസ്ഥാനങ്ങളിലെവിടെയും നടന്നിട്ടില്ല. ഒന്നാം കമ്മ്യൂണിസ്റ്റ് മന്ത്രിസഭ മുതൽ എടുക്കുകയാണെങ്കിൽ........, 1921–ലെ കലാപത്തിനുശേഷം മലബാറിൽ മുസ്ലീം പള്ളികൾ പണിയാനോ പുതുക്കാനോ അധികാരമുണ്ടായിരുന്നില്ല. അതിനുള്ള പ്രധാനപ്പെട്ട കാരണം മലബാർ കലാപമെന്നു പറയുന്നത് സാമ്രാജ്യത്വത്തിനെതിരായുള്ള കലാപമാണ്. ആ കലാപത്തിന്റെ കേന്ദ്രം മുസ്ലീം പള്ളികളാണ് എന്ന ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ തീരുമാനത്തിന്റെ ഭാഗമായിട്ടാണ് ഒരു പള്ളിയും ഇനിയുണ്ടാകാൻ പാടില്ല, ഒരു പള്ളിയും പുതുക്കിപ്പണിയാൻ പാടില്ല എന്ന് തീരുമാനിച്ചത്. എന്നാൽ 1958–ലെ ഇ.എം.എസ്. ഗവൺമെന്റ് അത് മാറ്റി, എന്നു മാത്രമല്ല ഇളങ്കുളം മനയ്ക്കടുത്ത് ഒരു മുസ്ലീം പള്ളി സ്ഥാപിക്കുകയും ചെയ്തത് ആ കാലഘട്ടത്തിലാണ്. മലബാർ മേഖലയിലെ പാവപ്പെട്ട മുസ്ലീങ്ങളിൽ കുടികിടപ്പുകാരുണ്ട്, കുടിയാന്മാരുണ്ട്; അവരുടെ കൈയിൽ ഭൂമിയുണ്ടായിരുന്നില്ല. ഇന്ന് നമ്മൾ കാണുന്ന വിദ്യാ

ഭ്യാസരംഗത്തെയും സാമൂഹ്യരംഗത്തെയും സാമ്പത്തികരംഗത്തെയും വളർച്ചയുടെ പ്രധാനപ്പെട്ട കാരണം 1957–ലെ ഭൂപരിഷ്കരണ നിയമമാണ്. ആ നിയമത്തിന്റെ വലിയ ഗുണഭോക്താക്കൾ മലബാറിലെ മുസ്ലീങ്ങളാണ്. യഥാർത്ഥത്തിൽ ആ രൂപത്തിൽ ഒരു ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നി ല്ലായിരുന്നുവെങ്കിൽ മലബാറിലെ മുസ്ലീങ്ങളുടെ സ്ഥിതി പഴയതുപോലെ തന്നെയാകുമായിരുന്നു. ഇതുപോലെ തന്നെയാണ് 1958–ൽ മലബാർ പ്രദേ ശത്ത് മുസ്ലീങ്ങൾ ഉൾപ്പെടെയുള്ള പിന്നോക്കക്കാർക്ക് സംവരണമുണ്ടായിരു ന്നില്ല. മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്നു അന്ന് മലബാർ, അവിടെ സംവരണമുണ്ടായിരുന്നില്ല. ആ സംവരണം ഉറപ്പുവരുത്തുന്നതിനാണ് അന്ന് കേരള സർവ്വീസ് ആന്റ് സബോർഡിനേറ്റ് റൂൾസ് ഇ.എം.എസ്. ഗവൺമെന്റ് കൊണ്ടുവന്നത്. 1947 മുതൽ 1957 വരെയുള്ള പത്തുവർഷക്കാലയളവിൽ ഒരു മുസ്ലീം പോലും മലബാറിൽ ഉദ്യോഗത്തിലുണ്ടായിരുന്നില്ല. 1967–ലെ ഇ.എം. എസ്. ഗവൺമെന്റാണ് മലപ്പുറം ജില്ല കൊണ്ടുവന്നത്. ഇതിനെതിരായി നില പാടെടുത്ത് ആർ.എസ്.എസ്.–ബി.ജെ.പി. യുടെ കൂടെ നിന്ന് കോൺഗ്രസ് സത്യാഗ്രഹം നടത്തിയത് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിക്ക് ഓർമ്മയുണ്ടോ?

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, അങ്ങയുടെ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ നന്മയെക്കുറിച്ച് ചെറുതായി കാണുന്നില്ല. പക്ഷേ സച്ചാർ കമ്മിറ്റി റിപ്പോർട്ട് പുറത്തുകൊണ്ടുവന്ന ഒരു യാഥാർത്ഥ്യം, മൂന്നു പതിറ്റാണ്ടി ലേറെക്കാലം ഇടതുപക്ഷം തുടർച്ചയായി ഭരിച്ച പശ്ചിമബംഗാളിൽ പട്ടിക വർഗ്ഗത്തിനു പിന്നിലാണ് ന്യൂനപക്ഷങ്ങളുടെ സ്ഥാനമെന്നാണ്. പശ്ചിമ ബംഗാളിൽ ഇടതുപക്ഷത്തിന് പാളിച്ച പറ്റിയെന്ന് അങ്ങ് സമ്മതിക്കുന്നുണ്ടോ?

<u>ശ്രീ. എ. കെ. ബാലൻ</u>: ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവെന്ന് മാത്രമല്ല അതിന്റെ ഭാഗമായാണ് അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ രണ്ടാമത്തെ കേന്ദ്രം ബംഗാളിൽ തുടങ്ങിയത്. അതുമാത്രമല്ല, ഈ റിപ്പോർട്ട് വരുന്നതിനുമുമ്പു തന്നെ പശ്ചിമബംഗാളിൽ മുസ്ലീങ്ങൾക്ക് 10% സംവരണമുണ്ടായിരുന്നു എന്നുള്ളതുകൂടി പറയുകയാണ്......(ബഹളം)...... ഞാൻ ആർക്കും വഴങ്ങുന്നില്ല.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> സർ, പോയിന്റ് ഓഫ് ഓർഡർ.

<u>ശ്രീ. എ. കെ. ബാലൻ</u>: പ്രസംഗത്തിനിടയിലെ പോയിന്റ് ഓഫ് ഓർഡർ എന്നു പറഞ്ഞാൽ ഞാൻ ഈ ചട്ടത്തിനെതിരായി; ഭരണഘടനയ്ക്കെതിരായി എന്തെങ്കിലും പറയുന്നുണ്ടെങ്കിൽ മാത്രമേ പോയിന്റ് ഓഫ് ഓർഡറുള്ളൂ. അല്ലാതെ ഒരാൾക്ക് പ്രസംഗിക്കാൻ വേണ്ടി പോയിന്റ് ഓഫ് ഓർഡറില്ല.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് പശ്ചിമബംഗാളിൽ 10% ന്യൂനപക്ഷങ്ങൾക്ക് സംവരണം കൊടുത്തിട്ടുണ്ടെന്നാണ്. നാലു ശതമാനത്തിൽ താഴെ മാത്രമാണ് സർക്കാർ ഉദ്യോഗരംഗത്ത് ന്യൂനപക്ഷങ്ങൾക്ക് അവിടെ സംവരണം കിട്ടിയിട്ടുള്ളൂവെന്നാണ് സച്ചാർ കമ്മിറ്റി റിപ്പോർട്ട് പറയുന്നത്. അതായത് അവിടെ ന്യൂനപക്ഷ പ്രാതിനിധ്യമില്ലെന്നാണ്. അങ്ങനെയാണെങ്കിൽ ഈ സമയത്ത് സഭയെ തെറ്റിദ്ധരിപ്പിക്കുകയല്ലേ?

<u>ശ്രീ. പി. റ്റി. എ. റഹീം</u>: സർ, പശ്ചിമബംഗാളിനെ കുറ്റം പറഞ്ഞിട്ട് കേരളം വളരെ മെച്ചമാണെന്നാണ് പറയുന്നത്. കേരളത്തിൽ പി.എസ്.സി. ജനറൽ ക്വാട്ടയിൽ കഴിഞ്ഞ മൂന്നുവർഷത്തെ സെലക്ഷനിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിന് കിട്ടിയിട്ടുള്ളത് 1.7% മാത്രമാണ്. മുസ്ലീങ്ങൾക്ക്

1.45% മാത്രമാണ്. ഇവിടെ എന്താണ് ഒരു പ്രത്യേകത, കേരളത്തിലും ഇതു പോലെയല്ലേ നടക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, സംവരണവുമായി ബന്ധപ്പെട്ടുകൊണ്ട് ഞാൻ പറഞ്ഞ ശതമാനക്കണക്കും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞ ശതമാനക്കണക്കും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോയെന്ന് ബഹുമാനപ്പെട്ട സ്പീക്കർ തന്നെ പരിശോധിക്കണം. എന്നിട്ട് ഏതാണ് ശരി യെന്ന് തീരുമാനിച്ചാൽ മതി. ഞാനതിലേയ്ക്ക് കടക്കുന്നില്ല. ഒരു കാര്യം വളരെ വ്യക്തമാണ്. കേരളത്തിലെ മുസ്ലീം സമുദായത്തിനുവേണ്ടി എന്തെ ങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അത് മുസ്ലീം ലീഗിനെ സംതൃപ്തിപ്പെടുത്താനല്ല, ഈ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷ പ്രസ്ഥാനങ്ങളും ചെയ്തതിന്റെ നാലയലത്ത് മുസ്ലീംലീഗിന് പ്രാതിനിധ്യമുള്ള ഒരു ഗവൺമെന്റ് ഒന്നും ചെയ്തിട്ടില്ല. ഇപ്പോൾ ഓരോന്നോരോന്നായി പറഞ്ഞല്ലോ, ഇനിയും പറയാം. മുസ്ലീങ്ങളെ എം.എസ്.പി.–യിൽ അടുപ്പിച്ചിട്ടുണ്ടായിരുന്നില്ല, സഖാവ് ഇ.എം.എസ്.–ന്റെ കാലഘട്ടത്തിലാണ് എം.എസ്.പി.–യിൽ മുസ്ലീങ്ങ ളിൽ നിന്ന് പട്ടാളക്കാരെ എടുക്കാമെന്ന് തീരുമാനിച്ചത്. വെരിഫിക്കേഷന്റെ ഭാഗമായി ഒരൊറ്റ മുസ്ലീമിനെയും എടുത്തിരുന്നില്ല. എല്ലാ കാര്യങ്ങളും ഞാൻ പറയുന്നില്ല. മലപ്പുറം ജില്ല വന്ന സമയത്ത് സത്യാഗ്രഹം നടത്തിയയാ ളാണ് ഇപ്പോൾ അവരുടെ കൂടെയുള്ളത്. പാകിസ്ഥാന്റെ പട്ടാളം ഇങ്ങോ ട്ടേയ്ക്ക് വരുമെന്നാണ് പറഞ്ഞത്. ആ ഭീഷണി കാട്ടി മലപ്പുറം ജില്ലയെ ഇല്ലാ താക്കാൻ ആരു വിചാരിച്ചാലും നടക്കില്ല എന്ന് പ്രഖ്യാപിച്ചത് സഖാവ് ഇ.എം. എസ്. ആണ്. മലബാറിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്ഥാപിച്ചു. 1967–ൽ ഇന്ത്യൻ ചരിത്രത്തിലാദ്യ

മായി മുസ്ലീംലീഗിന് മന്ത്രിസ്ഥാനം. കോൺഗ്രസിന്റെ കാലഘട്ടത്തിൽ എന്താ യിരുന്നു? സി.എച്ച്-നെ സ്പീക്കറാക്കാൻ തൊപ്പിയെടുപ്പിച്ചു, മുസ്ലീം ലീഗിന്റെ പ്രാഥമിക അംഗത്വത്തിൽ നിന്ന് രാജിയും വയ്പിച്ചു. അതാണ് ഇവർ ചെയ്തത്.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, 1952-ൽ മലബാർ, മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന സന്ദർഭത്തിൽ ലീഗിന്റെ അഞ്ച് നേതാക്കന്മാർ മദ്രാസ് അസംബ്ലിയിലുണ്ടായിരുന്നു. അവരുടെ സപ്പോർട്ടോടുകൂടിയാണ് അന്ന് കോൺഗ്രസ് ഗവൺമെന്റ് ഭരിച്ചിരുന്നത്. ആ കോൺഗ്രസ് ഗവൺമെന്റാണ് എം.എസ്.പി.-യിലേയ്ക്ക് മുസ്ലീങ്ങളെ എടുക്കാൻ പാടില്ല എന്നും സബ് ഇൻസ്പെക്ടറായി പ്രൊമോഷൻ നൽകാനോ നിയമിക്കാനോ പാടില്ല എന്നും തീരുമാനിച്ചത് എന്ന വിവരം അങ്ങേയ്ക്കറിയുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: ഇതെല്ലാം ചരിത്രത്തിന്റെ ഭാഗമാണ്. കരിപ്പൂരിലു ള്ള ഹജ്ജ് ഹൗസ്- ഇവർ പെട്ടിക്കടപോലുള്ള സ്ഥലത്തായിരുന്നു ഹാജി മാരെ കൊണ്ടുപോയത്. ആ ഷെഡ്ഡിൽ മീൻനാറ്റം കൊണ്ട് അങ്ങോട്ട് കയ റാൻ പോലും സാധിച്ചില്ലായിരുന്നു. രണ്ട് കോടി ഇരുപത് ലക്ഷം രൂപ ചെല വുചെയ്തുകൊണ്ടാണ് കരിപ്പൂരിൽ ഹജ് ഹൗസ് ഞങ്ങൾ പണികഴിപ്പിച്ചത്. മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ സാംസ്കാരിക കേന്ദ്രമാക്കി മാറ്റി. ഈ നേട്ടങ്ങളെപ്പറ്റി പറയുമ്പോഴും ഞങ്ങളുടെ എത്രയോ സഖാക്കൾ കൊല ചെയ്യപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ മതനിരപേക്ഷ മൂല്യങ്ങൾ കാത്തുസൂക്ഷിക്കു ന്നതിനും വർഗ്ഗീയത ഉയർത്തുന്ന ഫാസിസ്റ്റ് വെല്ലുവിളിക്കെതിരായി ആർ. എസ്.എസ്.ന്റെ കയ്യിലുള്ള ബോംബിനും തോക്കിനും കത്തിക്കും മുമ്പിൽ നൂറ് കണക്കിന് സഖാക്കളാണ് ഞങ്ങൾക്ക് നഷ്ടപ്പെട്ടത്. കോൺഗ്രസ്സിനും

ലീഗിനും അങ്ങനെയുള്ള എന്തെങ്കിലും അനുഭവമുണ്ടോ? ഒരു പള്ളി ആക്രമിക്കാൻ വേണ്ടി പോയ ആർ.എസ്.എസ്.–കാരെ തടഞ്ഞതിനാണ് തലശ്ശേരിയിലെ നീർവേലിയിലുള്ള കുഞ്ഞിരാമനെ വെട്ടിയത്. തലശ്ശേരി ബ്രണ്ണൻ കോളേജിൽ പഠിക്കുമ്പോൾ നീർവേലിയിലുള്ള കുഞ്ഞിരാമന്റെ വീട്ടിൽ ഞാൻ പോയതാണ്. മതന്യൂനപക്ഷങ്ങൾക്കുവേണ്ടി സ്വന്തം ജീവൻ ബലിയർപ്പിക്കേണ്ടി വന്നാൽ അതിനുപോലും സഖാക്കൾ തയ്യാറാകണമെന്ന് സി.പി.ഐ.(എം) കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ ആഹ്വാനത്തിന്റെ അടിസ്ഥാനത്തിലാണ് കുഞ്ഞിരാമൻ രക്തസാക്ഷി ആയത്. അങ്ങനെ കുറേ അനുഭവങ്ങൾ ഞങ്ങൾക്കുണ്ട്. പള്ളി പൊളിയന്മാർ, ദൈവവിശ്വാസം ഇല്ലാത്ത ആൾക്കാർ തുടങ്ങിയ കാര്യങ്ങളാണ് ഞങ്ങളെക്കുറിച്ച് പറയുന്നത്. ഞാൻ ഒരു ഉദാഹരണം പറയാം. ഞങ്ങൾ ചൈനയിലേയ്ക്ക് പോകുന്ന സമയത്ത് വിമാനത്തിൽവച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി എന്നോട് പറഞ്ഞത് അവിടെയൊരുപള്ളി പോലും ഉണ്ടാകില്ലായെന്നാണ്. അവിടെ പോയി (സുബഹി, ളുഹർ, അസർ, മഅരിബ്, ഇശാഅ) അഞ്ച് നേരവും നിസ്ക്കരിച്ചു. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി മാത്രമല്ല നമ്മുടെ ശ്രീ. റ്റി. എ. അഹ്മദ് കബീറും നിസ്ക്കരിച്ചു. ഞാൻ ഫൈവ് സ്റ്റാർ ഹോട്ടലിൽ ഉറങ്ങാൻ കിടക്കുന്ന സമയത്താണ് കുത്തിയാർ റാത്തീബ്–ന്റെയും മൗലൂദിന്റെയും ശബ്ദം ഞാൻ കേൾക്കുന്നത് 'സല്ലല്ലാഹു അലാമുഹമ്മദ് സല്ലല്ലാഹു അലൈഹിവസല്ലം' 'സല്ലല്ലാഹു അലാമുഹമ്മദ് യാറബ്ബി സല്ലിഅലൈഹിവ സല്ലം'. ഇതു കേട്ട് ഞാൻ ഞെട്ടിപ്പോയി. എന്റെ ചെറുപ്പകാലത്ത് നാദാപുരത്തുള്ള വീട്ടിൽ കിടക്കുമ്പോൾ അപ്പുറത്തുള്ള മുസ്ലീം വീട്ടിൽ നിന്ന് കേൾക്കുന്ന കുത്തിയാർ റാത്തീബ്–ന്റെയും മൗലൂദിന്റെയും ശബ്ദമാണ് ഞാൻ അവിടെ

നിന്ന് കേൾക്കുന്നത്. ഖുർ–ആൻ വില്ലേജ്– ഹലാലായ ഭക്ഷണ സാധനങ്ങൾ മാത്രം കൊടുക്കും. മുസ്ലീങ്ങളിൽ മുസ്ലീം സ്ത്രീകൾ ഇമാം. ഉന്നത വിദ്യാഭ്യാസ പഠനം– മതപഠനം നടത്താൻ പാക്കിസ്ഥാനിൽ പോയി പഠിക്കുന്നതിന് ചൈനീസ് ഗവൺമെന്റിന്റെ സ്കോളർഷിപ്പ്. ഇസ്ലാം മതം ഉണ്ടാക്കണമെന്ന് പറഞ്ഞ റസൂലിന്റെ contemporary ആയിരുന്നു സെയ്ദ് ഇബിനു അബി വഖാഫ്. സെയ്ദുവിന്റെ മകൻ അബിവഖാഫിയുടെ ശവം സംസ്ക്കരിച്ച സ്ഥലത്തുപോയി പ്രാർത്ഥിച്ചവരാണിവർ. അവരാണ് എന്നോട് പറയുന്നത് ചൈനയിൽ ഒന്നും ഉണ്ടാകില്ലെന്ന്. കേരളത്തിലെ മുസ്ലീങ്ങളുടെ ഇടയിൽ കള്ളപ്രചരണം കുറേക്കാലം നടത്തിയിട്ടും ഒന്നും നടന്നില്ല. അതുകൊണ്ട് കേരളത്തിലെ മുസ്ലീങ്ങളുടെയിടയിലുള്ള ഹോൾസെയിൽ ഏജന്റാണ് മുസ്ലീം ലീഗ് എന്ന് ദയവുചെയ്ത് നിങ്ങൾ കണക്കാക്കരുത്. ഇന്ന് മുസ്ലീം സമുദായം നേരിടുന്ന രണ്ട് ഭീഷണികളുണ്ട്. ഒന്ന്, മതേതര ഇന്ത്യ നേരിടുന്ന ഭീഷണിയുടെ ഭാഗമായിട്ടുള്ള ഭീഷണിയാണ് ന്യൂനപക്ഷം നേരിടുന്നത്. രണ്ട്, സംഘപരിവാർ ഉയർത്തുന്ന ഹിന്ദു ഫാസിസ്റ്റ് വെല്ലുവിളികളാണ്. മറ്റൊന്ന്, മുസ്ലീം സമുദായത്തിൽ രൂപപ്പെടുന്ന തീവ്രവാദ ചിന്താഗതി ശക്തിയും തീവ്രവാദ സംഘടനകളുമാണ്. ഇത് രണ്ടിനേയും നേരിടാൻ ഒറ്റവഴിയേയുള്ളൂ അവർക്ക് ആലോചിക്കാൻ പറ്റുമെങ്കിൽ, മുസ്ലീം ലീഗിനെ പിരിച്ചുവിട്ടുകഴിഞ്ഞാൽ ഒരു പ്രശ്നവുമില്ല. പിരിച്ചുവിടണമെന്ന് ഞാൻ പറയുന്നില്ല. പിരിച്ചുവിട്ടുകഴിഞ്ഞാൽ ഈ പ്രശ്നത്തെ നല്ല രൂപത്തിൽ അതിജീവിക്കാൻ കഴിയും. കാരണം പിരിച്ചുവിട്ടിട്ട് മതേതര പാർട്ടികളിലേയ്ക്ക് പോയാൽ മതി. എല്ലാവരും ഞങ്ങളുടെ അടുത്ത് വരണമെന്ന് പറയുന്നില്ല. നിങ്ങൾക്ക് കോൺഗ്രസ്സിലും പോകാം ഏത് പാർട്ടിയിലും പോകാം. ഇവിടെയുള്ള പ്രശ്ന

മെന്ന് പറയുന്നത്, മുസ്ലീങ്ങൾക്കുവേണ്ടി ഒരു രാഷ്ട്രീയ സംഘടനയെന്ന് പറയുമ്പോൾ ഹിന്ദുക്കൾക്കുവേണ്ടി ഒരു രാഷ്ട്രീയ സംഘടനയെന്ന ആർ. എസ്.എസ്.-ന്റെ വാദവും പ്രവർത്തനവും ശക്തിപ്പെടും. പഴയതുപോലെയല്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ലീഗ് പിരിച്ചുവിട്ട് മതേതര പാർട്ടികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക, ഇടതുപക്ഷവുമായി യോജിച്ച് പ്രവർത്തിച്ചാൽ നാടിനും ഇന്ത്യയ്ക്കും കുറേ ഗുണംകിട്ടും. മതനിരപേക്ഷ സമൂഹമെന്നത് ന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ഏറെ പ്രധാനപ്പെട്ടതാണ്. എന്നാൽ അത്തരമൊരു സമൂഹത്തെ ശക്തിപ്പെടുത്തുന്നതിനുപകരം മുസ്ലീം ജനവിഭാഗങ്ങളെ മുഖ്യധാരയിൽ നിന്ന് മാറ്റാനാണ് വർഗ്ഗീയ തീവ്രവാദ സംഘടനകൾ ശ്രമിക്കുന്നത്. ഇന്ന് ഈ സംഘടനകളുടെ തണൽപറ്റുന്നത് ലീഗിന്റെ കുടക്കീഴിലാണെന്നുള്ളത് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ലീഗ് വിചാരിച്ചാൽപോലും ഇപ്പോൾ ഇതിനെ മാറ്റിയെടുക്കാൻ സാധിക്കില്ല. ആ രൂപത്തിൽ ഭസ്മാസുരന് വരം കൊടുത്തതുപോലെ ആയിരിക്കുന്നു ലീഗ്. സമുദായത്തിലെ സമ്പന്നരുടെ താൽപ്പര്യമല്ലാതെ മുസ്ലീംലീഗിനെ സംബന്ധിച്ചിടത്തോളം മറ്റ് എന്തെങ്കിലും താൽപ്പര്യം ഉണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ട് ലീഗ് ചെയ്യേണ്ട കാര്യം നമ്മുടെ രാജ്യത്തെ രക്ഷിക്കാൻ നമ്മുടെ രാജ്യത്തിന്റെ മതേതര സ്ട്രക്ച്ചർ കാത്തുസൂക്ഷിക്കാൻ മുസ്ലീം ലീഗ് എന്ന് പറയുന്ന സംഘടനയെ മാറ്റി മതേതര പ്രസ്ഥാനങ്ങളോട് ഒപ്പം നിന്ന് പ്രവർത്തിച്ചാൽ നമ്മുടെ രാജ്യത്തിന്റെ മതേതര സങ്കൽപ്പത്തെ ശക്തിപ്പടുത്താൻ സാധിക്കും.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച കാര്യം, മുസ്ലീം ലീഗ് ഉള്ളതുകൊണ്ടാണ് മറ്റുള്ളവർക്ക് വളക്കൂറ് ഉണ്ടാകുന്നത് എന്നാണ്. പക്ഷേ, ഇന്ത്യയുടെ രാഷ്ട്രീയ സാഹച

ര്യങ്ങൾ പഠിക്കുന്നവർക്ക് മുസ്ലീം ലീഗിന് രാഷ്ട്രീയ രംഗത്ത് ശക്തമായ സ്വാധീനമുള്ളത് ദക്ഷിണേന്ത്യയിലെ രണ്ട് സംസ്ഥാനങ്ങളാണ്. അതിൽ ഒന്ന്, തമിഴ്നാടും മറ്റൊന്ന്, കേരളവുമാണ്. ഈ രണ്ട് സംസ്ഥാനങ്ങളിലും ഇന്നേ വരെ ഫാസിസ്റ്റ് ശക്തികൾക്ക് അവരുടെ അക്കൗണ്ട് തുറക്കാൻ കഴിഞ്ഞിട്ടി ല്ലെന്നുള്ള യാഥാർത്ഥ്യം അങ്ങ് വിസ്മരിക്കരുത്. അതേസമയം മൂന്ന് പതിറ്റാ ണ്ടുകാലം നിങ്ങൾ ഭരിച്ച ബംഗാളിലടക്കം ചിത്രം മാറുകയാണ്. ഇത് മനസ്സി ലാക്കേണ്ടത് മതേതര പക്ഷത്തുനിന്നുകൊണ്ട് ഒരു ജനവിഭാഗത്തെ, ന്യൂനപ ക്ഷങ്ങളെ മതേതരത്വത്തിന്റെ കാഴ്ചപ്പാടിലൂടെ കൊണ്ടുപോകുന്നതിൽ മുസ്ലീം ലീഗ് വിജയിച്ചുവെന്നതിന്റെ വ്യക്തമായ ഉദാഹരണമായി അങ്ങ് ഇത് കാണണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എ. കെ. ബാലൻ: സർ, മുസ്ലീം ലീഗിന്റെ ആരംഭത്തിലും പിന്നീടു ള്ള കുറച്ചുകാലഘട്ടത്തിലും ശക്തമായ സെക്യുലർ സംവിധാനം സ്വീകരിച്ച ഒരു സംഘടനയായിരുന്നു. അക്കാര്യത്തിലൊന്നും ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. ഏറെക്കുറെ സി.എച്ച്. മുഹമ്മദ് കോയയുടെ കാലഘട്ടം വരെ അങ്ങനെ നിന്നു. പിന്നെ നിങ്ങളുടെ കുറവുകൊണ്ടല്ല, സംഘപരിവാർ ഒരുഭാ ഗത്തുനിന്നും ഉയർത്തുന്ന ഭീഷണിയുണ്ട്. അതുപോലെ അമേരിക്കയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള ചില നീക്കങ്ങളുണ്ട്. ലോകത്തിലുള്ള മുസ്ലീ ങ്ങളെല്ലാം തീവ്രവാദികളാണെന്നാണ് വേൾഡ് ട്രേഡ് സെന്റർ നശിപ്പിച്ചതിനു ശേഷം അമേരിക്കയുടെ ഭാഗത്തുനിന്നുണ്ടായ പ്രതികരണം. ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും മുസ്ലീങ്ങളെ തുടച്ചുമാറ്റുന്നതിന്റെ ഭാഗമായി ഇറാഖ്, ഇറാൻ, ഈജിപ്റ്റ് തുടങ്ങിയ അറേബ്യൻ രാജ്യങ്ങളിലെല്ലാം ഈ നടപടി തുടങ്ങി. ലോകത്തിന്റെ ശത്രുവാണ് മുസ്ലീങ്ങൾ എന്നാണ് അവർ ക്രിയേറ്റ് ചെയ്യുന്ന ഒരു സന്ദേശം. അതുകൊണ്ട് മുസ്ലീം സമുദായത്തിനെതിരായുള്ള

സാമ്രാജ്യത്വത്തെ തടുക്കാൻ പറ്റാത്ത രൂപത്തിലുള്ള ഇടപെടലുകളുണ്ട്, ആശയപ്രചരണങ്ങളുണ്ട്. അതുകൂടി മനസ്സിൽവച്ചുകൊണ്ടാണ് ഞാൻ ഈ ഉപദേശം നിങ്ങൾക്ക് തരുന്നത്. ഇഷ്ടമുണ്ടെങ്കിൽ നിങ്ങൾ സ്വീകരിച്ചോ എനിക്ക് ഒരു നിർബന്ധവുമില്ല. ഞാൻ എന്റെ അഭിപ്രായം പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. നിങ്ങൾ ഇങ്ങോട്ട് വന്നുകഴിഞ്ഞാൽ ഒരു ബുദ്ധിമുട്ടുമില്ല ഈമാനോടുകൂടിത്തന്നെ ഇതിന്റെയകത്ത് നിൽക്കാം. ഒരു ബുദ്ധിമുട്ടും നിങ്ങൾക്ക് ഉണ്ടാകില്ലായെന്ന് ഞാൻ ഉറപ്പുതരാം. അതുകൊണ്ട് ഞാൻ ഈ ഓർഡിനൻസുമായി ബന്ധപ്പെട്ടുകൊണ്ടുള്ള എന്റെ നിരാകരണ പ്രമേയം മുസ്ലീം ലീഗ് എം.എൽ.എ.മാരുടെ സഹായത്തോടുകൂടി ഐകകണ്ഠ്യേന അംഗീകരിക്കുമെന്ന വിശ്വാസത്തോടുകൂടി എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. നിയമസഭയിൽ നടക്കുന്ന ഏറ്റവും സുപ്രധാനമായ ഒരു വിഷയമാണ് നമ്മൾ ഇപ്പോൾ ചർച്ച ചെയ്യുന്നത്. ബിൽ സഭയിൽ അവതരിപ്പിച്ചുകൊണ്ട് ഈ ബില്ലിന്റെ അവതാരകനായ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് പത്തുവർഷങ്ങളായി, പല സന്ദർഭങ്ങളിലായി ഈ ബിൽ ഓർഡിനൻസ് രൂപത്തിൽ നിൽക്കുകയാണെന്നാണ്. ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും ന്യൂനപക്ഷങ്ങളോടുള്ള സമീപനത്തിന്റെ ഏറ്റവും പ്രകടമായ ഉദാഹരണമാണിത്. നിയമസഭയിൽ പലതവണ ഇതുപോലുള്ള സുപ്രധാനമായ വിഷയം ഓർഡിനൻസായി വരികയും ലാപ്സായി പോവുകയും ചെയ്തിട്ടുണ്ട്. വീണ്ടും ഓർഡിനൻസ് പുതുക്കുന്നുണ്ടെങ്കിലും ബിൽ ആകുന്നില്ല. ഇങ്ങനെ പത്തു വർഷം തട്ടുകയാണ് ചെയ്തത്. കേരളത്തിലെ പ്രബുദ്ധരായ നമ്മൾ ഏത് ഗവൺമെന്റ് വന്നാലും പട്ടികജാതി/പട്ടികവർഗ്ഗത്തോടും പിന്നോക്ക സമുദാ

യത്തോടും മതനന്യൂനപക്ഷങ്ങളോടും ഇങ്ങനെയൊരു സമീപനം എടുക്കാൻ എന്താണ് കാരണം. നമ്മൾ അപ്പുറത്തും ഇപ്പുറത്തും ഇരുന്ന് ആലോചിക്കുക യല്ല, ഗൗരവമായി പരിശോധിക്കേണ്ട കാര്യമാണ്. കൊണ്ടുവന്ന ബിൽ തുട ക്കത്തിൽ തന്നെ പാളി പോയിരിക്കുകയാണ്.

കേന്ദ്രത്തിന്റെ നിർദ്ദേശമുള്ളതുകൊണ്ടാണ് ഇപ്പോഴെങ്കിലും ഇത് കൊണ്ടുവന്നതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ശ്രീ. എ. കെ. ബാലൻ പറഞ്ഞതുപോലെ, ഈ വകുപ്പിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും കാര്യം ദേശീയ ന്യൂനപക്ഷ കമ്മീഷൻ കൈകാര്യം ചെയ്യുന്നുണ്ടെങ്കിൽ, അങ്ങനെയുള്ള കാര്യങ്ങളിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് ആധികാരികത ഇല്ലാതായിത്തീരുന്നതാണ്. ഈ ഒരു ക്ലോസ് കൊണ്ട് ഈ ബില്ലിന് യാതൊരു അർത്ഥവുമില്ലാതായി. ഇത് ഇൻക്ലൂഡ് ചെയ്യാൻ കേന്ദ്രത്തിന് നിർദ്ദേശമില്ല. ഇതല്ലാതെ മറ്റേതെങ്കിലും പുതിയ കാര്യം കേന്ദ്ര ന്യൂനപക്ഷ കമ്മീഷന്റെ ശിപാർശകളിലുണ്ട്. National Commission-ന്റെ മിനിട്ട്സും ഡയറക്ഷൻസുമാണിത്. ഇതിൽ കേന്ദ്ര ന്യൂനപക്ഷ കമ്മീഷന്റെ 18 നിർദ്ദേശങ്ങളാണ് പറയുന്നത്. അതിൽ ഒരെണ്ണംപോലും ഇതുവരെ കേന്ദ്രത്തിന് നടപ്പിലാക്കാൻ കഴിഞ്ഞില്ല. Enhanced compensation to the 1984 Sikh riot victims announced by the Government of India in 2005 have not been paid in many cases and the matter in all seriousness should be taken up with the concerned authorities. കേന്ദ്ര കമ്മീഷൻ ഉണ്ടായിട്ടുപോലും ഡൽഹിയിൽ നടന്ന പഴയ കലാപത്തിന് ഇരയായ ആളുകൾക്ക് 2005–ൽ കൊടുക്കാമെന്നുപറഞ്ഞ കോമ്പൻസേഷൻ ഇത്രയും

വർഷങ്ങളായിട്ടും കൊടുത്തിട്ടില്ല. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ഒരു സമീപനമാണ്. ഇതിൽ പറഞ്ഞിരിക്കുന്ന മറ്റൊരുകാര്യം, The thrust of the programme of educational advancement of the minorities should be to ensure access to education at all levels and delivery of quality education. ഇത് എവിടെയാണ് കൊടുക്കുന്നത്. കേരളത്തിൽ മതന്യൂന പക്ഷങ്ങൾക്ക് എവിടെയാണ് ക്വാളിറ്റി എഡ്യൂക്കേഷൻ ലഭിക്കുന്നത്? ഇന്ത്യ ഒട്ടാകെ പരിശോധിച്ചപ്പോഴുള്ള കണക്കാണ് സച്ചാർ കമ്മിറ്റിയിൽ പറഞ്ഞിട്ടുള്ളത്. Emphasis should be given on vocational and technical courses, opening/capacity building of schools, training of teachers and coaching schemes for minorities. Modernization of Madarsas scheme should be taken up........ ഇവിടെ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി എവിടെ ഏത് മദ്രസ്സയാണ് മോഡണൈസ് ചെയ്തിട്ടുള്ളത്.

ശ്രീ. ബെന്നി ബെഹനാൻ: സർ, എന്റെ മണ്ഡലത്തിൽ ചെയ്തിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, വളരെ നല്ലത്, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ചെയ്തിട്ടുണ്ട്. അപ്പോൾ ഈ കമ്മീഷനും ഇപ്പോഴത്തെ നമ്മുടെ ഈ നിയമവും ഈ ബില്ലും വേണ്ട. ശ്രീ. ബെന്നി ബെഹനാൻ ഇപ്പോൾ സജീവമായി. പക്ഷേ ആ സിക്കുകാരെ കൊന്നതിന്റെ കാശ് ഇതുവരെ കൊടുത്തില്ലായെന്നുള്ള ഒരു ഒബ്സർവേഷനുണ്ട്. അതിനെപ്പറ്റി മിണ്ടിയില്ല.

ശ്രീ. പാലോട് രവി: അത് പാർലമെന്റിൽ പോയി പറയണം.

ശ്രീ. സി. ദിവാകരൻ: പാർലമെന്റിൽ ശ്രീ. പാലോട് രവിക്ക് ഇപ്പോൾ പോയി പറയാമല്ലോ. The Government schemes are loadable but it is not implemented. ഈ സ്കീമുകളും ബില്ലുകളും നിയമങ്ങളുമെല്ലാം ഇംപ്ലിമെന്റ് ചെയ്യാൻ ഇച്ഛാശക്തിയുള്ള ഭരണകൂടങ്ങളുടെ കുറവാണ് ഈ മതന്യൂനപക്ഷങ്ങൾ അല്ലെങ്കിൽ ന്യൂനപക്ഷ വിഭാഗങ്ങൾ അനുഭവിക്കുന്ന ഏറ്റവും വലിയ ബുദ്ധിമുട്ടുകൾ. ഇവിടെ ന്യൂനപക്ഷ സമുദായങ്ങൾ ഏതൊക്കെയാണെന്നുള്ളതിൽ ആർക്കും വ്യക്തതയില്ല. എന്റെ കയ്യിലിരിക്കുന്ന പട്ടികയിൽ പറഞ്ഞിരിക്കുന്നത് മുസ്ലീം, സിക്ക്, ബുദ്ധമതം, ക്രിസ്ത്യൻ, പാഴ്സി, ജൈനമതം എന്നിവയാണ് ന്യൂനപക്ഷ സമുദായങ്ങൾ എന്നാണ്. ഇത് ശരിയാണോ എന്ന് എനിക്കറിയില്ല. ശ്രീ. എ.കെ. ബാലൻ ഇവിടെ പറഞ്ഞതുപോലെ ജൈനമതക്കാരനെ ഇതുവരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? നമ്മുടെ ഈ പട്ടിക തന്നെയാണോ സംസ്ഥാനത്തിന്റെ പട്ടിക. കേന്ദ്രം ഡയറക്ട് ചെയ്യുന്ന ഈ ന്യൂനപക്ഷ സമുദായങ്ങളാണോ കേരളത്തിലുള്ളത്. പുതിയ ന്യൂനപക്ഷ സമുദായങ്ങളെ ഉൾപ്പെടുത്താൻ നമുക്ക് കഴിയുമെങ്കിൽ ഈ ഒരു ബിൽ പരിപൂർണ്ണമായി ഇതിന്റെ ന്യൂനതകൾ പരിഹരിച്ച് സമ്പൂർണ്ണമായ ഒരു പുതിയ ബിൽ അവതരിപ്പിക്കുമ്പോൾ വളരെ സമഗ്രമായി, സുതാര്യമായി ഏതെല്ലാം സമുദായങ്ങളാണ് ന്യൂനപക്ഷ സമുദായമെന്ന് കേരളത്തിനെങ്കിലും ഒരു വ്യക്തതയുണ്ടാകണം. ഇത് കേന്ദ്രത്തിന്റെ കണക്കാണ് പറയുന്നത്. അതുപോലെ ദേശീയ കമ്മീഷന്റെ ശിപാർശകളാണ് നമുക്കും ബാധകമായിട്ടുള്ളത്. ന്യൂനപക്ഷ സമുദായങ്ങളെ കേന്ദ്രീകരിച്ച ജില്ലകൾ കേരളത്തിൽ എവിടെയാണ്; മലപ്പുറം മാത്രമാണോ? ഇതിൽ ഒരു ശിപാർശയുണ്ട്. The

criteria for identification of minority concentrated districts/towns needs to be looked into and modified, if need be. വളരെ ഗുരുതരമായ ഒരു പ്രശ്നമാണത്. അതിനെപ്പറ്റി ഒരു സ്റ്റഡി നടത്തേണ്ടിവരും. ആ സ്റ്റഡി നടത്താൻ പ്രത്യേകമായി ഒരു എക്സ്പെർട്ട് കമ്മീഷൻ വേണ്ടിവരും. ആ കമ്മീഷന്റെ യാതൊരു സൂചനകളുമില്ല. ഇത് എങ്ങനെ കേരളത്തിൽ നടപ്പിലാക്കും. ഈ ന്യൂനപക്ഷ സമുദായങ്ങൾ കേന്ദ്രീകരിക്കുന്ന നഗരവും ജില്ലയും ഏതാണ്? നമുക്ക് നിർണ്ണയിക്കാൻ കഴിയുമോ?

ശ്രീ. എം. ചന്ദ്രൻ: സർ, അങ്ങ് ഇവിടെ ന്യൂനപക്ഷ സമുദായങ്ങളെ നിർണ്ണയിക്കുന്ന കാര്യത്തെ സംബന്ധിച്ചാണ് പറയുന്നത്. ഭരണഘടന അനുസരിച്ച് അഖിലേന്ത്യാ തലത്തിലാണ് ന്യൂനപക്ഷത്തിനെ നിർണ്ണയിച്ചിട്ടുള്ളത്. ഭാഷാ ന്യൂനപക്ഷങ്ങളെ സംസ്ഥാനാടിസ്ഥാനത്തിലാണ് നിർണ്ണയിച്ചിട്ടുള്ളത്. ഇന്നത്തെ പരിതസ്ഥിതിയിൽ ന്യൂനപക്ഷങ്ങളെ നിർണ്ണയിക്കുന്നത് സംസ്ഥാനാടിസ്ഥാനത്തിൽ വേണമെന്ന ഒരു അഭിപ്രായം ഉയർന്നുവരുന്നുണ്ട്. അതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. സി. ദിവാകരൻ: സർ, തീർച്ചയായും സംസ്ഥാനത്തിന് അതിനുള്ള അവകാശമുള്ളതാണ്. അതുംകൂടി ഉൾപ്പെടുത്തി വേണം നമ്മൾ ഏതെങ്കിലും ഒരു നിയമം പാസ്സാക്കാൻ. അത് ഒരു സ്റ്റേറ്റിന്റെ മൗലികാവകാശമാണ്. അതുപോലെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയ്ക്ക്, ദേശീയ കമ്മീഷന്റെ ഒരു ശിപാർശ ഇതിൽ പറയുന്നുണ്ട്. അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. Arrest of young Muslim boys in terrorist related incidents has led to a feeling of insecurity in Muslim community. The victims found to be innocent and acquitted by courts should be

rehabilitated and compensated. There should be a uniform compensation policy to all riot victims irrespective of any community, caste and creed. ഇത് കേരളത്തിൽ നടപ്പിലാക്കാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? എനിക്ക് മുമ്പ് ശ്രീ. എ. കെ. ബാലൻ സംസാരിച്ചപ്പോൾ ബഹളം വച്ച നിങ്ങളോട് ചോദിക്കുകയാണ്, ഇന്ത്യാ മഹാരാജ്യത്ത് മുസ്ലീം ബോയ്സ് എന്നുപറയുന്ന കുറ്റവാളികളോ അല്ലാത്തവരോ നിരപരാധികളോ ആയിട്ടുള്ള എത്ര ആളുകളെയാണ് ഇന്ത്യയിലെ വിവിധ ജയിലുകളിൽ വിചാരണയ്ക്കുപോലും ഹാജരാക്കാതെ അടച്ചിട്ടിരിക്കുന്നതെന്ന് കണ്ടെത്താനുള്ള കഴിവെങ്കിലും നിങ്ങൾക്കുണ്ടോ? കേരളത്തിൽ ജയിൽ അറകളിൽ ഇതുപോലെ സംശയ ത്തിന്റെ പേരിൽ പിടിക്കപ്പെടുകയും അവരെ കല്പാന്ത കാലത്തോളം ജയിലിൽ ഇടുകയും ചെയ്തിട്ടുണ്ടോ ഇല്ലയോ എന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? നിങ്ങൾ ആരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനാണ് ഇരിക്കുന്നത്. എത്രയാളുകൾ ഇപ്പോൾ ജയിലുകളിൽ കിടക്കുന്നു. ഇതൊരു ജനാധിപത്യ സമ്പ്രദായമല്ലേ?

ശ്രീ. ജി. സുധാകരൻ: സർ, സുപ്രധാനമായ ചോദ്യത്തിന് അവർ അവിടന്ന് ഉത്തരം പറയേണ്ടതാണ്. പക്ഷേ ഉത്തരം പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. അങ്ങ് ബോയ്സ് എന്ന് പ്രയോഗിച്ചുവെങ്കിലും ബോയ്സ് എന്നുള്ളത് ഗേൾസ് എന്നുകൂടി ഇന്റർപ്രെട്ട് ചെയ്യണം. പെൺകുട്ടികളേയും ജയിലുകളിലേയ്ക്ക് അയയ്ക്കുന്നു. പക്ഷേ ശാസ്ത്ര സാങ്കേതിക വിദ്യകൾ വളർന്ന ഈ കാലത്ത് അഭൂതപൂർവ്വമായ ഒരു മുന്നേറ്റമാണ്. മുസ്ലീം സമൂഹത്തിൽ ലോകം മുഴുവൻ ഈ പുതിയ വിജ്ഞാനം ആർജ്ജിക്കുക യാണ്. അങ്ങനെ ഈ രംഗത്ത് വിജ്ഞാനം ആർജ്ജിച്ചുവരുന്ന മുസ്ലീം

ന്യൂനപക്ഷത്തിൽപ്പെട്ട യുവതലമുറയെ തകർക്കാൻ അമേരിക്കൻ സാമ്രാജ്യത്വം ലോകവ്യാപകമായി തന്നെ അവർക്ക് സ്വാധീനമുള്ള ഗവൺമെന്റുകളെക്കൊണ്ട് ഇത് ചെയ്യിക്കുകയാണ്. ബി.ജെ.പി. ഭരിച്ചപ്പോഴു ള്ളതിനേക്കാൾ ഭീകരമാണിപ്പോൾ. മുസ്ലീം ലീഗ് രാഷ്ട്രീയമായി പിന്തുണ യ്ക്കുന്ന കോൺഗ്രസ്സ് (ഐ) ഇന്ത്യ ഭരിക്കുമ്പോൾ അവർക്ക് എങ്ങനെ നരേന്ദ്ര മോഡിയെ തടയാൻ കഴിയും. അബ്ദുൾ നാസർ മ്അദനിയെ ജയിലിൽ ഇട്ടിരിക്കുകയല്ലേ; മാനുഷിക പരിഗണനയുണ്ടോ; ഈ നിയമസഭ ആവശ്യപ്പെട്ടിട്ടും മര്യാദയ്ക്ക് ട്രയൽ നടത്തി കുറ്റക്കാരനാണെങ്കിൽ ശിക്ഷിക്കുക; അല്ലെങ്കിൽ വെറുതെ വിടാൻ........ ബി.ജെ.പി. ഗവൺമെന്റ് നൽകിയ സ്വാതന്ത്ര്യം പോലുമില്ലാത്ത ഈ കോൺഗ്രസ്സ് ഗവൺമെന്റിന് എങ്ങനെ നരേന്ദ്ര മോഡിയെ നേരിടാൻ കഴിയും. ബി.ജെ.പി. യെ വളർത്തുന്നത് ഇവരല്ലേ? അങ്ങയുടെ പ്രതികരണം പ്രതീക്ഷിക്കുന്നു.

ശ്രീ. സി. ദിവാകരൻ: അതീവ ഗുരുതരമായ, വളരെ സെൻസിറ്റീവായി ട്ടുള്ളൊരു വിഷയമാണിത്. ദയവുചെയ്ത് ക്ഷമയോടെ കേൾക്കണം. നിങ്ങൾ വികാരഭരിതരാകരുത്; ഇത് വർഗ്ഗീയമോ വികാരപരമോ അല്ല. ജനാധിപത്യ ഭരണഘടനയിൽ പറയുന്ന ഫണ്ടമെന്റൽ റൈറ്റ് എൻജോയ് ചെയ്യാൻ കഴിയുന്നുണ്ടോ ഇല്ലയോ എന്നുള്ളതാണ് ഇവിടത്തെ ചോദ്യം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: അങ്ങ് ന്യൂനപക്ഷ കേന്ദ്രീകൃതമാ യിട്ടുള്ള ജില്ലകളെന്ന് ഇവിടെ പറയുകയുണ്ടായി. കേരളത്തെപോലൊരു സംസ്ഥാനത്ത് ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകൾ എന്ന തലത്തിൽ നിന്നും മാറി ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകൾ എന്ന തലത്തിലെത്തിയെങ്കിൽ മാത്രമേ ന്യൂനപക്ഷങ്ങൾക്കുള്ള അവകാശങ്ങൾ അർഹിക്കുന്ന രീതിയിൽ

താഴെത്തട്ടിലേയ്ക്ക് എത്തിച്ചുകൊടുക്കാൻ കഴിയുകയുള്ളൂ. കേരളത്തിലെങ്കിലും ന്യൂനപക്ഷങ്ങൾക്ക് എല്ലാ മേഖലയിലും അവകാശങ്ങൾ എത്തിക്കാൻ കഴിയുന്ന വിധത്തിലുള്ളൊരു മാറ്റമുണ്ടാകണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ;

ശ്രീ. സി. ദിവാകരൻ: ഇവിടെ പറയുന്നതുപോലെ ഉത്കണ്ഠയുണ്ടാകുന്ന ഒരു കാര്യവും ഇപ്പോൾ കേരളത്തിലില്ല. നിങ്ങൾ പ്രതിപക്ഷാംഗങ്ങളുമായി യോജിച്ച് ഈ രാജ്യത്തെ എല്ലാവരുടെയും താൽപ്പര്യങ്ങൾ സംരക്ഷിച്ച ആളുകളാണല്ലോ; പിന്നീടാണല്ലോ നിങ്ങൾക്ക് ബോധോദയം വന്ന് ഇതിനേക്കാൾ മെച്ചം അതാണെന്ന് തോന്നി നിങ്ങൾ പോയത്. ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി, നിങ്ങളിന്ന് വേൾഡ് ഇസ്ലാമിനെ കാണുന്നുണ്ടോ; അവരിന്ന് എവിടെയാണ് നിൽക്കുന്നത്; അവരെ തകർത്ത് തരിപ്പണമാക്കിയില്ലേ. അവരുടെ ബാഗ്ദാദ് എവിടെ, അവരുടെ കെയ്റോ എവിടെ, അവരുടെ സദ്ദാം ഹുസൈൻ എവിടെ, ലിബിയയുടെ നേതാവെവിടെ; ഗദ്ദാഫി എവിടെ; കൊന്നില്ലേ, ഓരോരോന്നോരോന്നായി എല്ലാറ്റിനെയും കൊന്ന് കൊലവിളി നടത്തിയില്ലേ. ഈ കേരളത്തിൽ ഭരണാധികാരമുണ്ടായിട്ടുപോലും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയെ പോലുള്ള ആളുകൾ പ്രതിഷേധിക്കുവാനോ ശബ്ദമുയർത്തുവാനോ തയ്യാറായില്ല. ഞങ്ങൾ ശബ്ദിച്ചു. ഇറാഖിൽ ഒരു തെറ്റും ചെയ്യാത്തവർക്കെതിരെ പൈശാചികമായ ആക്രമണമാണ് നടക്കുന്നത്. അതുപോലെ തന്നെ ഗദ്ദാഫിയുടെ കാര്യവും. ഇസ്ലാം റിപ്പബ്ലിക്കിനു മുഴുവൻ അമേരിക്കൻ ചാരവലയം; ആഭ്യന്തരകലാപം നടത്തി; പതിനായിരകണക്കിന് മുസ്ലീം പെൺകുട്ടികളെ മാനഭംഗപ്പെടുത്തി; രാജ്യത്തെ തകർക്കുന്ന രീതിയിൽ അവിടത്തെ പട്ടാള ഭരണം അഴിഞ്ഞാട്ടം നടത്തിയിട്ട് നിങ്ങൾ പിന്തുണ നൽകുന്ന ഇന്ത്യയിലെ ഗവൺമെന്റ് എന്തു ചെയ്തു. ഒരു

പ്രതിഷേധവും കാണിച്ചില്ല. ഞാൻ ഈ ലോകത്തെ മുസ്ലീം സമൂഹത്തെ അഭിനന്ദിക്കുകയാണ്. കാരണം, സാമ്രാജ്യത്വത്തിനെതിരായ അതിശക്തമായ നിലപാടുകളിലൂടെ ജീവൻ കൈവെടിയുകയാണ്. ഒരു കാലത്ത് ഹിറ്റ്ലർക്കെതിരായി സോവിയേറ്റ് റഷ്യയിലെ സൈന്യം മരിച്ചുവീണുവെങ്കിൽ ഇന്ന് അമേരിക്കൻ സർവ്വാധിപത്യത്തിനും പട്ടാളഭരണത്തിനും സി.ഐ.എ –യുടെ പ്രവർത്തനത്തിനുമെതിരായി ഇന്ന് ലോകത്ത് ഫൈറ്റ് ചെയ്യുന്നത് ഇസ്ലാം സമുദായങ്ങളാണ്. നിങ്ങളുടെ താമസം അവർക്കെതിരായിട്ടുള്ള കേന്ദ്രങ്ങളിലാണ്. അവരെ ഒറ്റിക്കൊടുക്കുന്നവരുടെ കൂടെയാണ് ഇപ്പോൾ നിങ്ങൾ നിൽക്കുന്നതെന്ന കാര്യം ആലോചിക്കണം. മുസ്ലീം യൂത്ത് ലീഗിന്റെ നേതാവേ, അക്കാര്യങ്ങൾ കൂടി ആലോചിക്കണം. നിങ്ങൾക്ക് ഇനിയും സമയമുണ്ട്. ചായക്കടക്കാരൻ ഭരിക്കാൻ വേണ്ടെന്ന് പറയുന്നതെന്താണ്? ആരാണ് ഈ ചായക്കടക്കാരൻ, എന്താണ് ഈ അമ്പരപ്പ്, ഈ നരേന്ദ്ര മോഡിയെ തളയ്ക്കുമെന്ന് പറയാൻ മുസ്ലീം ലീഗിനോ കോൺഗ്രസ്സിനോ കഴിയുമോ; കഴിയില്ലെന്നുള്ള കാര്യം ഡൽഹിയിൽ വളരെ വ്യക്തമായി തെളിഞ്ഞു. അവിടെ ബി.ജെ.പി.ക്ക് കഴിഞ്ഞില്ല. നരേന്ദ്ര മോഡിയും സോണിയാ ഗാന്ധിയും, ഡൽഹിയിൽ ദയനീയമായി പരാജയപ്പെട്ടു വീണു. അതാണ് ഇന്ത്യൻ രാഷ്ട്രീയം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: അങ്ങ് ഇവിടെ സൂചിപ്പിച്ച വിഷയം വളരെ ഗൗരവത്തോടുകൂടി തന്നെയാണ് കാണുന്നത്. കാരണം, ഇന്ത്യയിൽ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ കരുത്താർജ്ജിക്കാൻ പാടില്ല. പക്ഷേ, അതിനുള്ള പരിഹാരമാർഗ്ഗമെന്താണ്? രാജ്യത്തെ മതേതര ശക്തികളുടെ വോട്ട് ഭിന്നിപ്പിക്കുകയാണോ ഒന്നിപ്പിക്കുകയാണോ വേണ്ടത്. ആ മതേതര വോട്ടുകൾ ഭിന്നിപ്പിച്ചതാണ് ഡൽഹിയിൽ കണ്ടത്. കോൺഗ്രസ്സിന്റെ എഴുപത് ശതമാനം വോട്ട് ഭിന്നിപ്പിച്ചപ്പോഴാണ് അവിടെ ആം ആത്മി പാർട്ടി

വരുന്നതെന്നു മാത്രമല്ല, ബി.ജെ.പി. രണ്ടാം കക്ഷിയാകുന്നതും. മതേതര വോട്ടുകൾ ഭിന്നിപ്പിക്കുമ്പോഴുണ്ടാകുന്ന അപകടം മനസ്സിലാക്കിക്കൊണ്ടായിരിക്കണം തീരുമാനങ്ങളെടുക്കേണ്ടത്. ഇടതു പക്ഷത്തിന് എത്രവലിയ സ്വാധീനം അവിടങ്ങളിൽ നിർണ്ണയിക്കാനാകുമെന്ന് പറയാൻ കഴിയില്ലല്ലോ; കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ ഫലം വച്ച് രാജസ്ഥാനിൽ ഉള്ള സീറ്റുപോലും നഷ്ടമാകുന്ന സ്ഥിതിയാണുണ്ടായത്. ഡൽഹിയിലും വോട്ടിന്റെ വളരെ വ്യത്യസ്തമായൊരു ചിത്രമാണ് ലീഗിനും ഇടതുപക്ഷത്തിനുമുള്ളത്. മതേതര വോട്ടുകൾ ഭിന്നിപ്പിക്കാതിരിക്കാൻ എന്താണ് മാർഗ്ഗം?

<u>ശ്രീ. സി. കെ. നാണു</u>: കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് രാജസ്ഥാനിൽ മാത്രമാണ് ജയിച്ചത്. ഇന്ത്യയിൽ വർഗ്ഗീയ സംഘട്ടനങ്ങൾക്ക് തുടക്കമിട്ടത് ബാബറി മസ്ജിദ് തകർത്തതോടുകൂടിയാണ്. ആരാണ് അതിന്റെ കാരണക്കാർ. ഇന്ത്യയിലെ വർഗ്ഗീയ ശക്തികളെ നിലയ്ക്കുനിർത്താൻ ഏത് ഭരണത്തിനാണ് സാധിക്കുന്നത്. കേരളത്തിന്റെ സാഹചര്യങ്ങൾ വേറെയാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, ഭരണകക്ഷിയംഗങ്ങൾക്ക് ഉത്തരം മുട്ടുമ്പോൾ പ്രതിപക്ഷാംഗങ്ങൾ ഇന്നയിന്ന സ്ഥലങ്ങളിൽ തോറ്റുപോയെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ; ഞങ്ങൾക്ക് അവിടെയും ഇവിടെയും ഒന്നുരണ്ട് സീറ്റുകളാണുള്ളത്. ഞങ്ങൾ തോറ്റതുകൊണ്ടല്ലേ പറയുന്നത്. ഞങ്ങൾ തോൽക്കുകയും ജയിക്കുകയും ചെയ്യും. ശ്രീ. രണ്ടത്താണി അങ്ങ് പറഞ്ഞ ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷ പാർട്ടികളും ശക്തമായിരുന്ന കാലത്ത് ഒരു ബാബറി മസ്ജിദ് പ്രശ്നമോ; ഒരു ഗോദ്ര സംഭവമോ, ഒരു ബെസ്റ്റ് ബേക്കറി സംഭവമോ ഉണ്ടായില്ല. പുരോഹിതന്മാരെ പെട്രോളൊഴിച്ച്

കത്തിക്കുകയോ, ബൈബിളുകൾ കത്തിക്കുകയോ, കുരിശ്ശടികൾ തകർക്കുകയോ, കന്യാസ്ത്രീകളെ മാനഭംഗപ്പെടുത്തുകയോ ചെയ്തില്ല. ഞങ്ങൾ ചിലപ്പോൾ ദുർബ്ബലപ്പെട്ടു പോയേക്കാം. ഞങ്ങൾ ദുർബ്ബലപ്പെട്ടുപോയാൽ കോൺഗ്രസ്സിന് എവിടെയെങ്കിലും ഗതിയുണ്ടോ; ഇപ്പോൾ നിങ്ങൾ എന്താണ് പറയുന്നത്. മഹാത്മാഗാന്ധിക്ക് ജന്മം നൽകിയ അദ്ദേഹത്തെ കൊല ചെയ്ത ആർ.എസ്.എസ്.കാരുടെ കേന്ദ്രമല്ലേ ഗുജറാത്ത്. ആ ഗുജറാത്തിനെ രക്ഷിക്കാൻ കഴിയാത്ത കോൺഗ്രസ്സേ, ഇനി എവിടെയാണ് വരാൻ പോകുന്നത്. മതന്യൂനപക്ഷ സമുദായങ്ങൾക്കുവേണ്ടി ഒരു ബിൽ കൊണ്ടുവരുന്നതിനെപ്പറ്റിയാണ് ഇവിടെ ചർച്ച ചെയ്യുന്നത്. അപ്പോൾ ന്യൂനപക്ഷങ്ങൾ ഇന്ന് അനുഭവിക്കുന്ന പീഡനങ്ങൾക്ക് പരിഹാരം കാണണമെങ്കിൽ എടുക്കേണ്ട ചില നിലപാടുകളുണ്ട്. നിയമം കൊണ്ടുമാത്രം പോര. ഇവിടെ ഏത് നിയമം പാസ്സാക്കിയാലും അത് ഇംപ്ലിമെന്റ് ചെയ്യണമെങ്കിൽ ഈ രാജ്യത്തെ ബഹുജനങ്ങളുടെ വലിയ പിന്തുണ വേണ്ടിവരും.

ശ്രീ. പാലോട് രവി: ഇന്ത്യയിലെ ജയിലുകളിൽ മുസ്ലീം യുവജനങ്ങൾ കൂടുതലുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു. ഏതാണ്ട് പത്ത് വർഷക്കാലം ജയിലിൽ കിടന്ന ശ്രീ അബ്ദുൾ നാസർ മഅ്ദനി നിരപരാധിയാണെന്നു പറഞ്ഞ് സുപ്രീം കോടതി വിട്ടയച്ചിട്ടും പുറത്ത് പോയ അദ്ദേഹത്തെ രണ്ടുതവണയും അറസ്റ്റ് ചെയ്യുന്നതിന് എല്ലാവരും കൂട്ടുനിന്നില്ലേ. രണ്ടാമത് അറസ്റ്റ് ചെയ്യുന്നതിനുപോലും ഇടതുപക്ഷ പ്രസ്ഥാനം ജാഗ്രത കാണിച്ചില്ല. പ്രസംഗിക്കാൻ എളുപ്പമാണ്.

ശ്രീ. സി. ദിവാകരൻ: ശ്രീ. പാലോട് രവിയുടെ കണ്ടുപിടിത്തത്തെപ്പറ്റിയല്ല ഞാൻ ചോദിച്ചത്. നാഷണൽ മൈനോറിറ്റി കമ്മീഷന്റെ ശുപാർശകളിൽ പത്താമത്തെ ശുപാർശ ഇന്ത്യൻ ജയിലുകളിൽ കിടക്കുന്ന യുവാക്ക

ളായ മുസ്ലീംങ്ങൾ കുറ്റവാളികളല്ലെങ്കിൽ അവരെ പുറത്തു വിടുകയും അവരെ പുനരധിവസിപ്പിക്കുകയും വേണമെന്നാണ്. എന്തെന്നാൽ ഇന്ത്യ യിലെ മുസ്ലീംങ്ങൾക്ക് ഇൻസെക്യൂരിറ്റി അനുഭവപ്പെടുകയാണ്. ഇതാണ് വിഷയം. അതാണ് ഞാൻ ചോദിച്ചത്. നിങ്ങൾ മഅ്ദനിയുടെ കാര്യം പറ ഞ്ഞല്ലോ. ആരാണ് മഅ്ദനിക്ക് എതിര്. ഞാൻ എതിരല്ല. നിങ്ങളും നിങ്ങളുടെ മുഖ്യമന്ത്രിയും കോയമ്പത്തൂര് പോയി മഅ്ദനിയെ കണ്ടില്ലേ. കോൺഗ്ര സ്സിന്റെ ആഭ്യന്തരവകുപ്പുമന്ത്രിയുണ്ടല്ലോ; കർണ്ണാടകയിൽ ആദ്യം വിടാമെന്ന് പറഞ്ഞിട്ട് വിട്ടോ. വിട്ടില്ലല്ലോ; കോൺഗ്രസ്സല്ലേ അവിടെ ഭരിക്കുന്നത്. മഅ്ദനി പരോളിലെങ്കിലുംവിടൂ. അദ്ദേഹം സുപ്രീം കോടതിയിൽ പോയിരിക്കുകയാ ണ്. ഞങ്ങളുടെ ഭരണകാലത്താണ് അറസ്റ്റ് ചെയ്തതെങ്കിൽ നിങ്ങൾക്ക് വിടാ മല്ലോ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: മഅ്ദനിയുടെ അറസ്റ്റിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്. മഅ്ദനിയുടെ നിരപരാധിത്വത്തെ സംബന്ധിച്ച് ഒരു ലേഖനം പ്രസിദ്ധീകരിച്ചതിന്റെ പേരിൽ, ചില ആളുകളെ ഇന്റർവ്യൂ നടത്തിയ തിന്റെ പേരിൽ കള്ളക്കേസിൽ കുടുങ്ങി പുറത്താക്കപ്പെട്ട ഒരു മലയാളി മാധ്യമപ്രവർത്തകയാണ് ഷാഹിന. ആ ഷാഹിനയ്ക്ക് നീതി കിട്ടണമെന്ന ഒരു നിലപാട് സ്വീകരിക്കാൻ കർണ്ണാടകയിലെ കോൺഗ്രസ്സ് ഗവൺമെന്റ് ഇന്നേ വരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഒരു ഇന്റർവ്യൂ നടത്തിയ തിന്റെ പേരിൽ പത്രപ്രവർത്തകയായ ഷാഹിനയ്ക്കെതിരെ എടുത്തിട്ടുള്ള കള്ളക്കേസ് പിൻവലിക്കാൻ എന്തെങ്കിലും നടപടി കോൺഗ്രസ്സ് ഗവൺമെന്റ് സ്വീകരിച്ചോ; ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ.കെ. ജയചന്ദ്രൻ</u>: തീവ്രവാദക്കേസിന്റെ പേരിൽ അറസ്റ്റ് ചെയ്ത് ജയിലിൽ വച്ചതിനുശേഷം യാതൊരു തെറ്റും ചെയ്തിട്ടില്ലായെന്ന്

തെളിയിക്കപ്പെട്ട മുസ്ലീം യുവാക്കളെപോലും ജയിലിൽ നിന്ന് വിട്ടയച്ചിട്ടില്ല. ലീഗ് യു.പി.എ. ഗവൺമെന്റിന് പിന്തുണ നൽകുകയാണ്. ഇങ്ങനെയുള്ള കാര്യത്തിൽ ഞങ്ങൾ ഗവൺമെന്റിന്റെ കൂടെയുണ്ടാകില്ലെന്ന് ലീഗ് ധൈര്യ മായി പറഞ്ഞാൽ ആ യുവാക്കളെ വെറുതെ വിടും. അങ്ങനെ ഒരു ഉറച്ച നില പാട് സ്വീകരിക്കാൻ ലീഗിന് എന്താണ് കഴിയാത്തത്?

<u>ശ്രീ. സി. ദിവാകരൻ</u>: ഇവിടെ ഉന്നയിക്കപ്പെട്ട വിഷയങ്ങളെല്ലാംതന്നെ ചർച്ച ചെയ്യുന്ന ബില്ലുമായി ബന്ധപ്പെട്ടതാണ്. അതുമാത്രമല്ല, ഇതിനകത്ത് വേറൊരു ശുപാർശയുണ്ട്. ആ ശുപാർശ ഈ ബില്ലിൽ ഒരിടത്തും കാണു ന്നില്ല. A minority cell should be .....

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ന്യൂനപക്ഷ ക്ഷേമം ഇപ്പോൾ മഅ്ദനിയിൽ എത്തി നിൽക്കുകയാണ്. മഅ്ദനിയെ ആദ്യമായി അറസ്റ്റ് ചെയ്തത് സഖാവ് ഇ. കെ. നായനാർ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ്. മാത്രമല്ല മഅ്ദനിയെ തമിഴ്നാടിന് പിടിച്ചുകൊടുത്തത് ഒരു ഭരണനേട്ടമായി അന്നത്തെ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ പി.ആർ.ഡി. പബ്ലിഷ് ചെയ്ത ഒരു പുസ്തകത്തിൽ പറഞ്ഞിരുന്നു. മഅ്ദനിയെ 10 കൊല്ലം കഴിഞ്ഞ് വിട്ടപ്പോൾ തിരിച്ച് സ്വീകരിച്ചുകൊണ്ടുവന്നതും പിന്നെ പിടിച്ചുകൊടുത്തതും നിങ്ങൾ തന്നെ. മഅ്ദനിയെക്കുറിച്ച് പറയാൻ നിങ്ങൾക്ക് ധാർമ്മികമായി അവകാശ മുണ്ടോ?

<u>മി. ചെയർമാൻ:</u> ബഹുമാനപ്പെട്ട സി. ദിവാകരൻ, അങ്ങ് സംസാരിക്ക ണം. മറ്റംഗങ്ങൾ ഇരിക്കണം. അദ്ദേഹം വഴങ്ങുകയാണെങ്കിൽ മാത്രമേ നിങ്ങളെ സംസാരിക്കാൻ അനുവദിക്കാൻ കഴിയുകയുള്ളൂ.

<u>ശ്രീ. സി. ദിവാകരൻ</u>: ഞാൻ ഇക്കാര്യം ചർച്ചയിൽ ഉന്നയിച്ചത് അങ്ങോട്ടുമിങ്ങോട്ടും വാദത്തിനോ വഴക്കിനോ വേണ്ടിയല്ല. ദേശീയ മൈനോറിറ്റി കമ്മീഷന്റെ ശുപാർശകളിൽ പ്രധാനപ്പെട്ട ഒരു ശുപാർശ കേരളത്തിലടക്കം ഇൻഡ്യയിൽ നടപ്പിലാക്കാൻ ആരാണ് തടസ്സം നിൽക്കുന്നതെന്നാണ് ഞാൻ ചോദിച്ചത്. നിരപരാധികളായ മുസ്ലീം യുവജനങ്ങളെ ജയിലറകളിൽ ഇട്ടിരിക്കുന്നുവെന്ന് ഈ കമ്മീഷന്റെ ശുപാർശകളിലാണ് പറഞ്ഞിരിക്കുന്നത്. അതിന് അവർ പ്രതിവിധിയും പറയുന്നു. കോടതി കുറ്റവാളിയാണെന്ന് തെളിയിക്കാത്ത ആളുകളുണ്ടെങ്കിൽ അവരെ പുറത്തുവിടണം. അവരെ പുനരധിവസിപ്പിക്കണം. പ്രിയപ്പെട്ട വി.റ്റി. ബൽറാം, ഇൻഡ്യയിലെ മുസ്ലീങ്ങൾക്ക് ഇൻസെക്യൂരിറ്റിയാണെന്ന് പറയുന്നത് നാഷണൽ കമ്മീഷനാണ്, ഞാനല്ല. എന്നോട് നിങ്ങൾക്ക് വിരോധം തോന്നിയിട്ട് ഒരു കാര്യവുമില്ല. നമുക്ക് ഇത് എങ്ങനെ നടപ്പിലാക്കാം; അതല്ലേ കാര്യം?

<u>ശ്രീ. എ. എം. ആരിഫ്</u>: ഏത് സംസ്ഥാനമായാലും അറസ്റ്റ് വാറണ്ടുണ്ടെങ്കിൽ അതനുസരിച്ച് അറസ്റ്റ് ചെയ്ത് ഏൽപ്പിക്കാനുള്ള ഉത്തരവാദിത്വം ഭരിക്കുന്നത് ഏത് കക്ഷിയായാലും അവർക്കുണ്ടെന്നുള്ളത് പ്രാഥമികമായ മര്യാദയാണെന്ന് ഏത് വക്കീലിനുമറിയാം. നിയമമറിയാൻ പാടില്ലാത്ത പീറ വക്കീലന്മാരെപ്പോലെ പറയുന്നത് ശരിയാണോ?

<u>ശ്രീ. സി. ദിവാകരൻ</u>: ഈ ശുപാർശയിൽ മറ്റൊരു കാര്യം പറയുന്നത്, A Minority cell should be set up in each Ministry/Department to strengthen the monitoring mechanism. നമ്മുടെ ബിൽ ഇതിനെ സംബന്ധിച്ച് സൈലന്റാണ്. സ്റ്റേറ്റ് ലെവലിലുള്ള ഒരു മോണിറ്ററിംഗ് ഡിപ്പാർട്ടുമെന്റ് തന്നെ വേണമെന്നാണ് പറയുന്നത്. വളരെ സീരിയസ്സാണ്

ഇത്. അതിനും ഈ ബില്ലിനകത്ത് ഒരു വകുപ്പ് കാണുന്നില്ല. ഈ ബില്ലിൽ കാണുന്നതെല്ലാം ചെയർപേഴ്സനെ എങ്ങനെ നിയമിക്കണം, എത്രപേരായിരിക്കണം, അവരുടെ ശമ്പളം എന്തായിരിക്കണം എന്നീ കാര്യങ്ങളാണ്. സ്വാഭാവികമായും അത് വേണ്ടിവരും. പക്ഷേ സെൻട്രലിൽ പറയുന്നത് വൈസ് ചെയർപേഴ്സൺ വേണമെന്നാണ്. ഇതിനകത്ത് അത് കാണുന്നില്ല. രണ്ടാമത്തെ കാര്യം, നിങ്ങളുടെ ബില്ലിൽ ഇതിന്റെ മുഴുവൻ എക്സിക്യൂഷനും ഏൽപ്പിച്ചിരിക്കുന്നത് അഡീഷണൽ സെക്രട്ടറിയെയാണ്. ഈ അഡീഷണൽ സെക്രട്ടറിക്ക് എന്ത് ചെയ്യാൻ കഴിയുമെന്ന് കുറെ നാളായി സെക്രട്ടേറിയറ്റിൽ കയറിയിറങ്ങുന്നതുകൊണ്ട് അറിയാമല്ലോ? നിങ്ങൾ ഈ ബിൽ ഗൗരവമായിട്ടല്ല ഫോർമുലേറ്റ് ചെയ്തിരിക്കുന്നത്. ഒരു അഡീഷണൽ സെക്രട്ടറിക്ക് സെക്രട്ടേറിയറ്റിനകത്ത് കാര്യമായി ഒന്നും ചെയ്യാൻ സാധിക്കില്ല. വളരെ കോംപ്ളിക്കേറ്റഡായിട്ടുള്ള ഇഷ്യൂസെല്ലാം വരുമ്പോൾ ഈ സെക്രട്ടറി കാര്യമായ ഭരണനിർവ്വഹണം നടത്താൻ കഴിവില്ലാത്ത ഒരാളായി തീരും. അതുകൊണ്ട് ആ കാര്യങ്ങൾ പരിശോധിക്കേണ്ടതാണ്. ഒരു സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി അല്ലെങ്കിൽ അതിന്റെ ഡിപ്പാർട്ടുമെന്റ് ഉണ്ടാകണം. ഇന്ന് രാജ്യം നേരിടുന്ന ഏറ്റവും ഗുരുതരമായ വെല്ലുവിളിയുമായി ബന്ധപ്പെട്ടതാണ് ഇത്. കുറെ ന്യൂനപക്ഷ സമുദായങ്ങളുടെ പേര് ഇതിനകത്ത് പറഞ്ഞിട്ടുണ്ട്. നിയമത്തിന്റെ പരിരക്ഷയും ഭരണത്തിന്റെ പരിഗണനയും സമൂഹത്തിന്റെ പ്രത്യേകമായ പരിഗണനയും കിട്ടേണ്ട വിഭാഗം തന്നെയാണ് പട്ടികജാതി – പട്ടികവർഗ്ഗക്കാർ. നിയമങ്ങളില്ലാത്തതുകൊണ്ടാണോ? നിയമങ്ങളുണ്ട്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഒരു സംഭവത്തെ സംബന്ധിച്ച് ഇൻഡ്യയിലെ പ്രധാനപ്പെട്ട ഒരു വാരികയായ എക്കണോമിക് ആന്റ് പൊളിറ്റിക്കൽ വീക്കിലിയിൽ വന്നതാണ്. അമേരിക്കയിലെ ഗവൺമെന്റ് ഇൻഡ്യൻ സ്ഥാന

പതി മന്ദിരത്തിലെ ഒരു പ്രധാനപ്പെട്ട ഉദ്യോഗസ്ഥയായ ദേവയാനിയോട് വളരെ അപമര്യാദയായി പെരുമാറി. ദേവയാനി പട്ടികജാതി–പട്ടികവർഗ്ഗ ത്തിൽപ്പെട്ട ഒരു വനിതയാണ്. അത് ഇന്ന് രാജ്യാന്തരമായി രണ്ട് രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ തന്നെ പിടിച്ചുലക്കുന്ന വിഷയമായി മാറി. വളരെ നല്ല കാര്യം. അതിനെതിരെ ഒരുപാട് രോഷം പ്രകടിപ്പിക്കുമ്പോൾ നമ്മുടെ രാജ്യത്ത് നടന്ന ഒരു സംഭവം ഇതിനകത്ത് പറഞ്ഞിട്ടുണ്ട്. ഈ വീക്കിലി യിൽ Chattisgarh should be enough to bring home this point. This lady, Sony Sorry, on mere suspicion of Mavoist link was arrested stripped naked, allegedly raped, stones were inserted into her vagina. She was not allowed to attend the funeral of her husband who died of police torture not even permitted to make arrangements for her children who were entered parentless while she was still in custody....... എന്നാണ് പറഞ്ഞിരി ക്കുന്നത്.

സർ, ഇവിടെ ആര് ഭരിച്ചാലും, ഹരിജനങ്ങളായാലും ന്യൂനപക്ഷ സമു ദായങ്ങളായാലും ഗതി ഇതാണ്. ഹരിജനങ്ങളിൽ ഉയർന്ന വരുമാനവും സമൂ ഹത്തിൽ വലിയ പദവികളും ആഡംബരങ്ങളുമുണ്ടെങ്കിൽ അവരെ ഹ്യുമിലി യേറ്റ് ചെയ്താൽ അത് രാജ്യത്തെ പിടിച്ചുകുലുക്കും. നേരെമറിച്ച്, ഛത്തീ സ്ഗഡിലെ ഏതോ അജ്ഞാതമായ സ്ഥലത്തെ ഒരു പാവപ്പെട്ട ലേഡി ടീച്ചറിനെ ഇതത്രയും നടത്തിയത് ഈ ഇന്ത്യയിലാണ്. നമ്മൾ ലജ്ജിക്കണം. ഇതിനെപ്പറ്റി ഇന്ത്യയിൽ ഇറങ്ങുന്ന ഒരു വാരിക പേരുവച്ച് ലേഖനം എഴുതിയി രിക്കുകയാണ്. Anand Teltumbde, Committee for the protection of

democratic right, Mumbai. നിയമം ഇല്ലാത്തതുകൊണ്ടാണോ; ഇത് ഇവിടെ നടക്കുന്നില്ലേ? ഇന്ന് ഹിന്ദു പത്രത്തിൽ കുട്ടികൾ മുഖ്യമന്ത്രിക്ക് എഴുതിയിരിക്കുകയാണ്. കുട്ടികളുടെ കാർട്ടൂൺ...... എന്താണ് കുട്ടികൾ എഴുതിയിരിക്കുന്നത്? ഞങ്ങളുടെ കൂടെയുള്ള 60 കുട്ടികൾ മരിച്ചു. ഞങ്ങൾക്ക് ആഹാരമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങളുടെ അപേക്ഷ കേൾക്കണം. കാർട്ടൂൺ വരച്ച് മുഖ്യമന്ത്രിക്ക് കത്ത് അയച്ചിരിക്കുകയാണ്. നിയമമുണ്ടായിട്ട് കാര്യമുണ്ടോ; ഭരണം എങ്ങനെയാണ് നടത്തുന്നത്; സാമൂഹ്യ പ്രതിബദ്ധതയോടുകൂടിയാണോ ഭരണം നടത്തുന്നത്; അതോ ഏതെങ്കിലും മാഫിയാക്കാർക്കും ഭൂമി തട്ടിപ്പുകാർക്കും പണം തട്ടിപ്പുകാർക്കുംവേണ്ടിയാണോ ഭരണം നടത്തുന്നത്; നമ്മുടെ ഈ നിയമസഭയിൽ ചർച്ച ചെയ്തതും ഞങ്ങളെക്കൊണ്ട് ചർച്ച ചെയ്യിപ്പിച്ചതും അതല്ലേ? സോളാർ തട്ടിപ്പ്...... ഓരോ തട്ടിപ്പിന്റെയും കഥ അഴിയുകയല്ലേ? ഭൂമി തട്ടിപ്പ്, എന്തെല്ലാം സംഭവങ്ങളാണ്. നിങ്ങൾ ആരുടെ ഭാഗത്താണ്; നിങ്ങൾ ആർക്കുവേണ്ടി ഭരിക്കുകയാണ്? അട്ടപ്പാടിയിൽ 60–ലേറെ കുട്ടികൾ മരിച്ചിട്ട് അവരുടെ നിലവിളിക്ക് ഒരു അനുശോചനം രേഖപ്പെടുത്താൻ ഈ സഭയ്ക്ക് കഴിഞ്ഞിട്ടുണ്ടോ; അത് കള്ളമാണോ സത്യമാണോയെന്ന് തെളിയിക്കാൻ സഭയുടെ ഒരു സംയുക്ത സമിതിയെ അട്ടപ്പാടിയിലേയ്ക്ക് അയയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; നിങ്ങൾ ആരെങ്കിലും പോയി അന്വേഷിച്ചോ? മറുപടി പറഞ്ഞ മന്ത്രിമാർ നിർഭാഗ്യകരമായ മറുപടിയാണ് പറഞ്ഞത്. ഞാൻ അത് ആവർത്തിക്കുന്നില്ല. എന്തുകൊണ്ടാണ് പ്രസവിക്കുമ്പോൾ കുട്ടികൾ മരിക്കുന്നത്? എന്താണ് കാരണമെന്ന് ഒരു മന്ത്രി പറഞ്ഞു. അതിനെപ്പറ്റി എനിക്കറിയില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇന്നലെ സംസ്ഥാന യുവജനോത്സവത്തിൽ ട്രൈബൽ സ്കൂളിൽനിന്ന് വന്ന പട്ടികവർഗ്ഗ കുട്ടികളുടെ നാടകം അവതരിപ്പിക്കാൻ സമ്മതിച്ചില്ല. അപ്പോൾ മാധ്യമങ്ങളെല്ലാം രംഗത്തുവന്നു. അവസാനം നാടകം അവതരിപ്പിച്ചു. ബാബു എന്ന ദളിതൻ പഞ്ചവാദ്യത്തിൽ വിദഗ്ദ്ധൻ, ഇലത്താളത്തിൽ വിദഗ്ദ്ധൻ. പക്ഷെ ഗുരുവായൂർ അമ്പലത്തിൽ കയറാൻ പറ്റില്ല. അപ്പോൾ പാവപ്പെട്ട വിഭാഗങ്ങളെ ഈ രൂപത്തിൽ അവഹേളിക്കുന്നതിന്റെ ഭാഗമായുണ്ടാകുന്ന പ്രശ്നങ്ങൾ ബഹുമാനപ്പെട്ട സി. ദിവാകരന്റെ മനസ്സിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. സി. ദിവാകരൻ</u>: സർ, അതുകൊണ്ടാണല്ലോ.......... ഇത് ഇന്നത്തെ ഹിന്ദു പത്രമാണ്. (പത്രം ഉയർത്തിക്കാണിച്ചു). ഇന്നത്തെ നാഷണൽ പ്രസ്സാണ്. ഇത് ഇന്ത്യ മുഴുവൻ പോകുന്ന പത്രമാണ്. They made pencil sketches, cartoons and drawings and send them to the Chief Minister. Sunitha, house in Attappadi in her letter says the children died because of lack of food. You cannot bring back our lost brothers and sisters. But you can prevent the starvation that still exist in Attappadi. The children did not die, because they did not get nutritional food. They died because they did not get food at all. She writes....... ഇതാണ് കേരളം. അവിടെ ഒരു ആദിവാസി സ്ത്രീയെ വിവസ്ത്രയാക്കി നിർത്തി ചെയ്യാൻ പാടില്ലാത്തതൊക്കെ ചെയ്യുന്നു, ജയിലിൽ അടയ്ക്കുന്നു, ഭർത്താവ് മരിക്കുന്നു, കുട്ടികൾ അനാഥരാകുന്നു. ആ മരണത്തിൽപ്പോലും പങ്കെടുക്കാൻപോലും ഛത്തീസ്ഖഡിൽ അനുവദിക്കുന്നില്ല. ഇവിടെയോ..... കുട്ടികൾ മരിച്ചുവീഴുന്നു. അവർ

കാർട്ടൂൺ വരയ്ക്കുന്നു, സ്കെച്ച് വരയ്ക്കുന്നു, മുഖ്യമന്ത്രിക്ക് കത്ത് എഴുതുന്നു. ഇത് നാഷണൽ പ്രസ് റിപ്പോർട്ട് ചെയ്യുന്നു. ഇവിടെയാണോ നിങ്ങൾ ന്യൂനപക്ഷ സമുദായത്തിനുവേണ്ടി ബിൽ കൊണ്ടുവരുന്നത്. എന്തിനാണ് ഈ ബിൽ; ആ ബില്ലനുസരിച്ച് പ്രവർത്തനം നടത്താനുള്ള ചങ്കൂറ്റവും പ്രതിബദ്ധതയും നട്ടെല്ലും നിങ്ങൾക്കുണ്ടോ? നിങ്ങൾക്ക് ഇല്ല. കാരണം നിങ്ങളുടെ കൂട്ടുകെട്ട് അങ്ങനെയാണ്. നിങ്ങൾ ഏത് പാസ്സാക്കിയാലും ദുർബലമായ അടിത്തറ തകർന്ന യു.ഡി.എഫ്.-ന്റെ രാഷ്ട്രീയ പാപ്പരായ ഒരു ഗവൺമെന്റിന്റെ പ്രതിനിധിയാണ്. നിങ്ങൾക്ക് ഇത് നടപ്പിലാക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടാകുകയില്ല. ഇന്നുവരെ നിങ്ങൾക്ക് ഒന്നും തീരുമാനിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു ചോദ്യത്തിന് നാലാളുകൾ മറുപടി പറയുന്നു. ഒരു അടിയന്തര പ്രമേയത്തിന് അഞ്ച് മന്ത്രിമാർ മറുപടി പറയുന്നു. അഞ്ചുവർഷം ഇവിടെ ഇരുന്നല്ലോ. കുറേനാൾ ഞങ്ങളുടെയുംകൂടി ഇരുന്നല്ലോ. അനുഭവം എങ്ങനെയുണ്ടായിരുന്നു? ബഹുമാനപ്പെട്ട മന്ത്രി മഞ്ഞളാംകുഴി അലി, എങ്ങനെയുണ്ടായിരുന്നോ; ഞങ്ങളുടെ നല്ല സുഹൃത്തല്ലായിരുന്നോ; എന്തിനാണ് ഈ ദുരിതത്തിനകത്ത് പോയത്? നിങ്ങൾക്ക് ഈ ബില്ലുകൊണ്ട് ഒരു ഗുണമുണ്ടായി. നിങ്ങൾക്കൊരു അഞ്ചാം മന്ത്രിയെ കിട്ടി. ഈ ബില്ലിന്റെ പ്രധാനപ്പെട്ട കാര്യം, ഒരഞ്ചാം മന്ത്രിയെക്കൊണ്ട് ഈ വിഡ്ഢിവേഷം കെട്ടിക്കലാണ്. നിങ്ങൾ ഈ ബിൽ അവതരിപ്പിക്കാൻ പാടില്ലായിരുന്നു. ഇത് വേറെ ആർക്കെങ്കിലും കൊടുക്കണമായിരുന്നു. ഇത് വേറെ ഏതെങ്കിലും മന്ത്രി അവതരിപ്പിക്കട്ടേ. മതന്യൂനപക്ഷത്തിന് സംവരണം പോര, പ്രാതിനിധ്യം പോരായെന്ന് നിലവിളി നടത്തി രാഷ്ട്രീയ വിവാദമുണ്ടാക്കി അഞ്ചാംമന്ത്രിയായി. അദ്ദേഹത്തെക്കൊണ്ടുതന്നെ ഇത് അവതരിപ്പിച്ചത് വളരെ കഷ്ടമായിപ്പോയി. ഈ ബിൽ ആത്മാർത്ഥമായി അവതരിപ്പിച്ചതല്ല. കാരണം

10 വർഷമായി. അങ്ങയുടെ കുറ്റമല്ല. അങ്ങ് ഇപ്പോഴെങ്കിലും കൊണ്ടു വന്നല്ലോ. ഞാൻ അതിന് അങ്ങയെ അഭിനന്ദിക്കുകയാണ്. പക്ഷേ ഈ ബില്ലിന് ഒട്ടേറെ വൈകല്യങ്ങളുണ്ട്. ഇത് നടപ്പിലാക്കാൻ സാധിക്കുകയില്ല. ഇതിന്റെ പല കാര്യങ്ങളുമെടുത്ത് കളയേണ്ടതാണ്. അതുകൊണ്ട് ദയവു ചെയ്ത് ഒരു പുതിയ ബിൽ അവതരിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഇതിനെ നിരാകരിക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. റ്റി. എ. അഹ്മദ് കബീർ, പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്.

ശ്രീ. റ്റി. എ. അഹ്മദ് കബീർ: സർ, 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-03-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പി ക്കുന്നു. ഇന്ന് ഇവിടെ നടന്ന ചർച്ചകൾ ശ്രദ്ധിച്ചാൽ അറിയാം, ഇത്തരമൊരു കമ്മീഷൻ രൂപീകരിക്കേണ്ട അടിയന്തര ആവശ്യമുണ്ടെന്നത് പരോക്ഷമായി ട്ടാണെന്ന് മാത്രമേയുള്ളൂ. ന്യൂനപക്ഷ വിഭാഗത്തിന് നിരവധി പ്രശ്നങ്ങളു ണ്ടെന്നും ആ പ്രശ്നങ്ങൾ പരിഹരിക്കാൻ രാജ്യം കാലാകാലമായി എടുത്തു പോന്നിട്ടുള്ള പല നടപടികളും കൃത്യമായി നടപ്പിലാകുന്നില്ലെന്നും...... അതിൽ ആർക്കും മാറിനിൽക്കാനുമാകില്ല. അതുകൊണ്ട് ഈ പ്രശ്നങ്ങൾ ഗുരുതരമായി നിൽക്കുന്നുവെന്ന് ഈ സഭയിൽ നിരാകരണ പ്രമേയങ്ങൾ അവതരിപ്പിച്ചുകൊണ്ടാണ് പറഞ്ഞതെങ്കിലും ആ ഒരു സ്പിരിറ്റാണ് കേരളത്തിന്റെ മനസ്. കേരളീയ സമൂഹം പൊതുവേ സാമൂഹിക പ്രശ്നങ്ങളി

ലെടുക്കുന്ന നിലപാട് ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമല്ലെന്നും ഇന്ന് ഇവിടെ ചർച്ചകൾ വ്യക്തമാക്കിയിട്ടുള്ള സ്ഥിതിക്ക് ഈ ചർച്ച ഗൗരവകരമായി മുന്നോട്ടുകൊണ്ടുപോകാൻ ഇടപെടണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇത് രാഷ്ട്ര നിർമ്മാണത്തിന്റെ പ്രശ്നമാണ്. നമ്മുടെ രാജ്യം സ്വാതന്ത്ര്യാനന്തരം പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ നിർമ്മാ ണമാണ് നടക്കേണ്ടത്. ആ നിർമ്മാണ പ്രവർത്തനങ്ങളിൽ എല്ലാ വിഭാഗം ആളുകളേയും കൊണ്ടുവരികയെന്ന വിശാലമായ ഒരു ആശയം നടപ്പിലാക്കാ നാണ് ഇത്തരത്തിലുള്ള പല നിയമങ്ങളും നമ്മുടെ പാർലമെന്റിലും ഇപ്പോൾ നമ്മുടെ നിയമസഭയിലും നടപ്പിലാകുന്നത്. ഒരു രാഷ്ട്രം, ഒരു ജനത എന്ന നിലയ്ക്ക് നമുക്ക് വളരണം. അതിന് കാലതാമസം വന്നിട്ടുണ്ട്. അതിന് നിരവധി കാരണങ്ങളുണ്ട്. അത് ഇവിടെ വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ ലക്ഷ്യം നേടുന്നതിനുള്ള ഒരു ചുവടുവയ്പ്പാണ്. എന്റെയൊരു അഭിപ്രായം, ഒരു പുതിയ മൂല്യപ്രതിഷ്ഠാപനത്തിന്റെ ഒരു യജ്ഞം നമ്മൾ തുടങ്ങുകയാണ്. അങ്ങനെയാണ് ഈ നിയമനിർമ്മാണത്തെ കാണേണ്ടത്.

സ്വരാജ് എന്ന ആശയം അർത്ഥപൂർണ്ണമാക്കാൻ ഇന്ത്യയെ ആഹ്വാനം ചെയ്യുന്നതിൽ തീവ്രവ്രതചാരിയായി വർത്തിച്ച സ്വാമി വിവേകാനന്ദനെ ഓർക്കാതെ ഈ ചർച്ച എനിക്ക് തുടങ്ങാൻപോലും കഴിയില്ല. കാരണം സ്വാമി ജിക്ക് ഒരു ഭാരതീയ സങ്കല്പമുണ്ടായിരുന്നു. ആ സങ്കല്പത്തിന് അനുകൂല മായി നവഭാരതത്തെ സൃഷ്ടിക്കാൻ രാജ്യം പ്രതിജ്ഞാബദ്ധമാണ്. ഇന്ത്യ ഉയർത്തപ്പെടും, മാംസത്തിന്റെ ശക്തി കൊണ്ടല്ല, ചൈതന്യത്തിന്റെ ശക്തി കൊണ്ട്. വിനാശത്തിന്റെ ധ്വജമുയർത്തിയിട്ടല്ല മറിച്ച് സ്നേഹത്തിന്റെയും

സമാധാനത്തിന്റെയും ധ്വജമുയർത്തി ഇന്ത്യ ഉയർത്തപ്പെടുമെന്ന് സ്വപ്നം കണ്ട സ്വാമിജിയുടെ സ്വപ്നം സാക്ഷാത്കരിക്കാനാണ് രാഷ്ട്രം നിരവധി പ്രതിസന്ധികളുടെ നടുവിലാണെങ്കിലും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആ പരിശ്രമത്തെ സഹായിക്കുകയാണ് നമ്മളെല്ലാവരും ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നത്. ഗീതയിലെ പ്രസിദ്ധമായ വാക്യമുണ്ട്.

ക്ഷിപ്രംഹി മാനുഷേ ലോകേ

സിദ്ധിർഭവതി കർമ്മജാ

അതാണ് ഭാരതത്തിന്റെ മുദ്രാവാക്യം. വിശുദ്ധമായ ഗീതയിലെ ഈ വാക്യമുയർത്തിയാണ് സ്വാമിജി പറഞ്ഞത്, നക്ഷത്രങ്ങളെ തകർക്കുക എന്നു പറഞ്ഞാൽ വിഗ്രഹഭഞ്ജനം. ഇവിടെ നാടുവാഴിത്ത സമ്പ്രദായമുണ്ടായിരുന്നു. വർഗ്ഗീയതിമിരമുണ്ടായിരുന്നു. ജാതിമേധാവിത്വമുണ്ടായിരുന്നു. വിവേകാനന്ദ സ്വാമികൾ പറഞ്ഞു, നക്ഷത്രങ്ങളെ തകർക്കാനും പ്രപഞ്ചത്തെ മാറ്റി മറിയ്ക്കാനും കഴിവുള്ളവനാണ് ഇന്ത്യ. ഇത് വേദാന്തത്തിന്റെ മണ്ണാണ്. വേദാന്തത്തിലൂടെയൊന്ന് കണ്ണോടിച്ചുപോയാൽ സ്വാമിജി പറഞ്ഞതിന്റെ അർത്ഥമെന്താണെന്ന് നമുക്ക് മനസ്സിലാകാതെ പോകില്ല. അദ്ദേഹം പറഞ്ഞു, ആർത്തർക്കുവേണ്ടി വേദനിക്കുക. ശ്രീ. എ. കെ. ബാലൻ, ശ്രീ. സി. ദിവാകരൻ, നിങ്ങൾ ഞങ്ങളെ പരോക്ഷമായി വിമർശിക്കുമ്പോൾ ലീഗ് എന്താണ് ഇത:പര്യന്തം ചെയ്തതെന്ന് നിങ്ങൾ തിരിച്ചറിയും. ഖിലാഫത്തിന്റെ തകർച്ചയ്ക്കുശേഷം ലോകത്തെ മുസ്ലീംങ്ങൾ സാമ്രാജ്യത്വശക്തികളുടെ ഇരയായി മാറിയപ്പോൾ, ഇൻഡ്യയിൽ നിരന്തരമായ വർഗ്ഗീയകലാപങ്ങൾക്ക് വിധേയമായ ഘട്ടത്തിൽ ഈ സംഘടനയാണ്, ഞങ്ങളുടെ പ്രിയപ്പെട്ട നേതാക്കൻമാരായ **കായദേൻ ഇല്ലത്തും** കെ. എം. സീതിസാഹിബും ബാഫക്കി തങ്ങളും സി. എച്ച്. മുഹമ്മദ്കോയ സാഹിബും, ഈ നാലു നേതാക്കൻമാ

രാണ് ഞങ്ങൾക്ക് ആത്മവിശ്വാസമുണ്ടാക്കിയത്. കേരളത്തിലും തമിഴ്നാട്ടിലും, ദക്ഷിണ ഇന്ത്യയിലാകെ ആ ശക്തിയാണ് ഞങ്ങളെ പിടിച്ചുനിറുത്തുന്നതിൽ ഗണനീയമായ പങ്ക് വഹിച്ചത്. നിങ്ങൾ അതിന് എതിര് നിന്നിട്ടുണ്ടെന്ന് ഞാൻ ആരോപിക്കുന്നില്ല. ആർത്തർക്കുവേണ്ടി വേദനിക്കുക എന്ന് സ്വാമിജി പറഞ്ഞു. എന്നിട്ട് അദ്ദേഹം പറഞ്ഞ ഒരു കാര്യമുണ്ട്. ഖുറാനികമായ ഒരു ആശയമാണ് സ്വാമി വിവേകാനന്ദൻ പറഞ്ഞത്. ഖുറാൻ പറഞ്ഞു, അശരണരായ, അടിച്ചമർത്തപ്പെട്ടവന്റെ കൈകളിലേയ്ക്ക് ഈ സാമ്രാജ്യശക്തികളുടെ പീഡനങ്ങൾക്ക് വിധേയമാകുന്ന ജനതകളെ മോചിപ്പിച്ച്, അവരിൽ നേതൃത്വം വരുന്നതാണ് ഖുറാനിക ലക്ഷ്യം. ആ ലക്ഷ്യം വേറൊരു ഭാഷയിൽ സ്വാമിജി പറയുകയാണ്. പാവങ്ങളിലും താണവരിലുമാണ് ആശ വയ്ക്കേണ്ടത്. ചെറുപ്പക്കാരേ, ഈ മനോഭാവം, പാവങ്ങൾക്കും അജ്ഞർക്കും മർദ്ദിതർക്കും വേണ്ടിയുള്ള ഈ സമരം, ഞാൻ നിങ്ങൾക്ക് അനന്തരം തരികയാണ്. നിങ്ങൾ അത് ഏറ്റെടുക്കണമെന്ന് പറഞ്ഞ സ്വാമിജിയുടെ സന്ദേശമാണ് വൈകിയാണെങ്കിലും ഇന്ന് രാഷ്ട്രം നിറവേറ്റിക്കൊണ്ടിരിക്കുന്നത്. ദരിദ്രന്മാരും അറിവില്ലാത്തവരും ശ്രേഷ്ഠജനതയായി മാറണമെന്ന് സ്വാമിജി മറ്റൊരു സ്വാമിജിക്ക് അയച്ച കത്തിൽ പറയുന്നുണ്ട്. അദ്ദേഹത്തിന്റെ ആ ഒരു മുദ്രാവാക്യം ശ്രദ്ധിക്കണം. ഉണരുന്ന ഭാരതം, മാറുന്ന ഭാരതം. എന്റെ രാജ്യം ഈ അടിമത്തത്തിൽ നിന്ന് വിമോചിതമാകുമ്പോൾ, എന്റെ രാജ്യം നാടുവാഴി സമ്പ്രദായത്തിൽ നിന്ന് കുതറിമാറുമ്പോൾ ഒരു ഉണരുന്ന ഭാരതമുണ്ടാകും. ആ ഉണരുന്ന ഭാരതത്തിന്റെ പുതിയ ഭാവമെന്ത് എന്ന് സ്വാമിജി പറഞ്ഞത് ഇങ്ങനെയാണ്. ദരിദ്ര ദേവോ ഭവ: മൂർഖ ദേവോഭവ. അതാണ് പ്രശ്നം, സ്വാമിജിക്ക് ഒരു ലക്ഷ്യമുണ്ടായിരുന്നു. സ്വാമിജി പറഞ്ഞത് ഇതായിരിക്കണം പുതിയ ഇന്ത്യയുടെ മുദ്രാവാക്യമെന്നാണ്. ആ

മുദ്രാവാക്യം നടപ്പിലാക്കുന്ന രംഗത്ത് നമുക്ക് പരാജയം സംഭവിച്ചു. ഞാൻ കഴിഞ്ഞ ദിവസം സൂചിപ്പിച്ചതുപോലെ ബാപ്പുവിനെ കൊന്ന അന്ന് നമ്മൾ തിരിച്ചറിയേണ്ട യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞില്ല. അതിന്റെ ദുരന്തമാണ് ഇൻഡ്യ പേറുന്നത്. ബാപ്പു പിടഞ്ഞുപിടഞ്ഞു മരിക്കുമ്പോൾ ബാപ്പു ഹരേറാം പാടുമ്പോൾ ഇൻഡ്യയോട് വിളിച്ചു പറഞ്ഞത്, ദാ നോക്കൂ ഈ പ്രതിലോമകാരികൾ തലപൊക്കിയിരിക്കുകയാണ്. ഇന്ത്യ ഉണരണം, പ്രാസ്ഥാനികമായ ദു:ശ്ശാഠ്യങ്ങൾ മാറ്റിവയ്ക്കണം. ഈ രാജ്യത്തിന്റെ ചിരകാല പ്രതീക്ഷകൾക്കനുസൃതമായി, പ്രഖ്യാപിത നയങ്ങൾക്കനുസൃതമായി ഈ രാജ്യം മുന്നോട്ടുകൊണ്ടുപോകണമെന്ന് ബാപ്പു വാവിട്ടു നിലവിളിച്ചപ്പോൾ അതുൾക്കൊള്ളാൻ കഴിയാതെ പ്രാസ്ഥാനികമായ ദുശ്ശാഠ്യങ്ങൾ വഴി ഈ ലോകത്തെ, ഇന്ത്യയെ ഇമ്മട്ടിലാക്കിയ ആളുകൾ സ്വഭാവികമായും ഒരു പുനർവിചിന്തനത്തിന് ശ്രമിക്കേണ്ട സമയമായി. ഇന്ത്യയ്ക്കുള്ള ഒരു പ്രത്യേകത അതിന്റെ ബഹുസ്വരതയാണ്. സത്യത്തിൽ സ്വാമിജിയുടെ പ്രത്യേകത സ്വാമിജി വളരെ പ്രായോഗിക ബോധമുള്ള ആളായിരുന്നു. ചിക്കാഗോവിൽ പ്രിയപ്പെട്ട സഹോദരൻമാരെ, സഹോദരിമാരെ എന്ന് വിളിച്ചപ്പോൾ പടിഞ്ഞാറൻലോകം അന്തംവിട്ടു നിന്നുപോയി. കറുത്തവനെ നോക്കി വെടി വയ്ക്കുന്ന വെളുത്തവന്റെ മുമ്പിലാണ് എന്റെ നാടിന്റെ അഭിമാനമായ സ്വാമിജി പ്രിയപ്പെട്ട സഹോദരൻമാരെ സഹോദരിമാരെ എന്ന് ചിക്കാഗോയിൽ അഭിസംബോധന ചെയ്തത്. ആ സാഹോദര്യത്തിന്റെ സന്ദേശമുൾക്കൊണ്ട സ്വാമിജികൾ ഒരു കാര്യം മനസ്സിലാക്കിയിരുന്നു. മറ്റേതൊരു രാജ്യത്തിന്റെ പ്രശ്നങ്ങളെക്കാളും സങ്കീർണ്ണമാണ് ഇൻഡ്യയിലെ പ്രശ്നം, ഗൗരവതരമാണ് ഇവിടത്തെ പ്രശ്നം. എന്തുകൊണ്ട്, ഇവിടെ ജാതിയുണ്ടായിരുന്നു, ജാതിയിൽ ഉപജാതികളുണ്ടായിരുന്നു, മേലേ ജാതിക്കാരൻ ചവിട്ടിച്ച

വിട്ടി ചണ്ഡാളനുണ്ടല്ലോ, അയ്യൻകാളിയുടെ സമുദായം, പണ്ഡിറ്റ് കറുപ്പന്റെ സമുദായം, അവനെത്തുമ്പോൾ എത്രയോ ശ്രേണികൾ കടന്ന് ഈ പാവപ്പെട്ട വൻ, മേലേ തുടങ്ങിയ ചവിട്ട് സഹിച്ച് ജീവിച്ച ഇന്ത്യയാണെന്ന് സ്വാമിജിക്ക റിയാമായിരുന്നു. അതുകൊണ്ടാണ് സ്വാമിജി പറഞ്ഞത്. ഇന്ത്യയുടെ പൊതു സ്വരതയുടെ ആഴങ്ങളറിഞ്ഞ മഹാനായ സ്വാമിജി ഇൻഡ്യയ്ക്ക് മുന്നറിയിപ്പ് നൽകി. സങ്കീർണ്ണമായ, ഗൗരവതരമായ ഇന്ത്യയുടെ പ്രശ്നങ്ങൾ പരിഹരി ക്കാൻ ശ്രദ്ധേയമായ രീതിയിൽ മുന്നോട്ടുപോകണം. ശ്രീ. എ. കെ. ബാലൻ, ഞാൻ നിങ്ങളെ സ്നേഹിക്കുന്ന ഒരാളാണ്. മുസാഫർ അഹമ്മദിനെ താങ്കൾക്ക് അറിയാമല്ലോ. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പിതാ ക്കൻമാരിലൊരാളാണ്. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് സ്ഥാപകരിൽ മുമ്പനായ മുസാഫർ അഹമ്മദിന് ബംഗാളിലെ മുസ്ലീം പുലിക്കുട്ടിയായ ഫതുള്ള ഹക്കു മായി അടുത്ത ബന്ധമായിരുന്നു. മുസാഫർ അഹമ്മദിന് വിപ്ലവകവിയായ ഖാലിദ് നസ്റുൽ ഇസ്ലാമുമായി നല്ല ബന്ധമായിരുന്നു. ആ മുസാഫർ അഹമ്മദ് എഴുതിയ ഒരു ചെറിയ ലഘുലേഖയുണ്ടല്ലോ. അത് ശ്രീ. എ. കെ. ബാലൻ കാണാതെ പോകില്ല. A successful Musalman Student. മുസാഫർ അഹമ്മദ് ബംഗാളിലെ പതിതരായ മുസ്ലീങ്ങളുടെ വേദന കണ്ടിട്ടാണ് പെസന്റായത്, അവൻ കർഷകത്തൊഴിലാളിയായിരുന്നു. ജൻമിത്വത്തിന്റെയും നാടുവാഴിത്തത്തിന്റെയും ഇരയായി മാറിയപ്പോൾ ആ ജനത സഹിക്കേണ്ടി വന്ന ഗതികേട് കണ്ടിട്ടാണ് മുസാഫർ അഹമ്മദ് ഒരു വിപ്ലവകാരിയായി മാറുന്നത്. ആ മുസാഫർ അഹമ്മദ്, ഫതുള്ള ഹക്കിന്റെ സഹപ്രവർത്തകനാ യിരുന്നു, ഖാളി നസ്റുൽ ഇസ്ലാമുമായി നിരന്തരമായി ബന്ധപ്പെട്ട ആളായി രുന്നു. ആ മുസാഫർ അഹമ്മദാണ് മീററ്റ് ഗൂഢാലോചന കേസ്സിൽ ഒന്നാം

പ്രതിയായി പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ് ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയത്. ആ മുസാഫർ അഹമ്മദ് ഉൾക്കൊണ്ട വികാരമാണ് യഥാർത്ഥ ത്തിൽ ഇൻഡ്യയിലെ ജനങ്ങൾക്ക് ഈ സാമൂഹികനീതിയിലും തുല്യഅവസ രങ്ങളിലും കെട്ടിപ്പടുക്കുന്ന ഒരു ഭാരതം എന്നത്. അതിനാണ് എന്റെ രാജ്യ ത്തിന്റെ പിതാവ് ബാപ്പുജി ചോര നൽകിയത്, ജവഹർലാൽ നെഹ്റു നവഭാ രതം കെട്ടിപ്പടുക്കാൻ ശ്രമിച്ചത്, മഹാനായ അംബേദ്കർ ഈ ഭരണഘട നയ്ക്ക് രൂപം നൽകിയത്, മഹാനായ നേതാജി ഈ രാജ്യത്തിനുവേണ്ടി പണി യെടുത്തത് ഈ ലക്ഷ്യം സാധിക്കാനാണ്. മുസാഫർ അഹമ്മദിന് ഒരാഗ്രഹ മുണ്ടായിരുന്നു. ലെനിന്റെ ബോൾഷെവിനിസവും ഇസ്ലാമും കൈകോർക്കുന്ന ഒരു നാളെ മുസാഫർ അഹമ്മദ് സ്വപ്നം കണ്ടിരുന്നു. നിർഭാഗ്യവശാൽ മുസാഫർ അഹമ്മദിന് വളരെ പെട്ടെന്ന്..... ആ കഥകൾ നിങ്ങൾക്ക് അറി യാമെന്നതുകൊണ്ട് ഞാൻ പറയാൻ ആഗ്രഹിക്കുന്നില്ല. സത്യത്തിൽ ഞാൻ പലപ്പോഴും ഓർക്കാറുണ്ട്, മാക്സ്മുള്ളറുടെ ഒരു ഉദ്ധരണി, മനുഷ്യവർഗ്ഗ ത്തിന്റെ കളിത്തൊട്ടിലാണ് വ്യത്യസ്തമായ ജാതികളും മതങ്ങളും. അവ മാത്രമല്ല ആന്ത്രോപോളജി എടുത്തുനോക്കിയാൽ വളരെ വ്യക്തമായി മാക്സ് മുള്ളർ ഇക്കാര്യം വിശദീകരിച്ച് പറയുന്നുണ്ട്. അമേരിക്കൻ ചിന്തക നായ മാർക് ട്വെയിനും പറഞ്ഞ ഒരാശയമുണ്ട്. ആ ആശയമനുസരിച്ച് ഇന്ത്യയെ നോക്കിക്കാണാൻ കഴിയുന്ന ഒരു ദേശീയ നേതൃത്വം നമുക്ക് ഭാഗ്യ വശാൽ ഉണ്ടായിരുന്നു. മൂന്നു തരംഗങ്ങൾ ഇന്ത്യയിലുണ്ടായിരുന്നു. ഒന്ന് – കോൺഗ്രസ്, രണ്ട് – കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ്, മൂന്ന് – പ്രതിലോമകാരി കൾ. പക്ഷേ, ഒന്നിക്കേണ്ട സമയത്ത് ഒന്നിക്കാതെ പ്രാസ്ഥാനികമായ ദുശ്ശാഠ്യം കാണിച്ചതിന്റെ ഫലമായി നമ്മൾ ഇന്ന് ദുരന്തമനുഭവിക്കുമ്പോൾ ഇന്ന് ഇവിടെ പ്രകടിപ്പിക്കപ്പെട്ട ആശയങ്ങൾക്കനുസൃതമായി നമ്മൾ

ചെയ്യേണ്ടത് കാലതാമസം വരുത്താതെ ഒരു പുതിയ ഇന്ത്യ കെട്ടിപ്പടുക്കാൻ കൂട്ടായി ശ്രമിക്കുകയാണ്. ജനായത്തം സാമ്പത്തികമായ തുല്യാവസരം നൽകുന്നതുകൂടിയാകണം എന്നതാണ് ഈ നിയമനിർമ്മാണത്തിന്റെ കാതൽ. സമത്വത്തിലൂന്നിയ, സോഷ്യലിസ്റ്റ് ആശയങ്ങളിലൂന്നിയതായിരിക്കണം ജനായത്തത്തിന്റെ കാതലെന്ന് വൈകിയാണെങ്കിലും ഇന്ന് ഇന്ത്യ തിരിച്ചറിയുകയാണ്.

1992-ൽ യു.എൻ. മൈനോറിറ്റി ഡിക്ലറേഷൻ വന്നു. അതിനുമുമ്പ് ഇന്ത്യക്ക് ഇക്കാര്യത്തിൽ വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ഒരു ജനതയുടെ കളക്ടീവ് ഐഡന്റിറ്റി എന്താണെന്നും റിക്കാർഡ് ഹിസ്റ്ററിയുള്ള സമൂഹമേതാണെന്നും സാംസ്കാരികമായ വൈവിധ്യം മനുഷ്യരാശിയുടെ സവിശേഷമായ സ്വഭാവമാണെന്നും ഇന്ത്യയ്ക്കറിയാമായിരുന്നു. എന്താണ് ഇതിന് തെളിവ്? ഭയവും പകയുമില്ലാത്ത ഒരു സാമാജികഘടന ഇന്ത്യ സ്വപ്നം കണ്ടിട്ടുണ്ടെന്ന് എനിക്ക് ഇവിടെ വിശദീകരിക്കുവാൻ കഴിയും. അത് സംബന്ധിച്ച് International Covenant on civil and political rights-ൽ പറയുന്നുണ്ട്. അതിലെ ആർട്ടിക്കിൾ ഒന്ന് വായിച്ചാൽ കോരിത്തരിപ്പുണ്ടാകും. ഇത്തരം മത ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിൽ വ്യക്തമായ നിലപാട് വേണമെന്ന് International Covenant on civil and political rights – ലെ ആർട്ടിക്കിൾ 27-ൽ വ്യക്തമായി പറയുന്നുണ്ട്. പക്ഷേ, ഇതല്ല ഇന്ത്യയുടെ വികാരം ഇന്ത്യ അതിനുമുമ്പേ ഇക്കാര്യങ്ങളെക്കുറിച്ച് പറഞ്ഞതാണ്. ഈ ദിശയിൽ ഭരണഘടന ശക്തമായ നിലപാട് എടുത്തിട്ടുണ്ടെന്ന കാര്യം നമ്മൾ വിസ്മരിക്കരുത്. ആനന്ദ് പറഞ്ഞത് നാം ഓർക്കേണ്ടതുണ്ട്.. ഇവിടെ

നിയമമുണ്ട്. നിയമം മുടന്തി നടക്കുകയാണ്. ചില ആളുകൾ, കൂടുതൽ മിടുക്കന്മാരായ ആളുകൾ നിയമം മുടന്തി നടക്കുകയാണെന്ന് അഭിനയിച്ചും നിയമം ലംഘിക്കാൻ ശ്രമിക്കുന്നുണ്ട്. അവർക്കെതിരെ നടപടികൾ വേണമെന്നാണ് ഇന്ന് സഭ ഏകകണ്ഠമായി ആവശ്യപ്പെട്ടതെന്നാണ് ഞാൻ വായിച്ചത്. ഭരണഘടനയിലെ 29, 30 വകുപ്പുകൾ അതിന് സാക്ഷിയാണ്. ഇത് 1992-ൽ ഉണ്ടായതല്ല. ഇത് 1950-ൽ ഉണ്ടായ സംഗതിയാണ്. ഭരണഘടനാ നിർമ്മാണ സമിതിയിൽ ഡ്രാഫ്റ്റ് വന്നു. അന്ന് 29, 30 വകുപ്പുകൾ 23 ആയി. അന്ന് ആ ചർച്ചയിൽ പങ്കെടുത്ത എന്റെ നേതാവ് ബി. പോക്കർസാഹിബ് ഇന്ത്യയിലെ മുസ്ലീംങ്ങൾ പ്രത്യേകിച്ചും കേരളത്തിലെ മുസ്ലീംങ്ങൾ ഒരിക്കലും വിസ്മരിക്കാൻ കഴിയാത്ത അഭിവന്ദ്യനായ ഞങ്ങളുടെ നേതാവ് പോക്കർ സാഹിബ് ഞങ്ങളോട് പറഞ്ഞത് ഇത് ന്യൂനപക്ഷത്തിന്റെ പ്രശ്നമല്ല. ഇത് ഭൂരിപക്ഷത്തിന്റെ പ്രശ്നമല്ല. ഇത് ഇന്ത്യയുടെ പ്രശ്നമാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യ ഭ്രാന്ത് ഒഴിവാക്കണം. സ്വാതന്ത്ര്യാനന്തര ഇന്ത്യ ദേശാഭിമാന പ്രചോദിതമായ യൂണിയൻ ജാക്കിന്റെ പതാക താഴെയിറക്കി ഇന്ത്യുടെ ദേശാഭിമാനത്തിന്റെ പ്രതീകമായ മൂവർണ്ണക്കൊടി പറപ്പിക്കുമ്പോൾ ഒരു ശരാശരി ഇന്ത്യാക്കാരൻ എന്താണോ ആഗ്രഹിച്ചത് ആ ആഗ്രഹത്തിലേക്ക് ഇന്ത്യയെ പണിയുന്നതിനുവേണ്ടി ഈ ഭരണഘടനയെ ഒരു മാധ്യമമാക്കണമെന്ന് എന്റെ നേതാവ് ബി. പോക്കർ സാഹിബ് ഭരണഘടന നിയമ നിർമ്മാണ സഭയിൽ നടത്തിയ പ്രസംഗം ചരിത്രത്തിന്റെ ഭാഗമാണ്. അതുകൊണ്ട് ഞാൻ ഈ സഭയെ ഓർമ്മപ്പെടുത്തേണ്ട ആവശ്യമില്ല. കോൺഗ്രസ്സ് ഇക്കാര്യത്തിൽ പ്രതിജ്ഞാബദ്ധമായിരുന്നു. സത്യത്തിൽ കാതടച്ച് വെടി വയ്ക്കുന്നത് ശരിയല്ല. കണ്ണടച്ച് ഇവിടെ ഇരുട്ടാണെന്ന് അഭിനയിക്കുന്നതും ശരിയല്ല.

കോൺഗ്രസ്സ് ഇക്കാര്യത്തിൽ പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കുകയാണ്. ഒരു ഉദാഹരണം പറയാം. 1960–ൽ ഉത്തർപ്രദേശിൽ ഡോ. സമ്പൂർണ്ണാനന്ദ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു. ഇക്കാര്യം മറന്നു പോകരുത്. എന്റെ അഭിമാനം, എന്റെ രോമാഞ്ചം, ഈ സഭ യുടെ നേതാവ്, ഈ സഭയുടെ തന്നെ അഭിമാനമായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 1951–ൽ അവതരിപ്പിച്ച ആദ്യത്തെ ഭരണഘടനാ ഭേദഗതി എന്തിനായി രുന്നു. 15–ാം ആർട്ടിക്കിളിന്റെ കുറവുകൾ പരിഹരിക്കാൻവേണ്ടി 1951–ൽ നെഹ്റു കൊണ്ടുവന്ന ഭേദഗതി ഇന്ത്യയ്ക്ക് മറക്കാൻ കഴിയുകയില്ല. ഈ ദിശയിലെ ആദ്യത്തെ ചുവടുവയ്പാണ് അത്. പുതിയ തെരഞ്ഞെടുപ്പ് നടന്ന് ഭരണഘടന നിലവിൽ വന്ന് 15 മാസം കൊണ്ടുണ്ടായ ആദ്യത്തെ പ്രശ്നം പരിഹരിക്കാൻ ജവഹർലാൽ നെഹ്റു ചെയ്തത് ആർട്ടിക്കിൾ 15–ൽ മാറ്റം വരുത്തി നാല് സബ്ക്ലോസുണ്ടാക്കി. ആർട്ടിക്കിൾ 29–ൽ പറയുന്ന കാര്യങ്ങൾ ഒരിക്കലും ഈ അധ:സ്ഥിത വർഗ്ഗത്തിന് സ്പെഷ്യൽ പ്രൊവിഷൻ വഴി രക്ഷ നൽകുന്നതിന് തടസ്സമാകരുത് എന്ന് തീരുമാനിച്ചത് നമ്മുടെ രാഷ്ട്രത്തിന്റെ ആദ്യത്തെ പ്രധാനമന്ത്രി, നമ്മുടെ അഭിമാനമായ ജവഹർലാൽ നെഹ്റുവാണ് എന്ന കാര്യം വിസ്മരിച്ചുകൊണ്ട് ഒറ്റപ്പെട്ട സംഭവങ്ങളെയും ഒഴിവാക്കേണ്ടിയിരുന്ന കാര്യങ്ങളെയും ചൂണ്ടിക്കാണിച്ചാണെങ്കിലും അന്തമായി കാടടച്ച് കോൺഗ്രസ്സിനെ പഴി പറയുന്നത് ശരിയല്ല എന്ന് വിനയ ത്തോടുകൂടി പറയുകയാണ്. മാർഗ്ഗ നിർദ്ദേശക തത്വങ്ങൾ ആർട്ടിക്കിൾ 46–ൽ പറയുന്നത് – to protect weaker sections from social injustice and all forms of exploitation; 46–ാം വകുപ്പിന്റെ ഒരു എക്സ്റ്റൻഷനാണ്

ആർട്ടിക്കിൾ 15–ൽ വരുത്തിയ ഈ മാറ്റമെന്ന് ജവഹർലാൽ നെഹ്റു ഈ അമെന്റ്മെന്റിൽ ലോകസഭയിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞ കാര്യം സത്യത്തിൽ നമ്മൾ ഇവിടെ ചർച്ച ചെയ്യുന്ന വിഷയത്തിന് സഹായകമാണ് എന്ന വസ്തുത ഒരിക്കലും മറന്നുകളയരുത്. ബീഹാറിൽ കോൺഗ്രസ്സ് സർക്കാർ 1971–ൽ കമ്മീഷൻ കൊണ്ടുവന്നു. 1977–ൽ ജനതാദൾ ബീഹാറിൽ അധികാരത്തിൽ വന്നപ്പോൾ കർപ്പൂരി ഠാക്കൂർ ....

ശ്രീ. സി. കെ. നാണു : സർ, വളരെ പഠനാർഹമായ രൂപത്തിൽ ശ്രീ.റ്റി. എ. അഹ്മദ് കബീർ പറയുന്നതുകൊണ്ടാണ് അദ്ദേഹത്തോട് പറയുന്നത് ഇന്ത്യയിൽ മുസ്ലീങ്ങൾ, ബാക്ക്‌വേർഡ് കമ്മ്യൂണിറ്റിയിലുള്ളവർ ഇന്ത്യയിലെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഇവരുടെ പ്രശ്നങ്ങൾ പരിശോധിക്കാൻ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കലേക്കർ കമ്മിറ്റി ഉണ്ടാക്കി. അതിൽ ഇത്ര പെർസെന്റേജ് ഈ കമ്മ്യൂണിറ്റിക്ക് വേണമെന്ന് പറഞ്ഞപ്പോൾ ജവഹർലാൽ നെഹ്റു ഏർപ്പെടുത്തിയ കമ്മീഷൻ അംഗീകരിച്ചില്ല. നെഹ്റുവിന്റെ ഭരണകാലത്ത് ന്യൂനപക്ഷങ്ങളടക്കമുള്ള ഇന്ത്യയിലെ ബാക്ക് വേർഡ് കമ്മ്യൂണിറ്റിയുടെ കമ്മീഷൻ നിശ്ചയിച്ചു. കമ്മീഷൻ നടപ്പാക്കിയില്ല. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് മാത്രമാണ് നടപ്പാക്കിയത്. അന്ന് കോൺഗ്രസ്സ് ഐ അധികാരത്തിലില്ല. ജനതാദളിന്റെ ഭരണകാലത്താണ്. രാഷ്ട്രീയമല്ല, വസ്തുതകൾ പറയുമ്പോൾ ആർക്കു വേണമെങ്കിലും നിഷേധിക്കാം. കാരണം മൈനേറിറ്റീസിനെയും ബേക്ക്‌വേർഡ് കമ്മ്യൂണിറ്റീസിനെയും ആദ്യത്തെ സ്വതന്ത്ര ഇന്ത്യയിൽ അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് രൂപമെടുത്തതാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഞാൻ അങ്ങയെ അഭിനന്ദിക്കുന്നത് എന്താണെന്നുവച്ചാൽ അങ്ങ് കോൺഗ്രസ്സിന് എറിയുന്ന കല്ലുകൾ കടലാ

സ്സിൽ പൊതിഞ്ഞ് ആയതുകൊണ്ട് അവർക്കും നമുക്കും മനസ്സിലാകും അങ്ങത് കൃത്യമായി ചെയ്യുന്നുണ്ട്. അങ്ങയോട് ഞാൻ പറയുന്നത് കോൺഗ്രസ്സ് നല്ലതായിരുന്നു, നല്ലതായിരുന്നു എന്നു പറയുമ്പോൾ അതൊരു ഭൂതകാലത്തുള്ള കാര്യമാണ്. ഞാൻ പറയുന്നത് 1949 ഡിസംബർ മാസത്തിലാണ് ബാബ്റി മസ്ജിദ് എന്ന പ്രദേശത്ത് ഒരു വിഗ്രഹം കൊണ്ടുവയ്ക്കുന്നത്. ഇക്കാര്യത്തെക്കുറിച്ച് അങ്ങേയ്ക്കറിയാം. ജവഹർലാൽ നെഹ്റു അന്ന് ഒരു ഉത്തരവ് മുഖാന്തരം പൂട്ടിയിടുകയായിരുന്നു. ഇന്ത്യൻ മതേതരത്വത്തിന്റെ സങ്കൽപ്പത്തിന് നിരക്കുന്ന വണ്ണം കോൺഗ്രസ്സിനെ നെഹ്റു നയിച്ച ഒരു കാലമുണ്ടായിരുന്നു. അതിന്റെ ഓർമ്മകൾ പിന്തുടരുന്ന കാലത്തും അത് ചെയ്തിരുന്നു. നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ മകളുടെ മകൻ രാജീവ് ഗാന്ധിയാണ് ഹിന്ദു-മുസ്ലീം പ്രീണനത്തിനുവേണ്ടി ബാബ്റി മസ്ജിദ് തുറന്നതും ഷബാനു കേസ് വന്നപ്പോൾ മറ്റൊരു ഉപായത്തിൽ മുസ്ലീങ്ങളെ പ്രീണിപ്പിച്ചതും ഇന്ത്യൻ രാഷ്ട്രീയം വർഗ്ഗീയ പ്രീണനത്തിന്റെ തലത്തിലേക്ക് കൊണ്ടു പോയതും 1984-നു ശേഷം വന്ന രാജീവ് ഗാന്ധിയുടെ കാലത്ത് വിശ്വാസം ജനങ്ങളിൽ നിന്ന് നഷ്ടപ്പെട്ടപ്പോഴുണ്ടായ ഒരു തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ പ്രീണന രാഷ്ട്രീയം തുടങ്ങിയതാണെന്ന് അങ്ങ് മനസ്സിലാക്കിയാൽ തെറ്റൽ എവിടെയാണ് ഉണ്ടായതെന്നും എവിടെയാണ് ശരികൾ മാറ്റിവച്ചതെന്നും നമുക്ക് കൃത്യമായി മനസ്സിലാകും. അങ്ങേക്ക് ഇതറിയാം. അങ്ങ് പറഞ്ഞ വാക്കുകളെയാണ് ഞാൻ അഭിനന്ദിക്കുന്നത്. കല്ലെടുത്ത് എറിയുമ്പോൾ കടലാസിലും തുണിയിലും പൊതിഞ്ഞ് അങ്ങെറിയുന്നതിനെയെല്ലാം ഞങ്ങൾ അഭിനന്ദിക്കുകയാണ്.

ശ്രീ. റ്റി. എ. അഹ്മദ് കബീർ: സർ, ചർച്ചയുടെ ഫ്ളോ നഷ്ടപ്പെടാതിരുന്നുവെങ്കിൽ നാണുവേട്ടൻ എന്തായാലും ചോദിക്കുമായിരുന്നില്ല. ശ്രീ. മുല്ലക്കര രത്നാകരൻ കൃത്യമായി ഇതു പറയുമെന്ന് അറിയാമായിരുന്നു. കോൺഗ്രസ്സ് സർക്കാർ ബീഹാറിൽ 1971-ൽ ഈ കമ്മീഷൻ രൂപീകരിച്ചു. ജനതാ പാർട്ടി 1977-ൽ ബീഹാറിൽ അധികാരത്തിൽ വന്നു. കർപ്പൂരി ഠാക്കൂറായിരുന്നു മുഖ്യമന്ത്രി. അദ്ദേഹം ആ കമ്മീഷൻ പുന:സംഘടിപ്പിച്ചു. ഗുജറാത്തിൽ നമ്മൾ എല്ലാവരും വളരെയധികം വിഷമിക്കുന്ന ഗുജറാത്തിൽ 1977-ൽ ജനതാദൾ പാർട്ടി വന്നു. അന്ന് ബാബുബായ് പട്ടേലായിരുന്നു മുഖ്യമന്ത്രി. കമ്മീഷൻ രൂപീകരിച്ചില്ല. ഹൈ പവേർഡ് കമ്മിറ്റി രൂപീകരിച്ചു. ജനതാദളിന്റെ മാനുഫെസ്റ്റോയിൽ ഒരു ദേശീയ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കാൻ വാക്ക് നൽകിയിരുന്നതാണ്. എനിക്ക് അതിൽ സംശയവുമൊന്നുമില്ല. ഭരണഘടനാ പദവിയോ സ്റ്റാറ്റ്യൂട്ടറി പദവിയോ ഇല്ലാത്ത ഒരു അർദ്ധ സർക്കാർ സംരംഭം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഞാനതിനെ നിഷേധിക്കുന്നില്ല. 12-1-1978-ൽ മൊറാർജി ദേശായി ആയിരുന്നു ഇൻഡ്യൻ പ്രധാനമന്ത്രി. ആഭ്യന്തര വകുപ്പ് ഇറക്കിയ ഒരു ഗവൺമെന്റ് റസലൂഷനിൽ for enforcement and implementation of measures decided for minority safeguards resolve to set up a minority commission - എന്ന് പറയുന്നുണ്ട്. പക്ഷേ അതിന്റെ ബാക്കി കൂടെ കേൾക്കുമ്പോൾ നാണുവേട്ടന് അത് മനസ്സിലാകും. ഇത് വളരെ ഉത്തരവാദപ്പെട്ട ഒരു ജോലിയാണ്. മൊറാർജി ദേശായിയുടെ കാലത്ത് പല നീക്കവും ഉണ്ടായിട്ടുണ്ട്. അടിസ്ഥാനപരമായി അദ്ദേഹം ഒരു കോൺഗ്രസ്സുകാരനാണ്.

03–08–1978– ൽ 46–ാം ഭരണഘടനാ ഭേദഗതി മൊറാർജി ദേശായി കൊണ്ടുവന്നത് ഈ ലക്ഷ്യത്തോടെയാണ്. 'To inspire greater confidence among the minorities' എന്നതിൽ പറയുന്നുണ്ട്. പക്ഷെ ആ നീക്കം വിജയിച്ചോ നാണുവേട്ടാ, പരാജയപ്പെട്ടുപോയി, 1979–ൽ മൊറാർജി ദേശായി 51–ാം ഭരണഘടനാ ഭേദഗതി കൊണ്ടുവന്നു. അതും വിജയിച്ചില്ല. പിന്നെ വി. പി. സിംഗിന്റെ കാലത്ത് 65–ാം ഭേദഗതി കൊണ്ടുവന്നല്ലോ അതിന്റേയും അവസ്ഥ ഇതുതന്നെയാണെന്ന് നാടുവേട്ടന് എന്തായാലും അറിയാം. അവസാനം 1992–ൽ കോൺഗ്രസ്സ് ഗവൺമെന്റാണ് ഈ ദേശീയ കമ്മീഷൻ രൂപീകരിക്കുന്നത്. നമ്മൾ എന്തിനാണ് കണ്ണടച്ച് ഇരുട്ടാക്കുന്നത്. 17–05–1992–ൽ ഈ നിയമം നിലവിൽവന്നു. 17–05–1993–ൽ സ്റ്റാറ്റ്യൂട്ടറി കമ്മീഷനായി നോട്ടിഫിക്കേഷനും പുറത്തുവന്നു. 1992–ൽ ഇന്ത്യ ഭരിച്ചത് കോൺഗ്രസ്സണെന്നുള്ള കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇക്കാര്യത്തിൽ കോൺഗ്രസ്സ് എത്രമാത്രം പ്രതിജ്ഞാബദ്ധമാണെന്ന് വ്യക്തമാണ്. ഡോ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിലുള്ള പുതിയ ഗവൺമെന്റ് വന്നു സോണിയാ ഗാന്ധിയുടെ നേതൃത്വം..... തുടക്കത്തിൽ നിങ്ങൾ ഉണ്ടായിരുന്നു എന്നുള്ള കാര്യം നിഷേധിക്കുന്നില്ല. സച്ചാർ കമ്മിറ്റിയെ നിയോഗിച്ചു, റിപ്പോർട്ട് വന്നു. ആ റിപ്പോർട്ട് പാർലമെന്റിൽ വച്ചു. ശുപാർശകളിൽ മഹാഭൂരിപക്ഷം നടപ്പിലാക്കിയെന്ന് അനുഭവങ്ങളിൽ .............. ഞാൻ മങ്കടയിൽ നിന്നുവരുന്ന ഒരു നിയമസഭാംഗമാണ്. മലപ്പുറം ജില്ലയിലെ ഏറ്റവും അവികസിതമായ ഒരു മണ്ഡലമാണ് എന്റേത്. ഏഴ് കൊച്ചുഗ്രാമ

ങ്ങൾ ഉൾപ്പെടുന്നതാണ്. തലസ്ഥാനം എന്നുപറയാൻ ഒരു സ്ഥലംപോലു മില്ല. അങ്ങനെയുള്ള ഒരു പിന്നോക്ക പ്രദേശത്തുനിന്നുവരുന്ന എനിക്ക റിയാം, ഈ സച്ചാർ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്റെ മണ്ഡലത്തിലെ പാവങ്ങളായ കർഷകത്തൊഴിലാളികളായ സാധാരണ ജനങ്ങൾക്ക് ഏതെല്ലാം പരിരക്ഷ ലഭിച്ചു എന്നുള്ളത് നേരിട്ടറിയാവുന്ന ഒരാൾക്ക് ഈ സഭയുടെ മുമ്പിൽ മനസ്സാക്ഷിക്കുത്തില്ലാതെ ഈ വിഷയം അവതരിപ്പിക്കാൻ കഴിയും. സംസ്ഥാനതല കമ്മീഷനുകളുടെ ദേശീയ സമ്മേളനം 11-01-2014-ൽ ഡൽഹിയിൽകൂടി. പ്രധാനമന്ത്രി ഡോ. മൻമോ ഹൻ സിംഗ് അർത്ഥശങ്കയ്ക്കിടയില്ലാതെ കാര്യങ്ങൾ കൃത്യമായി നിർവ്വചിച്ചു. അദ്ദേഹം പറഞ്ഞു- 'To bring the minorities up'- പീഡനമനുഭവിക്കുന്ന മതന്യൂനപക്ഷങ്ങളെ മുന്നോട്ട് കൊണ്ടുവരികയെന്നുള്ളത് ദേശീയമായ ഒരാ വശ്യമാണ്. 'Not to be discriminated against'- അവർക്കെതിരെ വിവേചനമു ണ്ടാകാതിരിക്കാൻ രാഷ്ട്രം പ്രതിജ്ഞാബദ്ധമാണ്. എന്നിട്ട് അദ്ദേഹം പറഞ്ഞു- 'This is a mission to provide equal opportunities to all'- മതന്യൂനപക്ഷത്തിന് കൊടുക്കുന്നു എന്നുപറയുന്നതിന്റെ അർത്ഥമെന്താ ണെന്നറിയാമോ; അത് വിഭാഗീയമോ വർഗ്ഗീയമോ അല്ല. ഇത് രാഷ്ട്ര നിർമ്മാണത്തിന്റെ ഭാഗമാണെന്ന് ഞാൻ തുടക്കത്തിൽ പറഞ്ഞത് ഇതിനെക്കു റിച്ചാണ്. അതിന്റെ ഭാഗമായി എന്തുചെയ്യണം; 'To protect and promote secular values'- അതിനുവേണ്ടിയുള്ള പരിശ്രമം എന്ന നിലയ്ക്കാണ് ന്യൂനപക്ഷ കമ്മീഷനെ കോൺഗ്രസ്സ് ഗവൺമെന്റ് വിഭാവന ചെയ്യുന്നത്. അതുകൊണ്ട് Enforcement, Empowerment, Implementation of

Safeguards and monitoring – ഇത്രയും കാര്യത്തിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് ഡോ. മൻമോഹൻ സിംഗ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. വലിയ പുരോഗതി സ്വകാര്യ ബാങ്കുകളുടെ വായ്പാ വിതരണത്തിൽപ്പോലും നടന്നുവെന്നും പ്രധാനമന്ത്രി വ്യക്തമായി പറഞ്ഞു. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം ഈ സഭ അറിയേണ്ട കാര്യമാണ്, 'minority concentrated a District' എന്നുള്ളത് ബ്ലോക്ക്തലത്തിലേയ്ക്ക് വ്യാപിപ്പിക്കണം എന്നുള്ളത്. അദ്ദേഹം പറഞ്ഞു അത് പോരാ 'minority concentrated the Towns' അതായത് നഗരങ്ങളിലേക്കുകൂടി വ്യാപിപ്പിക്കണം, അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവർത്തനങ്ങൾക്ക് രൂപം നൽകണമെന്ന് അദ്ദേഹം പറയുകയുണ്ടായി. ഇവിടെ 04–03–2003–ൽ കൂടിയ സംസ്ഥാനതല കമ്മീഷൻ തലവന്മാരുടെ യോഗം മറ്റ് സ്റ്റേറ്റുകളിൽ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കാനാവശ്യപ്പെട്ടു. നിർഭാഗ്യവശാൽ, സാമ്പത്തിക കാരണം പറഞ്ഞ് കേരള സർക്കാർ ഈ നിർദ്ദേശം മാറ്റിവയ്ക്കുകയാണ് ചെയ്തത്. ഇന്ന് ഇവിടെ ഈ കമ്മീഷൻ വയ്ക്കുമ്പോൾ എന്റെ സഹപ്രവർത്തകൻ ശ്രീ മഞ്ഞളാംകുഴി അലിയോടുള്ള വ്യക്തിപരമായ സ്നേഹം പ്രകടിപ്പിക്കാൻ കൂടി ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. 08–02–2004–ൽ വീണ്ടും ഒരു കുറ്റപ്പെടുത്തലോടുകൂടി കേരളത്തോട് നിങ്ങൾ എന്തുകൊണ്ടാണ് കമ്മീഷൻ രൂപീകരിക്കാത്തതെന്ന് ചോദിച്ചു. ദേശീയ ന്യൂനപക്ഷ കമ്മീഷൻ പലപ്രാവശ്യം ഈ അതൃപ്തി പ്രകടിപ്പിച്ചിരുന്നു. അതുകൊണ്ട് വൈകിയാണെങ്കിലും ഈ തീരുമാനമെടുത്ത ഗവൺമെന്റിനെ ഞാൻ അനുമോദിക്കുന്നു. എന്നാൽ ശ്രീ. എ. കെ. ബാലനും ശ്രീ. സി. ദിവാ

കരനും ഇവിടെ സൂചിപ്പിച്ചതുപോലെ ചാപ്റ്റർ 3 ക്ലോസ് (9)-ൽ empowerment എന്ന വാക്കുണ്ടാകണം, എന്റെ കയ്യിൽ ഇംഗ്ലീഷ് കോപ്പിയാണുള്ളത്. മലയാളമല്ല. കാരണം പ്രൊട്ടക്ഷനെക്കുറിച്ച് പറയുന്നുണ്ട്. കേരളത്തിൽ നമുക്കറിയാമല്ലോ........ അതുകൊണ്ട് ഈ നിയമത്തിൽ Safeguard എന്നോ Advancement എന്നോ പറഞ്ഞാൽപോരാ Empowerment എന്ന വാക്ക് ഉണ്ടാകണം. ഈ ഏജൻസിയുടെ ഇടപെടൽവഴി കേരളത്തിലെ മതന്യൂനപക്ഷങ്ങളെ Empower ചെയ്യുന്നതിനുവേണ്ടി Empowerment എന്ന വാക്ക് വേണം. രണ്ടാമത്തേത് ഏതെങ്കിലും കോണിൽനിന്നും തടസ്സമുണ്ടായാൽ അത് തടയാൻ വേണ്ടി Enforcement എന്ന വാക്കും ഇതിൽ വരണം. അപ്പോൾ Empowerment എന്നും Enforcement എന്നും ക്ലോസ് (9)-ൽ എഴുതിച്ചേർക്കണം. ആ ഒരു ഭേദഗതി കൊണ്ടുവരണം എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. മറ്റൊരുകാര്യം ഇന്ത്യയിൽ ഇപ്പോൾ രണ്ട് കമ്മീഷനുകളുണ്ട്- ഒന്ന്, ന്യൂനപക്ഷ കമ്മീഷൻ രണ്ട്, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള കമ്മീഷൻ. കേരളത്തിൽ കമ്മീഷനുകളുടെ എണ്ണം വർദ്ധിപ്പിക്കരുത് എന്നാണെന്റെ അഭ്യർത്ഥന. കാരണം കേരളം സാമ്പത്തികമായി നല്ല ഭദ്രതയുള്ള സംസ്ഥാനമല്ല. ഈ കമ്മീഷനുകളെല്ലാം സ്റ്റാറ്റ്യൂട്ടറി പവേഴ്സ് ആയതുകൊണ്ട് കമ്മീഷനിലെ അംഗങ്ങൾക്ക് നല്ല പ്രതിഫലമൊക്കെ കൊടുക്കേണ്ടിവരും. അതുകൊണ്ട് എന്റെ ഒരു നിർദ്ദേശം ക്ലോസ് ഒമ്പതിലോ പത്തിലോ, ഇവിടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമിപ്പോൾ ന്യൂനപക്ഷ സ്റ്റാറ്റസ് കൊടുക്കുന്നുണ്ട്. എന്റെ അറിവ് ശരിയാണെങ്കിൽ കേരളത്തിലെ ഏതാണ്ട് 40-45 ശതമാനംവരെയുള്ള സ്ഥാപനങ്ങൾക്കും ഇതി

നകം മൈനോറിറ്റി സ്റ്റാറ്റസ് കിട്ടിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ സ്റ്റാറ്റസ് കൊടുക്കാൻ കഴിയുന്നതരത്തിൽ ഒരു പ്രൊവിഷൻ വയ്ക്കുകയാണെങ്കിൽ മറ്റൊരു കമ്മീഷൻ രൂപീകരിക്കാതെ ന്യൂനപക്ഷ കമ്മീഷനുതന്നെ ആ ജോലികൂടി ചെയ്യാൻ കഴിയും. ആ ഒരു വകുപ്പുകൂടി കൂട്ടിച്ചേർത്ത് ഇന്ന് ഈ സഭ പ്രകടിപ്പിച്ച വികാരങ്ങൾക്കനുസൃതമായി നമ്മുടെ ദേശത്തിന്റെ, അല്ലെങ്കിൽ രാജ്യത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളിൽ എല്ലാവിധ ജനവിഭാഗങ്ങളേയും ഇൻക്ലൂസീവാക്കി മാറ്റാനുള്ള ദേശാഭിമാന പ്രചോദിതമായ ഒരു മഹാലക്ഷ്യം നേടുന്നതിന് ചരിത്രപരമായ കാരണങ്ങളാൽ പിന്നോക്കം പോകേണ്ടിവന്ന ഈ ജനതയ്ക്ക് അവസരം കൊടുക്കാൻ ഈ സഭയുടെ പൂർണ്ണമനസ്സുണ്ടാകും എന്ന പ്രതീക്ഷയോടുകൂടി ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2003 മാർച്ച് 4-നു ചേർന്ന നാഷണൽ മൈനോറിറ്റി കമ്മീഷൻ എല്ലാ സംസ്ഥാനങ്ങളിലും സ്റ്റാറ്റ്യൂട്ടറി പവറോടുകൂടിയ മൈനോറിറ്റി കമ്മീഷൻ രൂപീകരിക്കാൻ നിർദ്ദേശിച്ചു. അന്നത്തെ യു.ഡി.എഫ്. സർക്കാർ അധിക സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് മൈനോറിറ്റി കമ്മീഷൻ രൂപീകരിക്കുന്നത് നീട്ടിവയ്ക്കുകയാണ് ചെയ്തത്. എന്നാൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 'പാലൊളി കമ്മീഷൻ' ശുപാർശ അനുസരിച്ച് തത്സംബന്ധമായ കാര്യത്തിൽ ഓർഡിനൻസ് പുറപ്പെടുവിച്ച് അനുമതിക്കായി ഗവർണ്ണർക്ക് അയയ്ക്കുകയും ബിൽ നിയമസഭാ സെക്രട്ടറിക്ക്

സർക്കുലേറ്റ് ചെയ്യുകയും ചെയ്തിരുന്നു. ദൗർഭാഗ്യവശാൽ തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുകയാണെന്ന ന്യായം പറഞ്ഞ് ഗവർണ്ണർ പ്രസ്തുത ഓർഡിനൻസ് തിരിച്ചയയ്ക്കുകയാണുണ്ടായത്. അന്ന് കരട് തയ്യാറാക്കപ്പെട്ട ബില്ലാണ് ഇപ്പോൾ ഈ സർക്കാർ അധികാരത്തിൽ വന്ന് രണ്ടരവർഷം കഴിഞ്ഞ് അവതരിപ്പിച്ചിരിക്കുന്നത്. ഇന്ത്യയിലെ മുസ്ലിം ജനവിഭാഗത്തിന്റെ പിന്നോക്കാവസ്ഥയെ സംബന്ധിച്ച് പഠിക്കുന്നതിനായി ജസ്റ്റിസ് രജീന്ദർ സച്ചാർ ചെയർമാനായി ഇടതുപക്ഷ പിന്തുണയോടെ അധികാരത്തിൽ വന്ന ഒന്നാം യു.പി.എ. സർക്കാർ ഒരു കമ്മീഷനെ 2005 മാർച്ച് 9-ന് നിയോഗിച്ചു. പ്രസ്തുത കമ്മീഷൻ 18 മാസം സമഗ്രമായ വിവര ശേഖരണം നടത്തിയതിനുശേഷം 2006 നവംബർ 17-ന് അന്തിമറിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. 2006 നവംബർ 30-ന് സച്ചാർ കമ്മിറ്റി റിപ്പോർട്ട് പാർലമെന്റിന്റെ മേശപ്പുറത്തുവച്ചെങ്കിലും ശുപാർശകൾ ക്രിയാത്മകമായി നടപ്പിലാക്കാനുള്ള നടപടിക്രമങ്ങളൊന്നും സർക്കാർ കൈക്കൊണ്ടില്ല. എന്നാൽ കേരളവും ബംഗാളും സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഗൗരവപൂർവ്വം ആലോചിച്ചു. ഇതിന്റെ ഫലമായാണ് കേരളത്തിൽ മുൻമന്ത്രി ശ്രീ. പാലൊളി മുഹമ്മദുകുട്ടി ചെയർമാനായി 2007 ഒക്ടോബർ 10-ന് ഒരു കമ്മിറ്റിയെ അന്നത്തെ എൽ.ഡി.എഫ്. സർക്കാർ നിയോഗിച്ചത്. 2008 ഫെബ്രുവരി 21-ന് സമയബന്ധിതമായി പാലൊളി കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് 06-05-2008 -ലെ ജി.ഒ. പ്രകാരം എൽ.ഡി.എഫ്. സർക്കാർ പൂർണ്ണമായും അംഗീകരിച്ചു. 2008 മേയ് മാസത്തിൽ സംസ്ഥാന സെക്രട്ടേറിയറ്റിലെ പൊതുഭരണ വകു

പ്പിൽ 'പാലൊളി കമ്മിറ്റി' റിപ്പോർട്ട് നടപ്പിലാക്കുന്നതിന് നേതൃത്വം നൽകാൻ അണ്ടർ സെക്രട്ടറിയുടെ കീഴിൽ ന്യൂനപക്ഷ സെൽ രൂപീകരിച്ചു. 'പാലൊളി കമ്മിറ്റി' റിപ്പോർട്ടിലെ ശുപാർശകളിൽ 75 ശതമാനവും കഴിഞ്ഞ വി. എസ്. അച്ചുതാനന്ദൻ സർക്കാറിന്റെ കാലത്ത് നടപ്പിലാക്കുകയുണ്ടായി.

ഏറ്റവും പ്രധാനപ്പെട്ട ചില കാര്യങ്ങൾ ശ്രീ. എ.കെ. ബാലൻ ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ അത് ആവർത്തിക്കാനാഗ്രഹിക്കുന്നില്ല. പിന്നോക്ക –അധ:സ്ഥിത–പാർശ്വവൽകൃത–ജനവിഭാഗങ്ങൾക്ക് അവരുടെ അവകാശങ്ങൾ ലഭിക്കാതിരിക്കാനുള്ള കാരണം നമ്മുടെ രാജ്യത്ത് നിയമങ്ങളില്ലാത്തതിന്റെ കുറവല്ല, എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് സംവരണമുൾപ്പെടെ ധാരാളം ആനുകൂല്യങ്ങൾ ഭരണഘടന ഉറപ്പ് നൽകിയിട്ടുണ്ട്, നിയമങ്ങൾ നില നിൽക്കുന്നുമുണ്ട് എന്നാൽപോലും അവരുടെ പുരോഗതി എന്തുമാത്രമാണ് സാധ്യമായത് എന്നുള്ളതിനെ സംബന്ധിച്ച് സഗൗരവം നാം ആലോചിക്കേണ്ട തായിട്ടുണ്ട്. മൈനോറിറ്റി ആന്റ് മെജോറിറ്റി, ഭൂരിപക്ഷം–ന്യൂനപക്ഷം എന്നുള്ള പദപ്രയോഗം തന്നെ നമ്മുടെ രാജ്യത്ത് ചർച്ച ചെയ്യപ്പെടുന്നത് കോളനിവൽക്കരണത്തിനുശേഷമാണ്. കോളനിവൽക്കരണത്തോടു കൂടിയാണ് മെജോറിറ്റി ആന്റ് മൈനോറിറ്റി എന്നുള്ള വാക്കുകൾ തന്നെ പ്ര ചാരം നേടുന്നത്. ഇന്ന് മൈനോരിറ്റി എന്ന് വിശേഷിപ്പിക്കപ്പെടുന്ന വിഭാഗങ്ങ ളൊക്കെത്തന്നെ ഈ രാജ്യം പതിറ്റാണ്ടുകൾ ഭരണം നടത്തിയിട്ടുള്ള വിഭാഗ ങ്ങളാണ്. ഇന്ത്യയിൽ നിലനിൽക്കുന്ന മതേതരമായ കാഴ്ചപ്പാടിന് അതു തന്നെ ഏറ്റവും നല്ല ഉദാഹരണവുമാണ്. ഇന്ത്യയ്ക്ക് ഒരു ഭരണഘടന ഉണ്ടാ യതിനുശേഷമാണ് മതേതര സ്വാതന്ത്ര്യമായതെന്ന് ചിലരെങ്കിലും പറയാറുണ്ട്.

അത് സത്യത്തിൽ ചരിത്രം യഥാവിധി അറിയാത്തതുകൊണ്ട് പറയുന്നതാണ്. അശോകന്റെ ശിലാഫലകങ്ങളിൽ നിന്ന് ഇന്ത്യയുടെ മതേതരത്വത്തിന്റെ ആദ്യ പാഠങ്ങൾ നമ്മൾ വായിച്ചെടുത്തിട്ടുള്ളതാണ്. ഒരുപാട് കൺവേർഷൻസ് നട ന്നിട്ടുള്ള രാജ്യമാണ് നമ്മുടെ നാട്. വിവിധ മത–ജനവിഭാഗങ്ങൾ ഇന്ത്യയിലേ യ്ക്ക് വന്നു, ഇന്ത്യയിലുണ്ടായിരുന്ന ഹൈന്ദവ സമുദായങ്ങളാണ് ഇസ്ലാമിലേയ്ക്കും ക്രിസ്ത്യാനിയിലേയ്ക്കും ബുദ്ധമതത്തിലേക്കും ജൈനമത ത്തിലേക്കുമെല്ലാം പോകുന്നത്. ആ കൺവേർഷൻസ് ഒന്നും തന്നെ നമ്മുടെ രാജ്യത്ത് ഒരു തരത്തിലുള്ള സംഘർഷമോ കലാപമോ സൃഷ്ടിച്ചിട്ടില്ല. എത്രയോ നൂറ്റാണ്ടുകൾ, ഈ രാജ്യത്ത് വ്യത്യസ്ത ജനവിഭാഗങ്ങൾ വളരെ സൗഹാർദ്ദപരമായിട്ടായിരുന്നു കഴിഞ്ഞിരുന്നത്. അശോക ചക്രവർത്തി ഇന്ത്യയിൽ ഭരണം നടത്തിയിരുന്ന കാലം, അദ്ദേഹം ഹിന്ദുമതം പരിത്യജിച്ച് ബുദ്ധമതം സ്വീകരിച്ചു. ഒരു രാജ്യത്ത് ഭൂരിപക്ഷ മതവിഭാഗക്കാരുടെ മതം പരിത്യജിച്ച് ആരെങ്കിലും മറ്റൊരു മതം വരിച്ചാൽ സാധാരണ രീതിയിൽ അയാളെ പിന്നീട് ഭരണത്തിൽ തുടരാൻ ബന്ധപ്പെട്ട മതവിഭാഗക്കാർ അനുവ ദിക്കാറില്ല. പക്ഷേ, അശോകചക്രവർത്തിയെ ചക്രവർത്തി സ്ഥാനത്ത് നിന്ന് മാറ്റണമെന്ന് അക്കാലത്ത് ഒരാവശ്യം ഉയർന്നതായി അറിവില്ല. നീണ്ട 800 വർഷക്കാലം ഇടതടവില്ലാതെ മുസ്ലീം രാജാക്കന്മാർ ഡൽഹിയിൽ ഭരണം നട ത്തി. ഈ 800 വർഷക്കാലത്തിനിടയിൽ ഒരിക്കൽ പോലും മുസ്ലീം രാജാക്ക ന്മാർക്ക്, മുസ്ലീം ചക്രവർത്തിമാർക്ക് ഞങ്ങളെ ഭരിക്കാൻ എന്താണ് അവ കാശം? അവർ ഞങ്ങളുടെ മതക്കാരല്ലല്ലോ, ഞങ്ങളുടെ വിഭാഗത്തിൽപ്പെട്ടവ രല്ലല്ലോ, എന്ന് ഒരാളുപോലും ഈ രാജ്യത്ത് ആലോചിക്കുകയോ ചിന്തിക്കു കയോ ചെയ്തിട്ടില്ല. അവർ നടത്തിയ കലാപമോ സംഘർഷമോ ആയിരുന്നി

ല്ല മുസ്ലീം ഭരണം അവസാനിക്കുന്നതിലേയ്ക്ക് നമ്മുടെ രാജ്യത്തെ നയിച്ചത്. 1857–ലെ ഇന്ത്യയുടെ മഹത്തായ ഒന്നാം സ്വാതന്ത്ര്യസമരം അടിച്ചമർത്തി അവസാനത്തെ മുഗൾ ചക്രവർത്തിയായിരുന്ന ബഹദൂർ ഷാ സഫറിനെ റങ്കൂണിലേയ്ക്ക് നാടുകടത്തിയതോടുകൂടിയാണ് 800 വർഷക്കാലം ഇന്ത്യയിൽ നിലനിന്നിരുന്ന മുസ്ലീം ഭരണത്തിന് അന്ത്യം കുറിച്ചത്. പിന്നീട് നമ്മുടെ രാജ്യത്ത് ബ്രിട്ടീഷ് ഭരണം സ്ഥാപിക്കപ്പെട്ടു. വിശ്വാസം കൊണ്ട് ബ്രിട്ടീഷുകാർ ക്രൈസ്തവരാണ്. 1857–നുശേഷം, 90 വർഷക്കാലം സ്വാതന്ത്ര്യം കിട്ടുന്നതുവരെ ബ്രിട്ടീഷുകാരാണ് ഇന്ത്യ ഭരിച്ചത്. ഒരുപാട് സമരങ്ങൾ അവർക്കെതിരായി നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുണ്ട്. ഒരിക്കൽ പോലും നമ്മുടെ ദേശീയ സ്വാതന്ത്ര്യ സമരപോരാട്ടവീഥിയിൽ ക്രിസ്ത്യാനികളായ ബ്രിട്ടീഷുകാർ രാജ്യം വിട്ട് പോകണമെന്ന് ആരും പറഞ്ഞതായി നമുക്ക് കേട്ടുകേൾവിയില്ല. മതം, ജാതി, മൈനോറിറ്റി, മെജോറിറ്റി ഇതൊന്നും നമ്മുടെ നാട്ടിൽ ഒരു വിഷയമോ, ഒരു പ്രശ്നമോ ആയിരുന്നില്ല. കോളനിവൽക്കരണം ആരംഭിച്ചതോടുകൂടിയാണ് ഓരോ വിഭാഗത്തേയും പ്രീണിപ്പിക്കുവാൻ ബ്രിട്ടീഷുകാർ അവരുടെ അധികാരം നിലനിർത്തുന്നതിനുവേണ്ടി പല ശ്രമങ്ങളും നടത്തിയത്. ആ ശ്രമങ്ങളാണ് ഇത്തരത്തിലുള്ള ചിന്തകൾ നമ്മുടെ നാട്ടിൽ ഉണ്ടാക്കിയത്. മതാടിസ്ഥാനത്തിലുള്ള ഇന്ത്യയുടെ വിഭജനം ശക്തിപ്പെടുത്തുന്ന സ്ഥിതിയാണ് നമ്മുടെ നാട്ടിൽ ഉണ്ടാക്കിയത്. മഹാത്മാഗാന്ധി 'ക്വിറ്റ് ഇന്ത്യാ സമരം' പ്രഖ്യാപിച്ചു. ആ സമയത്താണ് മുഹമ്മദാലി ജിന്ന മറ്റൊരു മുദ്രാവാക്യമുയർത്തി ആ മുദ്രാവക്യത്തെ എതിർക്കുന്നത്. 'Divide and Quit' ബ്രിട്ടീഷുകാരോട് ഇന്ത്യവിട്ട് പോകണമെന്ന് മഹാത്മാഗാന്ധി പറഞ്ഞപ്പോൾ മുഹമ്മദാലി ജിന്ന അതിനെതാരയിട്ടുള്ള മുദ്രാവാക്യം മുഴക്കികൊണ്ട് പറഞ്ഞത് 'Quit

divide and quit' എന്നാണ്. 'രാജ്യം വിഭജിച്ച് ഇന്ത്യവിട്ടുപോകുക'. അങ്ങനെ പാകിസ്ഥാൻ എന്ന രാജ്യമുണ്ടായി. ആ രാജ്യത്തിന്റെ ഉൽഭവം പോലും ഇന്ത്യയിലെ മുസ്ലീങ്ങൾക്കോ പാക്കിസ്ഥാനിലെ മുസ്ലീങ്ങൾക്കോ ഗുണം ചെയ്തില്ലായെന്നുള്ളതാണ് ആ രാജ്യത്തെന്റെ ഹിതപര്യന്തമുള്ള ചരിത്രം വിശകലനം ചെയ്താൽ ബോദ്ധ്യമാകുന്നത്. ഇന്ത്യയിൽ ഒരുപാട് മത ന്യൂനപക്ഷങ്ങൾ ഉണ്ട്. എന്നാൽപോലും, പലപ്പോഴും ചർച്ചകൾക്ക് വിധേയമാക്കപ്പെടുന്നത് മുസ്ലീം ന്യൂനപക്ഷമാണ്. അതിന്റെ കാരണങ്ങളിലൊന്ന്, നേരത്തെ സൂചിപ്പിച്ചതുപോലെ മതാടിസ്ഥാനത്തിൽ നമ്മുടെ രാജ്യം വിഭജിക്കപ്പെട്ടപ്പോൾ, മുസ്ലീങ്ങൾക്ക് ഒരു രാജ്യമെന്നുള്ള രീതിയിൽ പാകിസ്ഥാൻ രൂപം കൊണ്ടതുകൊണ്ടാണ്. ഇന്ത്യയിലെ മുസ്ലീങ്ങൾക്കും ഇന്ത്യയിൽ നിന്നും പാക്കിസ്ഥാനിലേയ്ക്ക് പ്രതീക്ഷകളോടുകൂടി ചേക്കേറിയവർക്കും, പാകിസ്ഥാനിൽ ഒരു രക്ഷയുമുണ്ടായില്ല. അവസാനം, ഇന്ത്യയുടെ ഇന്നത്തെ ഭൂപ്രദേശങ്ങളിൽ നിന്ന് പാകിസ്ഥാൻ വിഭജനത്തെത്തുടർന്ന് അങ്ങോട്ടുപോയ മുസ്ലീങ്ങൾ പാക്കിസ്ഥാനിൽ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ച് കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു രാഷ്ട്രീയപാർട്ടിക്ക് അവിടെ രൂപം നൽകുകയുണ്ടായി. **മുഹാജ്ജിർ കൗമി മൂവ്മെന്റ്** എന്നായിരുന്നു ആ രാഷ്ട്രീയ പാർട്ടിയുടെ പേര്. ആ പാർട്ടിയുടെ നേതാവായിരുന്നു അൽതാഫ് ഹുസൈൻ. അദ്ദേഹം അക്കാലത്ത് പാകിസ്ഥാനിൽ ഉയർത്തിയ ഒരു മുദ്രാവാക്യമുണ്ട്. 'We want equality with the first grade citizens of Pakistan'. 'പാകിസ്ഥാനിലെ ഒന്നാംതരം പൗരന്മാരെപോലെ ഞങ്ങളേയും ഗണിക്കണം'. ഇന്ത്യയിൽ നിന്ന് പാകിസ്ഥാനിലേയ്ക്ക് ഏറെ പ്രതീക്ഷകളോടുകൂടി കുടിയേറിപ്പാർത്ത

മുസ്ലീങ്ങൾക്ക് പാകിസ്ഥാനിൽ പോലും ഒരു രക്ഷ നൽകാൻ അവിടത്തെ ഭരണകൂടത്തിന് സാധിച്ചില്ല.

ശ്രീ. ജി. സുധാകരൻ: ശ്രീ. റ്റി.എ. അഹമ്മദ് കബീർ പ്രസംഗിച്ചപ്പോൾ ചോദിക്കണമെന്നുണ്ടായിരുന്നു. ഞാൻ ചോദിച്ചില്ല. അദ്ദേഹം ഒരു വശം മാത്രമേ പ്രസംഗിച്ചുള്ളൂ. അദ്ദേഹം പ്രസംഗിച്ചപ്പോൾ പറയേണ്ട ചില കാര്യങ്ങൾ പറയാൻ കഴിഞ്ഞില്ല. അത് അദ്ദേഹത്തിന്റെ കഴിവ് കുറവുകൊണ്ടല്ല. ഞാൻ അത് പൂരിപ്പിക്കുകയാണ്. പാകിസ്ഥാൻ ഉണ്ടായ കാര്യവും, മുസ്ലീങ്ങളെ മുഴുവൻ സ്വന്തം മാതൃരാജ്യമാണെന്നുള്ള ചിന്തയുണ്ടാക്കിയ കാര്യമൊക്കെ അങ്ങ് പറഞ്ഞു. പാകിസ്ഥാൻ ഉണ്ടാകാനുള്ള കാരണം, കോൺഗ്രസ്സിനകത്തെ ഹിന്ദുവർഗ്ഗീയതയാണെന്ന യാഥാർത്ഥ്യം മുസ്ലീം ലീഗ് പറയേണ്ടതാണ്. അങ്ങ് ഒരു പ്രൊഫസർ മാത്രമല്ല, ഇക്കാര്യത്തിൽ വലിയൊരു ഗവേഷകൻ കൂടിയാണെന്ന കാര്യം എനിക്കറിയാം. പാകിസ്ഥാന്റെ രാഷ്ട്രപിതാവായ മുഹമ്മദാലി ജിന്ന മഹാത്മാ ഗാന്ധിയെക്കാൾ നേരത്തെ കോൺഗ്രസ്സിൽ ചേരുകയും അതിൽ അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിച്ചിരിക്കുമ്പോഴാണ് മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽ വരുന്നത്. അദ്ദേഹത്തിന്റെ പാരമ്പര്യമാണ് ഞാൻ പറഞ്ഞത്. അദ്ദേഹം പള്ളികളിൽ പോയി നിസ്ക്കരിക്കാറൊന്നുമില്ല, പക്ഷെ അദ്ദേഹം മുസ്ലീം തന്നെയാണ്. അദ്ദേഹം അവിഭക്ത ഇന്ത്യയ്ക്ക് വേണ്ടി പോരാടി. പക്ഷെ, ഇന്ത്യ ഒന്നായിരുന്നാൽ മതി വിഭജിക്കേണ്ടതില്ലായെന്ന് ആദ്യത്തെ റൗണ്ട് ടേബിൾ കോൺഫറൻസിൽ തെളിവുകൊടുത്ത ആളാണ് അദ്ദേഹം. അദ്ദേഹമാണ് പിന്നീട് പാകിസ്ഥാൻ വിഭജന പ്രമേയം അവതരിപ്പിച്ചത്, അതിന്റെ വക്താവായത് ഒടുവിലാണ്, 1935-ലെ ബ്രിട്ടീഷ്

പ്രവിശ്യകളിലേയ്ക്ക് ബ്രിട്ടീഷ് ഗവൺമെന്റ് നടത്തിയ തെരഞ്ഞെടുപ്പ്. തിരുവിതാംകൂറിൽ രാജവാഴ്ച ആയിരുന്നു. അതുകൊണ്ട് അത് ഇവിടെ നടന്നില്ല. പക്ഷെ മദ്രാസിലും, ബോംബയിലും, ബീഹാറിലും, ഡെൽഹിയിലും, കൽക്കട്ടയിലും തെരഞ്ഞെടുപ്പ് നടന്നു. മുസ്ലീം ലീഗുമായി ചേർന്നാണ് കോൺഗ്രസ്സ് മത്സരം നടത്തിയത്. ജയിച്ച് കഴിഞ്ഞ്, ഗവൺമെന്റിൽ ചേരണ്ട എന്ന് നിങ്ങളോട് പറഞ്ഞോ? കോൺഗ്രസ്സ് വർഗ്ഗിയപാർട്ടിയാണെന്ന് പറഞ്ഞു ഒറ്റ ഗവൺമെന്റിലും ചേർത്തില്ല. പലയിടത്തും ലീഗ് ഇല്ലാതെതന്നെ ഭൂരിപക്ഷമുള്ളതുകൊണ്ട് അവർ അങ്ങോട്ട് ഭരിച്ചു. 1960–ൽ സീതി സാഹിബിന്റെ തൊപ്പി ഊരി വച്ച കാര്യം ഞാൻ കൂട്ടിച്ചേർക്കുന്നില്ല. എന്നാൽ യാഥാർത്ഥ്യമാണത്. നിങ്ങൾ മുസ്ലീങ്ങളെ ചതിച്ച കാര്യമാണ് പറയുന്നത്. മുസ്ലീം ജനവിഭാഗത്തിന്റെ നല്ലൊരു വിഭാഗം പിന്തുണയും നിങ്ങൾക്കുള്ളതുകൊണ്ട് മുസ്ലീങ്ങളുടെ മെജോരിറ്റിയുള്ള പാർട്ടിയാണ് ഞങ്ങളുടേതെന്ന് അംഗീകരിച്ചുകൊണ്ട് തന്നെ മുസ്ലീങ്ങൾക്കെതിരെ നിലപാടെടുക്കുന്നത് കോൺഗ്രസ്സിന്റെ വർഗ്ഗീയ ശക്തിയാണ്. ഇന്ന് സോഫ്ട് ഹിന്ദുവാണ് എന്ന് പറയുന്ന കോൺഗ്രസ്സ് നേതൃത്വത്തിന്റെ ഒരു വിഭാഗം ഹാർഡ് ഹിന്ദുവായിരുന്നു ബി.ജെ.പി. ഉണ്ടാകുന്നതിനുമുമ്പ്. അപ്പോൾ അന്ന് ആർ.എസ്.എസ്–ന് ജനപിന്തുണ ഇല്ലായിരുന്നു. 1952–ൽ മൂന്ന് ശതമാനം വോട്ടാണ് ജനസംഘത്തിനുള്ളത്. എഴുപത്തിയഞ്ച് ശതമാനം വോട്ട് ബി.ജെ.പി. ആയതിനുശേഷമാണ്. മുസ്ലീങ്ങളോട് ഇങ്ങനെയൊരു നിലപാടാണ് അധികാരം കിട്ടിയാൽ സമ്പൂർണ്ണ അധികാരം കോൺഗ്രസ്സ് എടുക്കുന്ന സംശയം ഫലപ്പെട്ടു. അതിന്റെ ഫലമായി മുഹമ്മദാലി ജിന്ന പാകിസ്ഥാൻ വാദത്തെ അംഗീകരിച്ചത്. മുസ്ലീം വിഭാഗത്തിലെ തീവ്രവാദികളെ ആ നിലയിൽ പ്രത്യേക രാജ്യ

ത്തിനുവേണ്ടി ആട്ടിയോടിച്ചത് കോൺഗ്രസ്സിനകത്തെ ഹിന്ദു തീവ്രവാദികളായിരുന്നു. അവരാണ് ഇന്നും നരേന്ദ്ര മോഡിയെ വളർത്തുന്നത് എന്ന ചരിത്രപരമായ നിരീക്ഷണം അങ്ങ് ദയവായി തുടങ്ങണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഡോ. കെ.ടി. ജലീൽ: കോൺഗ്രസ്സിന്റെ മൃദുല ഹിന്ദുത്വ സമീപനമാണ് ഒരുപാട് പ്രശ്നങ്ങൾ നമ്മുടെ രാജ്യത്ത് ഉണ്ടാക്കിയത് എന്ന ശ്രീ. ജി. സുധാകരന്റെ നിരീക്ഷണത്തോട് ഞാൻ യോജിക്കുകയാണ്.

ശ്രീ. പാലോട് രവി: നമ്മുടെ രാജ്യത്തിന്റെ ചരിത്രം അങ്ങ് സഭയെ അറിയിക്കുകയായിരുന്നു. സ്വാതന്ത്ര്യം കിട്ടുന്നതിന് എത്രയോ വർഷങ്ങൾക്ക് മുമ്പുള്ള ഏഴെട്ട് നൂറ്റാണ്ടിലെ ചരിത്രമാണ് അങ്ങ് ഇവിടെ പ്രസംഗിച്ചത്. അങ്ങേയ്ക്ക് അറിയാമല്ലോ, ദേശീയ സ്വാതന്ത്ര്യ സമരം നയിച്ചത് ഗാന്ധിജിയും ജവഹർലാൽ നെഹ്റുവും ഉൾപ്പെടെയുള്ള നേതാക്കളായിരുന്നു. ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യം കിട്ടി, ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റു ഈ രാജ്യത്തുണ്ടാക്കിയ ആദ്യത്തെ അണക്കെട്ട് ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം ലോകത്തോട് പ്രസംഗിച്ചത് ഞാൻ എന്നോട് ചോദിച്ച സകല ചോദ്യങ്ങൾക്കും ഞാൻ ഇവിടെ വച്ച് ഉത്തരം നൽകാൻ ആഗ്രഹിക്കുന്നു. മിസ്റ്റർ നെഹ്റു, നിങ്ങൾ ഈശ്വര വിശ്വാസിയാണോ, നിങ്ങൾ മതവിശ്വാസിയാണോ, നിങ്ങൾ അമ്പലത്തിൽ പോകാറുണ്ടോ, നിങ്ങൾ പള്ളിയിൽ പോകാറുണ്ടോ, നിങ്ങൾ ഗുരുദ്വാറിൽ പോകാറുണ്ടോ എന്നീ ചോദ്യങ്ങൾക്കെല്ലാം ഞാൻ ഇവിടെ നിന്ന് ഉത്തരം പറയുന്നു കോൺഗ്രസ്സിന്റെ പ്രധാനമന്ത്രി എന്റെ ജാതിയും, മതവും, പള്ളിയും, അമ്പലവും, ഗുരുദ്വാറും, എല്ലാമെല്ലാം പാവപ്പെട്ടവർ പണിയെടുത്ത ഈ അണക്കെട്ടാണെന്ന് പ്രഖ്യാപിച്ച ജവഹർലാൽ നെഹ്റുവിന്റെ പാരമ്പര്യമാണ് ഈ

രാജ്യത്തിനും കോൺഗ്രസ്സിനുമുള്ളതെന്ന കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ. അങ്ങും പ്രസംഗിക്കുന്നതല്ലേയിത്?

ശ്രീ. ജി. സുധാകരൻ: സർ, നെഹ്റുവിന്റെ കാര്യം ഞങ്ങൾ തർക്കിച്ചിട്ടില്ല. ഇവിടത്തെ പ്രശ്നം അതല്ല. അമ്പലങ്ങളായ അമ്പലങ്ങളിലെല്ലാം പോയി ഉരുളുന്ന കെ.പി.സി.സി പ്രസിഡന്റ് ആഭ്യന്തര വകുപ്പുമന്ത്രിയാണ്. അദ്ദേഹം പള്ളിയിൽ പോയി ഉരുളുന്നുണ്ടോ? ദൈവ വിശ്വാസത്തിന് ഉരുളണമെന്നില്ല. ദൈവ വിശ്വാസിയായ മഹാത്മാഗാന്ധി അമ്പലത്തിൽ പോയിട്ടില്ല. ജനങ്ങൾ അമ്പലത്തിൽ പോകുന്നതിൽ ഞങ്ങൾക്കെതിർപ്പില്ല. നിങ്ങളെന്തിനാണ് പോകുന്നത്, നിങ്ങൾക്കെന്ത് വിശ്വാസമാണ്; നിങ്ങൾ കോൺഗ്രസുകാരല്ലേ? മുസ്ലീം പള്ളിയിലും ക്രിസ്ത്യൻ പള്ളിയിലും പോകാതെ അമ്പലങ്ങളിൽ ഉരുളാൻ നേതാവ് പോകരുത്, ജനങ്ങൾ പോകട്ടെ. അങ്ങനെയായിരുന്നു പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും മഹാത്മാ ഗാന്ധിജിയും സ്വാമി വിവേകാനന്ദനും. ഞങ്ങളുടെ പാത അംഗീകരിക്കുക. പോകരുതെന്നല്ല ഞങ്ങൾ പറയുന്നത്. നമ്മൾ അമ്പലത്തിൽ പോകുന്നത് വോട്ടുപിടിക്കാനാണ്. അല്ലാതെ ഭക്തിയുണ്ടായിട്ടല്ല ശ്രീ. രമേശ് ചെന്നിത്തല അമ്പലത്തിൽ പോകുന്നത്.

മി. ചെയർമാൻ: ഡോ. കെ.ടി. ജലീൽ, താങ്കൾക്ക് പ്രസംഗം തുടരാവുന്നതാണ്.

ശ്രീ. വി.എസ്. സുനിൽകുമാർ: മൃദു ഹിന്ദു സമീപനത്തെക്കുറിച്ച് പറയുമ്പോൾ പ്രകോപിതരായിട്ട് കാര്യമില്ല. സ്വാമി വിവേകാനന്ദന്റെ 150-ാം ജന്മവാർഷികവുമായി ബന്ധപ്പെട്ട് ഇന്നലെ നടന്ന ചർച്ചയിൽ നിങ്ങൾ എല്ലാ കാര്യങ്ങളും ആർ.എസ്.എസ്-നെ ഏൽപ്പിച്ചതായി പറയുകയുണ്ടായി, സ്വാമി

വിവേകാനന്ദനെക്കുറിച്ച് നിങ്ങൾക്ക് ലഭിച്ച പുസ്തകം വായിച്ചിരുന്നോ? ആ പുസ്തകം എഴുതിയത് ആരാണ്; അത് എഴുതുന്നതിനായി നിങ്ങൾ ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്? ആർ.എസ്.എസ്-ന്റെ തപസ്യയുടെ ഭാരതീയ വിചാര കേന്ദ്രത്തിന്റെ ഡയറക്ടറായ ശ്രീ. പി.പരമേശ്വരനെ നിങ്ങൾ ഏൽപ്പിക്കുമ്പോൾ നിങ്ങളുടെ മനസിലുണ്ടായിരുന്ന ധാരണ എന്താണ്. ഇവിടെ എത്രയോ ആത്മീയാചാര്യന്മാരുണ്ടായിരുന്നു. ഭാരതീയ വിചാര കേന്ദ്രത്തിന്റെ ഡയറക്ടറെത്തന്നെ തെരഞ്ഞെടുത്ത് ഇത് ഏൽപ്പിച്ചപ്പോൾ നിങ്ങളുടെ ഉള്ളിലിരുപ്പെന്താണെന്ന് മനസ്സിലായി. അത് മൃദുല ഹിന്ദുത്വമാണെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. കെ. മുരളീധരൻ: സർ, പി.പരമേശ്വരൻ അംഗമായിരുന്ന ട്രസ്റ്റിനാണ് കവടിയാറിൽ സ്വാമി വിവേകാനന്ദന്റെ പ്രതിമ സ്ഥാപിക്കുന്നതിനുള്ള അനുവാദം തിരുവനന്തപുരം കോർപ്പറേഷൻ നൽകിയത്. അതിന്റെ ഉദ്ഘാടന ചടങ്ങിൽ ശ്രീ. പി. പരമേശ്വരൻ മേയറാണ് ഇത് ഏൽപ്പിച്ചതെന്നും രാഷ്ട്രീയ കാരണങ്ങളാലാണ് മേയർ ചടങ്ങിൽ പങ്കെടുക്കാത്തതെന്നും പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ചെയർമാൻ: ശ്രീ. കെ.ടി. ജലീൽ, അങ്ങ് പ്രസംഗം തുടരണം.

ഡോ. കെ.ടി. ജലീൽ: സർ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ അംഗീകരിക്കാതിരിക്കാൻ ഇന്ത്യയിൽ ആർക്കാണ് സാധിക്കുക. ഭക്ര, നംഗൽ എന്നീ രണ്ട് അണക്കെട്ടുകളുടെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തുകൊണ്ട് ജവഹർലാൽ നെഹ്റു ചെയ്ത വിഖ്യാതമായ പ്രസംഗത്തെക്കുറിച്ച് ശ്രീ. പാലോട് രവി പറഞ്ഞു. അത് എല്ലാവരെയും കോൾമയിർ കൊള്ളിക്കുന്നതാണ്. If anybody wants to see God they may come here this is the

sanctum sanctorum of India. ആർക്കെങ്കിലും ലോകത്ത് ദൈവത്തെ കാണ ണമെന്നുണ്ടെങ്കിൽ അവർക്കിവിടെ വരാം, ഇതാണ് ഇന്ത്യയുടെ ശ്രീകോവിൽ. ലക്ഷക്കണക്കിന് ഹെക്ടർ ഭൂമിയെ കാർഷിക സമൃദ്ധമാക്കാനുതകുന്ന രണ്ട് അണക്കെട്ടുകളെ ചൂണ്ടിയാണ് നെഹ്റു ഇങ്ങനെ പ്രഖ്യാപിച്ചത്. കോടിക്കണ ക്കിന് മനുഷ്യർക്ക് ദാഹജലം പ്രദാനം ചെയ്യാനുതകുന്ന രണ്ട് അണക്കെട്ടുക ളെക്കുറിച്ച് നെഹ്റു ഇങ്ങനെ പ്രസ്താവിച്ചപ്പോൾ അതിനെതിരായി നമ്മുടെ രാജ്യത്ത് സമുദായ നേതാക്കളോ മതവിഭാഗമോ പ്രതിഷേധിച്ചില്ല. മുഖ്യമ ന്ത്രിയോ പ്രധാനമന്ത്രിയോ അതിന് സമാനമായ പ്രസ്താവന ഇന്ന് നടത്തിയി രുന്നെങ്കിൽ നമ്മുടെ തെരുവുകൾ സമുദായ സംഘടനകളുടെ നേതാക്കൻമാ രെക്കൊണ്ടും അവരുടെ പ്രവർത്തകരെക്കൊണ്ടും നിറയുമായിരുന്നില്ലേ; പ്രതിഷേധവും അമർഷവും അണപൊട്ടിയൊഴുകുമായിരുന്നില്ലേ; അവസാനം ഭരണാധികാരികൾ ആ പ്രസ്താവന പിൻവലിക്കേണ്ട സ്ഥിതിയുണ്ടാകുമായി രുന്നില്ലേ? ആ സാഹചര്യം നമ്മുടെ നാട്ടിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുക യാണ്. 1990 നുശേഷം ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾ വിശിഷ്യാ മുസ്ലീങ്ങളെയാണ് ഏറ്റവും കൂടുതൽ പ്രയാസപ്പെടുത്തുന്നതും സംശയ ത്തിന്റെ കരിനിഴലിൽ നിർത്തപ്പെട്ടിരിക്കുന്നതും. ഇത് ഇന്ത്യയിൽ മാത്രമുണ്ടാ യിട്ടുള്ള കാര്യമല്ല. ലോകാടിസ്ഥാനത്തിലുണ്ടായി ഇന്ത്യയിലേയ്ക്ക് കടന്നു വരുന്ന സ്ഥിതിയാണുണ്ടായത്. ബാബറി മസ്ജിദിന്റെയും വേൾഡ് ട്രേഡ് സെന്ററിന്റെയും തകർച്ചയ്ക്കുശേഷം നമ്മുടെ രാജ്യത്ത് മുസ്ലീം ജനവിഭാഗം അക്കാലമത്രയും സംശയിക്കപ്പെടാത്ത ഒരു സ്ഥിതിയുണ്ടായിരുന്നതിന്റെ അവസ്ഥ പൂർണ്ണമായും മാറി. മതാടിസ്ഥാനത്തിൽ നമ്മുടെ രാജ്യം വിഭജിക്ക പ്പെട്ട കാലത്തുപോലുമുണ്ടാകാതിരുന്ന സാമുദായിക ധ്രുവീകരണമാണ്,

വർഗ്ഗീയമായ ചേരിതിരിവാണ് 1990 നുശേഷം ഇന്ത്യയിലുണ്ടായത്. അതു കൊണ്ടാണ് ദേശീയ മൈനോരിറ്റി കമ്മീഷന് പറയേണ്ടി വന്നത് ഏതാണ്ട് ഒരു ലക്ഷത്തോളം മുസ്ലീം ചെറുപ്പക്കാർ വിവിധ കേസുകളിൽ പ്രതികളാക്കപ്പെട്ട് ഇന്ത്യയുടെ വിവിധ ജയിലുകളിൽ കഴിയുകയാണ്. അവരിൽ പലരും നിര പരാധികളാണെന്ന്. നിരപരാധികളെന്ന് പറഞ്ഞ് വിട്ടയയ്ക്കപ്പെട്ടവർ എത്രയോ ഉണ്ട്. ഏതാണ്ട് ഒരു ലക്ഷത്തോളം വരുന്ന ചെറുപ്പക്കാരുടെ കാര്യ മാണ് നേരത്തെ ശ്രീ. സി. ദിവാകരൻ സംസാരിച്ച അവസരത്തിൽ നാഷണൽ മൈനോരിറ്റി കമ്മീഷന്റെ ഒരു സജഷനായി പുറത്തുവന്ന കാര്യം ഓർമ്മപ്പെടു ത്തിയത്. മുസ്ലീം ജനവിഭാഗത്തിന് ധാരാളം പ്രശ്നങ്ങളും ബുദ്ധിമുട്ടുകളു മുണ്ട്. മറ്റുള്ള മതന്യൂനപക്ഷങ്ങൾക്കും പ്രശ്നങ്ങളുണ്ട്. അത് സാമ്രാജ്യത്വ ത്തിന്റെ ഇടപെടൽമൂലം ലോകാടിസ്ഥാനത്തിലുണ്ടായിട്ടുള്ളത് ഇന്ത്യയിലേ യ്ക്കുകൂടി കടന്നുവന്നിട്ടുള്ളതാണ്. നമ്മുടെ നാട്ടിൽ, പ്രത്യേകിച്ച് നമ്മുടെ രാജ്യത്ത് ധാരാളം ഭികരവാദ തീവ്രവാദ പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. 1990 വരെ ഇന്ത്യയിൽ ഭീകരവാദ തീവ്രവാദ പ്രവർത്തനങ്ങൾ നടക്കാതിരുന്ന തെന്താണ്? സത്യത്തിൽ ഇതൊക്കെ നടത്താമായിരുന്നത് മതാടിസ്ഥാനത്തിൽ നമ്മുടെ നാട് വിഭജിക്കപ്പെട്ട കാലത്താണ്. 90 നുശേഷമുണ്ടായതുപോലെ ബോംബെയിലും ഡൽഹിയിലും മറ്റുള്ള എല്ലാ മെട്രോപൊളിറ്റൻ സിറ്റിക ളിലും ഭീകരപ്രവർത്തനങ്ങളും ബോംബ് സ്ഫോടനങ്ങളും അഭംഗുരം നടക്കുകയും ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതൊരു പുതിയ സാഹചര്യമാണ്. ഈ സാഹചര്യത്തെ അഡ്രസ് ചെയ്യാതെ ഇന്ത്യ യിലെ മതന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങളെ ശാശ്വതമായി പരിഹരിക്കാൻ കഴിയില്ല. മൃദുല ഹിന്ദുത്വ സമീപനം കോൺഗ്രസ് സ്വീകരിക്കുന്നു എന്ന്

വ്യസനത്തോടുകൂടിത്തന്നെയാണ് പറയുന്നത്. ഇന്ത്യയിൽ പണ്ഡിറ്റ് ജവ ഹർലാൽ നെഹ്റുവിന്റെ കാലഘട്ടത്തിൽ വളരെ സുദൃഢമായ മതേതര നില പാട് സ്വീകരിച്ച കോൺഗ്രസ് ആ നിലപാടിൽത്തന്നെ ഉറച്ച് നിൽക്കണമായി രുന്നു എന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. 1949 ൽ ബാബറി മസ്ജി ദിന്റെ മിഹറാബിൽ ഒരു വിഗ്രഹം സ്വയംഭൂവായി എന്ന് കേട്ടപ്പോൾ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു യു.പി യുടെ മുഖ്യമന്ത്രിയായിരുന്ന വല്ലഭ ബന്തിനോട് പറഞ്ഞത് സരയൂ നദിയി ലേയ്ക്ക് ആ വിഗ്രഹം എടുത്ത് എറിയണമെന്നാണ്. അന്ന് കോൺഗ്രസ് വളരെ ശക്തമായ നിലപാട് സ്വീകരിച്ചു. പിൽക്കാലത്ത് ആ സുദൃഢത മതേത രത്വത്തിന്റെ സംരക്ഷണ കാര്യത്തിൽ കോൺഗ്രസിന്റെ ഭാഗത്തുനിന്ന് കണ്ടില്ല. ശിലാന്യാസമുണ്ടായി, 1992-ൽ കോൺഗ്രസിന്റെ പ്രധാനമന്ത്രി നരസിംഹറാവു ഇന്ത്യ ഭരിക്കുന്ന കാലത്ത് ബാബറി മസ്ജിദ് തകർക്കപ്പെടുന്ന സ്ഥിതിയുണ്ടായി. ധാരാളം മൈനോരിറ്റി കമ്മീഷനുകൾ ഇന്ത്യയിൽ ഉണ്ടായി ട്ടുണ്ട്. കോൺഗ്രസിന്റെ പ്രതാപകാലത്തൊന്നുംതന്നെ അത്തരത്തിലൊരു കമ്മീഷൻ രൂപീകരിക്കപ്പെട്ടില്ലെന്നത് നമുക്ക് വിസ്മരിക്കാൻ കഴിയില്ല. കോൺഗ്രസിന് മൂന്നിൽ രണ്ട് ഭൂരിപക്ഷമുണ്ടായ കാലം ഈ രാജ്യത്തുണ്ടായി ട്ടുണ്ട്. കോൺഗ്രസ് വലിയ ഭൂരിപക്ഷത്തോടുകൂടി പതിറ്റാണ്ടുകൾ ഇന്ത്യ ഭരിച്ചിട്ടുണ്ട്. പക്ഷേ ഇന്ത്യയിൽ കോൺഗ്രസ് ഏറ്റവും ദുർബലമായ കാലത്ത് സ്വന്തമായി ഒരു മന്ത്രിസഭയുണ്ടാക്കാൻ സാധ്യമാകാത്ത സാഹചര്യത്തിൽ ഇടതുപക്ഷത്തിന്റെ അറുപതിലധികം എം.പി മാരുടെ പിന്തുണ കോൺഗ്ര സിന് കിട്ടിയതിന്റെയടിസ്ഥാനത്തിൽമാത്രം രൂപംകൊണ്ട ഒന്നാം യു.പി.എ ഗവൺമെന്റാണ് ഇന്ത്യയിലെ മതന്യൂന പക്ഷങ്ങളുടെ വിശിഷ്യാ മുസ്ലീങ്ങ

ളുടെ പ്രശ്നങ്ങൾ അപഗ്രഥിച്ച് പഠിക്കുന്നതിനുവേണ്ടി സച്ചാർ കമ്മിറ്റിയെ നിയോഗിച്ചത്. സച്ചാർ കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ അന്വേഷണങ്ങൾ നടത്തി 18 മാസത്തിനുള്ളിൽത്തന്നെ റിപ്പോർട്ട് കൊടുക്കുകയും അത് പാർല മെന്റിൽ വയ്ക്കുകയും ചെയ്തു. കഴിഞ്ഞ 10 വർഷത്തിനിടയിൽ മൂന്ന് തവണ മാത്രം പ്രസ് കോൺഫറൻസ് വിളിച്ച ഇന്ത്യയുടെ പ്രധാനമന്ത്രി മൂന്നാമത് വിളിച്ച പ്രസ് കോൺഫറൻസിൽ പറഞ്ഞത് സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രിയാത്മകമായ നടപടികളെടുക്കാൻ കഴി ഞ്ഞില്ലെന്നതിൽ ദു:ഖമുണ്ടെന്നാണ്. ഒരു കുറ്റസമ്മതമാണ് ഇന്ത്യയുടെ പ്രധാ നമന്ത്രി നടത്തിയത്. അദ്ദേഹം ശരിയായ രീതിയിൽ വിചാരിച്ചിരുന്നെങ്കിൽ, 10 വർഷക്കാലം അദ്ദേഹമിരുന്ന കാലയളവിൽ തീർച്ചയായും ഒരുപാട് കാര്യ ങ്ങൾ ഈ നാട്ടിൽ ചെയ്യാമായിരുന്നു. അവരത് ചെയ്തില്ല. മറ്റ് കാണങ്ങളു ണ്ടാകാം. ഞാൻ അതിലേയ്ക്കൊന്നും കൂടുതൽ കടക്കാൻ ആഗ്രഹിക്കുന്നില്ല. നീണ്ട 30 വർഷക്കാലം കമ്മ്യൂണിസ്റ്റ് ഭരണം നിലനിന്ന ബംഗാളിലെ മുസ്ലീം ന്യൂനപക്ഷത്തിന്റെ അവസ്ഥയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബംഗാൾ എന്ന സംസ്ഥാനത്തെക്കുറിച്ച് പഠിക്കുമ്പോൾ മനസ്സിലാക്കേണ്ടത് ഇന്ത്യാവിഭജനത്തോടെ ഏതെങ്കിലുമൊരു സംസ്ഥാനം മതാടിസ്ഥാനത്തിൽ രണ്ടായി വിഭജിച്ചിട്ടുണ്ടെങ്കിൽ അത് ബംഗാൾ മാത്രമാണ്. മുസ്ലീങ്ങൾക്ക് ഭൂരി പക്ഷമുള്ള ഈസ്റ്റ് ബംഗാൾ, ഇന്നത്തെ ബംഗ്ലാദേശ് പാകിസ്ഥാനോട് ചേർക്കപ്പെട്ടു. ഹിന്ദുക്കൾക്ക് ഭൂരിപക്ഷമുള്ള പടിഞ്ഞാറൻ ബംഗാൾ ഇന്ത്യ യോടും ചേർക്കപ്പെട്ടു. വലിയ സാമുദായിക കലാപങ്ങൾ നടന്നിട്ടുള്ള പ്രദേശ മായിരുന്നു ബംഗാൾ. സ്വാതന്ത്ര്യാനന്തരം ഏകദേശം 30 വർഷം കോൺഗ്ര

സായിരുന്നു അവിടെ ഭരണം നടത്തിയിരുന്നത്. സിദ്ധാർത്ഥ ശങ്കർ റെയായിരുന്നു അവിടത്തെ അവസാന കോൺഗ്രസ് മുഖ്യമന്ത്രി. പിന്നീട് 30 വർഷക്കാലം കമ്മ്യൂണിസ്റ്റ് ഭരണം നിലനിന്നു.

അതുകൊണ്ട് എന്ത് നേട്ടമുണ്ടായെന്ന് ചോദിക്കുന്ന സുഹൃത്തുക്കളോട്, 30 വർഷം കലാപകലുഷിതമായിരുന്ന ബംഗാളിനെ സാമുദായിക സൗഹാർദ്ദത്തിന്റെയും സാമുദായിക മൈത്രിയുടെയും അന്തരീക്ഷത്തിലൂടെ കടന്നുപോകാൻ ആ ഭരണം എല്ലാ സഹായങ്ങളും ഒത്താശകളും ചെയ്തുവെന്നുള്ളതാണ്. ബി.ജെ.പി.-യും കോൺഗ്രസ്സും ഭരിച്ച പല സംസ്ഥാനങ്ങളിലും ധാരാളം ഭീകരവാദ-തീവ്രവാദ പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. ഇന്നുവരെ ഒരു ഭീകരവാദ പ്രവർത്തനമോ തീവ്രവാദ പ്രവർത്തനമോ അതേത്തുടർന്നുള്ള ഒരു ബോംബ് സ്ഫോടനമോ ബംഗാളിലെ കൽക്കട്ട ഉൾപ്പെടെയുള്ള ഏതെങ്കിലും നഗരത്തിൽ നടന്നിട്ടുണ്ടോ? കമ്മ്യൂണിസ്റ്റ് ഭരണംകൊണ്ട് ബംഗാളിനുണ്ടായിട്ടുള്ള നേട്ടം അതുതന്നെയാണ്. ആ നേട്ടം ഈ രാജ്യത്തെ ഓരോ മെട്രോപൊളിറ്റൻ സിറ്റികളിലും, ബി.ജെ.പി.-യും കോൺഗ്രസ്സും ഭരിക്കുന്ന ഓരോ സംസ്ഥാനത്തും ഉണ്ടാകണം. അതിനുവേണ്ടിയുള്ള പ്രവർത്തനമാണ് ഈ രാജ്യത്ത് സംഘടിതമായി നടക്കേണ്ടത്.

ശ്രീ. എം. ചന്ദ്രൻ: സർ, അങ്ങ് ഇപ്പോൾ ബംഗാളിലെ സ്ഥിതിഗതികളെക്കുറിച്ചാണ് ഇവിടെ പരാമർശിച്ചത്. തീവ്രവാദ പ്രവർത്തനങ്ങൾ ആരോപിക്കപ്പെട്ട് കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ നിരവധി മുസ്ലീം ചെറുപ്പക്കാരെ അറസ്റ്റ് ചെയ്ത് ക്രൂരമായി പീഡിപ്പിച്ചതിനുശേഷമാണ് ആ പ്രശ്നങ്ങൾ ഉണ്ടാക്കിയത് സംഘ്പരിവാർ ആണെന്ന് തെളിയുന്നത്. ഉദാഹരണ

ത്തിന് മെക്കമസ്ജിദ് സ്ഫോടനത്തിൽ 500 മുസ്ലീം ചെറുപ്പക്കാരെയാണ് അവിടത്തെ ഗവൺമെന്റ് അറസ്റ്റ് ചെയ്ത് ഇവിടെ പറയാൻ കഴിയാത്ത രീതിയിൽ പീഡിപ്പിച്ചത്. അതിനുശേഷമാണ് സംഘ്പരിവാർ ശക്തികളാണ് അത് നടത്തിയതെന്ന് തെളിഞ്ഞത്. അതുപോലെയാണ് സംഝോധാ എക്സ്പ്രസ് സ്ഫോടനവും. ആ കേസ്സിലും ആദ്യം മുസ്ലീം തീവ്രവാദികളെന്നുപറഞ്ഞ് നൂറുകണക്കിന് മുസ്ലീം ചെറുപ്പക്കാരെ വേട്ടയാടി. യഥാർത്ഥ പ്രതികളെ പിടിച്ചിട്ടില്ല, വേറെ പ്രതികളെയാണ് പിടിച്ചത്. ഇപ്പോഴാണ് സംഘ് പരിവാർ ശക്തികളാണ് സ്ഫോടനം നടത്തിയതെന്ന് പറയുന്നത്. മാലേഗാവ് സ്ഫോടനത്തിൽ ആരെയാണ് ആദ്യം അറസ്റ്റ് ചെയ്തത്; മുസ്ലീം ചെറുപ്പക്കാരെയാണ് അറസ്റ്റ് ചെയ്തത്. ഇപ്പോഴാണ് ഒരു സന്യാസിനിയാണ് അതിന് നേതൃത്വം കൊടുത്തതെന്നറിഞ്ഞ് പിടിക്കുന്നത്. ഇൻഡ്യാ രാജ്യത്ത് കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലാണ് മുസ്ലീം ചെറുപ്പക്കാരെ ചെയ്യാത്ത കുറ്റങ്ങളാരോപിച്ച് തീവ്രവാദികളെന്ന പേരിൽ വേട്ടയാടിക്കൊണ്ടിരിക്കുന്നത്. ഡോ. കെ.ടി. ജലീൽ പറഞ്ഞതുപോലെ ബംഗാളിൽ 30 കൊല്ലത്തെ ഭരണത്തിനിടയിൽ ഒരു ചെറുപ്പക്കാരനെപ്പോലും ടാഡയോ മറ്റ് കരിനിയമങ്ങളോ ഉപയോഗിച്ച് കുറ്റമാരോപിച്ച് ജയിലിൽ അടച്ചിട്ടില്ലെന്ന് മാത്രമല്ല അവർക്ക് എല്ലാവിധ സുരക്ഷിതത്വവും നൽകിയിരുന്നു. പക്ഷെ, പിന്നോക്കാവസ്ഥയ്ക്ക് കാരണമുണ്ട്. ബംഗ്ലാദേശിൽ നിന്നും ബംഗാളിലേയ്ക്ക് ഇഷ്ടംപോലെ ആളുകൾ വന്നുകൊണ്ടിരിക്കുകയാണ്. കിഴക്കൻ ബംഗാളിൽ നിന്ന് ഇവിടേയ്ക്ക് വരുന്നവരെല്ലാം മുസ്ലീങ്ങളാണ്. ഉന്നതവിദ്യാഭ്യാസം നേടിയിട്ടുള്ളവരല്ല, മറിച്ച് വളരെ പാവപ്പെട്ടവരാണ് ഇവിടേയ്ക്ക് വരുന്നത്. അവർ റിക്ഷ വലിച്ചും മറ്റ് ജോലികൾ ചെയ്തും ജീവിക്കുകയാണ്.

അവരോട് തിരികെ പോകാൻ പറയാൻ ആ ഗവൺമെന്റ് തയ്യാറാകാത്തതു കൊണ്ടാണ് ബംഗാളിലെ മുസ്ലീങ്ങൾ പിന്നോക്കാവസ്ഥയിലാണെന്നുപറഞ്ഞ് മുസ്ലീം ലീഗുകാർ തന്നെ ഇവിടെ ബഹളം നടത്തുന്നത്. കിഴക്കൻ ബംഗാ ളിൽ നിന്നുള്ള കുടിയേറ്റത്തിന്റെ ഭാഗമായാണ് ബംഗാളിൽ മുസ്ലീങ്ങളുടെ പിന്നോക്കാവസ്ഥ തന്നെയുണ്ടായതെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, ബംഗാളിലെ ന്യൂനപക്ഷങ്ങൾക്ക് സി.പി.എം.-നോട് സ്നേഹം ഉണ്ടായിരുന്നെങ്കിൽ മുഖ്യമന്ത്രി വളരെ ദയനീയ മായി പരാജയപ്പെടില്ലായിരുന്നു. ശ്രീമതി ഷീലാ ദീക്ഷിത് പരാജയപ്പെട്ടതിൽ നിങ്ങൾക്ക് വിഷമമുണ്ടെങ്കിൽ...., ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടല്ലോ. നന്ദീഗ്രാമിലും സിംഗൂരിലും അവിടത്തെ ന്യൂനപക്ഷങ്ങളെ യാണ് പോലീസ് വേഷത്തിൽ വന്ന സി.പി.എം.-ന്റെ ഗുണ്ടകൾ വേട്ടയാടി യത്. ന്യൂനപക്ഷങ്ങളുടെ തിരിച്ചുള്ള പ്രതിരോധത്തിൽ പാർട്ടി നേതാക്ക ന്മാർക്ക് അവരുടെ ഗ്രാമങ്ങൾ വിട്ടുപോകേണ്ടിവന്നു. പശ്ചിമ ബംഗാളിൽ നിങ്ങൾ വല്ലാതെയങ്ങ് മുസ്ലീങ്ങളെ സംരക്ഷിച്ചതുകൊണ്ടായിരിക്കും മുസ്ലീം ഭൂരിപക്ഷമുള്ള പല പഞ്ചായത്തുകളിലും ഇക്കഴിഞ്ഞ പഞ്ചായത്ത് ഇലക്ഷന് നോമിനേഷൻ കൊടുക്കാൻപോലും കഴിയാത്ത സ്ഥിതി ഉണ്ടായതെന്ന് മനസ്സിലാക്കാതെ....., സംഝോധാ എക്സ്പ്രസ്സിലും മലേഗാവിലും സ്ഫോട നം നടത്തിയത് അഭിനവ്ഭാരത് എന്ന സംഘടനയാണ്. അത് സവർക്കറിന്റെ കൊച്ചുമകളും ഗാന്ധിജിയെ വെടിവച്ച് കൊന്ന ഗോഡ്സെയുടെ കൊച്ചു മകനും ചേർന്നുണ്ടാക്കിയ പുതിയ സംഘടനയാണ്. ആ സംഘടനയിലുള്ള വർ നടത്തിയ സ്ഫോടനങ്ങളിൽ അകപ്പെട്ട് ധാരാളം നിരപരാധികൾ അകത്തായി. അതിൽ ഉൾപ്പെട്ട സന്യാസി മറ്റൊരു കേസ്സിൽപ്പെട്ട് അകത്ത് ചെന്നപ്പോൾ നിരപരാധികളായ ചെറുപ്പക്കാരെ അവിടെ വച്ച് കാണുകയും

ആ സന്യാസിക്ക് മനഃപരിവർത്തനം ഉണ്ടാവുകയും അദ്ദേഹമാണ് യഥാർത്ഥ ത്തിൽ കുറ്റം ചെയ്തതെന്നും ഈ ചെറുപ്പക്കാർ നിരപരാധികളാണെന്ന് പറയുകയും ചെയ്തു. അത് ചെയ്ത സംഘ്പരിവാറിനെപ്പോലും കുറ്റപ്പെടു ത്താതെ നിയമസഭയിൽ കഴിഞ്ഞ കുറേ ദിവസങ്ങളായി കാണുന്ന ചിത്രം ബി.ജെ.പി.-യെ വെറുതെ വിട്ടുകൊണ്ട് കോൺഗ്രസ്സിനെ ആക്രമിക്കുന്ന നിങ്ങ ളുടെ ഈ ശൈലി എവിടേയ്ക്കാണ് ഈ രാജ്യത്തെ കൊണ്ടുപോകുന്നതെന്ന തിരിച്ചറിവ് അങ്ങേയ്ക്കുണ്ടോ?

ഡോ. കെ.ടി. ജലീൽ: സർ, കോൺഗ്രസ്സിനെ വിമർശിക്കുന്നത് കോൺഗ്രസ്സ് നശിക്കണമെന്നുള്ള അർത്ഥത്തിലോ വിചാരത്തിലോ അല്ല. കോൺഗ്രസ്സ് അതിന്റെ സുദൃഢമായ മതേതര കാഴ്ചപ്പാടുകൾ ഉയർത്തിപ്പി ടിച്ച് മുന്നോട്ടുപോകണം. ബി.ജെ.പി. ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയത്തിന്റെ ഒരു ബി ടീമായി അല്ലെങ്കിൽ ആ പ്രത്യയ ശാസ്ത്രത്തിന്റെ പിൻമുറക്കാരായി കോൺഗ്രസ്സ് വരാൻ പാടില്ലെന്ന് ആഗ്രഹിക്കുന്നതുകെണ്ടാണ്. കോൺഗ്ര സ്സിനെ വിമർശിക്കുന്നത് കോൺഗ്രസ്സ് തകരണമെന്നുള്ള താൽപ്പര്യത്തിലല്ല. കോൺഗ്രസ്സ് അതിന്റെ മതേതര പാരമ്പര്യങ്ങൾ ഉയർത്തിപ്പിടിച്ച് മുന്നോട്ടു പോകണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ്. ബംഗാളിലെ കാര്യം ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞു. ബംഗാളിൽ മുസ്ലീം ഭൂരിപക്ഷ പഞ്ചായത്തുക ളിൽ മാത്രമല്ല സി.പി.എം. പരാജയപ്പെട്ടത്. ബംഗാളിൽ 25 ശതമാനവും കേരളത്തിൽ 24 ശതമാനവും മാത്രമാണ് മുസ്ലീങ്ങളുള്ളത്. മുസ്ലീം ഭൂരിപക്ഷ മേഖലയിൽ മാത്രമാണ് സി.പി.എം. പരാജയപ്പെട്ടതെങ്കിൽ 75 ശതമാനം ഹിന്ദുമത വിശ്വാസികൾ താമസിക്കുന്നുവെന്ന് പറയപ്പെടുന്ന പ്രദേശങ്ങളിൽ സി.പി.എം. വിജയിക്കുകയല്ലേ വേണ്ടിയിരുന്നത്. അവിടെ മതന്യൂനപക്ഷ

ങ്ങൾക്കെതിരായി കമ്മ്യൂണിസ്റ്റ് പാർട്ടി നിലപാട് സ്വീകരിച്ചതുകൊണ്ടല്ല തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടത്. അങ്ങനെയായിരുന്നുവെങ്കിൽ ഹിന്ദു ഭൂരിപക്ഷ മേഖലകളിൽ മുഴുവൻ സി.പി.എം. തെരഞ്ഞെടുപ്പിൽ വിജയിക്കണമായിരുന്നു. ആ വാദം ശരിയല്ല. മൊത്തത്തിൽ ഭരണത്തിൽ ചില കുഴപ്പങ്ങളും ന്യൂനതകളും ഉണ്ടായിട്ടുണ്ടാകാം. അങ്ങനെ സംഭവിക്കുന്ന പരാജയത്തെ മത ന്യൂനപക്ഷങ്ങൾ കൈവിട്ടതുകൊണ്ട് ബംഗാളിൽ സി.പി.എം. പരാജയപ്പെട്ടുവെന്ന് പറയുന്നതെങ്ങനെയാണ്.

ശ്രീ. സി. മോയിൻകുട്ടി: സർ, ബഹുമാനപ്പെട്ട ഡോ. കെ.ടി. ജലീൽ ഒരു കാര്യം ഓർക്കുന്നുണ്ടോയെന്ന് എനിക്കറിയില്ല. സിദ്ധാർത്ഥ ശങ്കർ റേയെക്കുറിച്ച് അങ്ങിവിടെ പറഞ്ഞു. സിദ്ധാർത്ഥ ശങ്കർ റേയുടെ കോൺഗ്രസ് ഗവൺമെന്റ് ഇറങ്ങിപോകുമ്പോൾ മതന്യൂനപക്ഷങ്ങളായ മുസ്ലീങ്ങൾ പതിനൊന്നു ശതമാനം ഉദ്യോഗത്തിലുണ്ടായിരുന്നു. മുപ്പത്തിമൂന്നു കൊല്ലക്കാലത്തെ സി.പി.എം.-ന്റെ ഭരണം ഇതിനെ രണ്ടര ശതമാനത്തിലേക്കാണ് കുറച്ചുകൊണ്ടുവന്നത്. മാത്രമല്ല, അങ്ങിവിടെ സൂചിപ്പിച്ചതുപോലെ, ഗുജറാത്ത് കഴിഞ്ഞാൽ ഏറ്റവുമധികം മതന്യൂനപക്ഷങ്ങൾ അവഗണിക്കപ്പെട്ടിട്ടുള്ളത് ബംഗാളിലാണെന്നാണ് രജീന്ദ്ര സച്ചാർ റിപ്പോർട്ടിൽ പറയുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. കെ നാണു. സർ, ഇൻഡ്യാ രാജ്യത്ത് പശ്ചിമ ബംഗാൾ വളരെക്കാലമായി അനുഭവിക്കുന്ന ഒരു ബുദ്ധിമുട്ടുണ്ട്. ബംഗ്ലാദേശ് രൂപീകൃതമായ ശേഷം ബംഗ്ലാദേശിൽ നിന്നുള്ള ന്യൂനപക്ഷങ്ങൾ പശ്ചിമ ബംഗാളിലേക്ക് വരികയാണ്. അങ്ങനെ വരുന്നതിൽ കുറേയാളുകൾ കേരളത്തിലേക്കും വരുന്നുണ്ട്. നമ്മൾ പശ്ചിമ ബംഗാളികൾ എന്നുപറയുന്നെങ്കിലും അവർ ബംഗ്ലാദേശിൽ നിന്നും വരുന്നവരാണ്. ഇവിടെ സിദ്ധാർത്ഥ

ശങ്കർ റേയുടെ ഭരണത്തെ സംബന്ധിച്ചു പറഞ്ഞു. പശ്ചിമബംഗാളിലോ അല്ലെങ്കിൽ ഇൻഡ്യയിൽ ആദ്യം ഒരു സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമം നടപ്പാക്കിയ ഹരികൃഷ്ണ കൊണാർക്ക്, സിദ്ധാർത്ഥ ശങ്കർ റേ യുടെ ഭരണ കാലത്ത് നോമിനേഷൻ കൊടുക്കുവാൻ മണ്ഡലത്തിൽ പോകാൻ സാധിക്കാത്തത്രയും ദൗർഭാഗ്യകരമായ സംഭവം, ജ്യോതിബാസുവിനെക്കാൾ സൗമ്യനായ ഹരികൃഷ്ണ കൊണാർ, പശ്ചിമബംഗാളിലെ സിദ്ധാർത്ഥ ശങ്കർ റേ യുടെ കാലം, ആ കാലഘട്ടം പോയി. സിദ്ധാർത്ഥ ശങ്കർ റേയുടെ കയ്യിലേക്ക് അധികാരം വന്നപ്പോൾ പശ്ചിമ ബംഗാൾ എന്നുപറയുന്നത് ഒരു പക്ഷെ ഇൻഡ്യയുടെ ചരിത്രത്തിൽ ഏറ്റവും മോശമായ ഭരണം നടത്തിയ സംസ്ഥാനമായിരുന്നു. മറ്റെന്തു പറഞ്ഞാലും ഇടതുപക്ഷ കക്ഷികൾ ന്യൂനപക്ഷങ്ങളുടെ താൽപ്പര്യത്തിന് വിരുദ്ധമായി നിൽക്കുന്നെന്ന് ഇൻഡ്യയിലെ രാഷ്ട്രീയം വിലയിരുത്തുന്ന ഒരു രാഷ്ട്രീയ വിദ്യാർത്ഥിക്കും പറയാൻ സാധിക്കില്ല.

<u>ശ്രീ. ജി. സുധാകരൻ:</u> സർ, ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാപിച്ചതിൽതന്നെയുള്ള മഹാനായ നേതാവ് ഒരു മുസ്ലീം ആയിരുന്നുവെന്നുള്ള കാര്യം നിങ്ങൾക്കറിയാമോ? ബംഗാളിൽ നിന്നാണല്ലോ അദ്ദേഹം വന്നത്. ഞങ്ങൾ മുസ്ലീങ്ങൾക്കെതിരെയുള്ള നിലപാട് എടുക്കുമെന്നാണ് നിങ്ങൾ പറയുന്നത്. അവർ കോൺഗ്രസ്സിന്റെ കൂടെ നിൽക്കുന്നതുകൊണ്ട് അവരുടെ വാദം നിങ്ങളേറ്റെടുത്തു. രണ്ടാമത്തെ കാര്യം, 30 വർഷക്കാലം ബംഗാളിലെ സ്പീക്കർ ഒരു മുസ്ലീം ആയിരുന്നു. 1960–ൽ മുസ്ലീം ലീഗിന്റെ പിന്തുണ കൊണ്ടുമാത്രം വിമോചന സമരം കഴിഞ്ഞ് അധികാരത്തിലേറിയ കോൺഗ്രസ്സ് മന്ത്രിസ്ഥാനം കൊടുക്കാതെ സ്പീക്കർഷിപ്പ് നൽകി തൊപ്പി

ഊരി വയ്പിച്ചല്ലോ, നാണമില്ലേ സി.പി.എം.-നെ ആക്ഷേപിക്കാൻ? നിങ്ങളെന്തിനാണ് ഞങ്ങളെ ഇങ്ങനെ ആക്ഷേപിക്കുന്നത്?

മി. ചെയർമാൻ: ഡോ. കെ. ടി. ജലീൽ, പ്ലീസ് കൺക്ലൂഡ്. അരമണിക്കൂർ കഴിഞ്ഞു.

ഡോ. കെ. ടി. ജലീൽ: സർ,...

ശ്രീ. പി. സി. ജോർജ്: സർ, നിങ്ങൾ പാലക്കാട് പ്ലീനം കഴിഞ്ഞപ്പോൾ ഗണപതിഹോമം ഭയങ്കര പാപമാണ്, പാർട്ടിയിൽ നിന്ന് പുറത്താക്കുമെന്നു പറഞ്ഞു. ഗണപതിഹോമം നടത്താൻ പാടില്ലെന്ന് നിങ്ങളുടെ പാലക്കാട് പ്ലീനം പറഞ്ഞതല്ലേ? മതപരമായ ഒരു കാര്യവും പാടില്ലെന്ന് നിങ്ങൾ പറഞ്ഞില്ലേ, നിങ്ങളുടെ പ്ലീനത്തിലെ പ്രഖ്യാപനമല്ലേ അത്? പക്ഷേ ഞാൻ ചോദിക്കട്ടെ, കൽക്കട്ടയിൽ കാളീപൂജയ്ക്ക് നേതൃത്വം നൽകുന്നത് നിങ്ങളുടെ സഖാക്കന്മാരല്ലേ? അത് നിങ്ങൾ നിഷേധിക്കാത്തതെന്താണ്? വിശ്വാസപരമായ പ്രാർത്ഥന നടത്താനുള്ള അനുവാദം എല്ലാപേർക്കുമില്ലേ?

മി. ചെയർമാൻ: ഡോ. കെ. ടി. ജലീൽ, പ്രസംഗം തുടരൂ.

ഡോ. കെ. ടി. ജലീൽ: സർ,

ശ്രീ. വർക്കല കഹാർ: സർ, നിങ്ങളിവിടെ വലിയ ആവേശകരമായി പറഞ്ഞത് മുപ്പത് സംവത്സരക്കാലം കമ്മ്യൂണിസ്റ്റ് പാർട്ടി ബംഗാൾ ഭരിച്ചിരുന്ന കാലത്ത് അവിടെ വർഗ്ഗീയ കലാപങ്ങളൊന്നും നടന്നില്ലായെന്നാണ്. അതിനു മുമ്പുള്ള 30 വർഷവും അവിടെ വർഗ്ഗീയ കലാപങ്ങളൊന്നും നടന്നിട്ടില്ല. രണ്ടാമത്തെ കാര്യം നിങ്ങൾ 30 വർഷക്കാലംകൊണ്ട് മുസ്ലീങ്ങളെ ഇൻഡ്യയിലെ പട്ടികവർഗ്ഗക്കാരനുഭവിക്കുന്ന യാതനകളുടെയും പുറകിലാക്കി. ബംഗാളിലെ മുസ്ലീങ്ങളുടെ ഐഡന്റിറ്റി ഇല്ലാതാക്കി, അവരെ

ഭിക്ഷക്കാരെപ്പോലെയാക്കി. അതിനെല്ലാമുപരി, ഇവിടെ എല്ലാപേരും ആവേശം കൊള്ളുന്നല്ലോ, പാർലമെന്റ് തെരെഞ്ഞെടുപ്പ് വരുന്നതുകൊണ്ട് മുസ്ലീം ആവേശം കൂടിയിരിക്കുകയാണ്. അപ്പോൾ നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം, ബാബറി മസ്ജിദിനെപ്പോലെയോ അതിനേക്കാളോ വലിയൊരു കാര്യമുണ്ട്, ഇസ്ലാമിക ശരിഅത്ത്. xxxxxxxxxxxxxxxxxxxxxxxxxxx പിന്നെന്തിനാണ് നിങ്ങൾ ഗീർവ്വാണം പറയുന്നത്?[1]

മി. ചെയർമാൻ: ഡോ. കെ. ടി. ജലീൽ താങ്കളുടെ പ്രസംഗം കൺക്ലൂഡ് ചെയ്യൂ.

ഡോ. കെ. ടി. ജലീൽ : സർ, ബംഗാളിലെ മുസ്ലീങ്ങളുടെ പിന്നോക്കാവസ്ഥയെക്കുറിച്ചാണ് പറയുന്നത്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ അങ്ങനെയൊരു.....

ശ്രീ. എം. ചന്ദ്രൻ: സർ, പോയിന്റ് ഓഫ് ഓർഡർ. xxxxxxxxxxx എന്ന ഒരു മുദ്രാവാക്യമൊന്നും ഇ.എം.എസ്. വിളിച്ചിട്ടില്ല. ഒരിക്കലും വിളിച്ചിട്ടില്ല. അത് തെറ്റായ പ്രസ്താവനയാണ്. അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം. അത് പിൻവലിക്കണം. അത് പറഞ്ഞിട്ടില്ല, ശരിഅത്തിന്റെ അടിസ്ഥാനത്തിൽ അങ്ങനെയൊരു മുദ്രാവാക്യം വിളിച്ചിട്ടില്ല. മാർക്സിസ്റ്റ് പാർട്ടിയും ഇ.എം.എസ്സും പറഞ്ഞിട്ടില്ല. അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം. അത് രേഖയിൽനിന്ന് നീക്കം ചെയ്യണം. അങ്ങനെ പറഞ്ഞിട്ടില്ല. ശരിഅത്തിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന അനാചാരങ്ങളെ എതിർക്കുന്നുവെന്ന്

[1] xxxxxxxxxxxxxxxxxxxxxxxx

പറഞ്ഞ്, അഞ്ച് പെണ്ണുകെട്ടുന്നതിനെയാണ് എതിർത്തത്. അല്ലാതെ ശരിഅത്തിനെ എതിർത്തിട്ടില്ല.

മി. ചെയർമാൻ: ഡോ. കെ. ടി. ജലീൽ, താങ്കളുടെ പ്രസംഗം തുടരൂ.

ഡോ. കെ. ടി. ജലീൽ: സർ, ബംഗാളിലെ മുസ്ലീംങ്ങളുടെ പിന്നോക്കാവസ്ഥയെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ബംഗ്ലാദേശിലെ മുസ്ലീങ്ങളാണ്....

ശ്രീ. ജി. സുധാകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ശ്രീ. എം. ചന്ദ്രൻ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡർ ശരിയായിട്ടുള്ളതായിരുന്നു. ഞാൻ വീണ്ടുമിവിടെ ഉന്നയിക്കുകയാണ്. സഖാവ് ഇ.എം.എസ്സോ ഒരു കമ്മ്യൂണിസ്റ്റ് നേതാവോ[2] xxxxxxxxxxxxxxxxx അടിയന്തരാവസ്ഥ അറബിക്കടലിൽ എന്നുപറഞ്ഞിട്ടുണ്ട്. ശരിഅത്ത് അടക്കം ഹൈന്ദവ ചാതുർവണ്യ അനാചരങ്ങളടക്കം ഏതുമതത്തിലെയും അനാചാരങ്ങൾക്കെതിരായി ആധുനികവൽക്കരണത്തിനുവേണ്ടി ഇ.എം.എസ്സ്. വാദിച്ചിട്ടുണ്ട്. അത് രേഖയിൽനിന്ന് നീക്കം ചെയ്യണം. അങ്ങ് കമ്മ്യൂണിസ്റ്റ്കാരനാണ്. അങ്ങ് നീക്കം ചെയ്യണം. അങ്ങ് റൂളിംഗ് തരണം. ഇ.എം.എസ് അങ്ങനെ പറഞ്ഞോ?

മി. ചെയർമാൻ: പരിശോധിച്ച് ആവശ്യമായത് ചെയ്യാം. ഡോ. കെ. ടി. ജലീൽ, താങ്കളുടെ പ്രസംഗം തുടരൂ.

ഡോ. കെ. ടി. ജലീൽ: സർ, ബംഗാളിലെ മുസ്ലീങ്ങളുടെ പിന്നോക്കാവസ്ഥയെ സംബന്ധിച്ചാണ് നമ്മൾ പറയുന്നത്.

---

[2] xxxxxxxxxxxxxxxxxxxxxxxxx

<u>ശ്രീ. വർക്കല കഹാർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഞാൻ പറയുന്നു xxxxxxxxxxxxxxxxxxxxxxx[3] എന്ന് ഇ.എം.എസ്. പറഞ്ഞതാണ്. ഞാൻ ആവർത്തിക്കുന്നു.

<u>മി. ചെയർമാൻ:</u> ഡോ. കെ. ടി. ജലീൽ താങ്കളുടെ പ്രസംഗം തുടരൂ.

<u>ഡോ. കെ. ടി. ജലീൽ</u>: സർ,

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഇ.എം.എസ്സ് അങ്ങനെയൊരു പ്രയോഗം നടത്തിയിട്ടേയില്ല. ബഹുഭാര്യാത്വത്തിനെതിരായിട്ടാണ് അദ്ദേഹം വിമർശനമുന്നയിച്ചത്. തെറ്റായ ഒരു പ്രസ്താവന ഇ.എം.എസ്സിന്റെ പേരിൽ ഈ സഭയിൽ നടത്തുന്നത് ചട്ടലംഘനമാണ്, രേഖയിൽ നിന്ന് മാറ്റണം.

<u>മി. ചെയർമാൻ:</u> ഡോ. കെ. ടി. ജലീൽ താങ്കളുടെ പ്രസംഗം തുടരൂ.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ബംഗാളിലെ മുസ്ലീങ്ങളുടെ പിന്നോക്കാവസ്ഥയെ സംബന്ധിച്ചുള്ള ചില പരാമർശങ്ങളാണ് ഇവിടെ ചില ആളുകൾ നടത്തിയത്. ലോകത്തേറ്റവും കൂടുതൽ പിന്നോക്കമായി നിൽക്കുന്ന മുസ്ലീങ്ങൾ ബംഗ്ലാദേശിലാണുള്ളത്. ഗൾഫ് രാജ്യങ്ങളിൽ പോയാൽ അറിയാം. വിദ്യാഭ്യാസമില്ലാത്ത പാവപ്പെട്ട ആളുകളാണ് ഏറ്റവും ചെറിയ ജോലികളിൽ ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നത്. ബംഗ്ലാദേശ് എന്നുപറയുന്നത് ബംഗാൾ തന്നെയാണ്. പടിഞ്ഞാറൻ ബംഗാളിനെ വിഭജന കാലത്ത് രണ്ടായി വിഭജിച്ചപ്പോൾ മുസ്ലീം ഭൂരിപക്ഷ പ്രദേശം പാകിസ്താനിലേയ്ക്ക് പോയി. ഇന്നത്തെ ബംഗ്ലാദേശിലെ മുസ്ലീങ്ങളാണ് ലോകത്തേറ്റവുമധികം പിന്നോക്കമായി നിൽക്കുന്ന മുസ്ലീങ്ങൾ. അപ്പോൾ അതിന്റെ കാരണക്കാർ കമ്മ്യൂണിസ്റ്റ്കാരാണോ? സി.പി.എം. ആണോ ബംഗ്ലാദേശിലെ മുസ്ലീ

---

[3] xxxxxxxxxxxxxxxxxxxxxxxxxx

ങ്ങളുടെ ഈ പിന്നോക്കാവസ്ഥയുടെ കാരണക്കാർ? ഒരേ രൂപത്തിലുള്ള സാമൂഹിക പശ്ചാത്തലം, ഭാഷ, സംസ്കാരം എല്ലാമുള്ളവരാണ് ബംഗ്ലാദേശിലെ മുസ്ലീങ്ങളും പടിഞ്ഞാറൻ ബംഗാളിലെ മുസ്ലീങ്ങളും. അവരുടെ ജീവിത സാഹചര്യങ്ങളും ജീവിത ബുദ്ധിമുട്ടുകളുമൊക്കെ സ്വാഭാവികമായും ഇവിടെയും നിലനിൽക്കുന്നുണ്ട്. അവ പരിഹരിക്കുന്നതിന് ക്രിയാത്മകമായിട്ടുള്ള ഇടപെടൽ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് സച്ചാർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചതിനെത്തുടർന്ന് ബംഗാളിലെ ഗവൺമെന്റ് സ്വീകരിക്കുവാൻ തയ്യാറാവുകയുണ്ടായി. കേരളത്തിലാണ്.....

ശ്രീ. സി. മമ്മൂട്ടി: സർ, സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ വളരെ വ്യക്തമായി പിന്നോക്കം നിൽക്കുന്ന പശ്ചിമബംഗാളിലെ മുസ്ലീങ്ങളുടെ സ്ഥിതി എടുത്തു പറയുന്നുണ്ട്. വീടുകളുൾപ്പെടെ ഒരുപാട് കാര്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് വസ്തുനിഷ്ഠമായി പറയുന്നുണ്ട്. ആ ഒരു കാര്യത്തെക്കുറിച്ച് അങ്ങ് എന്തു പറയുന്നു?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, യു.പി.എ. സർക്കാരിന്റെ നയ സമീപനത്തെക്കുറിച്ചിവിടെ അങ്ങ് കാര്യങ്ങൾ പറഞ്ഞു. നേരത്തെ ദേശീയ തലത്തിലും സാർവ്വ ദേശീയതലത്തിലുമെല്ലാം ഗവൺമെന്റ് എടുക്കുന്ന സമീപനങ്ങളെക്കുറിച്ചും പറഞ്ഞു. യു.പി.എ. സർക്കാരിൽ ശ്രീ. എ. കെ. ആന്റണി പ്രതിരോധ വകുപ്പുമന്ത്രിയാണ്. ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് പാലസ്തീൻ ജനതയ്ക്കെതിരായി ഇസ്രായേൽ നടത്തുന്ന അതിക്രൂരമായ കടന്നാക്രമണമാണ്. ഇക്കാര്യത്തിൽ കോൺഗ്രസ്സ് നയിക്കുന്ന യു.പി.എ. സർക്കാരിന്റെ നിലപാടെന്താണ്; ഇസ്രായേലുമായി സൈനിക സഹകരണം ഇൻഡ്യ തുടരുകയല്ലേ. ഇൻഡ്യയുടെ കാര്യമാണ്. ഇൻഡ്യാ ഗവൺമെന്റിന്റെ നയം പാലസ്തീനികളെ സഹായിക്കുക എന്നുള്ള

തായിരുന്നില്ല. പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ കാലത്തുണ്ടായിരുന്ന വിദേശ നയത്തിൽ നിന്ന് ഇൻഡ്യ വ്യതിചലിച്ചുകൊണ്ട് ഇസ്രായേലുമായി സൈനീക സഹകരണമുണ്ടാക്കി. ഇസ്രായേലിൽ നിന്ന് ഇവിടെവന്ന പല തൊഴിലാളിവർഗ്ഗത്തിന്റെ നേതാക്കളും പറഞ്ഞത് ഇൻഡ്യ ഉണ്ടാക്കുന്ന ഈ കരാർ പാലസ്തീനിലെ പാവപ്പെട്ട ജനങ്ങൾക്കെതിരായിട്ടുള്ളതാണ് എന്നാണ്. അങ്ങ് ഇതിനെക്കുറിച്ച് എന്താണ് പറയുന്നത്?

മി. ചെയർമാൻ: ഡോ. കെ. ടി. ജലീൽ 40 മിനിറ്റായി, പ്രസംഗം ചുരുക്കൂ.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ കുറുച്ചു സമയമേ എടുത്തിട്ടുള്ളൂ. ബാക്കിയുള്ള സമയം ആളുകൾ ചർച്ചയിൽ പങ്കെടുത്തതാണ്. ബംഗാളിലെ മുസ്ലീം പിന്നോക്കാവസ്ഥയെ സംബന്ധിച്ച് ശ്രീ. സി. മമ്മൂട്ടി ഇവിടെ സൂചിപ്പി ക്കുകയുണ്ടായി. സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ ബംഗാളിലെ കാര്യം മാത്രമല്ല പറഞ്ഞിട്ടുള്ളത്. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളെക്കുറിച്ചും പറഞ്ഞി ട്ടുണ്ട്. ഏറ്റവും മോശം ബംഗാളിലാണ് എന്ന ഒരു പരാമർശം സച്ചാർ കമ്മിറ്റി റിപ്പോർട്ടിലുണ്ടെങ്കിൽ അദ്ദേഹം ആ റിപ്പോർട്ട് കൊണ്ടുവന്ന് ഇവിടെ പറയട്ടെ. അങ്ങനെയൊരു പരാമർശം സച്ചാർ കമ്മിറ്റി റിപ്പോർട്ടിലില്ല. വെറുതെ പച്ചക്കള്ളം പറയുകയാണ്. ഏറ്റവും പിന്നോക്കാവസ്ഥ മുസ്ലീങ്ങൾക്ക് ബംഗാ ളിലാണ് എന്നയൊരു പരാമർശം സച്ചാർ കമ്മിറ്റി റിപ്പോർട്ടിലില്ല.

ശ്രീ. സി. മമ്മൂട്ടി : സർ, പോയിന്റ് ഓഫ് ഓർഡർ. കൈവണ്ടി വലിക്കുന്നവർ, ഒരു കക്കൂസ് പോലുമില്ലാത്ത വീട്ടിലെ ആളുകൾ, ഭാരം വലിക്കുന്നവർ, മുസ്ലീങ്ങൾ ഭൂരിപക്ഷമുള്ള പ്രദേശത്ത് ഒരു ബാങ്ക് പോലും

കാണാനില്ല തുടങ്ങിയ കാര്യങ്ങൾ വസ്തുനിഷ്ഠമായി സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിരിക്കെ അങ്ങനെ പറഞ്ഞിട്ടില്ല, അത് കള്ളമാണെന്ന് പറയുന്നത് രേഖയിൽ ഉണ്ടാകാൻ പാടില്ല.

ഡോ: കെ. ടി. ജലീൽ: സർ, ഉത്തരേന്ത്യയിലെ പല സംസ്ഥാനങ്ങളിലും കലാപങ്ങളുണ്ടാകുമ്പോൾ മുസ്ലീങ്ങൾ പ്രാണരക്ഷാർത്ഥം ഓടിപ്പോകുന്നത് കൽക്കട്ടയിലേയ്ക്കാണ്. ഇത് സത്യമാണ്. റിക്ഷാ വണ്ടിവലിക്കുന്ന കൽക്കട്ടയിലെ മുസ്ലീങ്ങളെ സംബന്ധിച്ച് മാധ്യമത്തിന്റെ എഡിറ്റർ ശ്രീ. ഒ. അബ്ദുറഹിമാൻ നടത്തിയിട്ടുള്ള ഒരു പഠനമുണ്ട്. ആ പഠനത്തിൽ പറയുന്നത് ബീഹാരി വംശജരായിട്ടുള്ള മുസ്ലീങ്ങളാണ് കൽക്കട്ടയിൽ ഏറ്റവും കൂടുതൽ റിക്ഷാവണ്ടി വലിക്കുന്നത് എന്നാണ്. ഡൽഹിയിലും റിക്ഷാ വണ്ടി വലിക്കുന്ന എത്രയോ മുസ്ലീങ്ങളുണ്ട്. നിങ്ങൾ ഓൾഡ് ഡൽഹിയിൽ പോയിട്ടില്ലേ. ഇവർ ഇന്ത്യയുടെ തലസ്ഥാനമായ ഓൾഡ് ഡൽഹിയിലെ ജുമാമസ്ജിദിന്റെ പരിസരം പോലും കണ്ടിട്ടില്ല. ഇവർ കേരളാ ഹൗസിൽ പോയി തിരിച്ചുവരാറാണ് പതിവ്. ഇനിയെങ്കിലും ശ്രീ. എം. എ. വാഹീദ് ഡൽഹിയിൽപ്പോകുമ്പോൾ ഓൾഡ് ഡൽഹിയിൽ ഒന്നുപോകണം. ജുമാ മസ്ജിദിൽ പോയി ഒരു നേരത്തെ നമസ്കാരം അങ്ങ് നിർവ്വഹിക്കണം. അപ്പോഴറിയാം അതിനുചുറ്റും അധിവസിക്കുന്ന മുസ്ലീങ്ങളെക്കുറിച്ച്. പുഴുക്കളെപ്പോലെയാണ് അവിടത്തെ മുസ്ലീങ്ങൾ ജീവിക്കുന്നത്. എല്ലാ കാര്യങ്ങളിലും എന്തിനാണ് മുസ്ലീം മുസ്ലീം എന്ന പ്രയോഗം നടത്തുന്നത്. ഹിന്ദു സമുദായത്തിൽപ്പെടുന്ന എത്രയോ ആളുകൾ റിക്ഷാ വണ്ടി വലിക്കുന്നവരിലില്ലേ; എത്രയോ ഹിന്ദുകുടുംബങ്ങളിലെ ആളുകൾക്ക് കക്കൂസില്ലാത്തത് ഈ രാജ്യത്തില്ലേ? അതൊന്നും പറയാതെ മുസ്ലീങ്ങളാണ് ഈ രാജ്യത്ത് റിക്ഷാ വണ്ടി വലിക്കുന്നതുമുഴുവൻ എന്നുള്ള പ്രസ്താവന

ഇന്ത്യയെ കാണാതെയാണ് ......... (ബഹളം)........ ഉണ്ട്. ഇല്ലായെന്നല്ല ഞാൻ പറയുന്നത്. എല്ലാ മതവിഭാഗങ്ങളിലുമുണ്ട്. നിങ്ങൾ എന്തുകൊണ്ടാണ് അത് അംഗീകരിക്കാത്തത്? ഹൈന്ദവ സമുദായത്തിലെ എല്ലാ ആളുകളും വളരെ സുഭിക്ഷമായിട്ടാണോ ഈ രാജ്യത്ത് ജീവിക്കുന്നത്; അവർക്കെല്ലാവർക്കും കക്കൂസുണ്ടോ; അവരിൽ റിക്ഷാവണ്ടി വലിക്കുന്നവരില്ലേ? ക്രൈസ്തവ സമുദായത്തിൽപ്പെടുന്ന ആളുകളൊക്കെ വളരെ സുഭിക്ഷമായിട്ടാണോ ജീവിക്കുന്നത്? എന്തിനേയും ഏതിനേയും മതത്തിന്റെ കണ്ണടയിലൂടെയും പരിപ്രേക്ഷണത്തിലൂടെയും നോക്കിക്കാണുന്നതാണ് ഈ രാജ്യത്തെ ഏറ്റവും വലിയ പ്രശ്നം. അവർ ഇടപെട്ടതുകൊണ്ടുമാത്രം ഞാൻ ഒന്നുരണ്ടു കാര്യങ്ങൾ ഇവിടെ പറയുകയാണ്. ഞാൻ ഇത് പറയാനുദ്ദേശിച്ചതല്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്പോർട്ട്സ് ലോട്ടറി എന്നൊരു ലോട്ടറി ഇവിടെ കൊണ്ടുവന്നു. കായിക പ്രതിഭകളെയും പാവപ്പെട്ട വിദ്യാർത്ഥി കളെയും സാമ്പത്തികമായി സഹായിക്കുന്നതിനും സ്കോളർഷിപ്പ് നൽകു ന്നതിനുംവേണ്ടിയായിരുന്നു ആ ലോട്ടറി ഇവിടെ നടപ്പിലാക്കിയത്. അന്ന് ലീഗിന്റെ സുഹൃത്തുക്കൾ അതിനെ ശക്തമായി എതിർത്തുകൊണ്ട് ഈ സഭ യിൽപ്പറഞ്ഞത് ലോട്ടറി ചൂതാട്ടമാണ്, നല്ല ഒരു കാര്യത്തിനാണെങ്കിൽപ്പോലും ശരിയല്ലാത്ത ഒരു മാർഗ്ഗത്തിലൂടെ സമാഹരിക്കപ്പെടുന്ന പണം ഉപയോഗി ക്കാൻ പാടില്ല എന്നാണ്. ഞങ്ങൾ അത് സമ്മതിച്ചു.

ശ്രീ. സി. മമ്മൂട്ടി: സർ, പോയിന്റ് ഓഫ് ഓർഡർ. രേഖ പരിശോധിച്ചാൽ അറിയാൻ കഴിയും, കഴിഞ്ഞ നിയമസഭാസമ്മേളനം നടക്കുമ്പോൾ ഞാൻ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന സമയത്ത് ബഹുമാനപ്പെട്ട മെമ്പർ പി.റ്റി.എ. റഹീം ചോദിച്ചു, ഇവിടെ ലോട്ടറി കൊണ്ടുവരുന്നത് ഇസ്ലാമിക വിരുദ്ധമായി ട്ടുള്ള കാര്യമല്ലേ അത് നിങ്ങൾ അംഗീകരിക്കുന്നുണ്ടോ എന്ന്. അദ്ദേഹം

അങ്ങനെ ചോദിച്ചപ്പോൾ ഈ ആനുകൂല്യം സ്വീകരിക്കുന്നവർക്ക് സ്വീകരിക്കാം അല്ലാത്തവർക്ക് സ്വീകരിക്കാതിരിക്കാം എന്ന് മറുപടി പറയുകയും ചെയ്തു. മുസ്ലീം ലീഗ് ഉൾപ്പെടുന്ന യു.ഡി.എഫ്. ഗവൺമെന്റാണ് കാരുണ്യ ബനവലന്റ് സ്കീം ഇവിടെ കൊണ്ടുവന്നതെന്ന കാര്യം മറച്ചുവച്ചുകൊണ്ട് ഇവിടെ തെറ്റായി പറഞ്ഞ കാര്യം രേഖയിൽ ഉൾപ്പെടുത്താൻ പാടില്ല.

ശ്രീ. പി. റ്റി. എ. റഹീം : സർ, അദ്ദേഹം പറഞ്ഞത് ശരിയാണ്. കാരണം കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഡോ: കെ.ടി. ജലീൽ പറഞ്ഞതുപോലെ നല്ലൊരാവശ്യത്തിനുവേണ്ടി ഒരു ലോട്ടറി കൊണ്ടുവന്നപ്പോൾ അത് സ്കൂളുകളിൽ വിതരണം ചെയ്യാൻ പാടില്ല, അത് ഇസ്ലാമിക വിരുദ്ധമാണ് എന്നുപറഞ്ഞ ആളുകൾ കാരുണ്യ ലോട്ടറി കൊണ്ടു വന്നതിനോട് നിങ്ങൾ അനുകൂലിക്കുന്നുണ്ടോയെന്നാണ് ഞാൻ ചോദിച്ചത്. അപ്പോൾ അദ്ദേഹം പറഞ്ഞത് കോളാമ്പി വച്ചാൽ എല്ലാം തുപ്പിക്കോളണമെന്നില്ലായെന്നാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. എന്നാൽ കഴിഞ്ഞ എൽ. ഡി.എഫ്- ന്റെ കാലത്ത് എതിർത്ത ആളുകളാണ് ഇപ്പോൾ കാരുണ്യ ലോട്ടറി നല്ലതാണെന്ന് പറയുന്നത്. ഞങ്ങൾ അതിന് അപ്പോഴും ഇപ്പോഴും എതിരല്ല.

ഡോ: കെ. ടി. ജലീൽ: സർ, ഒരു ജനാധിപത്യ മതേതര സംവിധാനം നിലനിൽക്കുന്ന രാജ്യമാണല്ലോ ഇന്ത്യ. ഇതൊരു ബഹുമത സാമൂഹ്യ ഘടന നിലനിൽക്കുന്ന രാജ്യമാണ്. ഇന്ത്യയിൽ മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള ഒരു സംസ്ഥാനം ഗുജറാത്താണ്. ശ്രീ. നരേന്ദ്ര മോഡി ഇന്ത്യയുടെ പ്രധാനമന്ത്രിയാകേണ്ട ആളാണ് എന്ന് അതുകൊണ്ടുമാത്രം നമുക്ക് പറയാൻ കഴിയുമോ? അങ്ങനെ പറയാൻ കഴിയില്ല. എല്ലാ കാര്യങ്ങളേയും മതത്തിന്റേയും വിശ്വാസത്തിന്റേയും കണ്ണടയിലൂടെ, പരിപ്രേക്ഷണത്തിലൂടെ

നോക്കി കാണാൻ കഴിയുമോ? കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മദ്റസ അദ്ധ്യാപക ക്ഷേമനിധി ഏർപ്പെടുത്തുകയുണ്ടായി. അന്ന് മദ്റസ് അദ്ധ്യാപക രായിട്ടുള്ള ഒരു ലക്ഷത്തോളം പാവപ്പെട്ട ആളുകൾ അവരുടെ ആനുകൂല്യം വാങ്ങാൻ ബാങ്കിൽ പോകണം. മുസ്ലീം ലീഗ് ആ ക്ഷേമനിധിയെ നിരുത്സാഹ പ്പെടുത്തുവാൻ വേണ്ടി അവരെ അനുകൂലിക്കുന്ന മതസംഘടനകളെ ഇറക്കി വിട്ടുകൊണ്ട് പ്രചരണം നടത്തിയത് കമ്മ്യൂണിസ്റ്റുകാർ നാട്ടിൽ മദ്രസ അദ്ധ്യാപകരെക്കൊണ്ട് പലിശ തീറ്റിക്കുവാനുള്ള ഏർപ്പാടാണ് നടത്തുന്നത് എന്നാണ്. ഇപ്പോൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോസ്റ്റ്മാൻ വീട്ടിൽ കൊണ്ടുവന്നിരുന്ന ക്ഷേമ പെൻഷനുകൾ ഇനിമുതൽ പോസ്റ്റ്മാൻ കൊണ്ടുവന്നു തരില്ല, ബാങ്കിൽ പോയി ആ ക്ഷേമപെൻഷൻ വാങ്ങണമെന്നുള്ള നിയമം കൊണ്ടുവന്നപ്പോൾ ഇവരെന്തുകൊണ്ടാണ് ആ വാദം പറയാതിരുന്നത്? ഭരിക്കുമ്പോൾ ഒരു നയവും പ്രതിപക്ഷത്തിരിക്കു മ്പോൾ മറ്റൊരു നയവും എന്നുപറയുന്നത് ശരിയല്ല. അത് മുസ്ലീം ലീഗിന്റെ കഴിഞ്ഞ കാലപ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ളതല്ല. ഇന്ത്യപോലൊരു രാജ്യത്ത് അത്തരത്തിലുള്ള പരാമർശങ്ങൾ, പ്രവണതകൾ നാട്ടിൽ വിഭാഗീയത വർദ്ധിക്കുന്നതിനുമാത്രമേ സഹായകമാകുകയുള്ളൂ. ഞങ്ങൾ ഒന്നും ഉണ്ടായതുകൊണ്ട് പറയുകയല്ല, കഴിഞ്ഞ നബിദിനം ജനുവരി മാസം 14-ാം തീയതിയായിരുന്നു. ലോകത്ത് അങ്ങോളമിങ്ങോളമുള്ള മുസ്ലീം വിശ്വാസികൾ നബിദിനം ആഘോഷിച്ചു. അന്നാണ് ഏറനാടിന്റെ ആസ്ഥാനമായ മഞ്ചേരിയിൽ സ്റ്റേഡിയത്തിന്റെ ഉദ്ഘാടനച്ചടങ്ങ് നടന്നത്. ഞാൻ അതിനെ അംഗീകരിക്കുന്നു. ഞാൻ ആ പരിപാടിയിൽ പങ്കെടുക്കു കയും ചെയ്തു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്ന കാലത്താണ്

നബിദിനത്തിന് അങ്ങനെയൊരു ഉദ്ഘാടനം വയ്ക്കുന്നതെങ്കിൽ നിങ്ങൾ ഈ നാട്ടിൽ കാട്ടികൂട്ടുമായിരുന്ന മാത്താംകൂത്ത് എന്തൊക്കെയാകുമായി രുന്നു. കമ്മ്യൂണിസ്റ്റുകാർ പ്രവാചകനെ നിന്ദിച്ചിരിക്കുന്നു, പ്രവാചക ദിനത്തിൽ റാലികൾ പൊളിക്കാൻ വേണ്ടിയാണ് കമ്മ്യൂണിസ്റ്റുകാർ അതേ ദിവസം ഉദ്ഘാടനം വച്ചത് എന്നൊക്കെ പറയുമായിരുന്നു. മതത്തിന്റേയും വിശ്വാസത്തിന്റേയും കണ്ണടയിലൂടെയും പരിപ്രേക്ഷണത്തിലൂടെയും ഈ നാട്ടിൽ പ്രത്യേകിച്ച് മുസ്ലീം ലീഗിനെപ്പോലെ ജനാധിപത്യ സംവിധാനത്തിൽ ഭാഗഭാക്കായി എല്ലാ മതവിഭാഗക്കാരുടേയും വോട്ടുകൾ വാങ്ങി ജയിച്ചു വരുന്ന പ്രതിനിധികൾ ഇങ്ങനെ പറയാൻ പാടില്ല. അങ്ങനെ പറയണമെന്നു ണ്ടെങ്കിൽ അവർ ഈ ജനാധിപത്യ സംവിധാനത്തിൽ ഭാഗഭാക്കാകാതെ മറ്റു ള്ളവരുടെ വോട്ടുകൾ വാങ്ങാതെ മാറിനിന്ന് ജനാധിപത്യത്തിന്റെ ആനുകൂല്യം ഉപയോഗപ്പെടുത്തി പറയട്ടെ. എല്ലാ മതജനവിഭാഗങ്ങളുടെയും വോട്ടുകൾ വാങ്ങി അധികാരത്തിൽ വരികയും എന്നിട്ട് മറ്റൊരു നിലപാട് സ്വീകരിക്കുകയും ചെയ്യുക എന്നുപറയുന്നത് ആർക്കും ഭൂഷണമായിട്ടുള്ള കാര്യമല്ല. ലീഗിന്റെ നടപടിയോ നിലപാടോ ആയിരുന്നില്ല അതൊന്നും. ഞാൻ അതിലേക്ക് കൂടുതൽ കടക്കാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിലാണ് ഏറ്റവും കൂടുതൽ മുസ്ലീങ്ങൾ സുഭിക്ഷമായ അവസ്ഥയിൽ അല്ലെങ്കിൽ ഏറ്റവും മെച്ചപ്പെട്ട അവസ്ഥയിൽ എന്ന് എല്ലാപേരും പറയുന്നു. അത് ശരി യാണ്. കേരളത്തിലെ മുസ്ലീങ്ങളുടെ പിന്നോക്കാവസ്ഥ മാറിവരുന്നതിന്റെ കാരണം ലീഗ് മാത്രമാണ് എന്നുള്ള വാദം ഒരിക്കലും അംഗീകരിക്കാൻ കഴി യില്ല. ലീഗിനും അതിൽ പങ്കുണ്ട് എന്ന് നമുക്ക് അംഗീകരിക്കാം. ഈ രാജ്യ ത്തിലെ ഇടതുപക്ഷ കക്ഷികൾക്കും ഇവിടത്തെ കോൺഗ്രസ് ഉൾപ്പെടെയുള്ള പാർട്ടികൾക്കുമൊക്കെ അതിൽ പങ്കുണ്ട്. മുസ്ലീങ്ങൾ മാത്രമല്ല കേരളത്തിൽ

ഏറ്റവും മെച്ചപ്പെട്ട അവസ്ഥയിൽ ജീവിക്കുന്നത്. ഇന്ത്യയിൽ ക്രൈസ്തവ ന്യൂനപക്ഷവും ഇന്ത്യയിലെ എസ്.സി./എസ്.ടി വിഭാഗക്കാരും ഏറ്റവും മെച്ചപ്പെട്ട അവസ്ഥയിൽ ജീവിക്കുന്നത് കേരളത്തിലാണല്ലോ അപ്പോൾ അതിനാരാണ് കാരണക്കാർ. എസ്.സി/എസ്.ടി. വിഭാഗക്കാർക്കുവേണ്ടി പ്രവർത്തിച്ച സംഘടനയാണോ അതിന്റെ കാരണക്കാർ. ക്രൈസ്തവ ന്യൂനപക്ഷത്തിനുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകളാണോ ക്രൈസ്തവ ന്യൂനപക്ഷം ഏറ്റവും ഭേദപ്പെട്ട അവസ്ഥയിൽ കേരളത്തിൽ ജീവിക്കുന്നതിന് കളമൊരുക്കിയത്. അപ്പോൾ പിന്നെ ഇതുവരെ കോൺഗ്രസ്സിന്റേയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയുമൊക്കെ പണിയെന്തായിരുന്നു?

ഹിന്ദുക്കളെ ഹിന്ദു പാർട്ടികൾ പങ്കിട്ടെടുക്കുന്നു, മുസ്ലീങ്ങളെ മുസ്ലീം പാർട്ടികൾ പങ്കിട്ടെടുക്കുന്നു, ക്രിസ്ത്യാനികളെ ക്രിസ്ത്യൻ പാർട്ടികൾ പങ്കിട്ടെടുക്കുന്നു. പിന്നെ ഈ കാലമത്രയും കോൺഗ്രസ്സിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയുമെല്ലാം ധർമ്മവും പ്രവർത്തനവുമെല്ലാം എന്തിനു വേണ്ടിയായിരുന്നു? ഇത് അംഗീകരിച്ചുകൊടുക്കാൻ കോൺഗ്രസ്സ് തയ്യാറാകരുതെന്നാണ് എന്റെ അഭിപ്രായം. ലീഗിനും അതിൽ പങ്കുണ്ട്. ആ വാദം അംഗീകരിക്കാം. എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും, പ്രത്യേകിച്ച് ഇടതുപക്ഷ പാർട്ടികൾക്ക് അതിൽ വലിയ പങ്കുള്ളതുപോലെ മറ്റുള്ള പാർട്ടികൾക്കും അതിലുള്ള പങ്ക് അംഗീകരിച്ചുകൊടുക്കുമ്പോഴാണ് ജനാധിപത്യ സംവിധാനത്തിൽ നമ്മൾ ശരിയാംവിധം മുന്നോട്ടുപോകുന്ന ഒരു വിഭാഗമാണെന്ന് പറയാൻ കഴിയുന്നത്. കേരളത്തിലാണ് മുസ്ലീം ജനവിഭാഗം ഏറ്റവും ഭേദപ്പെട്ട അവസ്ഥയിലെന്ന് പറയുന്നുണ്ടല്ലോ. കഴിഞ്ഞ മൂന്ന് വർഷം പി.എസ്.സി.-യിൽ നടന്നിട്ടുള്ള നിയമനങ്ങളെക്കുറിച്ച് ഒരു

ചോദ്യത്തിനുത്തരമായി പി.എസ്.സി.-യിൽ നിന്ന് കിട്ടിയ മറുപടി ഞാൻ അങ്ങയുടെ ശ്രദ്ധയിലേക്കായി വായിക്കുകയാണ്. മുസ്ലീങ്ങൾക്ക് ഇവിടെ സർക്കാർ ഉദ്യോഗത്തിൽ 12 ശതമാനമാണ് സംവരണം കിട്ടേണ്ടത്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ പി.എസ്.സി. മുഖേന നടന്ന നിയമനങ്ങളിൽ മെറിറ്റിൽ മുസ്ലീങ്ങൾ നിയമിക്കപ്പെട്ടിരിക്കുന്നത് 1.45 ശതമാനമാണ്. എസ്. സി. വിഭാഗത്തിൽ മെറിറ്റിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ അവരുടെ റിസർവ്വേഷൻ ക്വാട്ടയിലല്ലാതെ നിയമിക്കപ്പെട്ടിരിക്കുന്നത് 1.07 ശതമാനമാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ നടന്ന നിയമനങ്ങളിൽ മുസ്ലീം ന്യൂനപക്ഷത്തിന് റിസർവ്വേഷനും മെറിറ്റും ഉൾപ്പെടെ ലഭിച്ചിരിക്കുന്നത് 12.97 ശതമാനമാണ്. ഇതിൽ റിസർവ്വേഷൻ 12 ശതമാനമാണ് മെറിറ്റിൽ കിട്ടി യിരിക്കുന്നത് 0.97 ശതമാനം മാത്രമാണ്. എസ്.സി. വിഭാഗത്തിൽപ്പെടുന്ന ആളുകൾക്ക് അവരുടെ റിസർവ്വേഷൻ ക്വാട്ടയ്ക്ക് പുറമേ മെറിറ്റിൽ കിട്ടിയിരി ക്കുന്നത് 1.07 ശതമാനമാണ്.

ശ്രീ. എം. എ. വാഹീദ്: സർ, ......(മൈക്ക് ഓഫ്)...... അത് മത്സരപ്പരീക്ഷ യല്ലേ?

ഡോ. കെ. ടി. ജലീൽ: ഞാൻ പറയുന്നത്, എസ്.സി./എസ്.ടി. വിഭാഗക്കാരും മുസ്ലീം ജനവിഭാഗവും ഉദ്യോഗപ്രാതിനിധ്യത്തിന്റെ കാര്യത്തിൽ കേരളത്തിൽപ്പോലും ഏതാണ്ട് തുല്യമാണ്. അതിനൊരു കാരണമുണ്ട്, നമുക്കത് നിഷേധിക്കാൻ കഴിയില്ല. ഒരുപാട് കാലം വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നിന്നിരുന്ന വിഭാഗമായിരുന്നു മുസ്ലീങ്ങൾ. ഇപ്പോൾ അതിനെല്ലാമൊരു മാറ്റം വന്നുതുടങ്ങിയിട്ടുണ്ട്. അതിന്റെ ലക്ഷണങ്ങൾ നമുക്ക് ഭാവിയിൽ കാണാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം.

ശ്രീ. ജി. സുധാകരൻ: സർ, അപ്പുറത്തുനിന്ന് ശ്രീ. എം. എ. വാഹീദ് പറയുന്നത് സംവരണത്തിൽ കിട്ടിയതിനുപുറമേ ഒന്നര ശതമാനം അധികം കിട്ടിയിട്ടില്ലേ, അതുപോരേ എന്നാണ്. അത് കോൺഗ്രസ്സിന്റെ നയമല്ല. ബാക്കിയുള്ള 50 ശതമാനത്തിൽ തുല്യാവകാശമാണ്. അത് ഇവിടെ കിട്ടുന്നില്ല. നിങ്ങൾ മുസ്ലീങ്ങൾക്ക് പൊതുക്വാട്ടയിൽ നിന്നും വേണ്ടെന്നാണ് പറയുന്നത്. ഈ പ്രശ്നം ഗൗരവമാണ്. ഇത് അങ്ങേയറ്റം ന്യൂനപക്ഷ വിരുദ്ധമാണ്.

ഡോ. കെ. ടി. ജലീൽ: സർ, മത്സരപ്പരീക്ഷകളിൽ കൂടുതൽ കിട്ടണമെന്നല്ല പറഞ്ഞത്. മെരിറ്റിലും റിസർവ്വേഷനിലുംകൂടി കേരളത്തിന്റെ മൊത്തം ജനസംഖ്യയുടെ 24 ശതമാനം വരുന്ന മുസ്ലീങ്ങൾക്ക് ഉദ്യോഗമേഖലയിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ലഭിച്ചിട്ടുള്ള സംവരണം 12.97 ശതമാനമാണ്. 24 ശതമാനമാണ് മുസ്ലീങ്ങളുടെ ജനസംഖ്യാനുപാതികം. പക്ഷെ അത്രയും കിട്ടിയിട്ടില്ല. അതിന്റെ അർത്ഥം കേരളത്തിലെ മുസ്ലീങ്ങൾ മെരിറ്റിൽ ഉദ്യോഗം കിട്ടുന്ന കോമ്പീറ്റന്റ് എക്സാമുകളിൽ വേണ്ടത്ര ജയിച്ചു വരുന്നില്ല എന്നാണ്. അതിനുള്ള പരിഹാരം കാണുന്നതിന് ശ്രമിക്കണമെന്നാണ് ഞാൻ പറയുന്നത്. അല്ലാതെ മെരിറ്റ് പരീക്ഷയിൽ മുസ്ലീങ്ങളായതുകൊണ്ട് അവരെ തിരുകിക്കയറ്റണമെന്നല്ല ഞാൻ പറയുന്നത്. എല്ലാ മതന്യൂനപക്ഷങ്ങളും എസ്.സി./എസ്.ടി. വിഭാഗക്കാരും മെരിറ്റിൽത്തന്നെ മെച്ചപ്പെട്ട അവസ്ഥയിൽ വരുന്ന ഒരു സാഹചര്യമുണ്ടാകണം. കോമ്പീറ്റന്റ് എക്സാമുകളിൽ റിസർവ്വേഷനെന്നുപറയുന്നത് അവകാശമാണ്. അത് ആ വിഭാഗത്തിൽപ്പെടുന്നവർക്ക് മാത്രമേ കിട്ടൂ. പക്ഷെ ഒരു ജനവിഭാഗത്തിന്റെ കോമ്പീറ്റൻസി അളക്കുന്നത് മൊത്തമുള്ള മത്സരപ്പരീക്ഷകളിൽ അവർക്ക്

എത്ര ശതമാനമാണ് വിജയിച്ചുവരാൻ കഴിയുന്നതെന്നുള്ളതിനെ ആസ്പദമാക്കിയാണ്.

ശ്രീ. എം. എ. വാഹീദ്: സർ, ...... (മൈക്ക് ഓഫ്) ...... മത്സരപ്പരീക്ഷകളിൽ മിടുക്കന്മാരല്ലേ വരുന്നത്?

ഡോ. കെ. ടി. ജലീൽ: അവർ മെരിറ്റിലില്ലെങ്കിലും മെരിറ്റിൽ കയറ്റണമെന്നല്ല ഞാൻ പറയുന്നത്. ഒരു ജനവിഭാഗത്തിന്റെ പുരോഗതി അളക്കേണ്ടത് അവർക്ക് റിസർവ്വേഷനിൽ എത്ര പ്രാതിനിധ്യം കിട്ടുന്നുവെന്നുള്ളതിനെ നോക്കിയല്ല. പകരം മത്സരപ്പരീക്ഷകളിൽ എല്ലാ ജനവിഭാഗങ്ങളിലുംപെടുന്നവരുമായി മത്സരിച്ച് അവർക്ക് എത്ര ശതമാനം പ്രാതിനിധ്യം നേടാൻ കഴിയുന്നുവെന്നുള്ളതിനെ ആധാരമാക്കിയാണ്. അക്കാര്യത്തിൽ എസ്.സി. വിഭാഗം ഇപ്പോഴും വളരെ പിന്നോക്കമാണ്. എസ്.സി./എസ്.ടി. വിഭാഗത്തിന്റെ റിസർവ്വേഷൻ 10 ശതമാനംമാണ്. മെരിറ്റിൽ ഒരു ശതമാനമാണ് അവർക്ക് ജയിച്ചുവരാൻ കഴിയുന്നത്. റിസർവ്വേഷനുംകൂടി ഇല്ലായിരുന്നുവെങ്കിൽ അവരുടെ സ്ഥിതി എന്താകുമായിരുന്നു? ഒരു ജനവിഭാഗത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിച്ചുവെന്ന് പറയണമെങ്കിൽ മത്സരപ്പരീക്ഷകളിൽ എല്ലാവരെയും പോലെ അവർക്കും നല്ല പെർഫോർമൻസ് കാഴ്ച വയ്ക്കാൻ കഴിയണം. അതിനുള്ള സാഹചര്യമൊരുക്കണമെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. ബെന്നി ബെഹനാൻ: സർ, മെരിറ്റിന്റെയും കോമ്പീറ്റന്റ് എക്സാമിനേഷന്റെയും കാര്യം പറഞ്ഞു. മലപ്പുറം ജില്ല ഒരു കാലഘട്ടത്തിൽ മെരിറ്റിൽ മുൻപന്തിയിൽ വന്നു. മലപ്പുറം ജില്ലയിലുണ്ടായ ഈ മെരിറ്റ് നേട്ടത്തെ കോപ്പിയടിച്ച് മലപ്പുറം ജില്ല കൃത്രിമമായി വിജയമുണ്ടാക്കിയെന്നുപറഞ്ഞ് അവിടെ മെരിറ്റിൽ വന്ന വിദ്യാർത്ഥികളെ അപമാനിച്ച് പ്രസ്താവന നടത്തിയത് ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദനാണ്.

മെരിറ്റിനെക്കുറിച്ച് അങ്ങ് വാനോളം പ്രസംഗിക്കുന്ന കൂട്ടത്തിൽ ഇതിനുള്ള മറുപടികൂടി പറയണം.

ഡോ. കെ. ടി. ജലീൽ: മലപ്പുറം ജില്ലതന്നെ രൂപീകരിക്കാൻ പാടില്ലെന്നു പറഞ്ഞ പാർട്ടിയാണ് അങ്ങയുടെ പാർട്ടി. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്? ......(ബഹളം)...... 1967–ലെ രണ്ടാം ഇ.എം.എസ്. മന്ത്രിസഭ മലപ്പുറം ജില്ല രൂപീകരിക്കാൻ ശ്രമിച്ചപ്പോൾ ബി.ജെ.പി.–യുടെയും ആർ.എസ്.എസ്.–ന്റെയും കൂടെ നിന്നുകൊണ്ട് ബഹുമാന്യനായ ആര്യാടൻ മുഹമ്മദ് ഉൾപ്പെടെയുള്ളവർ ജില്ലാ രൂപീകരണത്തിനെതിരായി വലിയ സമരങ്ങളും പ്രക്ഷോഭണങ്ങളും നടത്തിയതാണ്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ബെന്നി ബെഹനാൻ: സർ, മാർക്സിസ്റ്റ് പാർട്ടിയിലേക്ക് അടുത്തയിടെ മുസ്ലീംലീഗ് പാർട്ടിയിൽ നിന്ന് കുടിയേറിപ്പാർത്ത ഡോ. കെ.ടി. ജലീൽ ചരിത്രത്തെ വളച്ചൊടിച്ചുകൊണ്ട് പ്രസ്താവന നടത്തുന്നത് അപഹാസ്യമാണ്. അങ്ങനെ പറയരുത്. തെറ്റാണ് പറയുന്നത്. ചരിത്രത്തെ വളച്ചൊടിക്കരുത്.

ശ്രീ. എ. കെ. ബാലൻ: സർ, അന്തരിച്ചുപോയ എം. പി. ഗംഗാധരൻ സത്യാഗ്രഹം നടത്തിയിട്ടുണ്ടോ ഇല്ലയോ എന്നുള്ളത് അവരോട് ചോദിക്കൂ.

ശ്രീ. ജി. സുധാകരൻ: സർ, സീരിയസ്സായ ഒരു ക്രമപ്രശ്നം ശ്രീ. ബെന്നി ബെഹനാൻ ഉന്നയിച്ചിരിക്കുകയാണ്. അതായത് മുസ്ലീംലീഗിൽ നിന്നും സി.പി.എം.–ലേക്ക് xxxxxxxxxxxxxx ഡോ. കെ. ടി. ജലീൽ എന്നിവിടെ പ്രതിപാദിച്ചു. ശ്രീ. മഞ്ഞളാംകുഴി അലി എവിടെ നിന്നാണ് xxxxxxxxxxxxxxxxxx ഞങ്ങൾ അങ്ങനെ പറഞ്ഞിട്ടില്ല, അത് ശ്രീ. മഞ്ഞ

ളാംകുഴി അലിയുടെ ഇഷ്ടമാണ്. ഞങ്ങൾ അങ്ങനെ പറയില്ല. അതുകൊണ്ട് ഇത് ഗൗരവതരവും അനാവശ്യവുമായ പദപ്രയോഗമാണ്. അത് രേഖയിലുണ്ടാകാൻ പാടില്ല. ആരും XXXXXXXXXXXX[4] ഏത് പാർട്ടിയിൽ ചേരണമെന്നുള്ളത് അവരവരുടെ ഇഷ്ടമാണ്.

മി. ചെയർമാൻ: രേഖ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ..........

ശ്രീ. ജി. സുധാകരൻ: ശ്രീ. ബെന്നി ബെഹനാൻ, താങ്കൾ പറഞ്ഞതല്ലേ, XXXXXXXXXXXX[5] താങ്കൾ പറഞ്ഞതല്ലേ. അത് രേഖയിലുണ്ടാകാൻ പാടില്ല. ആരും കുടിയേറിപ്പാർക്കുന്നില്ല.

ശ്രീ. ബെന്നി ബെഹനാൻ: ശ്രീ. മഞ്ഞളാംകുഴി അലി സി.പി.എം.-ലെ അംഗമായിരുന്നില്ല.

മി. ചെയർമാൻ: ഡോ. കെ. ടി. ജലീൽ, അങ്ങയുടെ പ്രസംഗം തുടങ്ങി യിട്ട് ഒരു മണിക്കൂറാകാൻ പോകുകയാണ്. പ്രസംഗം കൺക്ലൂഡ് ചെയ്യണം.

ശ്രീ. ആർ. രാജേഷ്: സർ, അങ്ങയുടെ പ്രസംഗത്തിൽ വളരെ പ്രധാനപ്പെട്ട പോയിന്റാണ് പറഞ്ഞത്. സംവരണത്തിന് അപ്പുറത്തായി മുസ്ലീം ജനവിഭാഗത്തിൽ നിന്നും എസ്.സി. വിഭാഗത്തിൽ നിന്നും ഒരു ശത മാനം വീതം ആളുകൾ മാത്രമാണ് മെരിറ്റിൽ പ്രവേശിക്കപ്പെട്ടത്. യഥാർത്ഥ ത്തിൽ സംവരണാടിസ്ഥാനത്തിൽ പ്രവേശിക്കപ്പെടുന്ന മുസ്ലീം വിഭാഗത്തി ലെയും എസ്.സി. വിഭാഗത്തിലെയും ആളുകളുടെ എണ്ണം കേരളത്തിൽ കുറഞ്ഞുവരികയാണ്. കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലും. പൊതുവിദ്യാല

[4] xxxxxxxxxxxxxx
[5] xxxxxxxxxxxxxxx

യങ്ങൾ ഇല്ലാതായി അൺ-എയ്ഡഡ് സ്കൂളുകൾ ആരംഭിക്കുമ്പോൾ ഏത് കുട്ടിക്കാണ് അൺ-എയ്ഡഡ് സ്കൂളുകളിൽ സംവരണത്തിലൂടെ അഡ്മിഷൻ ലഭിക്കുന്നത്? കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി. അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ പ്രൈവറ്റൈസ് ചെയ്ത് അവിടങ്ങളിലെ സംവരണം അട്ടിമറിക്കപ്പെടുമ്പോൾ എങ്ങനെയാണ് സംവരണത്തിലൂടെ പ്രവേശനം കിട്ടുന്നത്? യഥാർത്ഥത്തിൽ സംവരണമല്ല പ്രശ്നം. നമ്മുടെ സമൂഹത്തിൽ സംവരണത്തിന്റെ ഭാഗമായി ഉദ്യോഗം കിട്ടേണ്ട, അഡ്മിഷൻ കിട്ടേണ്ട സ്ഥാപനങ്ങളെ കുറച്ചുകൊണ്ടുവരുന്നതിനുള്ള ഒരു ആപത്ക്കരമായ നയം കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ആ നയങ്ങൾക്കെതിരായുള്ള സമരമാണ് ശക്തിപ്പെടുത്തേണ്ടത്.

<u>മി. ചെയർമാൻ</u>: ഡോ. കെ. ടി. ജലീൽ, ഒരു മണിക്കൂറാകാൻ പോകുകയാണ്, പ്രസംഗം കൺക്ലൂഡ് ചെയ്യൂ.

<u>ഡോ. കെ. ടി. ജലീൽ:</u> സർ, ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞിട്ടുളള ഒരു കാര്യത്തോട് ഒരു അഭിപ്രായം പറയാതെ പോകാൻ വയ്യ. അന്ന് മലപ്പുറം ജില്ലാ രൂപീകരണത്തിനെതിരായി വലിയ തോതിലുള്ള പ്രതിഷേധങ്ങൾ മലപ്പുറത്ത് കോൺഗ്രസ്സിന്റെയും ജനസംഘത്തിന്റെയും നേതൃത്വത്തിലുണ്ടായി. അന്ന് സി. എച്ച്. മുഹമ്മദ് കോയ സാഹിബ് ഒരു പ്രസംഗം നടത്തിയിട്ടുണ്ട്. ഞാൻ ആ പ്രസംഗം നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് വേണ്ടി ഉദ്ധരിക്കുകയാണ്. സി. എച്ച്. മുഹമ്മദ് കോയസാഹിബ് അന്ന് മലപ്പുറത്ത് പറഞ്ഞു. ജില്ല വന്നാൽ താനൂര് കടപ്പുറത്ത് പാകിസ്ഥാന്റെ പടക്കപ്പൽ വരും എന്ന് കോൺഗ്രസ് പറഞ്ഞപ്പോൾ അന്ന് സി. എച്ച് മുഹമ്മദ് കോയ ആ പരാമർശത്തെ എതിർത്തുകൊണ്ട് പ്രസംഗിച്ചത് ഇന്നും മലപ്പുറത്തുകാർക്ക് മറക്കാൻ കഴിയാത്ത ഒന്നാണ്. മലപ്പുറം ജില്ല വന്നാൽ താനൂര് കടപ്പുറത്ത്

പാക്കിസ്ഥാന്റെ പടക്കപ്പൽ വരും എന്നാണ് കോൺഗ്രസ് പറയുന്നത്. അങ്ങനെ താനൂര് .......(ബഹളം)...... ഞാൻ പറയട്ടെ.......(ബഹളം)...... മലപ്പുറം ജില്ല വന്നാൽ .......(ബഹളം)......

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, പോയിന്റ് ഓഫ് ഓർഡർ, സി. എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ ഒരു പ്രസംഗത്തെ ആവശ്യമായത് കൂട്ടിച്ചേർത്ത് ഇവിടെ മസാലയാക്കി വിൽക്കരുത്. സി. എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ പ്രസംഗം - മലപ്പുറം ജില്ലയ്ക്ക് അംഗീകാരം കൊടുത്താൽ മലപ്പുറം കുട്ടിപാക്കിസ്ഥാനാകുമെന്ന് ചിലർ പ്രചരിപ്പിക്കുന്നു, താനൂരിൽ പടക്കപ്പൽ വന്നാൽ താനൂരിലൂടെ വരുന്ന പടക്കപ്പലിനെ തടുത്ത് നിർത്താനുള്ള ശേഷി ഇന്ത്യയുടെ നാവികസേനയ്ക്ക് ഇല്ലെങ്കിൽ ആ ചോറ്റുപട്ടാളം പിരിച്ചു വിട്ടേക്കൂ, ഞങ്ങൾക്ക് ജില്ല വേണമെന്നാണ്. അതിൽ കോൺഗ്രസ്സെന്ന ഒരു പരാമർശം എവിടെയും നടത്തിയിട്ടില്ല. സി.എച്ചിനെതിരെ ഇത്തരത്തിലുള്ള ഒരു ആരോപണം ഉന്നയിക്കരുത്.

മി. ചെയർമാൻ: ഡോ. കെ. ടി. ജലീൽ താങ്കളുടെ പ്രസംഗം കൺക്ലൂഡ് ചെയ്യൂ.

ഡോ. കെ. ടി. ജലീൽ: അതേതായാലും നന്നായി കാരണം ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിതന്നെ അത് പറഞ്ഞു. മലപ്പുറം ജില്ലാ രൂപീകരണത്തിനെതിരായി കോൺഗ്രസ് നടത്തിയിട്ടുള്ള വലിയ പ്രതിഷേധങ്ങൾക്ക് മറുപടിയായിട്ടാണ് അന്ന് കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിപദം കൈകാര്യം ചെയ്തിരുന്ന സി. എച്ച്. മുഹമ്മദ് കോയ സാഹിബ് പറഞ്ഞത്. മലപ്പുറം ജില്ല വന്നാൽ താനൂര് കടപ്പുറത്ത് പാക്കിസ്ഥാന്റെ പടക്കപ്പൽ വരുമെന്നാണ് ചില ആളുകൾ പറയുന്നത്. അങ്ങനെ പാക്കിസ്ഥാന്റെ പടക്കപ്പൽ താനൂര് കടപ്പുറത്ത് എത്തുന്നുണ്ടെങ്കിൽ അറബിക്കടലിന്റെ വിരി

മാറിലൂടെയായിരിക്കും അത് എത്തുക. അറബിക്കടലിന്റെ വിരിമാറിൽ വച്ച് പാക്കിസ്ഥാന്റെ നാവികപ്പടയെ തോൽപ്പിക്കാൻ ഇന്ത്യയുടെ നാവിക സേനയ്ക്ക് കഴിയില്ലെങ്കിൽ പണ്ഡിറ്റ്ജി, ഇന്ത്യയുടെ ചോറ്റുപട്ടാളം അങ്ങോട്ട് പിരിച്ചു വിട്ടേക്കൂ, ജില്ല ഞങ്ങൾക്ക് വേണം എന്ന് പ്രഖ്യാപിച്ച സി. എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ പ്രസംഗം ചരിത്രത്തിന്റെ ഭാഗമാണ്. .......(ബഹളം)...... ഇതിൽ ഒരു വരി പോലും എന്റേതായിട്ടില്ല. ഒരു വാക്കു പോലും എന്റേതായിട്ടില്ല. പണ്ഡിറ്റ്ജി, ഇന്ത്യയുടെ ചോറ്റു പട്ടാളം അങ്ങോട്ടേയ്ക്ക് പിരിച്ചു വിട്ടേക്കൂ.......(ബഹളം).....സി. എച്ച്-ന്റെ പ്രസംഗം ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കാം.

ശ്രീ. ബെന്നി ബെഹനാൻ: സർ, പോയിന്റ് ഓഫ് ഓർഡർ, മഹാനായ പണ്ഡിറ്റ്ജി മരിച്ചു പോയതിന് ശേഷം ഉണ്ടായ ഒരു ജില്ലയെക്കുറിച്ച് പണ്ഡിറ്റ്ജിയോട് സി. എച്ച് മുഹമ്മദ് കോയ പറഞ്ഞു എന്ന് പറഞ്ഞത് ശുദ്ധ നുണയാണ്. ഇത്തരം നുണകൾ ഇവിടെ ആവർത്തിക്കാൻ പാടില്ല.

മി. ചെയർമാൻ: ഡോ. കെ. ടി. ജലീൽ പ്രസംഗം ചുരുക്കൂ. ഒരു മണിക്കൂർ കഴിഞ്ഞു. ഒരു ബില്ലുകൂടിയുണ്ട്.

ഡോ. കെ. ടി. ജലീൽ: കോൺഗ്രസ് മലപ്പുറം ജില്ലയ്ക്ക് അനുകൂലമായിരുന്നു എന്ന് നിങ്ങൾ എന്തിന്റെ അടിസ്ഥാനത്തിലാണ് പറയുക. .......(ബഹളം)......1967-ൽ ഇ.എം.എസ് മന്ത്രിസഭയിൽ അംഗമായിരുന്നു സി. എച്ച് മുഹമ്മദ് കോയ സാഹിബ്. അന്ന് ഇം.എം.എസ് മന്ത്രിസഭയാണ് മലപ്പുറം ജില്ല നൽകിയത്. ആ ജില്ലാ രൂപീകരണത്തിനെതിരായി ജനസംഘവും കോൺഗ്രസ്സും ഒരുമിച്ച് ചേർന്നുകൊണ്ടാണ് പ്രക്ഷോഭങ്ങൾ നടത്തിയത്. ആ പ്രക്ഷോഭങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ടാണ്.....സോറി.... നെഹ്റുവിന്റെ

പേര് പറഞ്ഞത്, slip of the tongue സംഭവിച്ചതാണ്. അതിനെ എതിർത്ത കോൺഗ്രസ്സിനെയാണ് പറഞ്ഞത്. കോൺഗ്രസ്സേ, പാക്കിസ്ഥാന്റെ നാവികപ്പട താനൂര് കടപ്പുറത്ത് എത്തുക അറബിക്കടലിന്റെ വിരിമാറിലൂടെയായിരിക്കും. അറബിക്കടലിന്റെ വിരിമാറിൽ വച്ച് പാക്കിസ്ഥാന്റെ നാവികപ്പടയെ തോൽപ്പിക്കാൻ ഇന്ത്യയുടെ നാവികസേനയ്ക്ക് കഴിയില്ലെങ്കിൽ കോൺഗ്രസ്സേ, ഇന്ത്യയുടെ നാവികപ്പട അങ്ങോട്ട് പിരിച്ചു വിട്ടേക്കൂ. ജില്ല ഞങ്ങൾക്ക് വേണം എന്ന് സി.എച്ച് പ്രഖ്യാപിച്ചു. കോൺഗ്രസ്സല്ലേ എതിർത്തത്. കോൺഗ്രസ് എതിർത്തതു കൊണ്ടാണ്. .......(ബഹളം)...... സി. എച്ച്. മുഹമ്മദ് കോയയുടെ പ്രസംഗം വളച്ചൊടിച്ചിട്ടില്ല. പണ്ഡിറ്റ് നെഹ്റു എന്നല്ല കോൺഗ്രസ്സെന്നാണ് പറഞ്ഞത്.

ശ്രീ. പി. ഉബൈദുള്ള: സർ, പോയിന്റ് ഓഫ് ഓർഡർ, 1969 ലാണ് മലപ്പുറം ജില്ല സ്ഥാപിതമാകുന്നത്. അതിന് മുമ്പേ മരണപ്പെട്ടുപോയ പണ്ഡിറ്റ്ജിയോട് സി.എച്ച് മുഹമ്മദ് കോയ സാഹിബ് മലപ്പുറം ജില്ലയുടെ പേരിൽ മറുപടി പറഞ്ഞുവെന്ന് പറഞ്ഞാൽ അത് ശരിയല്ല. അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

ഡോ. കെ. ടി. ജലീൽ: എനിക്ക് ഒരു കാര്യമേ അറിയേണ്ടതുള്ളൂ. മലപ്പുറം ജില്ലാ രൂപീകരണത്തെ കോൺഗ്രസ്സ് അംഗീകരിച്ചിരുന്നു, അനുകൂലിച്ചിരുന്നു എന്ന് ലീഗിന്റെ സ്നേഹിതൻമാരിൽ ഒരാൾ എഴുന്നേറ്റ് നിന്ന് പറഞ്ഞാൽ ഞാൻ ഇരിക്കാം. .........(ബഹളം)...... അല്ല, ഞാൻ ചോദിക്കുന്നത് മലപ്പുറം ജില്ല രൂപീകരിക്കുന്ന സമയത്ത് കോൺഗ്രസ് അതിനെ അംഗീകരിച്ചിരുന്നോ ഇല്ലയോ. കോൺഗ്രസ് അംഗീകരിച്ചിരുന്നു കോൺഗ്രസ്സിന്റെ കൂടി പിന്തുണ അതിനുണ്ടായിരുന്നു. കോൺഗ്രസ് മലപ്പുറം ജില്ല രൂപീകരിക്കുന്ന

തിന് അംഗീകാരവുമായി മുന്നോട്ട് വന്നിരുന്നു അതിനെ സ്വാഗതം ചെയ്തിരുന്നു എന്ന് ലീഗിന്റെ ഏതെങ്കിലുമൊരാൾ പറയുമെങ്കിൽ അത് സഭയുടെ രേഖയിൽ കിടക്കട്ടെ.

ശ്രീ. പി. ഉബൈദുള്ള: പൊതുവിദ്യാഭ്യാസ രംഗത്ത് മലപ്പുറം ജില്ലയിൽ ഉണ്ടായ മുന്നേറ്റം, മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകളിലെ റാങ്ക് ലിസ്റ്റിൽ മലപ്പുറം ജില്ലയിലെ കുട്ടികൾ സ്ഥാനം പിടിച്ചപ്പോൾ അന്ന് സഖാവ് അച്ചുതാനന്ദൻ പറഞ്ഞു, മലപ്പുറം ജില്ലയിലെ കുട്ടികൾ കോപ്പിയടിച്ചിട്ടാണ്, പരീക്ഷാ പേപ്പർ ചോർത്തിയിട്ടാണ് പരീക്ഷ പാസ്സാകുന്നതെന്ന്. ഇത് മാർക്സിസ്റ്റ് പാർട്ടിയുടെ അഭിപ്രായമാണോ. സി.പി.ഐ(എം) പറയണം. അതുമാത്രമല്ല....

ഡോ. കെ. ടി. ജലീൽ: ഞാൻ ഒരു കാര്യം മാത്രമേ ചോദിക്കുന്നുള്ളൂ. ഒരു കാര്യം മാത്രമേ എനിക്ക് അറിയേണ്ടതുള്ളൂ. മലപ്പുറം ജില്ല രൂപീകരിക്കപ്പെട്ട സന്ദർഭത്തിൽ കോൺഗ്രസ്സ് അതിനെ സ്വാഗതം ചെയ്യുകയോ ആ ജില്ലാ രൂപീകരണത്തെ അംഗീകരിക്കുകയോ ചെയ്തിരുന്നോ? മുസ്ലീം ലീഗിന്റെ ആളുകളിൽ നിന്നാണ് അതിന്റെ മറുപടി കിട്ടേണ്ടത്. ലീഗിൽ നിന്നാണ് എനിക്ക് മറുപടി കിട്ടേണ്ടത്.

ശ്രീ. ബെന്നി ബെഹനാൻ: ചരിത്രത്തെ വളച്ചൊടിക്കരുത്.പുതിയ ഒരു ജില്ലാ രൂപീകരണത്തിന് കോൺഗ്രസ് എതിരായിരുന്നില്ല. ചില ആളുകൾ ജില്ലാ രൂപീകരണത്തെ വർഗ്ഗീയവൽക്കരിക്കാൻ ശ്രമിച്ചപ്പോൾ അതിനെ കോൺഗ്രസ് എതിർത്തിട്ടുണ്ട്. .......(ബഹളം)...... അന്നത്തെ മാർക്സിസ്റ്റ് പാർട്ടിയുൾപ്പെടെ....അന്നത്തെ ചില രാഷ്ട്രീയ നേതാക്കൻമാർ ജില്ലാ രൂപീകരണത്തെ വർഗ്ഗീയവത്ക്കരിക്കാൻ ശ്രമിച്ചപ്പോൾ ആ വർഗ്ഗീയവൽക്കരണത്തിനെതിരെ കോൺഗ്രസ് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനപ്പുറത്ത്

ജില്ലാ രൂപീകരണത്തിൽ കോൺഗ്രസ് എതിരായിരുന്നില്ല. പണ്ഡ്റ്റ്ജി എതിരായിരുന്നില്ല. പണ്ഡിറ്റ്ജി ഇല്ലാത്ത കാലഘട്ടത്തിൽ പണ്ഡിറ്റ്ജി എതിരാണെന്ന് പറയുകയാണ്. വസ്തുതാപരമായ കാര്യങ്ങൾ പറയാൻ പഠിക്കണം. അങ്ങ് ഡോക്ടറേറ്റ് കിട്ടിയ വ്യക്തിയല്ലേ.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ പറഞ്ഞല്ലോ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെക്കുറിച്ച് ......... ആ ഒരു സ്റ്റേറ്റ്മെന്റ് വച്ചാണ് പറഞ്ഞുപോയത്, കോൺഗ്രസ് എന്നാണ് പറഞ്ഞത്. എനിക്കറിയേണ്ടത് ഒരു കാര്യമേയുള്ളൂ, മലപ്പുറം ജില്ല രൂപീകരിച്ച സമയത്ത് കോൺഗ്രസ് അതിന് അനുകൂലമായിരുന്നു, അതിനെ അംഗീകരിച്ചിരുന്നു എന്ന് പറയാൻ മുസ്ലീം ലീഗിന്റെ ഏതെങ്കിലും ഉത്തരവാദിത്വപ്പെട്ട ഒരംഗത്തിന് കഴിയുമോ? ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അന്ന് സി.എച്ച്.-ന്റെ പ്രസംഗം ഒരുപക്ഷേ കേട്ടിട്ടുണ്ടാവില്ല, അതുകൊണ്ടായിരിക്കും.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഇവിടെ സൂചിപ്പിച്ചത് മലപ്പുറം ജില്ലയുടെ രൂപീകരണ സമയത്ത് കോൺഗ്രസ് പാർട്ടിയുടെ നിലപാടെന്തായിരുന്നുവെന്നാണ്. പല പാർട്ടികളിലും വ്യത്യസ്തമായ നിലപാടുകളുള്ളവരുണ്ട്. ഉദാഹരണമായി സഖാവ് കെ. ആർ. ഗൗരിയമ്മയുടെ ആത്മകഥ പുറത്തു വന്നപ്പോൾ മലപ്പുറം ജില്ലയ്ക്ക് അംഗീകാരം കൊടുക്കുന്നതിന് സി.പി.ഐ.(എം)-ന്റെ കേന്ദ്ര നേതൃത്വം എതിരായിരുന്നുവെന്നും അന്ന് മുഖ്യമന്ത്രിയായിരുന്ന ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നിർബന്ധബുദ്ധി കൊണ്ടാണ് മലപ്പുറം ജില്ലയ്ക്ക് അംഗീകാരം കൊടുത്തതെന്ന് അന്നത്തെ റവന്യൂ മന്ത്രിയായിരുന്ന ശ്രീമതി കെ. ആർ. ഗൗരിയമ്മ പറഞ്ഞത് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ഡോ. കെ. ടി. ജലീൽ വളരെ തന്ത്ര പൂർവ്വം മലപ്പുറം ജില്ലാ രൂപീകരണത്തിലേയ്ക്ക് കടന്നത് ശ്രീ. ബെന്നി ബെഹ നാൻ അദ്ദേഹത്തോട് ഒരു ചോദ്യം ചോദിച്ചപ്പോഴാണ്. ആ ചോദ്യത്തിന് മറുപടി പറയാൻ ഇതുവരെയും അദ്ദേഹം തയ്യാറായിട്ടില്ല. മലപ്പുറം ജില്ല യിലെ കുട്ടികൾ മത്സര പരീക്ഷകളിൽ ഉന്നതമായ വിജയം കൈവരിച്ചതിനെ പ്രതിപക്ഷ നേതാവ് ആക്ഷേപിച്ചതിനെക്കുറിച്ച് ഡോ. കെ. ടി. ജലീലിന് എന്ത ഭിപ്രായമുണ്ടെന്ന് ചോദിച്ചപ്പോൾ അതിന് മറുപടി പറയാൻ എന്താണ് മടി; എന്ത് മറുപടിയാണ് പറയാനുള്ളത്? അദ്ദേഹത്തിന്റെ അഭിപ്രായമെന്താണെന്ന് ഞങ്ങളൊന്ന് അറിയട്ടെ.

<u>മി. ചെയർമാൻ:</u> അങ്ങ് പ്രസംഗം അവസാനിപ്പിക്കൂ

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. മലപ്പുറം ജില്ലാ രൂപീകരണത്തിനെതിരെ ഒരുപാട് പ്രതിഷേധങ്ങളും ഒരുപാട് അമർഷ ങ്ങളുമുണ്ടായിരുന്നു. അന്ന് ആ പ്രതിഷേധങ്ങളെ മുഴുവൻ തൃണവ ൽക്കരിച്ചുകൊണ്ട് ജില്ലാ രൂപീകരണം യാഥാർത്ഥ്യമാക്കിയത് സഖാവ് ഇ.എം. എസ്.–ന്റെ കയ്യൊപ്പായിരുന്നു എന്നുള്ളത് ആർക്കാണ് നിഷേധിക്കാൻ സാധി ക്കുക.......(ബഹളം)..... ഞാൻ വഴങ്ങുന്നില്ല.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ, ബഹുമാന പ്പെട്ട കെ. ടി. ജലീൽ ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. തെറ്റിദ്ധരിപ്പി ക്കാൻ പാടില്ല, അദ്ദേഹത്തിന്റെ വെല്ലുവിളി ഞാൻ സ്വീകരിച്ചിരിക്കുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആൾ ഇന്ത്യാ കമ്മിറ്റിയോ സംസ്ഥാന കെ.പി.സി.സി. പ്രസിഡന്റോ കോൺഗ്രസിന്റെ ഉത്തരവാദിത്തപ്പെട്ടവരോ മലപ്പുറം ജില്ലയെ എതിർത്തിട്ടില്ല എന്ന് പറയാൻ ഞാൻ തയ്യാറാണ്. അങ്ങ നെയുണ്ടെങ്കിൽ അത് ഡോ. കെ.ടി. ജലീൽ അവതരിപ്പിക്കട്ടെ.

ശ്രീ. എം. ചന്ദ്രൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ശ്രീ. കെ. എൻ. എ. ഖാദർ ഇപ്പോൾ പറഞ്ഞത് വസ്തുതാപരമല്ലാത്ത കാര്യങ്ങളാണ്. അദ്ദേഹം അന്ന് സി.പി.ഐ.-യിലാണുണ്ടായിരുന്നത്. മലപ്പുറം ജില്ലയ്ക്ക് അനുകൂലമായി നിന്നയാളാണ് അദ്ദേഹം. കോൺഗ്രസ് അവിടെ നിരാഹാരം കിടന്ന പാർട്ടിയാണ്. അതുകൊണ്ട് അദ്ദേഹം പറഞ്ഞത് രേഖയിൽ നിന്ന് നീക്കം ചെയ്യണം. തെറ്റായ പ്രസ്താവനയാണ് നടത്തിയത്.

ഡോ. കെ. ടി. ജലീൽ: സർ, 1969-ൽ മലപ്പുറം ജില്ല രൂപീകരിക്കപ്പെടുമ്പോൾ എനിക്ക് മൂന്നു വയസ്സാണ്. മലപ്പുറം ജില്ല യാഥാർത്ഥ്യമായത് കമ്മ്യൂണിസ്റ്റ് പാർട്ടിയുണ്ടായതുകൊണ്ടാണ്. അന്ന് ഈ എതിർപ്പുകളെയും പ്രതിഷേധങ്ങളെയും എല്ലാം തൃണവൽക്കരിച്ച സഖാവ് ഇ.എം.എസ്.-ന്റെ ചങ്കൂറ്റവും നെഞ്ചൂക്കുമില്ലായിരുന്നുവെങ്കിൽ മലപ്പുറം ജില്ല യാഥാർത്ഥ്യമാകുമായിരുന്നില്ല. കമ്മ്യൂണിസ്റ്റുകാരും വലതുപക്ഷ പാർട്ടിക്കാരും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസവും അവിടെയാണ്. ആരെങ്കിലും ഉമ്മാക്കി കാണിച്ചാലോ ഓലപ്പാമ്പ് കാണിച്ചാലോ പേടിക്കുന്നവരല്ല കമ്മ്യൂണിസ്റ്റുകാർ. ഏതെങ്കിലും സമുദായ നേതാക്കന്മാരോ ജാതി സംഘടനകളുടെ നേതാക്കന്മാരോ ഉമ്മാക്കി കാണിച്ചാൽ അതിന്റെ പേരിൽ എടുത്ത തീരുമാനം പിൻവലിക്കുന്നവരല്ല കമ്മ്യൂണിസ്റ്റുകാരെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവായിരുന്നു അന്ന് എല്ലാ എതിർപ്പുകളുമുണ്ടായിട്ടും മലപ്പുറം ജില്ല യാഥാർത്ഥ്യമാക്കി എന്നുള്ളത്. ഇക്കാര്യം എന്നെക്കാളുമധികം ഈ ബിൽ അവതരിപ്പിച്ച മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലിക്ക് അറിയാം. ഞാനതുകൊണ്ട് അതിലേയ്ക്ക് കൂടുതൽ കടക്കാൻ ആഗ്രഹിക്കുന്നില്ല. ഈ ബില്ലിന്റെ നാലാമത്തെ പേജിൽ POWERS AND FUNCTIONS OF THE COMMISSION-

Statutory Power ഉള്ള ഒരു കമ്മീഷനാണ് രൂപീകരിക്കാൻ പോകുന്നത്. ഇതിൽ പറയുന്നത്,

(a) to evaluate ..........................

(b) to enquire ..............................

(c) to enquire ................................

(d) to participate in, and advise, .......................

(e) to make recommendations .........................

(g) to conduct studies ..................................

(h) to suggest appropriate measures ........................

(i) to submit report to the Government periodically .......................

These are the functions of the new Commission. അങ്ങനെ സ്റ്റാറ്റ്യൂട്ടറി പവർ തത്വത്തിലുണ്ടെങ്കിലും സത്യത്തിൽ അത് വകവെച്ചുകൊടുക്കാത്ത അധികാരങ്ങളാണ് ഈ ബില്ലിൽ ഈ കമ്മീഷന് നൽകിയിരിക്കുന്നത് എന്നുള്ള കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, ശ്രീ. മഞ്ഞളാംകുഴി അലിയെ ഞാൻ അനുമോദിക്കുകയാണ്. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ആലോചിച്ചെങ്കിലും നടപ്പിലാക്കാൻ കഴിയാതെ പോയ ബില്ലാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നതെന്ന് നേരത്തേ ഇവിടെ സംസാരിച്ച ശ്രീ. സി. ദിവാകരനും ഡോ. കെ.ടി. ജലീലും സൂചിപ്പിച്ചു. പത്തുവർഷമായി പലതവണ ഓർഡിനൻസ് ഇറക്കി, പക്ഷേ അത് ബില്ലാക്കാൻ കഴിഞ്ഞില്ലെന്നാണ് ശ്രീ. സി. ദിവാകരൻ പറഞ്ഞത്. രേഖകൾ പരിശോധിച്ചപ്പോൾ ബഹുമാനപ്പെട്ട ശ്രീ. മഞ്ഞളാംകുഴി

അലി ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രി ആയതിനുശേഷമാണ് ഈ ഓർഡിനൻസ് ഇറക്കുന്നത് എന്നാണ് എനിക്ക് മനസ്സിലായത്. കഴിഞ്ഞ തെരഞ്ഞെടുപ്പിന് മുമ്പ് ബിൽ കൊണ്ടുവരുന്നതിന് ഒരു ശ്രമം നടത്തിയിരുന്നു. എന്നാൽ ഓർഡിനൻസ് ഇറക്കിയത് അദ്ദേഹമാണ്. അതിനുമുമ്പ് ഒരു ഓർഡിനൻസും ഇറക്കിയിരുന്നില്ല. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ബിൽ കൊണ്ടുവരാൻ ശ്രമം നടത്തി എന്നു പറഞ്ഞാൽ ഡോ. ടി. എം. തോമസ് ഐസക് ആറാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ചതുപോലെ. ആ ബഡ്ജറ്റിലെ കാര്യങ്ങൾ പറഞ്ഞു കൊണ്ടാണല്ലോ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വോട്ട് പിടിച്ചത്. ഒരു ഗവൺമെന്റിന് അഞ്ച് ബഡ്ജറ്റ് അവതരിപ്പിക്കാനുള്ള അവകാശമുണ്ടെന്നാണ് ഞങ്ങൾ കേട്ടിട്ടുള്ളത്. ആറാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് കുറേ കാര്യങ്ങൾ പറഞ്ഞു. അതുപോലെയുള്ള ഒരു ഏർപ്പാടായിരുന്നു കഴിഞ്ഞ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ഈ ബിൽ കൊണ്ടുവരാനുള്ള ശ്രമം. ഈ ബിൽ വന്നപ്പോൾ പണമില്ലാത്തതുകൊണ്ട് മാറ്റിവച്ചുവെന്നാണ് രേഖകളിൽ കാണുന്നത്. പണമില്ലാത്തതിന്റെ പേരിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്ത് മാറ്റിവച്ച ഒരു ബിൽ കൊണ്ടുവരാൻ നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്. 2003-ൽ ഈ ബില്ലിനെക്കുറിച്ച് ആലോചിച്ചിട്ടേയുള്ളൂ. 2003-ലെ കേന്ദ്ര മൈനോറിറ്റി കമ്മീഷൻ വിവിധ സ്റ്റേറ്റുകളിൽ നടത്തിയ യോഗത്തിൽ എല്ലായിടത്തും ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കണമെന്ന നിർദ്ദേശം വന്നതേയുള്ളൂ. പിന്നീട് അഞ്ച് വർഷക്കാലം ഭരിച്ചത് ഇടതുപക്ഷമാണ്. ഇവിടെ സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ചൊക്കെ ഊറ്റം കൊണ്ട് സംസാരിക്കുന്നതു കേട്ടു. മലപ്പുറം ജില്ലയുടെ രൂപീകരണത്തെക്കുറിച്ച് അരമണിക്കൂർ ചർച്ച ചെയ്യുകയും അതുസംബന്ധിച്ച്

ലീഗിന്റെ ആളുകളുമെല്ലാം അഭിപ്രായം പറയുകയും ചെയ്തു. കോൺഗ്രസ് പാർട്ടിയുടെ എ.ഐ.സി.സി.യോ കെ.പി.സി.സിയോ തുടങ്ങി ഏതെ ങ്കിലുമൊരു ഘടകം ജില്ലാ രൂപീകരണത്തിനെതിരായി നിന്നിട്ടുള്ളതായി ഞങ്ങൾ കേട്ടിട്ടില്ല. പക്ഷേ, ഞാൻ മനസ്സിലാക്കുന്നത്, ഇ.എം.ശങ്കരൻ നമ്പൂ തിരിപ്പാട് എങ്ങനെയും മുഖ്യമന്ത്രിയായി ഇരിക്കാൻ വേണ്ടി നടത്തിയ ശ്രമ ത്തിന്റെ ഭാഗമായിട്ടാണെന്നാണ്. കാരണം മുസ്ലീം ലീഗ് അന്ന് മുന്നണിയിലു ണ്ട്. മലപ്പുറം ജില്ല വന്നില്ലെങ്കിൽ ഭരണത്തിൽ ഞങ്ങൾ കാണില്ലെന്ന് ലീഗ് പറഞ്ഞു. അപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ കേന്ദ്ര നേതൃത്വവും സംസ്ഥാന നേതൃത്വവും പറ്റില്ലെന്ന് പറഞ്ഞു. ഇതെല്ലാം ഞാൻ വെറുതെ പറയുന്നതല്ല. കേരളത്തിലെ ചരിത്ര രേഖകളിൽ കിടക്കുന്നതാണ്. ശ്രീമതി കെ. ആർ. ഗൗരി യമ്മയുടെ ജീവചരിത്രം പുറത്തിറങ്ങിയിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത്, ആ സമയത്ത് ഞാൻ റവന്യൂ വകുപ്പ് മന്ത്രിയായിരുന്നു. പാർട്ടിയും കേന്ദ്ര നേതൃത്വവും ഉൾപ്പെടെ എല്ലാവരും ഈ ജില്ല രൂപീകരിക്കുന്നതിന് കൂട്ട് നിൽക്കരുതെന്ന് പറഞ്ഞു. എന്റെ മന:സാക്ഷിയും അനുവദിക്കുന്നില്ല, പക്ഷേ മുഖ്യമന്ത്രി എന്നെ നിർബന്ധിച്ചപ്പോൾ ഞാൻ ഒപ്പിടാൻ നിർബന്ധിതയായി യെന്നാണ്. അതുകൊണ്ട് ഡോ. കെ. ടി. ജലീൽ, മാർക്സിസ്റ്റ് പാർട്ടിക്ക് അതിന്റെ ക്രെഡിറ്റൊന്നും കൊടുക്കേണ്ടതില്ല. കൂട്ടത്തിൽ നിൽക്കുമ്പോൾ സ്വാഭാവികമായും അവരോട് അൽപ്പം സ്നേഹം കാണിക്കണം. പക്ഷേ, ഇതാണ് അതിന്റെ സത്യം. അതുകൊണ്ട് വെറുതെ ആവശ്യമില്ലാത്ത കാര്യ ങ്ങൾ സംസാരിച്ച് തെറ്റിദ്ധരിപ്പിച്ച് കോൺഗ്രസ്സിനെ കുറ്റപ്പെടുത്തി പോകേണ്ട കാര്യമില്ല. കോൺഗ്രസ്സിന് ഓരോ കാര്യങ്ങളെക്കുറിച്ചും നയങ്ങളുണ്ട്. ഓരോ വിഷയങ്ങൾ ഉണ്ടാകുമ്പോഴും വേണമോ വേണ്ടയോ എന്നുള്ള കാര്യത്തിൽ നയങ്ങളുണ്ട്. അതെല്ലാം അതാത് കാലഘട്ടങ്ങളിൽ കോൺഗ്രസ് പറഞ്ഞി

ട്ടുണ്ട്, ഓരോ പാർട്ടികളും പറയാറുണ്ട്. മൈനോറിറ്റിക്ഷേമ പദ്ധതികളെ സംബന്ധിച്ച് അടുത്തകാലത്ത് കേന്ദ്ര ന്യൂനപക്ഷക്ഷേമകാര്യ വകുപ്പുമന്ത്രി ശ്രീ. റഹ്മാൻ ഖാൻ മറ്റെല്ലാ സ്റ്റേറ്റുകളോടും പറഞ്ഞത്, ന്യൂനപക്ഷക്ഷേമ പദ്ധതികൾ എങ്ങനെ നടപ്പിലാക്കണമെന്നുള്ളത് കേരളത്തെ കണ്ടുപഠിക്കണ മെന്നാണ്. അതിന് കാരണം കേരളം വളരെ ഇഫക്ടീവായി കാര്യങ്ങൾ ചെയ്യുന്നു എന്നുള്ളത് കേന്ദ്ര ഗവൺമെന്റിനും കേന്ദ്ര ന്യൂനപക്ഷ കാര്യവകു പ്പുമന്ത്രിക്കും ബോദ്ധ്യപ്പെട്ടതുകൊണ്ടാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സച്ചാർ കമ്മിറ്റി റിപ്പോർട്ടുവന്നു. ഞാൻ ഇപ്പോഴും ഓർക്കുന്നു, അന്നത്തെ കാലത്ത് സച്ചാർ കമ്മിറ്റി റിപ്പോർട്ട് എന്നുള്ളത് മാറ്റി നിങ്ങൾ പറഞ്ഞുകൊ ണ്ടിരുന്നത് പാലൊളി കമ്മിറ്റി റിപ്പോർട്ടെന്നാണ്. വളരെ തന്ത്രപരമായി സച്ചാർ കമ്മിറ്റി എന്ന വാക്ക് ഉപയോഗിക്കില്ലായിരുന്നു. അതിനുവേണ്ടി നിങ്ങൾ കോഴിക്കോട് സ്വപ്ന നഗരമൊക്കെയുണ്ടാക്കി, മുസ്ലീങ്ങളുടെ വലിയ സമ്മേ ളനം വിളിച്ചുകൂട്ടി എല്ലാവർക്കും ബിരിയാണിയും കൊടുത്തുകൊണ്ട് പാലൊളി കമ്മിറ്റി റിപ്പോർട്ട് എന്നു പറഞ്ഞു. ഇതിനുവേണ്ടിയുള്ള പണം മുഴു വൻ അനുവദിച്ചിരിക്കുന്നത് സച്ചാർ കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ്. ആ സച്ചാർ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെകൂടെ പത്തുലക്ഷം രൂപയും കൂടി ചേർത്തുകൊണ്ട് ഇതാ പാലൊളി കമ്മിറ്റി റിപ്പോർട്ട് എന്ന് പറഞ്ഞുകൊണ്ട് നടത്തിയ ചില തട്ടിപ്പുകളല്ലാതെ ഈ സച്ചാർ കമ്മിറ്റി റിപ്പോർട്ട് ഉണ്ടായതിൽ നിങ്ങൾക്ക് എന്ത് പങ്കാണുള്ളത്. നിങ്ങൾ അന്ന് പുറത്തുനിന്ന് പിന്തുണച്ചി രുന്നുവെന്നുള്ളത് ശരിയായിരിക്കും. പക്ഷേ, നയരൂപീകരണത്തിലൊന്നും കാര്യമായ പിന്തുണ നിങ്ങളിൽ നിന്നും വാങ്ങിച്ചിട്ടില്ല. കോൺഗ്രസ്സും യു.പി. എ.യും എന്തൊക്കെയാണ് നടപ്പിലാക്കേണ്ടതെന്ന് ആലോചിക്കുകയും തീരു മാനിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് ഈ രാജ്യത്ത് നടപ്പിലാക്കിയിട്ടുണ്ട്.

അതല്ലാതെ പ്രത്യേകിച്ച് പിന്തുണ നിങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടായിയെന്നു പറഞ്ഞുകൊണ്ട് ഓരോ കാര്യങ്ങൾ വരുമ്പോഴും ഇങ്ങനെ അവകാശവാദം ഉന്നയിക്കുന്നത് കുറച്ച് കടന്നകയ്യാണ്. നല്ല കാര്യങ്ങൾ വരുമ്പോൾ അതിനു പുറകിൽ ഞങ്ങളുടെ പിന്തുണ ഉണ്ടെന്ന് പറയുകയും ഏതെങ്കിലും കാര്യ ത്തിൽ അൽപ്പം എതിരുണ്ടെങ്കിൽ ഞങ്ങൾക്ക് ഇതറിയില്ലെന്നും പറയുന്ന രീതിയിലുള്ള എട്ടുകാലി മമ്മൂഞ്ഞിന്റെ സ്വഭാവം കാണിക്കുന്നത് ഒട്ടും ശരി യായ കാര്യമല്ല. പുതിയതായി വന്ന ഈ ബില്ലിനകത്ത് പറഞ്ഞിരിക്കുന്നത്, 1992-ലെ 19-ാം കേന്ദ്ര നിയമം അനുസരിച്ച് കേന്ദ്ര സർക്കാർ നോട്ടിഫൈ ചെയ്തതാണെന്നാണ്. ശ്രീ. എ.കെ. ബാലൻ ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിനകത്ത് അഞ്ച് സമുദായങ്ങളെയാണ് ന്യൂനപക്ഷ സമുദായങ്ങളായി 1992-ലെ കേന്ദ്രനിയമം അനുസരിച്ചുള്ള കേന്ദ്ര സർക്കാരിന്റെ നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റീസിൽ വന്നിരിക്കുന്നത്. മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധിസ്റ്റ്, സൗരാഷ്ട്രിയൻ അല്ലെങ്കിൽ പാഴ്സി എന്നീ സമുദായങ്ങ ളാണ് അതിലുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട രണ്ട് സമൂഹങ്ങളാണുള്ളത്, മുസ്ലീം സമൂഹവും ക്രിസ്ത്യൻ സമൂഹവും. പക്ഷേ ഇതിനകത്ത് പാഴ്സിയെപ്പോലെ തന്നെ അതിനേക്കാൾ ജനസംഖ്യയുള്ള ജൈനൻ ഉൾപ്പെടെയുള്ള ചില വിഭാഗങ്ങളെ വിട്ടുപോയിട്ടുണ്ടോയെന്ന കാര്യ ത്തിൽ എനിക്ക് സംശയം തോന്നിയതാണ്. കേരളത്തെ സംബന്ധിച്ചിട ത്തോളം ജൂതന്മാരുണ്ട്, യഹൂദന്മാരുണ്ട്. അതുപോലെ ചെറിയ സമൂഹങ്ങളു ണ്ട്. സ്വാഭാവികമായും കേരളത്തിൽ നടപ്പിലാക്കുമ്പോൾ എല്ലാ ന്യൂനപക്ഷ സമൂഹത്തെക്കുറിച്ചുമുള്ള ചിന്തകളുണ്ടാകണം. കാരണം, ന്യൂനപക്ഷമെന്ന് പറയുമ്പോൾ ഓരോ സമൂഹത്തിനും ജനസംഖ്യാനുപാതികമായി പിന്നോക്കം

നിൽക്കുന്ന ആളുകൾക്ക് ഈ ക്ഷേമ പദ്ധതികൾ പ്രയോജനപ്പെടുന്ന രീതിയിൽ ആയിരിക്കണം ഇവിടെ നടപ്പിലാക്കേണ്ടത്. ന്യൂനപക്ഷ വിഭാഗങ്ങളായി അറിയപ്പെടുന്ന എല്ലാ വിഭാഗങ്ങളും ഇതിൽ വരണം. എല്ലാ വിഭാഗങ്ങൾക്കും അവരുടേതായ പ്രശ്നങ്ങളുണ്ട്. ക്രിസ്ത്യൻ സമൂഹം മുന്നിൽ നിൽക്കുന്നു എന്നു പറയുമ്പോഴും അതിൽ എല്ലാ വിഭാഗങ്ങളുമില്ല. ചില വിഭാഗങ്ങളിൽ നേരത്തേ വിദ്യാഭ്യാസം ലഭിച്ചവരുണ്ട്, കാർഷിക മേഖലയിലേയ്ക്ക് പോയവരുണ്ട്. ആ മേഖലയിലൊക്കെ ഒരു കാലഘട്ടത്തിൽ കുറേ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ടാകാം. പക്ഷേ, അതിനകത്ത് ലത്തീൻ, ആംഗ്ലോ ഇന്ത്യൻ തുടങ്ങിയ ഒരുപാട് വിഭാഗങ്ങളുണ്ട്. ആ വിഭാഗങ്ങളിൽ ഒരുപാട് പാവപ്പെട്ടവരുമുണ്ട്. സ്വാഭാവികമായും മൈനോറിറ്റി ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അല്ലെങ്കിൽ ഡിസ്ട്രിബ്യൂഷൻ നടക്കുമ്പോൾ എപ്പോഴും നീതിപൂർവ്വമായ ഡിസ്ട്രിബ്യൂഷൻ ഉണ്ടാകണം. ജനസംഖ്യാനുപാതികമായി മാത്രമല്ല ഇത് കൊടുക്കേണ്ടത്, ആദ്യത്തെ ബെനിഫിഷ്യറി ഏറ്റവും പാവപ്പെട്ടവനായിരിക്കണം. എ.പി.എൽ/ബി.പി.എൽ ആയി വേർതിരിക്കണമെന്നല്ല പറഞ്ഞത് എല്ലാവരെയും ഒരുപോലെ കണക്കാക്കണം. ഇതിന്റെ സൗജന്യം ഏറ്റവും പാവപ്പെട്ടവന് ആദ്യം ലഭിക്കത്തെ രീതിയിൽ ഈ പദ്ധതികൾ ഇവിടെ നടപ്പിലാക്കാനുള്ള ശ്രമം ഉണ്ടായെങ്കിൽ മാത്രമേ നമ്മൾ പ്രതീക്ഷിക്കുന്ന തരത്തിൽ നീതിപൂർവ്വമായ കാര്യങ്ങൾ നടക്കൂ. ഒട്ടനവധി പദ്ധതികൾ ന്യൂനപക്ഷങ്ങൾക്കുവേണ്ടി നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയിട്ടുണ്ട്. ന്യൂനപക്ഷക്ഷേമത്തിനുവേണ്ടി പതിനഞ്ചിന പദ്ധതികൾ രാജ്യത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഈ പതിനഞ്ചിന പദ്ധതികൾ ഈ രാജ്യത്ത് കേരളത്തിലുൾപ്പെടെ നടപ്പിലാക്കുമ്പോൾ അതൊക്കെ നടക്കുന്നുണ്ടോയെന്ന് മോണിറ്റർ ചെയ്യാൻ തീർച്ചയായും ഇതുപോലൊരു കമ്മീഷൻ ആവശ്യമാണ്. അല്ലാതെ കേന്ദ്ര

കമ്മീഷന് ഇവിടെ വന്ന് ഓരോതലത്തിലും ഇത് എങ്ങനെ നടക്കുന്നുവെന്ന് പരിശോധിക്കാനാവില്ല. അത് പരിശോധിക്കണമെങ്കിൽ തീർച്ചയായും സംസ്ഥാനത്ത് ഒരു കമ്മീഷൻ വേണം. നിരാകരണപ്രമേയം അവതരിപ്പിച്ചു കൊണ്ട് ശ്രീ. എ. കെ. ബാലൻ സൂചിപ്പിച്ചത്, കമ്മീഷന്റെ ആവശ്യമില്ല എന്നാ ണ്. ഇതിന്റെ ഇംപ്ലിമെന്റേഷന്റെ ഭാഗത്ത് കേരളത്തിന് പ്രത്യേകമായി, സംസ്ഥാന–കേന്ദ്ര ഗവൺമെന്റുകളുടെ നിയമനിർമ്മാണങ്ങൾ നടപ്പിലാ ക്കാനും അത് എങ്ങനെ നടക്കുന്നുവെന്ന് മോണിറ്റർ ചെയ്യുക എന്നുള്ളതു മാണ് ഈ കമ്മീഷന്റെ ഉദ്ദേശ്യം. സംസ്ഥാന ഗവൺമെന്റിന് പുതിയ ഒട്ടേറെ പദ്ധതികളും ഒരുപാട് നിയമനിർമ്മാണങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടപ്പി ലാക്കാം. അങ്ങനെ വരുമ്പോൾ കേന്ദ്രനിയമത്തിനേക്കാൾ കൂടുതൽ ആഡ്ചെയ്ത് കൊണ്ടുവരാം അതും ഈ കമ്മീഷന്റെ പർവ്യൂവിൽ വരും. സ്വാഭാവികമായും ഇങ്ങനെയൊരു കമ്മീഷൻ ഇവിടെ ആവശ്യമാണ്. ഓരോ കാര്യങ്ങളെ സംബന്ധിച്ചും അത് എങ്ങനെ നടക്കുന്നുവെന്ന് മോണിറ്റർ ചെയ്യുവാനുള്ള ഉത്തരവാദിത്തവും ഈ കമ്മീഷനുണ്ട്. അതുകൊണ്ടുതന്നെ കമ്മീഷൻ വളരെ അത്യാവശ്യമുള്ള ഒരു കാര്യമാണ്.

ന്യൂനപക്ഷക്ഷേമത്തിനായി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന പ്രധാനമന്ത്രിയുടെ പതിനഞ്ചിനപദ്ധതികളിൽ ആദ്യത്തേത് വിദ്യാഭ്യാസത്തിനു ള്ള അവസരങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ്. നേരത്തേ ഇവിടെ സംസാരി ച്ചപ്പോൾ സൂചിപ്പിക്കുകയുണ്ടായി, ഇവിടെ ഈ പറയുന്നതല്ലാതെ ഒന്നും നട ന്നിട്ടില്ലാ എന്ന്. സച്ചാർ കമ്മിറ്റി റിപ്പോർട്ടും അതുപോലെ ന്യൂനപക്ഷ ങ്ങൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികളുമൊക്കെ ആവിഷ്ക്കരിച്ചിട്ട് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല എന്ന് പ്രൈംമിനിസ്റ്റർ പത്രസമ്മേളനം നടത്തിയപ്പോൾ പറഞ്ഞു എന്നാണ് നേരത്തെ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞത്. പക്ഷേ,

ഞാൻ അങ്ങനെയല്ല കേട്ടത്, ജനുവരി 13–ാം തീയതി സ്റ്റേറ്റ് മൈനോറിറ്റി കമ്മീഷന്റെ യോഗത്തിൽ പങ്കെടുത്തുകൊണ്ട് ഒരുപാട് ഡാറ്റ അദ്ദേഹം പുറത്തുവിട്ടിട്ടുണ്ട്. അദ്ദേഹം സംസാരിച്ചപ്പോൾ ഓരോന്നോരോന്നായി അക്കമിട്ട് പറഞ്ഞു. 2006–2007–ൽ 59,000 കോടി രൂപയാണ് നമ്മുടെ മൈനോരിറ്റീസിന് പറഞ്ഞിരിക്കുന്നത് എന്നാണ് അദ്ദേഹം പറഞ്ഞത്. Last nine years have shown visible result but a lot more also needs to be done. Priority sector lending to minorities by banks has increased from above 59 Crores in 2007-08 to about 1,85,000 Crores in 2012-13. അപ്പോൾ 9 വർഷംകൊണ്ട് 59000 കോടി രൂപയിൽനിന്നും 1,85,000 കോടി രൂപയായി വർദ്ധിച്ചുവെന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. പബ്ലിക് സെക്ടറിൽ ജോലിയുടെ കാര്യത്തിൽ 6 ശതമാനത്തിൽനിന്നും 7.5 ശതമാനമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നും ഈ കാലഘട്ടത്തിൽ 22 ലക്ഷത്തോളം വീടുകൾ ന്യൂനപക്ഷങ്ങൾക്കുവേണ്ടി പുതിയതായി രാജ്യത്ത് പണിതുതീർക്കാൻ കഴിഞ്ഞുവെന്നും സൂചിപ്പിക്കുകയുണ്ടായി. അതുപോലെ നിരവധി കാര്യങ്ങളിൽ ഈ രാജ്യത്ത് വലിയ മുന്നേറ്റം നടത്തിയെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്; അല്ലാതെ ഇല്ല എന്നല്ല പറഞ്ഞിരിക്കുന്നത്. വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിരവധി പ്രോഗ്രാമുകൾ അനൗൺസ് ചെയ്തിട്ടുണ്ട്. ഐ.സി.ഡി.എസ്. വഴിയുള്ള സേവനങ്ങൾ നിതിപൂർവ്വമാക്കൽ, കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അംഗനവാടി കേന്ദ്രങ്ങൾ വഴി പോഷകാഹാരം, അവർക്കുള്ള പ്രതിരോധ മരുന്നുകൾ, ഹെൽത്ത് ചെക്കപ്പ്, അനുബന്ധ സേവനങ്ങൾ, പ്രീ–സ്കൂൾ വിദ്യാ

ഭ്യാസം, നോൺ–ഫോർമൽ എഡ്യൂക്കേഷൻ, വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളാണ് കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന പ്രധാനമന്ത്രിയുടെ പതിനഞ്ചിന പദ്ധതിയിൽ അക്കമിട്ട് പ്രഖ്യാപിച്ചിരിക്കുന്നത്. അതുപോലെ സ്കൂൾ വിദ്യാഭ്യാസം എളുപ്പമാക്കാനുള്ള പരിപാടികളുണ്ട്. സർവ്വശിക്ഷാ അഭിയാൻ, കസ്തൂർബാഗാന്ധി വിദ്യാലയ പദ്ധതി എന്നിവ വ്യാപകമാക്കുകയും വില്ലേജുകളിൽ സ്കൂളുകളുടെ നിശ്ചിത അനുപാതം വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ അതിനകത്ത് പറയുന്നുണ്ട്. ഇന്ത്യയിലെ ന്യൂനപക്ഷങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മർമ്മപ്രധാനമായിട്ടുള്ള എല്ലാ വിഷയങ്ങളേയും അഡ്രസ് ചെയ്തുവെന്നുള്ളതാണ് ഈ പതിനഞ്ചിന പരിപാടിയുടെ പ്രത്യേകത. ഈ പരിപാടികളെ സംബന്ധിച്ചിടത്തോളം ഇപ്പോഴും അത് നടപ്പിലാക്കുന്നുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് ആണ് ഈ പുതിയ കമ്മീഷന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങളിൽ നമുക്ക് വരുന്നത്. അക്കാര്യത്തിൽ കേരള ഗവൺമെന്റിനെ ഞാൻ പ്രത്യേകമായി അനുമോദിക്കുകയാണ്. സംസ്ഥാനത്ത് ഒരു ന്യൂനപക്ഷ ക്ഷേമവകുപ്പിന് രൂപം കൊടുക്കുമെന്ന് പാലോളി കമ്മിറ്റിയുടെ റിപ്പോർട്ടിനകത്ത് പറയുന്നുണ്ട്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ ഭാഗമായി പറഞ്ഞിരുന്നതാണ്. ന്യൂനപക്ഷ ക്ഷേമവകുപ്പിന് രൂപം കൊടുത്തത് ആരാണ്? ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് വന്നതിനുശേഷമാണ് ന്യൂനപക്ഷത്തിന് പ്രത്യേകമായി ഒരു വകുപ്പ് ഉണ്ടായത്. ഇത്രയും നേരം ഇവിടെ സംസാരിച്ച പ്രതിപക്ഷത്തിരിക്കുന്ന ആളുകൾ ഭരണത്തിലിരുന്നപ്പോൾ ന്യൂനപക്ഷത്തിന്റെ കാര്യത്തിൽ ഒരു പ്രത്യേക ശ്രദ്ധയുണ്ടാക്കാനോ ഇങ്ങനെ ഒരു വകുപ്പുണ്ടാക്കാനോ തോന്നിയിട്ടില്ലല്ലോ. ഈ വകുപ്പുണ്ടായതുകൊണ്ടാണ് ഇന്ന് ഇതിന് ഒരു മോണിറ്ററിംഗ്

നടക്കുന്നതും ഓരോ മേഖലയിലും കേന്ദ്ര ഗവൺമെന്റിന്റെ പതിനഞ്ചിന പരിപാടി അനുസരിച്ച് നമുക്ക് അനുവദിച്ചുകിട്ടുന്ന ഓരോ പദ്ധതികളും കൃത്യമായി നടക്കുന്നതും.

ശ്രീ. കെ.ടി. ജലീൽ: സർ, മൈനോരിറ്റി വകുപ്പ് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് ഉണ്ടാക്കിയത്. അത് ശ്രീ. മഞ്ഞളാംകുഴി അലി സാഹിബിന് അറിയാവുന്നതാണ്. 60 തസ്തികകളോടുകൂടിയാണ് മൈനോറിറ്റി ഡിപ്പാർട്ടുമെന്റിന് രൂപം നൽകിയത്. ന്യൂനപക്ഷ സെൽ ഉണ്ടാക്കി. അന്ന് യഥാർത്ഥത്തിൽ ശ്രീ. പാലോളി മുഹമ്മദ്കുട്ടിക്ക് തന്നെയായിരുന്നു മൈനോറിറ്റി ഡിപ്പാർട്ടുമെന്റിന്റെ ചുമതല. മൈനോറിറ്റി ഡിപ്പാർട്ടുമെന്റ് ഉണ്ടാക്കിയത് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്.

മി. ചെയർമാൻ: വളരെ നീട്ടിക്കൊണ്ട് പോകണ്ട. ശ്രീ. കെ.ടി. ജലീൽ നേരത്തെ കുറെ അധികം സമയം സംസാരിച്ചതാണ്. 74 മിനിട്ട് സംസാരിച്ചു. ഇനി ഒരു ബില്ലുംകൂടി എടുക്കാനുണ്ട്.

ശ്രീ. കെ.ടി. ജലീൽ: സർ, വസ്തുതാ വിരുദ്ധമായി സംസാരിച്ചതുകൊണ്ട് ഞാൻ പറഞ്ഞതാണ്.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ശ്രീ. കെ.ടി. ജലീൽ, ഞാൻ വസ്തുതാ വിരുദ്ധമായി സംസാരിക്കുന്ന ആളല്ല. ജവഹർലാൽ നെഹ്റുവിനോട് സി. എച്ച്. മുഹമ്മദ് കോയ പറഞ്ഞു എന്നുപറഞ്ഞാൽ സി. എച്ച്. മുഹമ്മദ് കോയ പറഞ്ഞതുപോലെ പറയുകയുള്ളൂ. പറയാത്ത കാര്യങ്ങൾ ഞാൻ പറയാറില്ല. ന്യൂനപക്ഷ ക്ഷേമസെൽ രൂപീകരിക്കുക മാത്രമാണ് ആ കാലഘട്ടത്തിൽ ചെയ്തിട്ടുളളത്. അതുപോലെ മദ്രസ അദ്ധ്യാപകർക്ക് പലിശയിൽ നിന്നെടു ത്തുകൊടുക്കുന്നുവെന്നും വാങ്ങരുതെന്നുമൊക്കെ ഇവിടെ ആരൊക്കെയോ

ആരോപിച്ചത് ഒരു പരിധിവരെ സത്യമായിരുന്നു. നിങ്ങൾ ആകെ എന്താണ് ചെയ്തത്? നിങ്ങളുടെ കാലത്തെ തീരുമാനത്തിന്റെ റിപ്പോർട്ടുതന്നെയാണിത്. മദ്രസ അദ്ധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുന്നതിനും ഇതിന്റെ പ്രാരംഭപ്രവർത്തനത്തിനും പ്രതിവർഷം ഒരുകോടി രൂപയെങ്കിലും നൽകുക. ഇത് നിങ്ങൾ ഫിക്സഡ് ഡെപ്പോസിറ്റായി കുറച്ച് തുക വർദ്ധിപ്പി ച്ച് പലിശയ്ക്ക് കൊടുക്കാൻ തന്നെയാണ് നിങ്ങൾ തിരുമാനിച്ചത്. അല്ലാതെ ഒരുകോടി രൂപ മാറ്റിവച്ചാൽ ഇതുവല്ലതും കൊടുക്കാൻ കഴിയുമോ? ആ സംഭവം സത്യമാണ്. അത് ഇല്ലെന്ന് പറയണ്ട. ഞാനിത് അന്വേഷിച്ചിട്ടുതന്നെ യാണ് പറയുന്നത്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ തുടങ്ങി ഒരു പാട് കാര്യങ്ങൾ പറയുന്നു. ബാക്കി ഇക്കാര്യങ്ങളെ സംഢിച്ചിട്ടുള്ള കാര്യ ങ്ങളൊക്കെ ഇപ്പോഴാണ് ഇവിടെ തീരുമാനിച്ച് നടപ്പിലാക്കുന്നത്. അതു കൊണ്ട് ഇതിനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എപ്പോഴും ഏറ്റവും അനുകൂലമായ ഒരു നിലപാടാണ് ന്യൂനപക്ഷങ്ങളുടെ കാര്യത്തിൽ എടുക്കുന്നത്. അതിനുവേണ്ടി പ്രത്യേകമായൊരു മന്ത്രിയും ആ മന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്രഗവൺമെന്റിൽനിന്നോ സംസ്ഥാനഗ വൺമെന്റിന്റെ പുതിയ തീരുമാനപ്രകാരം നിയമനിർമ്മാണം നടത്തിക്കൊണ്ടു വരുന്ന പുതിയ കാര്യങ്ങളിൽ നിന്നോ ഒരു തടസ്സമില്ലാതെ ഏറ്റവും നല്ല രീതി യിൽ കൊണ്ടുപോകുന്നതാണ്.

ശ്രീ. സാജു പോൾ: സർ, ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യു മ്പോൾ ഈ ജനുവരി മാസം 25–ാം തീയതി തൃക്കുന്നത്ത് സെമിനാരിയിൽ പെരുന്നാളാണ്. 2006–ൽ അവിടെയുണ്ടായ സംഭവങ്ങൾ ബഹുമാനപ്പെട്ട ശ്രീ. ജോസഫ് വാഴക്കന് അറിയാമല്ലോ. അതുകൊണ്ട് ഇക്കൊല്ലമെങ്കിലും

ശ്രേഷ്ഠ കത്തോലിക്കബാവ തിരുമേനിക്ക് കുർബാന അർപ്പിക്കാനും സമാധാനപരമായി പ്രാർത്ഥന ചൊല്ലാനുമുള്ള ഒരു അവസരം അങ്ങയുടെകൂടി നേതാവായിട്ടുള്ള ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പിന്റെ ചുമതലയേറ്റെടുത്തിട്ടുള്ള പ്രത്യേക സാഹചര്യത്തിൽ കെ. കരുണാകരനിൽനിന്നും ഒരുപാട് സഹായങ്ങൾ കിട്ടിയിട്ടുള്ള ഈ സഭയ്ക്ക് ചെയ്തുകൊടുക്കാൻ ഒരു ശ്രമം അങ്ങ് നടത്തുമോ?

ശ്രീ. ജോസഫ് വാഴക്കൻ: സർ, അങ്ങേയ്ക്ക് അങ്ങനെയൊരു അഭിപ്രായമുണ്ടെങ്കിൽ അങ്ങയുടെ പാർട്ടിയിൽ പറഞ്ഞ് പാർട്ടി രേഖാമൂലം എഴുതിക്കൊടുത്താൽ സ്വാഭാവികമായിട്ടും അതിനെക്കുറിച്ച് പരിശോധിക്കും. സി.പി.എം. രേഖാമൂലം കേരളത്തിന്റെ മുഖ്യമന്ത്രിക്കോ ആഭ്യന്തര മന്ത്രിക്കോ എഴുതിക്കൊടുത്താൽ ഉറപ്പായും അവർ അതിനെക്കുറിച്ച് പരിശോധിക്കും. അതിനുവേണ്ടിയുള്ള ശ്രമം നടത്തണം. ശ്രീ. സാജു പോൾ, നിങ്ങൾ ഓരോ കാലഘട്ടത്തിലും ഓരോരുത്തരെ പ്രീണിപ്പിച്ച് ജീവിക്കുന്നവരാണ്. ശ്രീ. സാജു പോളും അദ്ദേഹത്തിന്റെ പാർട്ടിയും അങ്ങനെയാണ്. ഓരോ കാലഘട്ടങ്ങളിലും വളരെ തന്ത്രപരമായി ഓരോ വിഭാഗങ്ങളെ പ്രീണിപ്പിച്ചുകൊണ്ട് അവരുടെ വോട്ട് തട്ടിയെടുക്കുക എന്നുള്ളതാണ്. സദ്ദാം ഹുസൈൻ മരിച്ചപ്പോൾ എന്തായിരുന്നു നിങ്ങളുടെ ആഘോഷം. ഓരോരുത്തരുടെ കാര്യത്തിലും നിങ്ങൾ ഇതുപോലെ നടത്തിയിട്ടുണ്ട്. ഞാൻ പണ്ടൊരിക്കൽ ഇവിടെ പറഞ്ഞതാണ്. മാർക്സിസ്റ്റ് പാർട്ടിക്ക് ഓരോ 5 വർഷത്തിലും ഓരോ പ്രീണന നയമാണ്. 5 വർഷക്കാലം മുസ്ലീങ്ങളെയാണെങ്കിൽ പിന്നെ 5 വർഷക്കാലം ക്രിസ്ത്യൻസിനെയും പിന്നെ 5 വർഷക്കാലം ഹിന്ദുവിനെയുമാണ് പ്രീണിപ്പിക്കുന്നത്. ഇപ്പോൾ

വീണ്ടും കറങ്ങിവന്ന് ഹിന്ദു പ്രീണനകാലമാണ്. ആർക്കും വിശ്വാസമില്ലെന്നായിരിക്കുകയാണ്. ഓരോ കാലഘട്ടത്തിലും ഓരോ പ്രീണന കാലമാണ്. ഏതാണ് ആ കാലഘട്ടത്തിൽ ചെലവാകുന്നതെന്ന് നോക്കും. ഞാൻ ഓർക്കുന്നു, ഒരു കാലഘട്ടത്തിൽ ക്രിസ്ത്യൻ പ്രീണനകാലം ഉണ്ടായിരുന്നു. അന്ന് ശ്രീ. പി.ജെ. ജോസഫ് ഇടതുപക്ഷ മുന്നണിയിലുള്ള കാലമായിരുന്നു. ഇ.കെ. നായനാർ നേരെ റോമിൽ പോകുന്നു; മാർപ്പാപ്പയെ കാണുന്നു; കൊന്ത വാങ്ങുന്നു; ഇവിടെ എല്ലായിടത്തും കൊന്ത കൊണ്ടുപോയി കൊടുക്കുന്നു; പാലാ അരമനയിൽ വരുന്നു; അവിടെ ഉച്ചഭക്ഷണവും താമസവും; എന്തായിരുന്നു ജഗപൊക. അതുകഴിഞ്ഞ് 5 കൊല്ലം കഴിയുന്നതിന് മുമ്പ് അവരെ പുലഭ്യം പറഞ്ഞുതുടങ്ങി.

കഴിഞ്ഞ അഞ്ച് വർഷക്കാലം ക്രിസ്ത്യാനികൾ നികൃഷ്ടജീവികളാണെന്നും മറ്റും തുടങ്ങി അവരെപ്പറ്റി പറയാത്ത ഭാഷയില്ല. രൂപത എന്നാൽ 'രൂപ താ' എന്നും അതിരൂപത എന്നാൽ 'അധികം രൂപ താ' എന്നുമൊക്കെയുള്ള ആക്ഷേപങ്ങളായിരുന്നു. അതിനുശേഷം കുറേക്കാലം മുസ്ലീം പ്രീണന കാലമായിരുന്നു. സദ്ദാം ഹുസൈന്റെ മരണവുമായി ബന്ധപ്പെട്ട് കൈരളി ചാനലിൽ വലിയ വാർത്തയൊക്കെ വന്നത് ആ കാലഘട്ടത്തിലായിരുന്നു. സദ്ദാം ഹുസൈൻ മരിച്ച് രണ്ടുമണിക്കൂർ കഴിഞ്ഞിട്ടും സോണിയാ ഗാന്ധി മിണ്ടാത്തതെന്താണ്, മൻമോഹൻ സിംഗ് മിണ്ടാത്തതെന്താണ് എന്നൊക്കെയുള്ള ചോദ്യങ്ങളായിരുന്നു. ഇപ്പോൾ അതിനെക്കുറിച്ചല്ല പറയുന്നത്, ഇപ്പോൾ പുതിയൊരു വിഷയമാണ്. അബ്ദുൾനാസർ മഅ്ദനിയെ കുറി

ച്ചുള്ള കാര്യങ്ങളാണ്. ശ്രീ. സി. ദിവാകരനും ശ്രീ. ജി. സുധാകരനും മഅ്ദനിയെ കുറിച്ചുള്ള കാര്യങ്ങളെപ്പറ്റി പറഞ്ഞല്ലോ; അതിനെപ്പറ്റി ശ്രീ. സി. ദിവാകരനോട് ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. അങ്ങയുടെ നിയോജക മണ്ഡലത്തിലാണ് മഅ്ദനിയുടെ സ്ഥലമായ മൈനാകപ്പള്ളി. അന്ന് അങ്ങ് മന്ത്രിയായിരിക്കുമ്പോഴാണ് ഹർഷിത അട്ടല്ലൂരി എന്ന എസ്. പി.യെ കൊണ്ട് യുദ്ധസമാനമായൊരു സാഹചര്യമുണ്ടാക്കി അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് കർണ്ണാടക പോലീസിന് കൈമാറിയത്. അതിനുമുമ്പ് ഇടതു പക്ഷ ജനാധിപത്യമുന്നണിയുടെ കാലത്ത് മഅ്ദനിയെ അറസ്റ്റ് ചെയ്ത് കേരള പോലീസിന് കൈമാറുന്നതിനുപകരം തമിഴ്നാട് പോലീസിന് കൈമാറി.. അതിനെസംബന്ധിച്ച് പറയുകയാണെങ്കിൽ .............നായനാർ സർക്കാർ മൂന്നാം വർഷത്തിലേക്ക് എന്നതിലെ ഭരണനേട്ടങ്ങളുടെ കൂട്ടത്തിൽ മഅ്ദനിയെ നേട്ടത്തിന്റെ പട്ടികയിലെ ഒരു ഐറ്റമാക്കി തീർത്തു. മഅ്ദനി യെന്ന് പറയുന്ന തീവ്രവാദിയെ അറസ്റ്റ് ചെയ്ത് തമിഴ്നാട് സർക്കാരിന് ഞങ്ങൾ കൈമാറിയെന്നത് ഏറ്റവും വലിയ നേട്ടമായിട്ടാണ് അന്ന് പറഞ്ഞിരുന്നത്. ആർക്കെങ്കിലും ഇത് ഇല്ലെന്ന് പറയാൻ സാധിക്കുമോ; ഞാൻ വെല്ലുവിളിക്കുകയാണ്. എങ്കിൽ ഇപ്പോൾ അതിന്റെ കോപ്പി കൊണ്ടുവരാം.

ശ്രീ. സാജു പോൾ: ഞങ്ങൾ ചെയ്ത കുഴപ്പങ്ങളെക്കുറിച്ചൊക്കെ ബഹുമാന്യനായ ശ്രീ ജോസഫ് വാഴക്കൻപറഞ്ഞു. ശ്രീ ഉമ്മൻ ചാണ്ടി മന്ത്രിസഭയിലേക്ക് ശ്രീ. രമേശ് ചെന്നിത്തല ഇല്ലെന്ന് ബഹുമാനപ്പട്ട ശ്രീ. ജോസഫ് വാഴക്കൻ അൻപത് തവണയെങ്കിലും ചാനലുകളിൽ പറഞ്ഞിട്ടുണ്ടാകും. പിന്നെ എങ്ങനെയാണ് ശ്രീ. രമേശ് ചെന്നിത്തല മന്ത്രിയായതെന്ന് പറയാമോ;

ശ്രീ. ജോസഫ് വാഴക്കൻ: ഞാൻ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. അങ്ങനത്തെ തെറ്റിദ്ധാരണയൊന്നും വേണ്ട. ഞാൻ ദീർഘിപ്പിക്കുന്നില്ല. ശ്രീ.

മഞ്ഞളാംകുഴി അലി ഇവിടെ കൊണ്ടുവന്നിരിക്കുന്ന കേരള സംസ്ഥാന ന്യൂന പക്ഷ കമ്മീഷൻ ബിൽ എന്തുകൊണ്ടും ഏറ്റവും ആവശ്യമുള്ള ഒരു ബില്ലാണ്. ഈ ബില്ലിൽ ചെറിയ ചില ഭേദഗതികൾ കൊണ്ടുവരണം. 1992–ലെ കേന്ദ്ര നിയമമനുസരിച്ച് കേന്ദ്ര സർക്കാർ നോട്ടിഫൈ ചെയ്തിട്ടുള്ള ന്യൂനപക്ഷങ്ങൾ മാത്രം പോര, കേരളത്തിലുള്ള ന്യൂനപക്ഷങ്ങളെയും കൂടി ഉൾപ്പെടുത്തണം. മാത്രമല്ല, കേന്ദ്ര നിയമത്തിൽ പറയുന്നത്, ഓരോ സമുദായത്തിനും ഓരോ മെമ്പർമാർ എന്നാണ്. കേരളത്തിൽ ഇപ്പോൾ രണ്ട് സമുദായം മാത്രം ഉള്ളതുകൊണ്ട് രണ്ട് വിഭാഗത്തിൽ നിന്നുള്ള മെമ്പർമാർ മാത്രമേയുള്ളൂ. പക്ഷേ, ഇതുപോലുള്ള ചെറിയ വിഭാഗങ്ങൾക്ക് അതിൽ പ്രാതിനിധ്യം കൊടുക്കുന്നത് നല്ലതാണ്. അതുകൊണ്ട് അവരെക്കൂടി ഉൾപ്പെടുത്താനുമുള്ള ശ്രമം വേണം. വേണമെങ്കിൽ സിക്ക് വിഭാഗക്കാരെ കൂടി ഇതിൽ ഉൾപ്പെടുത്താം. ആ രീതിയിൽ എല്ലാ വിഭാഗക്കാരുടെയും പ്രശ്നങ്ങൾ ഈ ബില്ലിലൂടെ പരിഹരിക്കപ്പെടണം. ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടിയുള്ള ബില്ലായതുകൊണ്ട് ജനസംഖ്യാനുപാതികമായി എല്ലാ വിഭാഗത്തേയും ഇതിൽ പരിഗണിക്കണം. അവരെ പരിഗണിക്കണമെന്ന് പറയുമ്പോൾ സംവരണമെന്നോ ബി.പി.എൽ./എ.പി.എൽ.എന്ന് വിഭജിക്കണമെന്നോ അല്ല ഉദ്ദേശിക്കുന്നത്. പക്ഷേ, ആനുകൂല്യങ്ങൾ കൊടുക്കുമ്പോൾ അത് ഏറ്റവും പാവപ്പെട്ടവന് ആദ്യം കിട്ടത്തക്കരീതിയിൽ അതിന്റെ ഡിസ്ട്രിബ്യൂഷൻ നടക്കണം. അതിനുവേണ്ടിയുള്ള കാര്യങ്ങൾകൂടി ഈ ബില്ലിന്റെ മാർഗ്ഗനിർദ്ദേശത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഇതിനെ അനുകൂലിക്കുന്നു.

ശ്രീ. കെ. അജിത്: സർ, കേരളത്തിലെ ന്യൂനപക്ഷ വിഭാഗങ്ങളുടെ ശാക്തീകരണത്തിനുവേണ്ടിയാണ് കേന്ദ്രനിയമത്തിന് പിന്നാലെ ഇപ്പോൾ

ഇങ്ങനെയൊരു ബിൽ വരുന്നത്. കേരളത്തിലെ ന്യൂനപക്ഷ സമുദായം അനുഭവിച്ചുവരുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് എല്ലാവർക്കും അറിയാവുന്നതാണ്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെതന്നെ ഒരുപാട് ബുദ്ധിമുട്ടുകളും യാതനകളും അനുഭവിച്ചാണ് കേരളത്തിലെ ന്യൂനപക്ഷവിഭാഗങ്ങൾ ജീവിച്ചു വരുന്നത്. അവരെ ശാക്തീകരിക്കുക എന്ന ഉദ്ദേശ്യലക്ഷ്യമായിരിക്കാം ഒരു പക്ഷേ ഇതിലൂടെ നടത്തുന്നത്. ഇവിടെ മുമ്പ് ഉണ്ടായിട്ടുള്ള പല കമ്മീഷനുകളും കടലാസുകളിൽ ഒതുങ്ങിപ്പോവുകയും അർഹതപ്പെട്ടവർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ ലഭിക്കാതെ പോവുകയും ചെയ്യുകയാണ്. ഏതെങ്കിലും കാരണവശാൽ ഇവിടത്തെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഉയർച്ച ഉണ്ടായിട്ടുണ്ടെങ്കിൽ അത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ മേഖലയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്. എന്നാൽ ഇപ്പോഴും ഇന്ത്യയിലെ പല ഭാഗങ്ങളിലും ന്യൂനപക്ഷ വിഭാഗങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പത്രമാധ്യമങ്ങളിലൂടെ കാണുകയും അറിയുകയും ചെയ്യുമ്പോൾ വളരെ ബുദ്ധിമുട്ടുണ്ടാകാറുണ്ട്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റി ആവിഷ്ക്കരിച്ച പല പദ്ധതികളും ഈ ഗവൺമെന്റ് വന്നതിനുശേഷം തുടർന്നുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ നിൽക്കുകയാണ്. അവരുടെ വിദ്യാഭ്യാസപരവും സാമൂഹിക–സാമ്പത്തികപരമായ ഉയർച്ചയ്ക്കുള്ള ഒരുപാട് നടപടികൾ പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കുകയുണ്ടായി. പക്ഷേ അതിനുശേഷം വന്ന യു.ഡി.എഫ്. ഗവൺമെന്റ് അക്കാര്യങ്ങളിൽ ഇടപെടാനോ അതിനാവശ്യമായ പരിരക്ഷ കൊടുക്കുവാനോ തയ്യാറായില്ല എന്നുള്ളതാണ് സമീപകാലങ്ങളിൽ സൂചിപ്പിക്കുന്നത്.

ഇവിടെ കോൺഗ്രസ് പാർട്ടിയുടെയും യു.ഡി.എഫ്.-ന്റെയും വാക്കുകളിൽ മാത്രമാണ് ന്യൂനപക്ഷ പ്രീണനമുള്ളത്. പക്ഷേ, ഫലത്തിൽ അതൊന്നും പ്രാവർത്തികമാകുന്നില്ല. ഞാൻ ദീർഘമായൊരു പ്രസംഗത്തിലേക്ക് പോകുന്നില്ല. ഒരുപാട് ആളുകൾ ഈ വിഷയം ചർച്ച ചെയ്ത് ഒരുപാട് സമയം ചെലവഴിച്ചതാണ്. ഈ നിരാകരണപ്രമേയത്തോട് യോജിച്ചുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന് അഭ്യർത്ഥിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഈ സഭയുടെ പൊതു വികാരം കണക്കിലെടുത്തുകൊണ്ട് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതികളും നിർദ്ദേശങ്ങളുമൊക്കെ സബ്ജക്ട് കമ്മിറ്റിയിൽവച്ച് ചർച്ച ചെയ്യുകയും പരമാവധി കാര്യങ്ങൾ ഇൻക്ലൂഡ് ചെയ്യാൻ ശ്രമിക്കുന്നതുമാണ്. എന്നാലും രണ്ടുമൂന്ന് കാര്യങ്ങൾ മാത്രം പറയാൻ ഉദ്ദേശിക്കുകയാണ്. ഒന്നാമതായി ന്യൂനപക്ഷ വിഭാഗത്തിൽ എന്തുകൊണ്ട് കൂടുതൽ ആളുകളെ ചേർക്കാൻ സാധിക്കുന്നില്ല എന്ന് ഇവിടെ ചോദിക്കുകയുണ്ടായി. അതിൽ എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് 2007-ലെ കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ദി എസ്.സി ആന്റ് എസ്.ടി യും എസ്.സി./എസ്.ടി ഒഴികെയുള്ള പിന്നോക്ക വിഭാഗക്കാർക്കുവേണ്ടി 1993-ലെ കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ബാക്ക്വേർഡ് ക്ലാസ്സസും നിലവിലുണ്ട്. അതിനാൽ മൈനോറിറ്റിയുടെ നിർവ്വചനത്തിൽ കൂടതൽ പിന്നോക്കവിഭാഗങ്ങളെ ഉൾപ്പെടുത്തേണ്ട ആവശ്യമില്ല. മാത്രമല്ല, മൈനോറിറ്റി എന്ന പദം കേന്ദ്ര ആക്ടിൽ നിർവ്വചിച്ചിട്ടുള്ളതിനാൽ അതിന് വിരുദ്ധമായൊരു നിർവ്വചനം സംസ്ഥാന ആക്ടിൽ ഉൾപ്പെടുത്താൻ കഴിയില്ല. എന്നിരുന്നാലും കേരളത്തിലെ നിലമ്പൂർ പോലുള്ള പ്രദേശങ്ങളിൽ എസ്.സി.യും എസ്.ടി.യും ഒ.ബി.സി.യുമ

ല്ലാത്ത ചില പ്രത്യേക വിഭാഗക്കാരുണ്ട്. അവരെക്കൂടി ഇതിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിക്കേണ്ടതായിട്ടുണ്ട്. ശ്രീ. എ. കെ. ബാലൻ ഉൾപ്പെടെയുള്ള അംഗങ്ങൾ ജൈന മതത്തെക്കൂടി ഇതിൽ ഉൾപ്പെടുത്തണമെന്ന് പറയുകയുണ്ടായി. ഇന്നലെ നടന്ന കേന്ദ്ര ക്യാബിനറ്റിൽ ജൈന മത വിഭാഗങ്ങളെക്കൂടി ന്യൂനപക്ഷ വിഭാഗങ്ങളിൽ ചേർക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്നുള്ള കാര്യംകൂടി വെളിപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. മുസ്ലീം-ക്രിസ്ത്യൻ-ബുദ്ധ-സിക്ക്-പാഴ്സി വിഭാഗക്കാരാണ് ഇപ്പോഴുള്ളത്.

ശ്രീ. ജി. സുധാകരൻ: അങ്ങ് വളരെ ജനാധിപത്യവാദിയായിട്ടുള്ള ഒരു സുഹൃത്തുകൂടി ആയതുകൊണ്ട് ചോദിക്കുകയാണ്. ഈ മുന്നോക്ക സമുദായവികസന കോർപ്പറേഷൻ ചെയർമാന് ക്യാബിനറ്റ് പദവി ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും നൽകുന്നുണ്ട്. എന്നാൽ അടിച്ചമർത്തപ്പെട്ട, അവഗണിക്കപ്പെട്ട, ഭരണഘടനയിലെ പ്രൊവിഷൻകൊണ്ട് നല്ല നിലയിൽ വളരുന്ന ന്യൂനപക്ഷ വിഭാഗ കമ്മീഷൻ ചെയർമാനെക്കൂടി ആ നിലയിൽ പരിഗണിക്കേണ്ടതല്ലേ. അതൊന്ന് പ്രഖ്യാപിക്കാമോ:

ശ്രീ. മഞ്ഞളാംകുഴി അലി: പിന്നോക്ക വിഭാഗ കമ്മീഷൻ, എസ്.സി./എസ്.ടി. കമ്മീഷൻ, മുന്നോക്ക കമ്മീഷൻ, ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ, യൂത്ത് കമ്മീഷൻ, വനിതാ വികസന കമ്മീഷൻ, ചൈൽഡ് -ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ തുടങ്ങിയ ഏഴ് കമ്മീഷനുകളുണ്ട്. അതെല്ലാംകൂടി ഒരുമിച്ചാക്കി കൊണ്ടുവരുന്നുണ്ട്. ഇക്കാര്യത്തിന്മേൽ എന്താണ് ചെയ്യാൻ സാധിക്കുന്നതെന്നതിനെപ്പറ്റി പരിശോധിക്കാം. മറ്റൊരു കാര്യം ബഹുമാനപ്പെട്ട കെ. ടി. ജലീൽ ഇവിടെ സംസാരിച്ചപ്പോൾ മദ്രസ അദ്ധ്യാപകരുടെ ക്ഷേമനിധിയെപ്പറ്റി സംസാരിക്കുകയുണ്ടായി. 2009-ലാണ് മദ്രസ ക്ഷേമനിധി ആരംഭിച്ചത്. 2012

മാർച്ച് വരെ 716 ആളുകൾ മാത്രമാണ് പ്രസ്തുത ക്ഷേമനിധിയിൽ ചേർന്നത്. ആരെങ്കിലും ഈ ക്ഷേമനിധിക്ക് എതിരായി പ്രവർത്തിച്ചതുകൊണ്ടല്ല ഇങ്ങനെ സംഭവിച്ചത്. നമ്മുടെ നാട്ടിൽ 1,30,000 ഓളം മദ്രസ അദ്ധ്യാപകരുള്ള തിൽ വെറും 716 പേർ മാത്രമേ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളൂ. അതി നുള്ള പ്രധാനപ്പെട്ട കാരണം, ഇതിനുവേണ്ടി മാറ്റിവച്ചിരുന്ന കോർപ്പസ് ഫണ്ടായ പത്ത് കോടി രൂപ കോഴിക്കോട് സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ചു. അതിൽനിന്ന് കിട്ടുന്ന പലിശ കൊണ്ടായിരുന്നു ഈ ക്ഷേമനിധി യുടെ അംശദായം നൽകിയിരുന്നത്. നമ്മുടെ നാട്ടിലുള്ള മദ്രസ അദ്ധ്യാപ കരാരും പലിശ വാങ്ങില്ലെന്നുള്ള കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ടാണ് ആളുകൾ അതിൽ ചേരാതിരുന്നത്. ഈ സർക്കാർ അധികാ രത്തിൽ വന്നതിനുശേഷം ആ ഫണ്ട് അവിടെനിന്ന് പിൻവലിച്ച് ട്രഷറിയിലി ട്ടു. .....

<u>ശ്രീ. പി.റ്റി.എ. റഹീം</u>: സർ, ജില്ലാ ബാങ്കിൽ 10 കോടിരൂപ കോർപ്പസ് ഫണ്ട് ഇട്ടുവെന്നാണ് അങ്ങ് പറയുന്നത്. അത് എന്തിനാണെന്നറിയാമോ; പലി ശയും കൂടി ചേർത്ത് 12 കോടി രൂപയാക്കി മാറ്റിയത് അങ്ങയുടെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ഒരു ലക്ഷത്തിൽ ചില്വാനം രൂപയുണ്ട്.

<u>ശ്രീ. പി.റ്റി.എ. റഹീം</u>: അത് ആ പണത്തിന്റെ പലിശയല്ലേ?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: അത് വേറെ തന്നെ കിടക്കുന്നുണ്ട്. 10 കോടിരൂപ മാത്രമേ ഇതിനുവേണ്ടി നീക്കിവച്ചിട്ടുള്ളു എന്ന് പ്രത്യേകം ശ്രീ. പി.റ്റി.എ. റഹീം മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊ ണ്ടുതന്നെ ക്ഷേമനിധിയിൽ മൂന്നുവർഷംകൊണ്ട് 700 മെമ്പർമാർ ആയി

രുന്നത് ഇപ്പോൾ ഒന്നുരണ്ട് വർഷം കൊണ്ടുതന്നെ പതിമൂവായിരം മെമ്പർമാരായി ഉയർത്താൻ സാധിച്ചിട്ടുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, എല്ലാവരും മനസ്സിലാക്കേണ്ട ഒരു കാര്യം പലിശ ആയതുകൊണ്ടാണ് മുസ്ല്യാൻമാർ ഇത് വാങ്ങാതിരുന്നതും എഴുന്നൂറായതും. അത് നിങ്ങളുടെ കാലത്ത് ചെയ്തതാണ്. പലിശ ഹറാമാണെന്നുള്ളകാര്യം അറിയാമല്ലോ; ആ ഹറാമായ കാര്യം വാങ്ങാൻ മുസ്ല്യാൻമാരില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: ശ്രീ. പി.ടി.എ. റഹീമിനോട് പറയാനുള്ളത്, എഴുന്നൂറോളം മദ്രസ അദ്ധ്യാപകന്മാർ ക്ഷേമനിധിയിൽ ചേർന്നത്– സഖാവ് മുല്ലൂർക്കരയെപ്പോലുള്ള മുസ്ല്യാൻമാർ മാത്രമാണ്. അല്ലാതെ സാധാരണ ആൾക്കാരല്ല. ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഒരു പണവും ബാങ്കുവഴി സർക്കാർ കൊടുത്തിട്ടില്ല.

ശ്രീ. കെ.ടി. ജലീൽ: മദ്രസ അദ്ധ്യാപക ക്ഷേമനിധിയുടെ പലിശ മാറ്റിയല്ലോ; ഈ സർക്കാർ വന്നിട്ട് രണ്ടരവർഷം കഴിഞ്ഞു. എന്നിട്ടും ഒരുലക്ഷത്തി മുപ്പതിനായിരത്തോളം മദ്രസ അദ്ധ്യാപകരിൽ പതിമൂവായിരം പേർ മാത്രമേ ഇപ്പോഴും ഇതിൽ ചേർന്നിട്ടുള്ളു. എന്താണ് അതിന്റെ കാരണമെന്ന് കണ്ടെത്തി പരമാവധി ആളുകളെ ചേർത്തെങ്കിൽ മാത്രമേ ഈ ക്ഷേമനിധി ലാഭകരമായി നടത്തിക്കൊണ്ടുപോയി അതിന്റെ ആനുകൂല്യങ്ങൾ ആളുകൾക്ക് കൊടുക്കാൻ സാധിക്കുകയുള്ളു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അങ്ങയുടെ നേതൃത്വത്തിൽത്തന്നെയാണ് പ്രവാസി ക്ഷേമനിധി ഉണ്ടായതാണ്. അതിലും ആദ്യഘട്ടത്തിൽ വളരെ കുറഞ്ഞ ആളുകൾ മാത്രമേ ചേർന്നിരുന്നുള്ളൂ. ഇപ്പോഴും സത്യത്തിൽ അതിലെ അംഗങ്ങളുടെ എണ്ണം ചുരുക്കമായിത്തന്നെ തുടരുകയാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: ഈ ക്ഷേമനിധിയിൽ മാസം തോറും നൂറു രൂപവച്ച് അടയ്ക്കണമെന്നുള്ളതാണ് മദ്രസ അദ്ധ്യാപകരുടെ എണ്ണം കുറയാനുള്ള കാരണം. ഈ നൂറ് രൂപയിൽ അമ്പതുരൂപ മദ്രസ അദ്ധ്യാപകരും അമ്പതുരൂപ കമ്മറ്റിയുമാണ് അടയ്ക്കേണ്ടത്. കമ്മിറ്റികൾ പലതും പണം അടയ്ക്കാൻ തയ്യാറല്ല. അതുമായി ബന്ധപ്പെട്ട് രണ്ടുപ്രാവശ്യം അവരുടെ മീറ്റിംഗ് വിളിച്ചിട്ടുണ്ട് ഇനിയും മീറ്റിംഗ് കൂടും. ഉള്ള എല്ലാ ആളുകളെയും ഇതിൽ ചേർക്കണമെന്നു തന്നെയാണ് സർക്കാരിന്റെ നിലപാട്. അതിനുവേണ്ടിയുള്ള ശ്രമം നടത്തും. കൂടുതൽ ആൾക്കാരെ ഇതിൽ ചേർക്കുന്നതിനുവേണ്ടി പ്രൊമോട്ടർമാരെ വച്ചിട്ടുണ്ട്. ആ പ്രൊമോട്ടർമാർ വഴി കൂടുതൽ പേരെ ഇതിൽ ചേർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട ശ്രീ. എ.കെ. ബാലൻ ഇപ്പോൾ ഇവിടില്ല. അദ്ദേഹം ഇവിടെ ഉണ്ടായിരുന്നപ്പോൾ ഒരു കാര്യം പറഞ്ഞിട്ടുപോയി. എന്റെ പ്രിയപ്പെട്ട സ്നേഹിതൻ ശ്രീ. ജി. സുധാകരൻ, അങ്ങ് അദ്ദേഹത്തോട് ഇത് പറയണം. ഇ.എം.എസ്.-നെപ്പറ്റിയോ ഇ.എം.എസ്. ഗവൺമെന്റിനെപ്പറ്റിയോ അല്ലെങ്കിൽ പഴയകാല കമ്മ്യൂണിസ്റ്റുകാരെപ്പറ്റിയോ ഞങ്ങൾക്ക് ആർക്കും യാതൊരു തരത്തിലുള്ള വിരോധവുമില്ല. അവരെ ഞങ്ങൾ കുറച്ചുകാണുന്നുമില്ല. പക്ഷേ ഒരു കാര്യം നിങ്ങളെല്ലാവരും മനസ്സിലാക്കേണ്ടത്, എന്തുകൊണ്ട് ഇ.എം.എസ്.-നുശേഷം നിങ്ങൾ ആരെപ്പറ്റിയും സംസാരിക്കുന്നില്ല; എന്തുകൊണ്ട് കമ്മ്യൂണിസ്റ്റുപാർട്ടിയിൽ നിന്ന് ന്യൂനപക്ഷങ്ങൾ കൊഴിഞ്ഞുപോകുന്നു; അത് നിങ്ങൾ കൃത്യമായി പരിശോധിക്കണമെന്നുമാത്രമേ എനിക്ക് അഭ്യർത്ഥിക്കാനുള്ളു. ഞാൻ കൂടുതൽ രാഷ്ട്രീയകാര്യങ്ങളൊന്നും പറഞ്ഞില്ല. മറ്റുള്ളതൊക്കെ നിങ്ങൾ പറഞ്ഞതിൽപ്പെടുന്നു. ഇവിടുന്ന് അങ്ങോട്ടും മറുപടി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട്

കൂടുതൽ കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. അഹമ്മദ് കബീർ അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി. അഹമ്മദ് കബീർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. കെ.ടി. ജലീൽ അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ.ടി. ജലീൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. റ്റി. അഹമ്മദ് കബീർ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതിയും ശ്രീ. കെ.ടി. ജലീൽ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2013–ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ.........

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി), 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ അവതരിപ്പിക്കേണ്ടതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാൻ ഉണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും അങ്ങേയ്ക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2013 -ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു. നഗര കാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി, 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കേണ്ടതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ തദ്ദേശ സ്വയം ഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, കേരള മുനിസിപ്പാലിറ്റി ആക്ട് 485 (എ) വകുപ്പുപ്രകാരം ശവം മറവു ചെയ്യുകയും ദഹിപ്പിക്കുകയും ചെയ്യുന്ന സ്ഥലങ്ങൾ വാസഗൃഹങ്ങളിൽനിന്ന് അമ്പത് മീറ്റർ അകലത്തിൽ മാത്രമേ സ്ഥാപിക്കാൻ പാടുള്ളുവെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വകുപ്പിന്റെ ക്ലിപ്തനിബന്ധന പ്രകാരം കോൺക്രീറ്റ് വാൾട്ടിന്റെ സംഗതിയിൽ പ്രസ്തുത അകലം ഇരുപത്തിയഞ്ചു മീറ്ററായാൽ മതിയെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വൈദ്യുത ക്രിമറ്റോറിയങ്ങളുടെയും പെട്രോളിയം ഗ്യാസ് കൊണ്ട് പ്രവർത്തിക്കുന്ന ക്രിമറ്റോറിയങ്ങളുടെയും കാര്യത്തിലും ഇരുപത്തിയഞ്ചുമീറ്റർ ദൂരപരിധി പാലിച്ചാൽ മതിയാകുമെന്ന വ്യവസ്ഥ 485 (എ) വകുപ്പിൽ ക്ലിപ്ത നിബന്ധയിൽ ചേർക്കുന്നതിനു വേണ്ടിയാണ് ഈ ഭേദഗതി. പഞ്ചായത്തുകളിൽ മേൽപ്രകാരമുള്ള ദൂരപരിധി നിഷ്കർഷിച്ചിട്ടുള്ളതാണ്. സംസ്ഥാന നിയമസഭാ സമ്മേളനത്തിന് ഇല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2013-ലെ കേരള മുനിസിപ്പാലിറ്റി രണ്ടാം ഭേദഗതി ഓർഡിനൻസ് 2013 ഒക്ടോബർ മൂന്നാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013 ഒക്ടോബർ അഞ്ചാം തീയതിയിലെ 2885-ാം നമ്പർ അസാധാരണ ഗസറ്റിൽ 2013-ലെ 52-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

<u>മി. ചെയർമാൻ</u>: ശ്രീമതി ഇ. എസ്. ബിജിമോൾ, 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: Sir, I move that-

"This House resolves to disapproves The Kerala Municipality (Fourth Amendment) Ordinance, 2013 (Ordinance No. 52 of 2013)".

നമ്മുടെ കൊച്ചുകേരളം ഗ്രാമങ്ങളുടെ മുഖം നഷ്ടപ്പെട്ട് ദ്രുതഗതിയിൽ നഗരങ്ങളുടെ രൂപം ആർജ്ജിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറത്തുവിട്ട കണക്കുകളിലാണ് ഇക്കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്. നഗരത്തിലെ സൗകര്യങ്ങൾ അർദ്ധനഗരങ്ങളിലൊരുക്കി നഗരങ്ങളിലേയ്ക്കുള്ള കുടിയേറ്റം പരമാവധി കുറയ്ക്കുകയെന്നുള്ളതാണ് ഉത്തരവാദപ്പെട്ട സർക്കാരുകൾ വീണ്ടുവിചാരമില്ലാതെ എടുക്കുന്ന നിലപാടുകളുടെ ഭാഗം. യഥേഷ്ടം ലൈസൻസുകൾ കൊടുക്കുന്ന സമീപനമാണ് സർക്കാരുകൾ സ്വീകരിക്കുന്നത്. ഏതൊരു കാര്യത്തിനും ലൈസൻസുകൾ കൊടുക്കുന്നതിന് അതിന്റെ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ലെന്നുള്ളത് നഗരവൽക്കരണത്തിലുണ്ടാകുന്ന ഏറ്റവും വലിയ ഒരു അപക്വ സമീപനമായി പരിഗണിക്കപ്പെടേണ്ടതാണ്. ഒരു നഗരത്തിന്റെ പരമാവധി വിസ്തീർണ്ണം അതിലെ ആകെ ജനസംഖ്യയെടുത്താൽ ഒരു പൗരന് പരമാവധി കൈവശം വയ്ക്കാൻ പറ്റുന്ന ഭൂമിയുടെ അളവ് എത്രയാണെന്നുള്ളതിനെ സംബന്ധിച്ച് വളരെ വ്യക്തമായി നമുക്ക് വിവരം ലഭിക്കുമെന്നിരിക്കേ പൊതു ആവശ്യങ്ങൾക്കുള്ള സ്ഥലങ്ങൾ മാറ്റിവച്ചുകൊണ്ട് ഇത്തരം നിർദ്ദേശങ്ങൾ നമുക്ക് കണക്ക് കൂട്ടാവുന്നതാണ്. എന്നാൽ അത്തരം തരംതിരിവുകളൊന്നും ഈ കാലഘട്ടങ്ങളിൽ ഉണ്ടാകു

ന്നില്ല. ഭൂമിയുടെ അളവ് കണക്കാക്കപ്പെടുന്നില്ല, നഗരത്തിന്റെ വിസ്തീർണ്ണം കണക്കാക്കപ്പെടുന്നില്ല. അതിലേയ്ക്ക് എത്തിച്ചേരുന്ന ആളുകളുടെ എണ്ണം പലപ്പോഴും വേണ്ടവണ്ണം കണക്കാക്കി അതിനനുസൃതമായി പദ്ധതികൾ വിഭാവനം ചെയ്യുവാൻ ഗവൺമെന്റുകൾ പരാജയപ്പെടുന്നുണ്ട്. കോ–ഓർഡിനേഷന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാന സർക്കാർ ഒരു പൂർണ്ണപരാജയമായി മാറിയിട്ടുണ്ട്. ടൗൺ പ്ലാനിംഗ് സംവിധാനങ്ങളെന്ന് പറയുന്നത് നോക്കുകുത്തികളായി മാറിയിരിക്കുകയാണ്. ടൗൺ പ്ലാനിംഗ് സംവിധാനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് വേണ്ടവണ്ണം ഇടപെടാൻ കഴിയാത്ത സാഹചര്യമുണ്ട്. പുതുപുത്തൻ വികസന മുന്നേറ്റങ്ങളുടെ ഭാഗമായി 1000 പേർ ഒരു നഗരത്തിലേയ്ക്ക് പുതിയതായി എത്തിച്ചേർന്നാൽ അവർക്ക് ആവശ്യമായ കുടിവെള്ളം മുതൽ ശ്മശാനംവരെയുള്ളവ എവിടെയെന്നുള്ളതിന് വ്യക്തമായ നിഷ്കർഷയുണ്ടാകണം. നഗരവൽക്കരണത്തിന്റെ കാര്യത്തിൽ നമ്മുടെ രാജ്യം ഇന്ത്യയിൽ രണ്ടാം സ്ഥാനത്താണ്. ബംഗാളിന് തൊട്ടുപിന്നിൽ നമ്മുടെ കൊച്ചുകേരളമുണ്ട്. ബംഗാളിന്റെ ഭൂവിസ്തൃതിയുടെ കാര്യവും കേരളത്തിന്റെ ഭൂവിസ്തൃതിയുടെ കാര്യവും പ്രത്യേകമായി പരിഗണിക്കപ്പെടേണ്ട വിഷയമാണ്. ബംഗാളിലെ സെൻസസ് ടൗണുകളുടെ എണ്ണം 2001–ൽ 250 ആയിരുന്നത് 2011 ആയപ്പോൾ 750 ആയിമാറി. കേരളത്തിൽ 2001 സെൻസസ് പ്രകാരം 98 എന്നത് 461 ആയിമാറി. ഉത്തർപ്രദേശിൽ 66 എന്നത് 267 ആയിമാറി. മഹാരാഷ്ട്രയിൽ 2001–ൽ 127 ആയിരുന്നത് 279 ആയിമാറി. ആന്ധ്രാപ്രദേശിൽ 93 എന്നുള്ളത് 228 ആയിമാറി. തമിഴ്നാട്ടിൽ 111 എന്നത് 376 ആയിമാറി. 2001–ൽ നഗരജനസംഖ്യ കേരളത്തിൽ ഏതാണ്ട് 25.96 ശതമാനമായിരുന്നത് 2011 ആയപ്പോൾ 47.72 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്.

നമ്മുടെ ആകെ ജനസംഖ്യ എന്നുപറയുന്നത് 3 കോടി 20 ലക്ഷമാണ്. അതിൽ 1,59,32,171 പേർ...... പുതിയ സെൻസസ് പ്രകാരം വ്യത്യാസമുണ്ട്. 2011-ലെ കണക്ക് പ്രകാരം ഏതാണ്ട് ഒന്നരക്കോടിയിലധികം വരുന്ന ആളുകൾ നഗരങ്ങളിൽ അധിവസിക്കുന്നുവെന്നുള്ളതാണ്. 2001-ലെ കണക്കു കളുമായി താരതമ്യം ചെയ്താൽ ഇത് ഏതാണ്ട് ഇരട്ടിയിലധികമാകും. 10 വർഷത്തിനിടെ വൻകുതിച്ചുചാട്ടം ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. ദേശീയ ശരാശരിയുമായി കേരളത്തെ തട്ടിച്ചുനോക്കിയാൽ ഏതാണ്ട് 83.80 ശതമാനം വളർച്ചയുണ്ടായിട്ടുണ്ട്. ദേശീയ ശരാശരി 12.02 മാത്രമാണ്. നമുക്ക് മുന്നിൽ ഏതാനും ചില നഗരങ്ങൾ മാത്രമാണ് ഉള്ളതെന്നുള്ളത് ഈ അവസരത്തിൽ ഏറ്റവും ഗൗരവമായി പരിഗണിക്കപ്പെടേണ്ട വിഷയമാണ്. എറണാകുളം ജില്ല യിൽമാത്രം 15 സെൻസസ് നഗരങ്ങളുണ്ട്. കൊച്ചി നഗരത്തോട് ചേർന്ന് 30 കിലോമീറ്റർ ചുറ്റളവിൽ കിടക്കുന്ന പല പട്ടണങ്ങളും സെൻസസ് നഗരങ്ങ ളാണ് എന്നുപറഞ്ഞാൽ പല ഗ്രാമപ്രദേശങ്ങളും നഗരങ്ങളായി മാറിക്കൊണ്ടി രിക്കുന്ന സാഹചര്യമുണ്ട്. തൃശ്ശൂർ നഗരത്തിന്റെ സഞ്ചിതനഗരമായി ഗുരുവാ യൂരും കൊടുങ്ങല്ലൂരും മാറിക്കഴിഞ്ഞു. കോഴിക്കോട് നഗരത്തിന്റെ സഞ്ചിത നഗരമായി വടകര മാറിയിരിക്കുന്നു. ഗ്രാമങ്ങളിലെ ജനങ്ങൾ തങ്ങളുടെ കൃഷിഭൂമിയും കൃഷിയും ഉപേക്ഷിച്ച് നഗരവാസികളാകുവാൻ കാട്ടുന്ന ചടുലത നഗരവൽക്കരണത്തിന്റെ ആക്കം വർദ്ധിപ്പിക്കുകയാണ്. മോഹവില നൽകുന്നുവെന്ന വ്യാജേന ഭൂമി കൈവശപ്പെടുത്തുന്ന മാഫിയാസംഘം ഗ്രാമങ്ങളെ സെൻസസ് നഗരങ്ങളാക്കി ഭൂമിയുടെ കച്ചവടം സെന്റിൽനിന്നും സ്ക്വയർ ഫീറ്റാക്കി മാറ്റുമ്പോൾ അവർ കോടികളാണ് കൊയ്യുന്നത്. നമ്മുടെ

രാജ്യത്ത് ഏതാണ്ട് 2001–ൽ 1362 നഗരങ്ങളുണ്ടായിരുന്നത് 2011 ആയപ്പോൾ 3894 ആയി വർദ്ധിച്ചിട്ടുണ്ട്. ശുദ്ധമായ വായു, ജലം, ഗതാഗതം, പൊതുജനാരോഗ്യം, സ്വീവേജ് സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കുവാൻ ഉത്തരവാദപ്പെട്ട ഗവൺമെന്റ് സമ്മർദ്ദതന്ത്രങ്ങളിൽപ്പെട്ട് നഗരവൽക്കരണത്തിന് യഥേഷ്ടം അനുമതി നൽകുമ്പോൾ ഇത്തരം കാര്യങ്ങളിൽ ബോധപൂർവ്വമായ അശ്രദ്ധ കാണിക്കുന്നുവെന്നതാണ് വസ്തുത. നഗരങ്ങളിൽ പാർപ്പിടങ്ങൾ, ഫ്ളാറ്റുകൾ, വില്ലകൾ എന്നിവ ഒരു പൗരന് എത്രവരെയാകാമെന്നതിന് ഒരു നിയന്ത്രണമുണ്ടാകേണ്ടതുണ്ട്. ഭൂപരിഷ്ക്കരണ നിയമപ്രകാരം ഭൂമിക്ക് നിയന്ത്രണമുണ്ടെങ്കിലും പാർപ്പിടങ്ങൾക്കും വില്ലകൾക്കും ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിയന്ത്രണങ്ങളില്ലായെന്നുള്ളത് ഏറെ ശ്രദ്ധേയമാണ്. വില്ലകൾ കമ്പനിവൽക്കരിക്കപ്പെടുമ്പോൾ അതിന്റെ മറവിൽ വില്ലകളുടെയും ഫ്ളാറ്റുകളുടെയും എണ്ണം അനിയന്ത്രിതമായി കൂടുകയും യഥേഷ്ടം ആളുകൾ ഇത് സ്വന്തമാക്കുകയും ചെയ്യുന്ന സാഹചര്യമുണ്ട്. പല നഗരങ്ങളിലും നിർമ്മിച്ചിട്ടുള്ള ആയിരക്കണക്കിന് ഫ്ളാറ്റുകൾ ഉപയോഗശൂന്യമായി കിടക്കുന്ന സാഹചര്യമുണ്ട്. നഗരങ്ങളിലെ ഈ അവസ്ഥ പ്രത്യേകമായി പരിശോധിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. നഗരങ്ങളിൽ മാലിന്യങ്ങൾ കുന്നുകൂടുന്നുണ്ട്. നഗരങ്ങളിലെ മാലിന്യം ചുമക്കാൻ ഗ്രാമങ്ങളെ നിർബന്ധിക്കുകയും അത് കലഹത്തിനും പ്രതിഷേധത്തിനും കാരണമാകുകയും ചെയ്യുന്ന സാഹചര്യം പ്രത്യേകമായി ഗവൺമെന്റ് പരിശോധിക്കണം. ശ്മശാനം സ്ഥാപിക്കുമ്പോൾ 25 മീറ്റർ  ദൂരപരിധിയാണ് ഗ്രാമങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളത്. 50 മീറ്ററാണ് നഗരങ്ങളിൽ എന്ന തീരുമാനം യാന്ത്രികമായി ഉണ്ടായിട്ടുള്ളതല്ല. ഈ തീരുമാനത്തിന് പിന്നിൽ ശാസ്ത്രീയമായ നിരീക്ഷണങ്ങളുണ്ടെന്നിരിക്കേ

ഇപ്പോൾ കൊണ്ടുവരുന്ന നിർദ്ദേശം ഇതിന് വിരുദ്ധമാണ്. നിയമഭേദഗതികളിൽ ശാസ്ത്രീയമായ പിൻബലമുണ്ടാകണമെന്നിരിക്കേ നഗരങ്ങളിൽ 50 മീറ്ററിൽനിന്ന് 25 മീറ്റർ കുറയ്ക്കുമ്പോൾ ഏത് സാങ്കേതിക വിദഗ്ദ്ധരാണ് ഈ രംഗത്ത് ശുപാർശ നൽകിയതെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കേണ്ടതുണ്ട്. പുറംതള്ളുന്ന വായുവിന്റെ മാലിന്യഘടകങ്ങളെ സംബന്ധിച്ച് ഇതുമായി ബന്ധപ്പെട്ട ശുപാർശകളിൽ പറയുന്നത് ഒരു ഘനമീറ്റർ വായുവിൽ ശ്മശാനത്തോട് അനുബന്ധമായി പൊടിപടലങ്ങൾ 150 എം.ജി., നൈട്രജൻ ഓക്സൈഡ് 450 എം.ജി., ഹൈഡ്രോക്ലോറിക് ആസിഡ് 50 എം.ജി. വിസ്തൃതി 50-ൽനിന്ന് 25 മീറ്ററായി കുറയ്ക്കാൻ തീരുമാനിച്ചാൽ പുറംതള്ളുന്ന വായുവിലെ മാലിന്യഘടകങ്ങൾ ഇരട്ടിയാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. നഗരങ്ങളിലെ അന്തരീക്ഷ മാലിന്യവും ഗ്രാമങ്ങളിലെ അന്തരീക്ഷ മാലിന്യവും തമ്മിലുള്ള അന്തരം വളരെ വലുതാണെന്ന വസ്തുതയും ഗവൺമെന്റ് പരിഗണിച്ചിട്ടില്ല. ശാസ്ത്രീയമായ പഠനം ഇക്കാര്യങ്ങളിൽ ആവശ്യമാണെന്നിരിക്കെ അത്തരത്തിൽ എന്തെങ്കിലും ശുപാർശകൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോയെന്ന കാര്യത്തിൽ ബലമായ സംശയമുണ്ട്. ദൂരപരിധി കുറയ്ക്കുന്നത് സംബന്ധിച്ച് എത്ര മുനിസിപ്പാലിറ്റികളുടെ, നഗരസഭകളുടെ പ്രമേയം ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടെന്ന വസ്തുത ഗവൺമെന്റ് വ്യക്തമാക്കണം. ദൂരപരിധി കുറയ്ക്കുകയെന്ന യാന്ത്രിക തീരുമാനത്തിനപ്പുറം ശാസ്ത്രീയമായ പിൻബലം, ഇക്കാര്യത്തിൽ ഗവൺമെന്റിന് ആരെങ്കിലും ഉപദേശം നൽകിയിട്ടുണ്ടോയെന്ന കാര്യംകൂടി മറുപടി പറയുന്ന അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്ന അഭിപ്രായമാണുള്ളത്. ധനകാര്യ വിശകലന

ത്തിൽ ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്ന് യാതൊരു അധികചെലവും ഉണ്ടാകില്ലായെന്നാണ് പറഞ്ഞിരിക്കുന്നത്. ഗവൺമെന്റ് സർവ്വീസ് സെക്ടറിൽനിന്നും പിൻവാങ്ങുകയാണ്. പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷന്റെയും ഉത്തരവാദിത്വമായി അധികാര വികേന്ദ്രീകരണത്തിന്റെ പേരിൽ ഇത്തരം കാര്യങ്ങൾ സർവ്വീസ് മേഖലയെ ഏൽപ്പിച്ചുകൊടുത്ത് കോ–ഓർഡിനേഷൻപോലും നടത്താതെ നിഷ്ക്രിയമായി നിൽക്കുന്ന സാഹചര്യമാണ് ഇവിടെയുള്ളത്. സഞ്ചിതനിധിയിൽനിന്ന് ഒരു പണവും ചെലവാകില്ലെന്ന രൂപേണ ഈ ബിൽ അവതരിപ്പിക്കപ്പെട്ട് നിയമമാകുമ്പോൾ ഇതുമായി ബന്ധപ്പെട്ട് അഭിമുഖീകരിക്കുന്ന യഥാർത്ഥ പ്രശ്നങ്ങളെ അഡ്രസ് ചെയ്യുവാൻ നമുക്ക് കഴിയാത്ത സാഹചര്യമുണ്ടാകും. നമ്മുടെ സംസ്ഥാനത്തുള്ള പൊതുശ്മശാനങ്ങൾ എത്രയാണെന്ന് ചോദിച്ചാൽ........

ശ്രീമതി പി. അയിഷാ പോറ്റി: സർ, ബഹുമാന്യയായ അംഗം ഇവിടെ മുനിസിപ്പാലിറ്റി ആക്ടിൽ ഒരു കോൺക്രീറ്റ് വാൾട്ടിന്റെയോ ഇലക്ട്രിക് അല്ലെങ്കിൽ ഗ്യാസ് ശ്മാശാനത്തിന്റെയോ സംഗതിയിൽ അകലത്തെ സംബന്ധിച്ച കാര്യങ്ങളുമായി ബന്ധപ്പെട്ട് വളരെയേറെ പ്രാധാന്യമേറിയ, ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടേണ്ട കാര്യങ്ങളാണ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. 25 മീറ്റർ എന്നുള്ള അകലം വച്ചുകൊണ്ടാണ് ഒരു ഭേദഗതി ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഒരു പഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ/ കോർപ്പറേഷനിലെ മനുഷ്യവിഭവശേഷിയും പ്രദേശത്തിന്റെ പ്രത്യേകതകളും മനസ്സിലാക്കിക്കൊണ്ട് ഒരു പഞ്ചായത്തിൽ, ഒരു കോർപ്പറേഷനിൽ, ഒരു

മുനിസിപ്പാലിറ്റിയിലെല്ലാംതന്നെ പൊതുശ്മശാനം നിർബന്ധമാക്കുകയും നല്ല ക്വാളിറ്റിയുള്ള ഏറ്റവും ആധുനികസജ്ജീകരണങ്ങളോടുകൂടി മാലിന്യങ്ങൾ പുറന്തള്ളാത്ത തരത്തിലുള്ള ക്രമീകരണങ്ങളോടുകൂടിയ ശ്മശാനങ്ങൾ ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതല്ലേ; അങ്ങ് വളരെ ഗൗരവമായിട്ട് പറഞ്ഞ കുറേ വിഷയങ്ങൾ സ്പെഷ്യൽ പ്ലാനിംഗിൽകൂടി ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും ജില്ലാതലത്തിലുമെല്ലാം കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ടുതന്നെ ഓരോ പ്രദേശത്തേയും പ്രത്യേകതയ്ക്ക് അനുസരിച്ച് എല്ലാ തരത്തിലുള്ള പദ്ധതികളും തയ്യാറാക്കാനും ഗവൺമെന്റ് പ്ലാൻ ചെയ്തുകൊണ്ട് നിർദ്ദേശം കൊടുത്ത് നടപ്പാക്കിക്കൊണ്ടുവരേണ്ടതല്ലേ; അതോടൊപ്പം ശ്മശാനങ്ങൾ എല്ലാ പഞ്ചായത്തിലും ഒന്നെങ്കിലും ഉണ്ടാകുകയെന്നുള്ളത് വളരെ കർശനമായിട്ട് നടപ്പാക്കാൻ ആവശ്യമായ സഹായം കൊടുക്കാനും ഗവൺമെന്റ് മുന്നോട്ടുവരേണ്ടതല്ലേ?

ശ്രീമതി ഇ. എസ്. ബിജിമോൾ: ബഹുമാനപ്പെട്ട പി. അയിഷാ പോറ്റി, എം.എൽ.എ. പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ വൈദ്യുതി ശ്മശാനങ്ങളുമായി ബന്ധപ്പെട്ടു ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി മഞ്ഞളാംകുഴി അലി വളരെ വിശദമായി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ മറുപടിക്കപ്പുറം ഈ കാര്യങ്ങളിൽ ക്രിയാത്മകമായ ഒരു ഇടപെടലിന് ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് എന്റെ പരാതി. വളരെ വിശദമായി മറുപടി പഞ്ഞിട്ടുണ്ടെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇക്കാര്യങ്ങളിൽ പിന്നീട് ഒരു ഇടപെടലുമുണ്ടായിട്ടില്ല. ക്രിമറ്റോറിയത്തിൽ നിന്നും പുറന്തള്ളുന്ന വായു കുറഞ്ഞത്

30 മീറ്റർ ഉയരത്തിലുള്ള ചിമ്മിനി മുഖാന്തിരം മാത്രമേ അന്തരീക്ഷത്തിലേയ്ക്ക് പുറന്തള്ളാൻ പാടുള്ളൂ. കോസ്റ്റിക് വാട്ടർ സ്ക്രബ്ബർ, ഇംപീച്ച്മെന്റിനും ഫിൽട്ടറേഷനുമുള്ള ടാങ്കുകൾ, ബ്ലോവർ, ഗന്ധമകറ്റാനുള്ള മതിയായ സംവിധാനങ്ങൾ എന്നിവ ഉണ്ടായിരിക്കണം. ഈ സംവിധാനങ്ങളില്ലാതെ പ്രവർത്തിക്കുന്ന ക്രിമറ്റോറിയങ്ങളുടെ എണ്ണം ദൈനംദിനം വർദ്ധിക്കുകയാണ്. അങ്ങ് തന്നെ തന്നിട്ടുള്ള മറ്റൊരു മറുപടിയിൽ ഈ സംവിധാനം വേണ്ടത്രയില്ലാതെ പ്രവർത്തിക്കുന്ന ക്രിമറ്റോറിയങ്ങളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ് എന്നു പറഞ്ഞതിനുശേഷവും നാളിതുവരെ അത്തരം കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു നടപടിയുമുണ്ടായിട്ടില്ല. വിശദമായ മറുപടിക്കപ്പുറം ക്രിയാത്മകമായ ഒരു ഇടപെടലിലേയ്ക്ക് പോകുവാൻ ഗവൺമെന്റിന് കഴിയുന്നില്ല. സംസ്ഥാനത്തുള്ള ശ്മശാനങ്ങളുടെ എണ്ണമെത്ര എന്നു ചോദിച്ചാൽ വിവരം ശേഖരിച്ചു വരുന്നു എന്ന സാങ്കേതിക മറുപടിക്കപ്പുറം ആത്മാർത്ഥമായ ഒരു ഇടപെടലും ഉത്തരവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല എന്നുള്ളതുകൊണ്ടാണ് ഒരു പഞ്ചായത്തിൽ ഒരു പൊതുശ്മശാനം എന്നു പറയുന്ന ബഹുമാനപ്പെട്ട പി. അയിഷാപോറ്റി, എം.എൽ.എ.യുടെ നിർദ്ദേശത്തെ വേണ്ടവണ്ണം പരിഗണിക്കുവാൻ ഗവൺമെന്റിന് കഴിയാതെ പോകുന്നത്. ഇപ്പോഴും പഞ്ചായത്തുകളുടെ നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടത് പഞ്ചായത്ത് വകുപ്പുമന്ത്രിയും നഗരസഭകളുടെ നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടത് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലിയുമാണ്. വകുപ്പുകളുടെ കോ-ഓർഡിനേഷൻ ഉണ്ടാകാതെ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ

കഴിയാത്ത സാഹചര്യം നമ്മുടെ മുമ്പിലുണ്ട്. നന്നങ്ങാടികൾ മുതൽ ഈജി പ്റ്റിലെ മമ്മികളും പിരമിഡുകളും വരെ ഒരു ജനതയുടെ സംസ്കാരത്തിന്റെ പ്രതിഫലനമാണെങ്കിൽ മരണം മനുഷ്യനെയും ജീവികളെയും തുല്യമാക്കുന്ന പ്രതിഭാസമാണ്. അങ്ങനെയിരിക്കെ ശവസംസ്കാര ചടങ്ങുകളിൽപ്പോലും നമ്മൾ കാണിക്കുന്ന വിവേചനം ഒരു നാഗരിക സമൂഹത്തിന് ഭൂഷണമാണോ എന്ന് ചിന്തിക്കണം. ശവസംസ്കാരത്തിന് സ്ഥലമില്ലാതെ വീടിനുള്ളിൽ മൃതദേഹം സംസ്കരിച്ചു എന്ന വാർത്ത ഗവൺമെന്റിനെയും പൊതുസമൂഹ ത്തെയും വേദനിപ്പിക്കുന്നില്ല എന്ന വസ്തുത ഖേദകരമാണ്. ആദിവാസി സമൂഹങ്ങളിലും പട്ടികജാതി കോളനികളിലും പലപ്പോഴും ശ്മശാനത്തിന് ആവശ്യമായിട്ടുള്ള സംവിധാനങ്ങളുണ്ടാകുന്നില്ല എന്നാൽ നഗരങ്ങളുടെ സാറ്റലൈറ്റ് കേന്ദ്രങ്ങളായ, സെൻസസ് നഗരങ്ങളായി മാറിയിട്ടുള്ള പല നഗര ങ്ങളിലും ശവസംസ്കാരത്തിന് സൗകര്യങ്ങളില്ലാതെ സ്വന്തം വീടിനുള്ളിൽ ശവസംസ്കാരം നടത്തുമ്പോൾ അതിനെ ഒരു ചെറിയ കാര്യമായി പരിഗണി ക്കാതെ ബഹുമാനപ്പെട്ട അംഗം അയിഷാപോറ്റി സൂചിപ്പിച്ചതുപോലെ ശ്മശാ നങ്ങളില്ലാത്ത സ്ഥലങ്ങളിൽ പൊതുശ്മശാനങ്ങൾ ഏതു തരത്തിലാണ് നിർമ്മിക്കാൻ കഴിയുക എന്നുള്ളതിനെ സംബന്ധിച്ച് ഗൗരവതരമായ ഒരു ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ശ്മശാനം സ്ഥാപി ക്കുന്നതിന് ആരും സ്ഥലം തരില്ല, ആരും അത് അനുവദിക്കില്ല എന്നുള്ളതു കൊണ്ടുതന്നെ എപ്രകാരമാണ് ക്രിയാത്മകമായി ഈ വിഷയങ്ങൾക്ക് ഒരു കോ-ഓർഡിനേഷനുണ്ടാക്കികൊണ്ട് ഇടപെടാൻ കഴിയുക എന്ന് പരിശോധി ക്കണം. ഈ വിഷയത്തിൽ ഗവൺമെന്റിന്റെ ഒരു ഇടപെടലുണ്ടാകണം, മന്ത്രി യുടെ ഒരു പ്രത്യേക ശ്രദ്ധയുണ്ടാകണം. കോടികൾ ചെലവഴിച്ച് നിർമ്മിച്ച നഗരസഭയുടെ അഭിമാനമായ ശ്മശാനം നഗരസഭയ്ക്ക് ബാധ്യതയാകുന്നു

എന്ന വാർത്ത കേട്ടെങ്കിലും ഇത്തരം കാര്യങ്ങളിൽ ഒരു പുനർവിചിന്തനമുണ്ടാകണം. അഭിമാനത്തിനുവേണ്ടി ശ്മശാനങ്ങൾ കെട്ടിപ്പൊക്കുന്നതിനപ്പുറം ആവശ്യത്തിനുവേണ്ടി ശ്മശാനങ്ങൾ നിർമ്മിക്കുന്ന ഒരു സമീപനമാണ് നമുക്കുണ്ടാകേണ്ടത്. മാനദണ്ഡങ്ങൾക്ക് വിപരീതമായി പ്രവർത്തിക്കുന്ന ക്രിമറ്റോറിയങ്ങളുടെ പേരിൽ മാതൃകാപരമായ നടപടി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ എന്ന സംശയം ബലമായി നിൽക്കുകയാണ്. അങ്ങയുടെ മറുപടിയും പിന്നീടുള്ള നിഷ്ക്രിയമായ അവസ്ഥയുമാണ് ഈ ചോദ്യം ചോദിക്കുന്നതിന് ഞങ്ങളെ പ്രേരിപ്പിക്കുന്നത്. എവിടെയെങ്കിലും ഇതുമായി ബന്ധപ്പെട്ട പരിശോധനകൾ നടന്നിട്ടുണ്ടോ; അങ്ങനെ നടന്നിട്ടുണ്ടെങ്കിൽ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; പരമ്പരാഗതമായ ആചാരങ്ങളിൽ നിന്നും മാറുവാനാഗ്രഹിക്കാത്ത വിശ്വാസ പ്രമാണങ്ങൾ ശവസംസ്കാരത്തിന്റെയും ശ്മശാനത്തിന്റെയും ഭാഗമായി വരുന്നു എന്ന വസ്തുതകൂടി കണക്കാക്കണം. നമ്മുടെ പ്രശ്നമെന്നു പറയുന്നത് 50 മീറ്ററിൽ നിന്നും 25 മീറ്ററിലേയ്ക്ക് കുറച്ചുകൊണ്ട് ഗ്രാമപ്രദേശങ്ങൾക്കു തുല്യമായി നഗരങ്ങളെ മാറ്റുക എന്നുള്ളതിന് അപ്പുറം ആരോഗ്യമുള്ള ജനത ആരോഗ്യമുള്ള രാജ്യത്തിന്റെ സമ്പത്താണ് എന്നുള്ളതുകൊണ്ട് ജനങ്ങളുടെ ആരോഗ്യത്തിന് മുഖ്യപ്രാധാന്യം നൽകേണ്ടതുണ്ട്. ശാസ്ത്രീയമായ അപഗ്രഥനവും പഠനവും ഇതിനാവശ്യമാണ് എന്നിരിക്കെ അത്തരം പരിശോധനകളുടെയോ റിപ്പോർട്ടുകളുടെയോ പിൻബലമില്ലാതെ അങ്ങ് ഇവിടെ അവതരിപ്പിച്ച 50 മീറ്ററിൽ നിന്ന് 25 മീറ്ററായി കുറയ്ക്കണമെന്ന നിർദ്ദേശം പിൻവലിക്കണമെന്ന് നിരാകരണപ്രമേയം അവതരിപ്പിച്ചുകൊണ്ട് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഈ നിരാകരണ പ്രമേയത്തെ പിന്താങ്ങുകയാണ്. മൃതദേഹം സംസ്കരിക്കുക എന്നത് ഇന്ന് നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു പ്രശ്നമായി മാറിയിട്ടുണ്ട്. ഇന്ന് നഗരപ്രദേശങ്ങളിൽ മാത്രമല്ല മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പഞ്ചായത്തുകളിലുമെല്ലാം വളരെ ഗുരുതരമായ ഒരു പ്രശ്നമായി അത് മാറിയിരിക്കുകയാണ്. ഇതു സംബന്ധിച്ച് ശ്രീമതി പി. അയിഷാപോറ്റി ഇവിടെയൊരു നിർദ്ദേശം വച്ചു. വാർഡുകൾതോറും ഇതുപോലെയുള്ള പൊതുശ്മശാനങ്ങളുണ്ടാകണം. വളരെ സ്വാഗതാർഹമായ ഒരു കാര്യമാണ്. പക്ഷേ, വലിയ എതിർപ്പുകൾ എല്ലാ പ്രദേശങ്ങളിലുമുണ്ടാകുന്നുണ്ട് എന്നതാണ് യാഥാർത്ഥ്യം. പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ എതിർപ്പുണ്ടാകുന്നത്. കോർപ്പറേഷനുകളെ സംബന്ധിച്ച് പരിശോധിച്ചാൽ തിരുവനന്തപുരം കോർപ്പറേഷനിൽ ഒരു വൈദ്യുതി ശ്മശാനം ഉണ്ടെങ്കിലും താങ്ങാൻ കഴിയുന്നതിനുമപ്പുറം വലിയ തിരക്കാണ് അവിടെയുള്ളത്. ആ നിലയിൽ വളരെ ഗൗരവമായ ഒരു പ്രശ്നമായി ശവസംസ്കാര പ്രശ്നങ്ങൾ വരികയാണ്. ഇത്തരമൊരു സാഹചര്യത്തിലാണ് നിലവിലുള്ള നിയമത്തിലൊരു ഭേദഗതി എന്നുള്ള നിലയിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. അങ്ങനെ കൊണ്ടുവരുമ്പോൾ ശ്രീമതി ബിജിമോൾ സൂചിപ്പിച്ചതുപോലെ അതിനോടനുബന്ധിച്ചുള്ള കാര്യങ്ങളിൽ, അവിടെ നിന്നും ബഹിർഗമിക്കുന്ന ആരോഗ്യത്തെ ബാധിക്കുന്നതായ അല്ലെങ്കിൽ മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ശാസ്ത്രീയമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ എന്നത് പരിശോധിക്കേണ്ട കാര്യമാണ്. മുനിസിപ്പാലിറ്റികളെയും കോർപ്പറേ

ഷനുകളെയും പഞ്ചായത്തുകളെയും സംബന്ധിച്ചിടത്തോളം മാലിന്യ നിർമ്മാർജ്ജനം ഇന്ന് ഒരു മുഖ്യപ്രശ്നമായി മാറിയിരിക്കുകയാണ്. എന്നാൽ മാലിന്യനിർമ്മാർജ്ജനം ഒരു മുഖ്യപ്രശ്നമായി മാറുന്നു എന്ന ധാരണ ഇന്ന് ദൗർഭാഗ്യവശാൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇല്ല എന്നുള്ള താണ് വാസ്തവം. അതുപോലെതന്നെ സാംക്രമിക രോഗങ്ങൾ തടയാൻ മുനിസിപ്പാലിറ്റികളും മറ്റു സംവിധാനങ്ങളും എന്തൊക്കെ നടപടികൾ സ്വീക രിക്കുന്നുണ്ട് എന്ന് പരിശോധിച്ചാൽ അതൊക്കെ വളരെ കുറവാണെന്ന് കാണാൻ കഴിയും. അതുപോലെ പൊതുമാർക്കറ്റുകൾ വൃത്തിയാക്കുന്ന കാര്യത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സമിതികൾ കാര്യമായ മുൻഗണന നൽകുന്നില്ല. പൊതുശ്മശാനവും അതിന്റെ ഒരു ഭാഗം തന്നെയാണ്. പൊതു ശ്മശാനത്തിന് കാര്യമായ പ്രാധാന്യം നൽകാത്തതുകൊണ്ടാണ് സ്വന്തം വീടിനുള്ളിൽപ്പോലും ശവസംസ്കാരം നടത്തേണ്ട ഒരു സ്ഥിതി നമ്മുടെ നാട്ടിൽ ചിലയിടങ്ങളിലുണ്ടായത്. വാഹന പാർക്കിംഗ് നഗരങ്ങളെ സംബന്ധി ച്ചിടത്തോളം ഇന്നൊരു മുഖ്യപ്രശ്നമായി മാറിയിരിക്കുകയാണ്. വാഹന പാർക്കിംഗ് എന്നത് വളരെ ഗൗരവമായി ആലോചിക്കേണ്ട പ്രശ്നമാണ്. ദീർഘദൃഷ്ടിയോടുകൂടി വാഹനപാർക്കിംഗ് അടക്കമുള്ള സൗകര്യങ്ങളെ സംബന്ധിച്ച് ആലോചിക്കുന്നില്ലെങ്കിൽ നമ്മുടെ നഗരങ്ങൾ വീർപ്പുമുട്ടും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. തിരുവനന്തപുരം നഗരത്തി ലേയ്ക്ക് ഒന്നുകിൽ കഴക്കൂട്ടം അല്ലെങ്കിൽ കേശവദാസപുരം ഈ സ്ഥലങ്ങ ളിൽ കൂടി വരികയാണെങ്കിൽ രാവിലെ 9.30 കഴിഞ്ഞാൽ ഇവിടേയ്ക്ക് എത്തുക എന്നു പറയുന്നത് ഒരു വലിയ ജോലി തന്നെയാണ്. സാധാരണഗതി യിൽ ഒരു മണിക്കൂർ മുതൽ ഒന്നര മണിക്കൂർ വരെ സമയമെടുത്താണ്

അസംബ്ലിയിൽ അല്ലെങ്കിൽ സെക്രട്ടേറിയറ്റിൽ എത്താൻ കഴിയുന്നത്. എല്ലാവരോടും സൈക്കിൾ ഉപയോഗിക്കാൻ ഗവൺമെന്റ് പറയുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ വരികയാണെന്ന് എനിക്ക് തോന്നുന്നു. നഗരങ്ങൾ വികസിക്കുന്നതിനനുസരിച്ച് പൊതുവികസനമുണ്ടാകുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അത്തരം കാര്യങ്ങളിൽ എന്തു ചെയ്യാൻ കഴിയുന്നു എന്നുള്ളത് വളരെ ഗൗരവമായി ഇതിനോടൊപ്പംതന്നെ പരിശോധിക്കേണ്ട ഒരു പ്രശ്നമാണ്.

അതുപോലെ ഖരമാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട കാര്യത്തിൽ നമ്മുടെ മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളും പഞ്ചായത്തുകളും എടുക്കുന്ന സമീപനം വളരെ ഗൗരവപൂർവ്വമായി ചർച്ച ചെയ്യേണ്ടതാണ്. അതിൽ ഗവൺമെന്റിന് എന്താണ് റോൾ എന്നതിനെക്കുറിച്ചുവേണം ആലോചിക്കേണ്ടത്. തിരുവനന്തപുരത്തെ വിളപ്പിൽശാല പ്രശ്നത്തിൽ സമരങ്ങളുണ്ടായപ്പോൾ ഗവൺമെന്റ് പറഞ്ഞത് ഞങ്ങൾ ഉടൻതന്നെ പരിഹാരം കണ്ടെത്തി തരാമെന്നാണ്. അതുകൊണ്ടാണ് ഹൈക്കോടതി വിധിപോലും നടപ്പാക്കുന്ന കാര്യത്തിൽനിന്നും ഗവൺമെന്റ് മാറി നിന്നത്. പകരം ഒരു സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കണമായിരുന്നു. അതല്ലാതെ കോർപ്പറേഷനെയും ജനങ്ങളെയും തമ്മിലടുപ്പിക്കുകയാണ് ചെയ്തത്. അതൊരു സർക്കാരിന് ചേർന്ന സമീപനമാണോ എന്നുള്ളത് ഗൗരവപൂർവ്വം ആലോചിക്കേണ്ട ഒരു പ്രശ്നമാണ്. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് എന്താണ് ചെയ്യുന്നത്? ഇപ്പോൾ മുട്ടത്തറയിൽ പുതിയ പ്ലാന്റ് സ്ഥാപിച്ചു. അതു സംബന്ധിച്ച് കോർപ്പറേഷനുമായി ഒരു ധാരണയുണ്ടാക്കി പോകാൻ......

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, മാലിന്യ സംസ്കരണത്തെ സംബന്ധിച്ച് വളരെ ഗൗരവപ്പെട്ട പ്രശ്നമാണ് ശ്രീ. രാജു എബ്രഹാം ഇവിടെ ഉന്നയിക്കുന്നത്. ഇത് കേരളത്തിന്റെ പൊതുവായിട്ടുള്ള ഒരു പ്രശ്നമാണ്. നമ്മുടെ നഗരങ്ങൾ വളർന്നു കൊണ്ടിരിക്കുകയും മാലിന്യങ്ങൾ കുന്നുകൂടി കൊണ്ടിരിക്കുകയുമാണ് സത്യത്തിൽ കേരളത്തിൽ മൊത്തത്തിൽ ബാധക മായിട്ടുള്ള അല്ലെങ്കിൽ എല്ലാവർക്കും അനുകരണീയമായിട്ടുള്ള ഒരു സംവി ധാനമുണ്ടാക്കുമെന്ന് ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അന്ന് നഗരവികസനകാര്യം കൈകാര്യം ചെയ്തിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കു ട്ടിയും പ്രഖ്യാപിച്ചത് ഞാൻ ഓർക്കുകയാണ്. പക്ഷേ, രണ്ടര വർഷമായിട്ടും അങ്ങനെ ഒരു കാര്യത്തെ കുറിച്ച് പറയുകപോലും ചെയ്യുന്നില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. രാജു എബ്രഹാം</u> : സർ, പ്രഖ്യാപനങ്ങളുടെ വലിയൊരു കുത്തൊ ഴുക്ക്, ഒരു കൊടുംകാറ്റ് അല്ലെങ്കിൽ ഒരു സുനാമി ഉണ്ടായ ഒരു അസംബ്ലി യാണ് കഴിഞ്ഞ രണ്ടര വർഷക്കാലത്തുണ്ടായത്. അത്തരമൊരു പ്രഖ്യാപനം എന്നരൂപത്തിൽ മാത്രം ഒതുങ്ങുമ്പോൾ ഭരണകൂടത്തിന് പൊതുജന സമൂഹ ത്തോടുള്ള ഉത്തരവാദിത്തമെന്തെന്നുള്ള പ്രധാനപ്പെട്ട ചോദ്യം ഉയർന്നു വരികയാണ്. ജനങ്ങളോട് ബാധ്യതയില്ലാത്ത രൂപത്തിലുള്ള ഒരു ഭരണ സംവിധാനമായി ഈ ഭരണ സംവിധാനം പോകുന്നതുകൊണ്ടാണ് കാലം ഇത്രയും മാറിയിട്ടും ഈ നിലയിലുള്ള ശ്രദ്ധ അല്ലെങ്കിൽ പ്രാധാന്യം കൊടു ക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടികൾ ഉണ്ടാവാതിരിക്കുന്നത്. ഇവിടെ അഴുക്കുവെള്ളം, ഓടവെള്ളം പോകാനുള്ള സംവിധാനങ്ങൾക്ക് യാതൊരുവിധ മുൻഗണനയും നൽകുന്നില്ല എന്നുള്ളതും നമുക്ക് കാണാൻ കഴിയുന്നതാണ്. അങ്ങനെയുള്ള അടിസ്ഥാന പ്രശ്നങ്ങളിൽ മാത്രമല്ല ഹോട്ട

ലുകളിൽ ഭക്ഷണ സാധനങ്ങൾ ഭക്ഷ്യയോഗ്യമാണോ എന്ന് പരിശോധന നടത്താൻ ഇവിടെ ഒരു സംവിധാനവുമില്ല. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ. എം. ആരിഫ് പോലും ഭക്ഷ്യ വിഷബാധയെ തുടർന്ന് ആശുപത്രിയിലായി. ഇത് സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ വളരെ ഗുരുതരമായി വളർന്നു കഴിഞ്ഞിരിക്കുകയാണ്. അത്തരം സംവിധാനങ്ങളെ സംബന്ധിച്ചിടത്തോളമുള്ള പരിശോധനകൾക്ക് മുൻസിപ്പാലിറ്റിയിൽ എന്താണ് സംവിധാനമുള്ളത്? എല്ലാ ഉദ്യോഗസ്ഥന്മാരും കുഴപ്പക്കാരൊന്നുമല്ല. പക്ഷേ, കൃത്യമായി പടി വാങ്ങുന്ന ഉദ്യോഗസ്ഥന്മാർ മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പഞ്ചായത്തുതലങ്ങളിലും. ആരോഗ്യ സംവിധാനങ്ങളിലുമുണ്ട്. കൂടാതെ ഭക്ഷ്യ യോഗ്യമാകാത്ത ഭക്ഷണങ്ങൾ വിൽക്കുന്ന സംവിധാനങ്ങൾ ഹോട്ടലുകളിൽ വളർന്നു വരുന്നുണ്ട്. അതുപോലെ ആഹാര സാധനങ്ങളിൽ മായം ചേർക്കുന്നത് പരിശോധിക്കുവാനുള്ള സംവിധാനങ്ങൾ കാര്യമായി ഉണ്ടാകുന്നില്ല. പോസ്റ്റുണ്ടെങ്കിലും തെരുവു വിളക്കുകൾ കത്തിക്കുവാനുള്ള ബാധ്യത സൂപ്പർവൈസ് ചെയ്യുവാനുള്ള ഗവൺമെന്റിന്റെ റോൾ നിർവ്വഹിക്കുന്നില്ല എന്നുള്ളത് നമുക്ക് കാണാൻ സാധിക്കുന്നതാണ്. ഇങ്ങനെയുള്ള ഗുരുതരമായ പ്രശ്നങ്ങളെ നമുക്ക് അഡ്രസ്സ് ചെയ്തുകൊണ്ടുമാത്രമേ ജനങ്ങളോട് ബാധ്യതയുള്ള, ജനങ്ങളോട് ഉത്തരവാദിത്തമുള്ള ഒരു ഭരണ സംവിധാനത്തിന് പോകുവാൻ വേണ്ടി കഴിയുകയുള്ളു. ഇപ്പോൾ കൊതുക് വളരെ പെരുകുകയാണ്. അതുണ്ടാക്കുന്ന രോഗങ്ങളും കേവലം ഒരു ത്രിതല പഞ്ചായത്ത് സംവിധാനത്തിനുമുകളിൽ നിർത്തേണ്ടതാണോ എന്നുള്ള കാര്യത്തിൽ ഏത് രൂപത്തിൽ ഇടപെടണമെന്നുള്ളതിനെക്കുറിച്ചുള്ള ഒരു കാഴ്ചപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. അങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾ

ഇവിടെ നിലനിൽക്കുന്നുണ്ട്. അങ്ങനെ പ്രശ്നങ്ങൾ വരുമ്പോൾ കഴിഞ്ഞ ഗവൺമെന്റ് എടുത്തിട്ടുള്ള തീരുമാനങ്ങൾ തെറ്റാണെന്നുണ്ടെങ്കിൽ സ്വാഭാവികമായും ആ തെറ്റ് തിരുത്താവുന്നതാണ്. പക്ഷേ, മുൻസിപ്പാലിറ്റികളിലെ ഫ്ളാറ്റ് നിർമ്മാണത്തിൽ ഗവൺമെന്റ് എടുത്തിരിക്കുന്ന തീരുമാനങ്ങൾ പ്രധാനമായിട്ടും അഴിമതിക്കുവേണ്ടിയുള്ള ഒരു തീരുമാനമായി മാറുന്നു എന്നുള്ളതാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഫ്ളാറ്റ് നിർമ്മിക്കുമ്പോൾ അതിനു ചുറ്റും വേണ്ട കുറഞ്ഞ സ്ഥലം എത്ര വേണമെന്ന് വ്യക്തമാക്കേണ്ടതാണ്. അങ്ങനെ സ്ഥലം ഇല്ലാതെ വന്നാൽ അത് ഇളവ് ചെയ്തു കൊടുക്കുവാൻ മുൻസിപ്പൽ സെക്രട്ടറിക്കുള്ള അധികാരം അഞ്ച് ശതമാനംവരെ ഇപ്പോൾ കൊടുത്തിരിക്കുകയാണ്. കെട്ടിട വിസ്തൃതിക്കനുസൃതമായി മഴവെള്ള കൊയ്ത്തിനുള്ള സംവിധാനം ഉണ്ടാകണമെന്ന് കഴിഞ്ഞ ഗവൺമെന്റ് നിഷ്കർഷിച്ചിരുന്നു. ആ വ്യവസ്ഥ ഇവിടെ മാറ്റിയിരിക്കുകയാണ്. ഏറ്റവും ഉയർന്ന കെട്ടിടങ്ങളിലേക്കുള്ള ചുറ്റുവഴികളിൽ ഫയർ ഫോഴ്സിന്റെ വാഹനം വരുമ്പോൾ ഗതാഗത തടസ്സം ഉണ്ടാകാൻ പാടില്ല. അതിനനുസരിച്ചാണ് റോഡിന് വീതിയുണ്ടാകണം എന്നുള്ള നിഷ്കർഷ കഴിഞ്ഞ ഗവൺമെന്റ് വച്ചത്. ഇപ്പോൾ ആ തീരുമാനം മാറ്റുകയും കേവലം അഞ്ചു മീറ്ററാക്കി റോഡിന്റെ വീതി കുറയ്ക്കുന്ന ഒരു തീരുമാനം ഫ്ളാറ്റിന്റെ നിർമ്മാണത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് എടുത്തിരിക്കുന്നു. അങ്ങനെ വരുമ്പോൾ യാതൊരുവിധ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കുന്നില്ല എന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്. അതുപോലെ തുറസ്സായിട്ടുള്ള സ്ഥലങ്ങൾ ഫ്ളാറ്റിന്റെ അടിവശത്തുണ്ടാകണമെന്നുള്ള തീരുമാനം ഇവിടെ അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് നിരവധി ചോദ്യങ്ങൾ ഇവിടെ വന്നിട്ടുണ്ട്. ഒറ്റ ചോദ്യത്തിനുപോലും ഗവൺമെന്റ് മറുപടി നൽകിയിട്ടില്ല.

കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഇളവ്, ഭേദഗതി തുടങ്ങിയിട്ടുള്ള നിരവധി അൺസ്റ്റാർഡ് ചോദ്യങ്ങൾ ഇന്ന് നിയമസഭയിൽ വന്നെങ്കിലും ഒരു ചോദ്യ ത്തിനുപോലും മറുപടി കൊടുക്കാതെ ഓടിയൊളിച്ചിരിക്കുകയാണ് ഗവൺമെന്റ്. എന്തിനുവേണ്ടിയാണ് ഗവൺമെന്റ് ഓടിയൊളിക്കുന്നത്? അങ്ങനെ വലിയ തോതിലുള്ള അഴിമതി നടത്താനുള്ള ഒരു ഉത്തരവായിട്ട് ഈ ഉത്തരവ് വന്നിരിക്കുന്നു അതുകൊണ്ട് ഉത്തരവ് പിൻവലിക്കുകയും ഫ്ളാറ്റിൽ ജീവിക്കുന്ന ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻവേണ്ടിയുള്ള സംവി ധാനങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുകയും ചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർ ഫ്ളാറ്റിൽ നിന്ന് ശ്മശാനത്തി ലേക്ക് വരണം. ഇപ്പോൾ ശ്രീ. രാജു എബ്രഹാം സബ്ജക്റ്റിലാണ് നിൽക്കു ന്നത്. വഴുതിപോകാതെ നോക്കണമെന്നാണ് പറഞ്ഞത്. പ്രലോഭനമു ണ്ടാകും.

ശ്രീ. രാജു എബ്രഹാം : സർ, അതുപോലെ ജനന-മരണ സർട്ടിഫിക്കറ്റു കളെ സംബന്ധിച്ചിടത്തോളം മുൻസിപ്പാലിറ്റികളിൽ വലിയ പരാതികൾ ഉണ്ടാ കുന്നുണ്ട്. ഈ സർട്ടിഫിക്കറ്റുകൾ നൽകുന്ന കാര്യത്തിൽ 50000 രൂപയും ഒരു ലക്ഷം രൂപയും ചില സ്ഥലങ്ങളിൽ കൈക്കൂലി നിലനിൽക്കുന്നു എന്നുള്ള ആക്ഷേപം ശരിക്കും ഉയർന്നുവരുന്നുണ്ട്. ഇവിടെ ഒരു സ്പെല്ലിംഗ് മാറ്റണമെന്നുണ്ടെങ്കിൽ, സാധരണ ഗതിയിൽ ഒരു കുട്ടിയുടെ ജനനം നടന്നാൽ രജിസ്റ്റർ ചെയ്യാൻ പോകുന്നത് ചിലപ്പോൾ ബന്ധുക്കളായി രിക്കും, മാതാവിന്റെയോ പിതാവിന്റെയോ വീട്ടിൽ വിളിക്കുന്ന പേരായി രിക്കും ഇടുക. പക്ഷെ, ഇവിടത്തെ പ്രശ്നം പേര് രജിസ്റ്റർ ചെയ്തു കഴി

ഞാൽ പിന്നീടൊരു സർട്ടിഫിക്കറ്റിന് ചെന്നു കിഴയുമ്പോൾ തിരുത്തലിന് പെനാൽറ്റി കൊടുക്കേണ്ട അവസ്ഥയാണ് വരുന്നത്. അങ്ങനെ പെനാൽറ്റി കൊടുക്കുന്ന അവസ്ഥക്ക് മാറ്റമുണ്ടാകണം. കാലോചിതമായി കഴിഞ്ഞ ഗവൺമെന്റ് കുറെ പരിഷ്ക്കാരങ്ങൾ ഇക്കാര്യങ്ങളിൽ വരുത്തിയിരുന്നു. സ്പെല്ലിംഗ് മിസ്റ്റേക്കിന്റെ കാര്യത്തിലും പേര് മാറ്റുന്ന കാര്യത്തിലും ഡേറ്റ് ഓഫ് ബെർത്ത് വ്യത്യാസം വരുന്ന കാര്യത്തിലും കാലോചിതമായ മാറ്റങ്ങൾ വരുത്തി പോകേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. റ്റാറ്റാ കൺസൾട്ടിംഗ് കമ്പനിക്ക് ജനന മരണ സർട്ടിഫിക്കറ്റുകൾ കൊടുക്കുവാൻ വേണ്ടിയുള്ള ചില നടപടികൾ നടക്കുന്നു എന്നും അറിയുന്നു. ഇത് വളരെ ഗുരുതരമായി ട്ടുള്ള പ്രശ്നത്തിലേക്ക് വിരൽ ചൂണ്ടാൻ പോകുന്ന കാര്യമാണ്. ഗ്രാമസഭ ജനകീയാസൂത്രണം നടപ്പാക്കിയ ഘട്ടത്തിൽ ഗ്രാമസഭയിലേക്ക് ജനങ്ങളുടെ വലിയ ഒഴുക്കായിരുന്നു. ഇന്ന് ഗ്രാമസഭയാണെങ്കിലും വാർഡ്സഭയാണെ ങ്കിലും വാർഡ് കമ്മിറ്റികളാണെങ്കിലും കോർപ്പറേഷന്റെ വാർഡ് കമ്മിറ്റികളാ ണെങ്കിലും അവിടെ ആനുകൂല്യങ്ങൾ വാങ്ങാൻ വരുന്ന ആളുകൾ മാത്രമേ വരുന്നുള്ളു. ഇതൊരു വലിയ വിരോധാഭാസമാണ്. എന്തു കൊണ്ട് ഇങ്ങനെ സംഭവിച്ചു എന്ന് നോക്കേണ്ടതാണ്. അതോടൊപ്പം ആരാണ് ഗുണഭോക്താ ക്കളെന്ന് ഇവിടെയുള്ള ഉദ്യോഗസ്ഥന്മാരും ജനപ്രതിനിധികളുമാണ് തീരുമാ നിക്കേണ്ടത്. ആ സ്ഥിതി മാറ്റി എടുത്തു പോയില്ലെന്നുണ്ടെങ്കിൽ അതീവ ഗുരുതരമായ പ്രശ്നങ്ങളുണ്ടാകും.

ശ്രീ. ജി. സുധാകരൻ: സർ, ക്രമക്കേടും അഴിമതിയും പഞ്ചായത്തിരാ ജിന്റേയും നഗരപാലികയുടേയും ആത്മാവിനെ ശ്വാസംമുട്ടിച്ച് കൊല്ലുന്ന പ്രക്രിയ പലസ്ഥലങ്ങളിലും നടക്കുന്ന കാര്യമാണ് അങ്ങിവിടെ പറയുന്നത്.

അത് വളരെ ശരിയാണ്. ഇപ്പോൾ പല കൗൺസിലർമാരും, വാർഡ് മെമ്പർമാരും ഉദ്യോഗസ്ഥരും വലിയ തോതിൽ കൈക്കൂലി വാങ്ങുകയാണ്. ഉദാഹരണമായി, മുല്ലക്കൽ ടൗണിൽ, ആവശ്യമായ ഫ്രണ്ടേജ് ഇടാതെ, ബന്ധപ്പെട്ട കൗൺസിലർക്ക് പത്തോ മുപ്പതോ ലക്ഷം രൂപ കൊടുത്തതിനു ശേഷം ഒരു മൂന്നുനില കെട്ടിടം പണിയുകയാണ്. ഉദ്ഘാടനത്തിനായി 5,00,000/- രൂപ കൊടുത്ത് ഒരു സിനിമാനടിയെ കൊണ്ടുവന്നു. ഒരു വിളക്ക് കത്തിക്കുന്നതിനായാണ് ഇത്രയും രൂപകൊടുക്കുന്നത്. 25,00,000/- രൂപ കൈക്കൂലി കൊടുത്തിട്ടാണ് ഫ്രണ്ടേജ് ഇടാതെ മുല്ലക്കൽ തെരുവിന്റെ മർമ്മ ഭാഗത്ത് ഈ കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്നാണ് അന്വേഷിച്ചപ്പോൾ അറി യാൻ കഴിഞ്ഞത്. ഇങ്ങനെ ഒരുപാട് സംഭവങ്ങളുണ്ട്. ഇപ്പോൾ റിലയൻസ് അവിടെ കെട്ടിടം പണിയുന്നു, ഗവൺമെന്റ് കെട്ടിടം പണിയുന്നതിനുള്ള അനുവാദം നൽകുന്നതിനുമുമ്പ് അവർ പണി തുടങ്ങി. ഇങ്ങനെയുള്ള ഒരുപാട് സംഭവങ്ങളുണ്ട്. അതുപോലെ വിലക്കയറ്റം, ചവറയിൽ ഒരു ദോശയ്ക്ക് 33 രൂപ വാങ്ങുന്ന കടയുണ്ട്. അപ്പോൾ ഹോട്ടലുകളുടെ വിലനി ലവാരത്തിന് യാതൊരു നിയന്ത്രണവുമില്ല. കേരളത്തിലെയും ഗ്രാമ ങ്ങളിലെയും റോഡുമുഴുവൻ കരിക്കട്ടയും കല്ലും കാരണം സഞ്ചരിക്കാൻ കഴിയാത്ത യുദ്ധഭൂമിപോലെയാണ്. അതിന് കാലോചിതമായ സംവിധാന ങ്ങൾ നമ്മൾ ഉണ്ടാക്കിയില്ലെന്നുള്ളതുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇതിന് വ്യക്തമായ നിർദ്ദേശങ്ങളുണ്ടാകണമെന്ന അഭിപ്രായമാണ് ഞാൻ ഉന്ന യിക്കുന്നത്.

ശ്രീ. രാജു എബ്രഹാം: തീർച്ചയായും ഉന്നയിക്കാം. കെട്ടിട നിർമ്മാണ വുമായി ബന്ധപ്പെട്ട് വളരെ വ്യാപകമായ രീതിയിൽ അഴിമതി നടക്കുന്നുണ്ട്.

ആ അഴിമതിക്ക് വളംവച്ചുകൊടുക്കാനും അതിന് നേതൃത്വം കൊടുക്കാനും കഴിയുന്ന രൂപത്തിലാണ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഇപ്പോഴത്തെ ഭേദ ഗതിയെന്ന് ഞാൻ അടിവരയിട്ട് സൂചിപ്പിക്കുകയാണ്. ഗ്രാമസഭകളെ നോക്കു കുത്തിയാക്കുന്ന സമീപനത്തിൽനിന്നും നമ്മൾ മാറണം, വളരെ വലിയ കാഴ്ചപ്പാടോടുകൂടിയാണ് പഞ്ചായത്തിരാജ് നടപ്പിലാക്കിയത്. നമ്മുടെ മാതൃക ലോകം പഠിച്ച മാതൃകയാണ്. ഇന്ത്യയിലെ വിവിധ സ്റ്റേറ്റുകളിൽ നിന്നല്ല, ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽനിന്നും പ്രതിനിധിസംഘ ങ്ങൾ ഇവിടെയെത്തി ജനകീയാസൂത്രണത്തെക്കുറിച്ച് മനസ്സിലാക്കി, ഗ്രാമസഭ കളിൽ പങ്കെടുത്തു, ആ ഗ്രാമസഭകൾ അവരുടെ രാജ്യങ്ങളിൽ മാതൃകയാക്കി മാറ്റി. അങ്ങനെയുള്ള ഗ്രാമസഭകളാണ് ഇപ്പോൾ ആളില്ലാതെ മെലിഞ്ഞു ണങ്ങി നിൽക്കുന്നത്. ഗ്രാമസഭകളിൽ ഹാജരില്ലാത്തതുകൊണ്ട് അയോഗ്യത നേടിയ മെമ്പർമാരുടെ നാടാണ് നമ്മുടേത്. എത്ര ലജ്ജാകരമായ അവസ്ഥ യാണ്. റിമി ടോമി വന്ന് ഗാനമേള നടത്തി നമ്മുടെ ഗ്രാമസഭകളിൽ ആളെ കൂട്ടേണ്ട അവസ്ഥ ഉണ്ടാകുന്നുണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യം. അതുപോ ലെതന്നെ വികലമായ പ്ലാനിംഗ്, തമ്പാനൂരിലെ അവസ്ഥ എന്താണ്; എനിക്ക് ഒരു പ്രാവശ്യം ട്രെയിൻ കിട്ടിയില്ല, ഒരു പരിപാടിക്ക് പോകാൻവേണ്ടി ഇവിടെനിന്നും പോയപ്പോൾ മഴയായിരുന്നു. തമ്പാനൂരിലെ വെള്ളപ്പൊക്കം കാരണം തീവണ്ടിയാപ്പീസിൽ എത്താൻ കഴിഞ്ഞില്ല, എത്ര നാളായി ഈ ദുരവസ്ഥ തുടങ്ങിയിട്ട്. ഇപ്പോൾത്തന്നെ 23 കോടി രൂപ വിനി യോഗിച്ചു, എന്താണ് പ്രയോജനം; ഒരുതുള്ളി വെള്ളമെങ്കിലും ഒഴുകിപ്പോകു ന്നുണ്ടോ; ഇപ്പോൾ എനിക്കറിയാൻ കഴിഞ്ഞത് വീണ്ടും 22 കോടി രൂപകൂടി അനുവദിക്കാൻ പോകുന്നു എന്നാണ്. നിങ്ങൾ 50 കോടി രൂപയോ 100

കോടി രൂപയോ എത്ര കോടി വേണമെങ്കിലും അനുവദിച്ചോളൂ പക്ഷെ തമ്പാനൂരിലെ വെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനം ഉണ്ടാകണ്ടേ; ഇതാണ് വികലമായ പ്ലാനിംഗ് എന്നുപറയുന്നത്. ഇവിടെ ബഹുമാനപ്പെട്ട ജി. സുധാകരൻ സൂചിപ്പിച്ചത് ഇതിനെക്കുറിച്ചാണ്. നമ്മുടെ നഗരങ്ങളിലെല്ലാം കിഴക്കാംതൂക്കായി വികസനം നടക്കുന്നു എന്നുള്ള ഒരു കാഴ്ചപ്പാട് നമ്മുടെ മുമ്പിലുണ്ട്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ചുരുക്കിപ്പറഞ്ഞ്. ബില്ലിലേക്ക് വരണം.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ പഞ്ചായത്ത് മുനിസിപ്പാലിറ്റി ബില്ലിൽനിന്നും മാറുന്നില്ല. കോർപ്പറേഷനിലും മുനിസിപ്പാലിറ്റിയിലും മാത്രമെ ഞാൻ നിൽക്കുന്നുള്ളൂ.

ശ്രീ. സാജു പോൾ: സർ, ബഹുമാനപ്പെട്ട രാജു എബ്രഹാം നഗര ഭരണ വുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരി ക്കുന്നത്. ഞാനും ശ്രീ. രാജു എബ്രഹാമുമൊക്കെ അമേരിക്കയിൽ പോയിട്ടു ള്ളവരാണ്. അവിടെ പൊതുശ്മശാനങ്ങൾ, ഉദ്യോഗസ്ഥന്മാർ, രാഷ്ട്രീ പ്രമുഖർ തുടങ്ങിയവർക്ക് ഒരു സ്ഥലവും മറ്റുള്ളവർക്ക് വേറൊരു സ്ഥലവുമാ ണുള്ളത്. ഏക്കറുകണക്കിനുള്ള ശ്മശാനങ്ങളാണുള്ളത്. ഇവിടെ കേരള ത്തിൽ മരണം ഒരു വലിയ ആഘോഷമായി മാറിയിരിക്കുകയാണ്. റീത്ത് സമർപ്പിക്കാൻ തന്നെ എത്ര രൂപയാണ് ചെലവാക്കുന്നത്; പ്രൊഫ.എൻ. കൃഷ്ണൻ നായർ പറഞ്ഞിട്ടുണ്ട് 'റീത്ത് സമർപ്പിക്കുന്നത് മൃതശരീരത്തിൽ പരസ്യം നടത്തലാണെന്ന്'. അതുപോലെതന്നെ ഞങ്ങളുടെ പ്രദേശത്തൊക്കെ രാവിലെ മരിച്ച ആളിനെ വൈകുന്നേരം അടക്കുകയാണെങ്കിലും ഫ്രീസറിൽ

വച്ചാലെ പറ്റുള്ളൂ. കൂടാതെ മൈക്ക് കെട്ടിയുള്ള പ്രാർത്ഥന, വഴിനീളെ ഫ്ളക്സ്, ഫോട്ടോ എടുക്കലും വീഡിയോ പിടിത്തവും, ഏറ്റവും സഹിക്കാൻ പറ്റാത്ത കാര്യം നമ്മളെ കൊല്ലാൻ നടന്ന ആളുകളൊക്കെ വന്ന് അനുശോചന യോഗം കൂടി എത്ര നല്ല ആളായിരുന്നു എന്നു പറഞ്ഞ് പ്രസംഗം നടത്തുന്നതാണ്. യഥാർത്ഥത്തിൽ ഇതൊക്കെ യാതൊരു ന്യായീ കരണവുമില്ലാത്ത വളരെ വിചിത്രമായ ഒരു പരിപാടിയാണ്. ഒരു വലിയ ആഘോഷമായിട്ട് മരണം മാറിയിരിക്കുകയാണ്. ഇതിൽനിന്ന് വ്യത്യസ്ത മായി വളരെ ലളിതമായി മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനും അനാവശ്യ ചെലവുകളും മറ്റും ഒഴിവാക്കുന്നതിനായി അൽപം സൗകര്യങ്ങ ളൊക്കെയുള്ള പൊതുശ്മശാനങ്ങൾ കൂടുതൽ വർദ്ധിപ്പിക്കുന്ന കാര്യത്തെ ക്കുറിച്ച് ആലോചിക്കണം. എനിക്ക് കുറച്ച് സ്ഥലം സ്വന്തമായിട്ടുണ്ട്. സർക്കാ രിന് താൽപര്യമുണ്ടെങ്കിൽ പൊതുശ്മശാനമോ അതുപോലെയുള്ള സംവിധാ നത്തിനോ സ്ഥലം നൽകാൻ ഞാൻ തയ്യാറാണ്. അങ്ങനെ ജനോപകാരപ്രദ മായ വിധത്തിൽ ...................

മി. ചെയർമാൻ: സഭ ശ്രദ്ധിക്കേണ്ട കാര്യമാണ്. ശ്രീ. സാജു പോൾ അദ്ദേഹത്തിന്റെ സ്ഥലം പൊതുശ്മശാനത്തിനുവേണ്ടി വിട്ടുകൊടുക്കാനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്. അത് സഭ സ്വീകരിക്കണം.

ശ്രീ. സാജു പോൾ: സർ, ഞാൻ സന്നദ്ധനാണ്. എന്റെ അയൽപക്ക ത്തുള്ള നൂറോളം കുടുംബങ്ങൾക്കായിട്ട്, കോൺഗ്രസ്സ് ഭരിക്കുന്ന വേങ്ങൂർ പഞ്ചായത്ത് ഭരണസമിതിക്ക് ഒരു കുളം ഉൾപ്പെടെ 5 സെന്റ് സ്ഥലം വിട്ടുകൊ ടുത്ത് ഒരു കുടിവെള്ള പദ്ധതി പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. എനിക്ക് ഒരുപാട് സ്ഥലമൊന്നുമില്ല. എങ്കിൽപ്പോലും ഉള്ള സ്ഥല

ത്തിൽനിന്നും .................. എന്റെ കാരണവന്മാർ എനിക്കുനൽകിയ ഭൂമി യിൽനിന്നും ഞാൻ കൊടുത്തതാണ്. അല്ലാതെ ഞാൻ സ്വന്തമായിട്ട് സമ്പാദി ച്ചതല്ല.

മി. ചെയർമാൻ: ശ്രീ. രാജു എബ്രഹാമിന്റെ പ്രസംഗത്തിനിടയിൽ ഇടപെട്ട് സംസാരിക്കുന്നതാണെന്ന് കാര്യം ശ്രീ. സാജു പോൾ മറന്നുപോ യോ?

ശ്രീ. സാജു പോൾ: എന്റെ കുടുംബവുമായിട്ട് വളരെ അടുപ്പമുള്ള ആളുകളാണ് ശ്രീ. കെ. ബാബുവും ശ്രീ. ബെന്നി ബെഹനാനുമൊക്കെ. അവരുമായിട്ടുള്ള ബന്ധം ഇപ്പോഴുമുണ്ട്. അതിർത്തി തർക്കം അതിർത്തി യിൽ മാത്രമെയുള്ളൂ. അപ്പോൾ ഞാൻ പറഞ്ഞുവന്നത് വിവാഹ ധൂർത്തി നേയും ആഭരണ ഭ്രാന്തിനേയും നമ്മൾ എതിർക്കുന്നതുപോലെതന്നെ മരണവും മരണാനന്തര ചടങ്ങുകളും ആഘോഷമാക്കാതിരിക്കാൻ വേണ്ട ഒരവബോധം നാട്ടിൽ സൃഷ്ടിക്കണമെന്നുള്ള അഭിപ്രായം അങ്ങേയ്ക്കു ണ്ടോ?

ശ്രീ. രാജു എബ്രഹാം: മരണം സംബന്ധിച്ച് പല രാജ്യങ്ങളിലും പല അനുഭവങ്ങളാണ്. ബഹുമാനപ്പെട്ട ചെയറിനും ഇക്കാര്യം വളരെ വ്യക്തമായി അറിയാവുന്നതാണ്. ചില വിദേശ രാജ്യങ്ങളിൽ, മരിച്ചുകഴിഞ്ഞാൽ ബോഡി വീട്ടിൽ വയ്ക്കാൻ സമ്മതിക്കില്ല, ബോഡി വീട്ടിൽ കൊണ്ടുവരാതെ നേരെ ശ്മശാനത്തിലേയ്ക്ക് കൊണ്ടുപോകുന്ന സിസ്റ്റമാണ് ഭൂരിപക്ഷം രാജ്യങ്ങളി ലുമുള്ളത്. ചില രാജ്യങ്ങളിലാകട്ടെ മരിച്ചുകഴിഞ്ഞാൽ ഡാൻസുൾപ്പെടെ ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികളാണ് സംഘടിപ്പി ക്കാറുള്ളത്. അങ്ങനെയുള്ള വിവിധ ആചാരാനുഷ്ടാനങ്ങളുണ്ട്. നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം ആചാരാനുഷ്ടാനങ്ങൾ വ്യത്യസ്തമാണ്.

ഇതുസംബന്ധിച്ച് ധാരാളം കഥകളുണ്ട്. അനുശോചന പ്രസംഗം നടത്താൻവേണ്ടി ഒരാൾ വീടിന്റെ പടി കയറി ചെന്നപ്പോൾ 'ധീരനായ യോദ്ധാവായിരുന്നു' എന്ന് മറ്റൊരാൾ പ്രസംഗത്തിൽ പറയുന്നത് കേട്ടു. മരിച്ച ആൾ ഒരു പാവപ്പെട്ട കൃഷിക്കാരനായിരുന്നു. ഇദ്ദേഹം വിചാരിച്ചു മരിച്ചത് പട്ടാളക്കാരനായിരിക്കുമെന്ന്, ഇദ്ദേഹം മൈക്കെടുത്ത്, മരിച്ച ആൾ ഇന്ത്യാ രാജ്യത്തിന്റെ അതിർത്തി കാത്ത പട്ടാളക്കാരനായിരുന്നു എന്ന് പറയുന്ന തരത്തിലേയ്ക്ക് മാറിയിട്ടുണ്ട്. ഞാൻ ആരെക്കുറിച്ചും പറഞ്ഞതല്ല. ഈ കഥയ്ക്ക് ആരോടും കടപ്പാടില്ല. ഞാൻ പറഞ്ഞത് ഇപ്പോൾ അനുശോചന പ്രസംഗങ്ങളുടെ കാലമുണ്ട് എന്നാണ്.

ഇപ്പോൾ എം.എൽ.എ.-മാർ എല്ലാ സ്ഥലങ്ങളിലും ആവശ്യമാണ്. ഒരു മൃതശരീരം കുഴിയിലേയ്ക്ക് വയ്ക്കാൻ തുടങ്ങുമ്പോൾ എം.എൽ.എ. വന്നതിനുശേഷം ആ മൃതദേഹം കുഴിലേയ്ക്ക് വച്ചാൽ മതിയെന്ന് പറയുന്ന തരത്തിലേയ്ക്കുള്ള കഥകൾ. അങ്ങനെ നിരവധി കാര്യങ്ങൾ നമുക്കുണ്ട്. പക്ഷെ ഒരു മരണം നടന്നുകഴിയുമ്പോൾ ഏറ്റവും കുറഞ്ഞത് രണ്ട് ലക്ഷം രൂപയെങ്കിലും ഒരു സാധാരണക്കാരന്റെ കുടുംബത്തിന് ചെലവഴിക്കേണ്ട സ്ഥിതിയാണുള്ളത്. ഇത് വളരെ ലജ്ജാകരമാണ്.

ശ്രീ. പുരുഷൻ കടലുണ്ടി: ശ്മശാനവും മരണാനന്തര കർമ്മങ്ങളൊക്കെ ചെയ്യാൻ ചില ഏജൻസികളുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറിന് അറിയുമോ?

ശ്രീ. രാജു എബ്രഹാം: മലേഷ്യൻ പാക്കേജ്, ശ്രീലങ്കൻ പാക്കേജ്, തെലിങ്ക് പാക്കേജ് എന്നു പറയുന്നതുപോലെ ഒരു ബറിയൽ പാക്കേജ്

ഇന്നുണ്ട്. അത് ആരുടെ മരണാനന്തര ചടങ്ങ് കഴിഞ്ഞാലും.... ഇപ്പോൾ ക്രിസ്ത്യാനികളുടെയാണെന്നുണ്ടെങ്കിൽ അവരുടെ സാധനങ്ങളും ഹൈന്ദവ രുടെയാണെങ്കിൽ അവരുടെ സാധനങ്ങൾ മൊത്തവും ഒരു വണ്ടിയിൽ കൊണ്ടുവന്ന് തീരുന്നതുവരെ ഇപ്പോൾ നടത്തുന്ന സംവിധാനങ്ങൾ പാക്കേജ് എന്നുള്ള രൂപത്തിലേയ്ക്ക് മാറിക്കഴിഞ്ഞിട്ടുണ്ട്. അത് കാലോചിതമായ സംഭവങ്ങളാണ്. അതെല്ലാം നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി പുനർവിചിന്തനം നടത്തേണ്ട കാര്യങ്ങളാണ്. നമ്മുടെ നാടിനെ സംബന്ധിച്ചിട ത്തോളം വളരെ ഗൗരവമായി, നമ്മുടെ മുനിസിപ്പാലിറ്റികൾ പരിശോധിക്കേണ്ടത് ഒരു പ്രശ്നമാണ്. ബഹുമാനപ്പെട്ട ജി. സുധാകരൻ സൂചിപ്പിച്ചതുപോലെ, നമ്മുടെ നഗരങ്ങളുടെ വൃത്തി, ഇപ്പോൾ കേരളത്തിലെ 4 ലക്ഷം വീടുകളിൽ കക്കൂസുകളില്ല. വളരെ മുന്നോക്കം നിൽക്കുന്ന ഒരു നാടാണ് നമ്മുടേത്. ഇവിടത്തെ പൊതു സ്ഥലങ്ങളിൽ ആർക്കും മലമൂത്ര വിസർജ്ജനം നടത്താം. പൊതു സ്ഥലങ്ങളുടെ സംരക്ഷണത്തെ സംബന്ധി ച്ചിടത്തോളം നമുക്ക് ആലോചിക്കാൻ കഴിയുന്നുണ്ടോ? വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ഇപ്പോൾ അന്യ സംസ്ഥാന തൊഴിലാളികളുടെ എണ്ണം കൂടിയിരി ക്കുകയാണ്. എത്ര ലോഡ്ജുകൾക്ക് ടോയ്‌ലെറ്റുകളുണ്ട്. ടോയ്‌ലെറ്റുകളി ല്ലാത്ത നിരവധി ലോഡ്ജുകൾ ഇന്ന് നമ്മുടെ നാട്ടിലുണ്ട്. എന്ത് സംവിധാന മാണുള്ളത്? പല ഹോട്ടലുകളിലും ടോയ്‌ലെറ്റ് സൗകര്യമില്ല. വലിയ ഹോട്ടലു കൾക്കൊക്കെ അതുണ്ടാകും എന്നാൽ സാധാരണ ചെറിയ ഹോട്ടലുകളിൽ കയറുന്ന ഒരാൾക്ക് മൂത്രമൊഴിക്കാൻ ടോയ്‌ലെറ്റ് സംവിധാനമില്ല. അതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുക യാണ്. അതുപോലെ ജനങ്ങൾ രാത്രികാലങ്ങളിൽ ഇന്ന് ജീവിക്കാൻ ഭയപ്പെ

ടുകയാണ്. കാരണം കക്കൂസ് മാലിന്യം ലോറിയിലെടുത്ത് ജലാശയങ്ങളിലോ  അല്ലെങ്കിൽ പൊതു സ്ഥലങ്ങളിലോ നിക്ഷേപിക്കുകയാണ്. കൊച്ചിയിലെ ജനങ്ങൾ അടുത്ത ദിവസം ഒരു ലോറിക്ക് തീവയ്ക്കുകയുണ്ടായി. എന്താണ് കാരണം? കക്കൂസ് മാലിന്യങ്ങൾ കൊണ്ടുവന്ന ലോറിയാണ്. ഇത് നാടെന്നോ നഗരമെന്നോ വ്യത്യാസമില്ലാതെ കക്കൂസ് മാലിന്യങ്ങൾ ടെണ്ടർ എടുത്ത് കൊണ്ടുപോയി പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന, ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന അല്ലെങ്കിൽ കുടിവെള്ള സ്രോതസ്സുകളിൽ നിക്ഷേപിക്കുന്ന ഒരു ഗുരുതരമായ അവസ്ഥയിലേയ്ക്ക് നമ്മുടെ നാട് മാറിക്കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: നമ്മുടെ ബില്ലിന്റെ പ്രധാന പ്രശ്നമെന്ന് പറയുന്നത് അതാണല്ലോ. എന്റെ മണ്ഡലമായ ഗുരുവായൂരിൽ, അവിടത്തെ നഗരസഭയുടെ ശവകോട്ട എന്ന് പറയുന്നിടത്താണ് പണ്ടുകാലത്ത് ശവങ്ങൾ മുഴുവനും സംസ്ക്കരിച്ചിരുന്നത്. അവിടെ അടുത്ത് താമസിക്കുന്ന നഗരവാസികൾക്ക് പുകയും ശല്യങ്ങളുമുള്ള ബുദ്ധിമുട്ടുകളുണ്ടായിരുന്നു. എന്നാൽ നഗരസഭ  ഇപ്പോൾ അതിനെ ഗ്യാസ് ശ്മശാനമാക്കി നവീകരിച്ചു. ഇപ്പോൾ ഏറ്റവും ആധുനിക രീതിയിലുള്ള ഗ്യാസ് ശവസംസ്കാര സംവിധാനമാക്കിമാറ്റി. സർക്കാർ ഈ ആധുനിക ശ്മശാനങ്ങളുണ്ടാക്കുന്നതിന് നഗരസഭകൾക്കും പഞ്ചായത്തുകൾക്കും ആവശ്യമായ ഫണ്ട് ഇപ്പോൾ നൽകുന്നുണ്ടോ; എന്നാൽ ദൂര പരിധിയിലുള്ള മാറ്റം മാത്രമല്ല, ഇവിടെ നേരത്തെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, ശ്മശാനങ്ങൾ വരുമ്പോൾ ആളുകൾ അതിനെ എതിർക്കുന്നത് മലിനീകരണമുണ്ടാകുന്നതുകൊണ്ടാണ്. അതിനെ മോഡേണൈസ് ചെയ്തുകഴിഞ്ഞാൽ മലിനീകരണം കുറ

യും. ഇതിനായി ഗവൺമെന്റ് കൂടുതൽ സാമ്പത്തിക സഹായം നഗരസഭ കൾക്കും പഞ്ചായത്തുകൾക്കും നൽകേണ്ടതല്ലേ?

ശ്രീ. രാജു എബ്രഹാം: ശ്മശാനത്തിന്റെ അവശിഷ്ടങ്ങൾ കാക്കയും പരുന്തുമെല്ലാം കൊത്തിയെടുത്ത് തൊട്ടടുത്ത കിണറ്റിൽ കൊണ്ടിടുന്നുയെന്നുള്ളതാണ് ഇവിടത്തെ പ്രധാന പ്രശ്നം. എന്നാൽ അവിടെ എന്തെങ്കിലും ഫങ്ഷനോ മറ്റോ നടക്കുകയാണെങ്കിൽ അവിടത്തെ മാലിന്യങ്ങളെല്ലാം ഈ പക്ഷികൾ വന്ന് എടുത്ത് കിണറ്റിൽ കൊണ്ട് നിക്ഷേപിക്കുന്നുവെന്നുള്ള പ്രശ്നവും പ്രധാനമാണ്. ശവസംസ്കാരം നടത്തുന്ന സ്ഥലങ്ങളാണെന്നുണ്ടെങ്കിൽ അവിടെ ഒഴുകിവരുന്ന വെള്ളം, ആ വെള്ളവും മലിനമാകുന്നുവെന്നുള്ളതും ഇതോടനുബന്ധിച്ചിട്ടുണ്ട്. ബസ് സ്റ്റാന്റിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ അവിടത്തെ ടോയ്ലെറ്റിൽ പോയി ആർക്കെങ്കിലും മൂത്രമൊഴിക്കാൻ സാധിക്കുമോ? അവിടെ എന്ത് വൃത്തിയാണുള്ളത്? മനുഷ്യന് കയറാൻ പറ്റാത്ത ടോയ്ലെറ്റുകളാണ് ഭൂരിപക്ഷം ബസ് സ്റ്റാന്റുകളിലും ഇന്നുള്ളത്. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും ജനങ്ങൾ പുറത്തേയ്ക്ക് പോകും. ഇങ്ങനെ വരുന്നയവസരത്തിൽ സ്ത്രീകൾ എന്തുചെയ്യും? സ്ത്രീകൾക്കുവേണ്ടിയുള്ള ടോയ്ലെറ്റ് സംവിധാനങ്ങൾ ആവശ്യമാണ്. ഇന്നത്തെ കാലത്ത് സ്ത്രീകൾ ഭീതിയോടെയാണ് യാത്ര ചെയ്യുന്നത്. അപ്പോൾ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും ചർച്ച ചെയ്യാനുമുള്ള സംവിധാനങ്ങളില്ല. ശ്മശാനം പോലെ തന്നെ വളരെ പ്രധാനപ്പെട്ടതാണ് അറവുശാലകളുടെ കാര്യവും. രാമസ്വാമി കമ്മിറ്റി റിപ്പോർട്ട് വന്നിട്ട് നിരവധി വർഷങ്ങളായി. അത് നടപ്പാക്കാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. സുപ്രീം കോടതി നിയോഗിച്ച കമ്മീഷനാണ് എസ്. കെ. മിത്തൽ. ഈ കമ്മീഷൻ കേരളത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞത് അറവുശാലകൾ വൃത്തിയുള്ളത

ല്ല. രോഗമില്ലാത്ത കന്നുകാലികളാണോയെന്ന് നോക്കിയല്ല ഇതിനെ കൊല്ലുന്നത് എന്നാണ്. അടുത്ത കാലത്ത് അറവുശാലകളിലേയ്ക്ക് പശുക്കളെ തലയ്ക്ക് അടിച്ച് കൊല്ലുകയാണെന്നുള്ള വാർത്തയാണ് ഏഷ്യാനെറ്റും മലയാള മനോരമ ചാനലും പുറത്തുകൊണ്ടുവന്നത്. അങ്ങനെയുണ്ടാകുന്ന ഭീകരാവസ്ഥ, അതിൽനിന്നും അഡ്രിനാൽ എന്ന് പറയുന്ന കെമിക്കലുണ്ടാകും. അത് ക്യാൻസറിന് മുഖ്യഹേതുവാണ്. ഇതിനെ സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണം നമ്മുടെ നാട്ടിലുണ്ടോ? ഇത്തരം സംവിധാനങ്ങളെ നിയന്ത്രിക്കാൻ എന്തെങ്കിലും നടപടികളുണ്ടോ? ഇതിനെ സംബന്ധിച്ചുള്ള ഒരു നിയമം എവിടെ പോയി? ഒരു നിയമത്തിനും നമുക്ക് ഇതിനെ നിയന്ത്രിക്കാൻ കഴിയില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, അങ്ങ് പ്രസംഗം ചുരുക്കുക. നിരാകരണ പ്രമേയം ഇതിന്റെ പകുതി സമയം കൊണ്ടാണ് അവതരിപ്പിച്ചത്.

ശ്രീ. രാജു എബ്രഹാം: ഞാൻ പ്രസംഗം ചുരുക്കുകയാണ്. നമ്മുടെ ചന്തകൾ, കവലകൾ, പറമ്പുകൾ, വീട് പരിസരങ്ങൾ തുടങ്ങിയവയെല്ലാം അറവുശാലകളാണ്. അറവുശാലകൾ പൊതു സ്ഥലങ്ങളിൽ വരുന്നു. യാതൊരു ദാക്ഷണ്യവുമില്ലാതെ കന്നുകാലികളെ കൊലപ്പെടുത്തുന്നു. അതിന് കൃത്യമായി പടി വാങ്ങുന്ന ഉദ്യോഗസ്ഥരുണ്ട്, എന്നാൽ എല്ലാ ഉദ്യോഗസ്ഥന്മാരുമില്ല, എവിടെയും അറവുശാലകൾ തുടങ്ങാം. അപ്പോൾ കേരളം മുഴുവനും ഒരു അറവുശാല എന്ന രൂപത്തിലേയ്ക്ക് കാര്യങ്ങൾ നീങ്ങുന്നത്.

ശ്രീ. കെ.കെ. ജയചന്ദ്രൻ: അറവുശാലകളെപ്പറ്റി സംബന്ധിച്ച് ഇവിടെ പ്രസംഗിച്ചു. കേരളം സാംസ്കാരികപരമായി വളരെയേറെ മുന്നോട്ടുപോയിട്ടുള്ള ഒരു സംസ്ഥാനമാണെങ്കിലും മിക്കവാറും റോഡ് സൈഡുകളിൽ കന്നുകാലികളെ കൊന്ന് കെട്ടിത്തൂക്കിയിട്ട് ആളുകൾ വന്ന് ചോദിക്കുമ്പോൾ

അവിടെവച്ചുത്തന്നെ മുറിച്ച് കൊടുക്കുന്ന സ്ഥിതിയാണുള്ളത്. അതെല്ലാം ഒഴിവാക്കി കുറേക്കൂടി സേഫ്റ്റിയായി ചെയ്യാൻ പറ്റുന്ന ഒരു നിയമം വരേണ്ടതല്ലേ?

ശ്രീ. രാജു എബ്രഹാം: ഇതെല്ലാം വളരെ ഗുരുതരമായ പ്രശ്നങ്ങളാണ്. അറവുശാലകളെപോലെതന്നെ കോഴിക്കടകളും. ലോകത്തിൽ ഏറ്റവും കൂടുതൽ കോഴികൾ ചെലവാകുന്ന് കേരളത്തിലാണ്. ആധികാരികമായ കണക്കിന്റെ അടിസ്ഥാനത്തിലല്ല പറുത്തുവരുന്ന ലേഖനങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത് പറയുന്നത്. ഉദാഹരണത്തിന് തമിഴ്നാട്ടിലുണ്ടാക്കുന്ന മുഴുവൻ കോഴിയും വരുന്നത് കേരളത്തിലാണ്. മലയാളികൾ ഇതിന്റെ ഇറച്ചി മാത്രമല്ല വേസ്റ്റുകൾ, കാറ്ററിംഗ് സ്ഥാപനങ്ങളിലെ വേസ്റ്റുകൾ കേരളത്തിലുടനീളമുള്ള റോഡ് സൈഡുകളിൽ മുഴുവനായും നിക്ഷേപിക്കുകയാണ്. കേരളത്തിലെ പല സ്ഥലങ്ങളിലും നാറീട്ട് പോകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതലുള്ളത് കോഴിക്കടകളും ബ്യൂട്ടി പാർളറുകളുമാണ്. രണ്ടിടത്തും ഡ്രസ് ചെയ്യുകയാണ്. ഒരിടത്ത് കോഴിയേയും മറ്റൊരിടത്ത് മനുഷ്യനേയും ഡ്രസ് ചെയ്യുന്നു എന്നുള്ള വ്യത്യാസം മാത്രമാണുള്ളത്. ഇവിടെ ശാസ്ത്രീയമായിട്ടുള്ള ഇടപെടലുകളുണ്ടാകണം. അങ്ങനെ ഇടപെടലുകളുണ്ടാകുന്നില്ലെങ്കിൽ ശ്മശാനം മാത്രമല്ല, നമ്മുടെ മുനിസിപ്പാലിറ്റികളും വൃത്തിഹീനമായിമാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതുപോലെതന്നെയാണ് പട്ടികളുടെ കാര്യവും. എം.എൽ.എ. ഹോസ്റ്റലിൽ..... ഞാൻ എവിടേയ്ക്കും ഞാൻ പോകുന്നില്ല.

മി. ചെയർമാൻ: ഇത് മുനിസിപ്പാലിറ്റി ബില്ലിന്റെ വളരെ ചെറിയ ഒരു അമെന്റ്മെന്റാണ്.

ശ്രീ. രാജു എബ്രഹാം: ആ അമെന്റ്മെന്റിൽ നിന്നും തന്നെയാണ് ഞാൻ പറയുന്നത്.

മി. ചെയർമാൻ: ആ അമെന്റ്മെന്റിൽ ഒന്നും ഈ പറയുന്ന കാര്യങ്ങളില്ല.

ശ്രീ. രാജു എബ്രഹാം: മുനിസിപ്പാലിറ്റി ബില്ലിൽ നിന്നുകൊണ്ട് തന്നെയാണ് ഞാൻ സംസാരിക്കുന്നത്. ഞാൻ തമിഴ്നാട്ടിലേയ്ക്കോ മറ്റൊരിടത്തേയ്ക്കോ സ്വാതന്ത്ര്യസമരത്തിലേയ്ക്കോ എവിടെയും ഞാൻ പ്രസംഗിച്ച് പോയില്ല. ഞാൻ ആ ബില്ലിനുള്ളിൽ നിന്നാണ് സംസാരിക്കുന്നത്. വളരെ ഗുരുതരമായ അവസ്ഥയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി ഇടപെടണം. ഇത് സംബന്ധിച്ച് ഞാൻ ഒരു സബ്മിഷൻ അവതരിപ്പിച്ചതാണ്. ഈ സബ്മിഷൻ അവതരിപ്പിച്ചപ്പോൾ ഇതു സംബന്ധിച്ച നിയമം അടിയന്തരമായി നടപ്പാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി അങ്ങല്ല, അങ്ങയുടെ ഒപ്പമുള്ള പഞ്ചായത്ത് വകുപ്പുമന്ത്രി ഇവിടെ പ്രസ്താവിച്ചതാണ്. ഒരു നടപടിയും അക്കാര്യത്തിൽ ഉണ്ടായിട്ടില്ല.

എം.എൽ.എ മാരുടെ എണ്ണത്തെക്കാൾകൂടുതൽ പട്ടികൾ എം.എൽ.എ ഹോസ്റ്റലിലുണ്ട്. കേരളത്തിൽ ജനസംഖ്യയെക്കാൾകൂടുതൽ പട്ടികളാണുള്ളത്. പട്ടികൾക്ക് വോട്ടവകാശമില്ലാത്തത് നമ്മുടെ മഹാഭാഗ്യമാണ്. കാറിലും ജീപ്പിലുമൊക്കെ പോകുന്ന ആളുകൾക്ക് പട്ടികളുടെ കടിയിൽനിന്നും രക്ഷപ്പെടാം. എന്നാൽ മോട്ടോർ ബൈക്കിൽ പോകുന്നവരെയും നടന്നുപോകുന്നവരെയും പട്ടി കടിക്കുന്നു. പട്ടികൾ വസ്ത്രം കടിച്ചുകീറുന്നതിനാൽ അഡീഷണലായി ഒരു വസ്ത്രംകൂടി കരുതേണ്ട ഒരവസ്ഥയാണിന്നുള്ളത്. ഈ വിഷയത്തിൽ നമ്മൾ ഇടപെടണ്ടേ;

ഇതിന് ഗൗരവമായ നിയമനിർമ്മാണം വേണ്ടേ? ഇപ്പോൾ പട്ടികളെ വന്ധീകരിക്കാൻ അനുമതിയുണ്ട്. പി.എം.ജി യിലും പേട്ടയിലും അതിനുള്ള സംവിധാനമുണ്ടെങ്കിലും പട്ടികളെ അവിടേയ്ക്ക് കൊണ്ടുപോകുന്നില്ല. മുമ്പ് കുടുംബാസൂത്രണം നടത്തുമ്പോൾ ബക്കറ്റും മറ്റും നൽകിയിരുന്നു. ബക്കറ്റ് കൊടുത്താൽ ഇപ്പോൾ പട്ടികൾ വരില്ല. പട്ടികളെ പിടിക്കാനും വന്ധീകരിക്കാൻ കൊണ്ടുപോകാനുമുള്ള സംവിധാനങ്ങളുണ്ടാകണം. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അധികാരം പൂർണ്ണമായും സംരക്ഷിക്കാൻ നമുക്ക് കഴിയണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ബഹുജന സമ്പർക്ക പരിപാടിയിൽ ലഭിച്ച 80 ശതമാനം പരാതികളും പഞ്ചായത്ത്/മുനിസിപ്പാലിറ്റി ചെയ്യേണ്ട ജോലികളെ സംബന്ധിച്ചായിരുന്നു. അധികാരങ്ങൾ വികേന്ദ്രീകരിച്ച് പഞ്ചായത്തുകൾക്ക് കൊടുത്തു കഴിയുമ്പോൾ ഈ അധികാരങ്ങളെല്ലാം തിരിച്ചെടുത്ത് കേന്ദ്രീകരിച്ച് ഒരു സ്ഥാനത്തേയ്ക്ക് കൊണ്ടുപോകുന്ന അവസ്ഥയെ സംബന്ധിച്ച് മുഖ്യമന്ത്രിയും പുനർവിചിന്തനം നടത്തേണ്ടതുണ്ടെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്. ശ്മശാനങ്ങളുടെ പൊതുസ്ഥിതി ഒരു വലിയ പ്രശ്നം തന്നെയാണ്. ഇത് ബോധവൽക്കരണം നടത്തേണ്ട വിഷയമാണ്. ബോധവൽക്കരണത്തോടൊപ്പം ശ്മശാനങ്ങൾ നിർമ്മിക്കാനുള്ള ഫണ്ട് നൽകുകയും വേണം. ഞാൻ ഒരു ശ്മശാനം നിർമ്മിക്കാനിറങ്ങിയപ്പോൾ അതിന് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നു. അത് തയ്യാറാക്കാൻ മാസങ്ങൾ വേണ്ടിവന്നു. ആ എസ്റ്റിമേറ്റിന് മോഡൽ ഇല്ലാത്തതിനാൽ മോഡലുണ്ടാക്കാൻവേണ്ടി ഞങ്ങളുടെ ആളുകൾ പല സ്ഥലങ്ങളിൽപോയി. ഒരു എം.എൽ.എ ശ്മശാനം നിർമ്മിക്കാൻ മുന്നിട്ടിറങ്ങിയാൽ ഇത് സംബന്ധിച്ച എല്ലാ ജോലികളും ചെയ്യേണ്ടിവരുന്നു.

ഇതാണ് നമ്മുടെ സംവിധാനം. ഇങ്ങനെയുള്ള ദുരവസ്ഥയിലാണ് നമ്മൾ ശ്മശാനത്തെപ്പറ്റി ആലോചിക്കുന്നത്. കാലഘട്ടത്തിനനുസരിച്ച് വളരെ ഗൗരവമായി നടത്തേണ്ട പുരോഗമനപരമായ കാര്യങ്ങൾ സംബന്ധിച്ച് ബോധവൽക്കരണവും പഠനവും നടത്തണം. ഇത് സംബന്ധിച്ച് കാര്യമായ എതിർപ്പുണ്ടാകാത്ത രീതിയിലുള്ള ശാസ്ത്രീയമായ ഇടപെടലുകൾ നടത്തണം. ആ നിലയിൽ ശ്മശാനങ്ങൾ നിർമ്മിക്കാൻ കഴിയണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ നിരാകരണ പ്രമേയത്തെ അനുകൂലിക്കുകയാണ്.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> സർ, 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പല കാരണങ്ങൾകൊണ്ടും പൊതുശ്മശാനങ്ങളുടെ ആവശ്യവും പ്രാധാന്യവും പ്രസക്തിയും വർദ്ധിക്കുന്ന കാലഘട്ടമാണിണ്. മുമ്പ് മരണാനന്തര ചടങ്ങുകൾ നടത്താനും ശവം മറവുചെയ്യാനും ശവം ദഹിപ്പിക്കാനുമൊക്കെ നമ്മുടെ പറമ്പുകളിൽ സൗകര്യമുണ്ടായിരുന്നു. എന്നാൽ ഇന്ന് കേരളത്തിൽ ജനസാന്ദ്രതയും കെട്ടിടങ്ങളും വർദ്ധിച്ചപ്പോൾ സ്ഥലത്തിന്റെ ദൗർലഭ്യംമൂലം മുൻകാലങ്ങളിലെപ്പോലെ വീടുകളിൽ ശവം മറവുചെയ്യുന്നതിനോ ദഹിപ്പിക്കുന്നതിനോ കഴിയാത്ത സാഹചര്യത്തിലാണ് പൊതുശ്മശാനങ്ങളെക്കുറിച്ചുള്ള പ്രസക്തി വർദ്ധിച്ചത്. പൊതുശ്മശാനങ്ങളുണ്ടാക്കുമ്പോൾ ഇത് പണിയുന്നത് സംബന്ധിച്ചും ജനവാസ കേന്ദ്രങ്ങളിൽനിന്ന് എത്ര അകലത്തിൽ പണിയണമെന്നതുസംബന്ധിച്ചുമുള്ള നിയമങ്ങൾ സ്വാഭാവികമായും അനിവാര്യമാണ്. ഇവിടെ നിരാകരണ പ്രമേയം അവതരിപ്പിച്ചു

കൊണ്ട് സംസാരിച്ച ശ്രീമതി ഇ.എസ്. ബിജിമോൾ ചോദിച്ചത്, ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ; എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിന്റെ ആവശ്യം ഉന്നയിച്ചിരുന്നു. എന്നാണ്. നമ്മുടെ നാട്ടിൽ പൊതുശ്മശാനങ്ങൾക്ക് അന്തിമമായി അനുവാദം നൽകേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണെങ്കിലും പലപ്പോഴും ശ്മശാനങ്ങൾക്ക് അനുവാദം കൊടുക്കാൻ തയ്യാറാകുന്നില്ല. അതിന്റെ കാരണം രാഷ്ട്രീയമാണ്. ഒരു സ്ഥലത്ത് ശ്മശാനം വരുമ്പോൾ ആ പ്രദേശത്ത് താമസിക്കുന്ന ആളുകൾ അതിനെ അനുകൂലിക്കുന്നില്ല. അതുകൊണ്ട് തെരഞ്ഞെടുപ്പ് പ്രക്രിയയെ പേടിച്ച് നിലവിലുള്ള തദ്ദേശസ്വയം ഭരണസ്ഥാപനത്തിലെ സമിതികൾ, എത് രാഷ്ട്രീയപാർട്ടിയാണെങ്കിലും, പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് അനുവാദം നിഷേധിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് അനുവാദം നിഷേധിക്കുന്ന സാഹചര്യത്തിലാണ് നിയമഭേദഗതി കൊണ്ടുവന്ന് നിയമത്തിന്റെ പിൻബലത്തോടുകൂടി പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചത്. അതിനുവേണ്ടി ഈ ഭേദഗതി കൊണ്ടുവന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലിയെ ഞാൻ അഭിനന്ദിക്കുകയാണ്. നമ്മുടെ നാട്ടിൽ പല മതാചാരങ്ങളുമായി ബന്ധപ്പെട്ടാണ് മനുഷ്യന്റെ ശവസംസ്കാര ചടങ്ങുകൾ നടക്കുന്നത്. ചിലർ ശവം ദഹിപ്പിക്കുകയും മറ്റുചിലർ മറവുചെയ്യുകയും ചെയ്യുന്നു. ചിലർ പള്ളികളിലും ദേവാലയങ്ങളിലും ശവം മറവുചെയ്യുന്നു. പള്ളികളിലും ദേവാലയങ്ങളിലുംപോലും മൃതശരീരങ്ങൾ ദഹിപ്പിക്കുന്നതിനും മറവുചെയ്യുന്നതിനുമുള്ള സാഹചര്യങ്ങൾ കുറഞ്ഞുവരുന്നു. പഴയ പള്ളികൾക്ക് ശവക്കോട്ടകളോ ദഹിപ്പിക്കാനുള്ള സ്ഥലമോ ഉണ്ടായിരിക്കും.

പുതിയ ദേവാലയങ്ങളിൽ ഇതിനായി സ്ഥലസൗകര്യങ്ങളില്ല. പലപ്പോലും ശരീരം മറവുചെയ്യാനായി ലോക്കൽ ബോഡിയെ അപ്രോച്ച് ചെയ്യുമ്പോൾ അതിനുള്ള അനുവാദം ലഭിക്കാറില്ല. പറമ്പുകളിൽ ശവസംസ്കാര ചടങ്ങുകൾ നടത്തുന്നതിന് അയൽവാസിയുടെ എതിർപ്പുകൾമൂലം പലപ്പോഴും സാധിക്കുന്നില്ല. ശവം ദഹിപ്പിക്കുമ്പോഴുണ്ടാകുന്ന പുകയും മണവും അന്തരീക്ഷ മലിനീകരണമുണ്ടാക്കുകയും ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുകയും ചെയ്യുന്നു. അന്തരീക്ഷ മലിനീകരണവും ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുകയും ചെയ്യുമെന്നതിനാൽ ജനങ്ങളുടെ എതിർപ്പുണ്ടാകുമെന്നത് സ്വാഭാവികമാണ്. അതുകൊണ്ട് ആധുനികരീതിയിലുള്ള ശ്മശാനങ്ങളെക്കുറിച്ച് ആലോചിക്കണം. മുനിസിപ്പാലിറ്റികളിൽ ശവം മറവുചെയ്യുകയും ദഹിപ്പിക്കുകയും ചെയ്യുന്ന സ്ഥലങ്ങൾ വാസഗൃഹങ്ങളിൽനിന്നും 50 മീറ്റർ അകലത്തിൽ മാത്രമേ സ്ഥാപിക്കാൻ പാടുള്ളൂവെന്നും കോൺക്രീറ്റ് വാൾട്ടുകൾക്ക് പ്രസ്തുത അകലം 25 മീറ്റർ മതിയെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തുകളിൽ വൈദ്യുതി, പെട്രോളിയം, ഗ്യാസ് എന്നിവകൊണ്ട് പ്രവർത്തിക്കുന്ന ക്രിമിറ്റോയിറങ്ങളുടെ കാര്യത്തിലും 25 മീറ്റർ ദൂരപരിധി പാലിച്ചാൽ മതിയാകുമെന്ന് നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ മുനിസിപ്പാലിറ്റികളിലും ഇലക്ട്രിക്/ഗ്യാസ് ശ്മശാനങ്ങൾക്ക് വാസഗൃഹങ്ങളിൽനിന്നുള്ള ദൂരപരിധി 25 മീറ്ററാക്കി കുറയ്ക്കണമെന്ന ഈ ഭേദഗതി സ്വാഗതാർഹമാണ്. അതോടൊപ്പം നമ്മൾ ശ്രദ്ധിക്കേണ്ടതും ഗവൺമെന്റും ലോക്കൽ ബോഡീസും ഗൗരവമായെടുക്കേണ്ടതുമായ ചില കാര്യങ്ങളുണ്ട്. നമ്മുടെ നാട്ടിലുള്ള പല ശ്മശാനങ്ങളും പ്രാകൃത രൂപത്തിലു

ള്ളവയാണ്. ശവം ദഹിപ്പിക്കുന്ന രീതി പ്രാകൃതമാണ്. പ്രാകൃതമെന്ന് പറഞ്ഞത് ഏതെങ്കിലും മതാചാര ചടങ്ങുകളെ അധിക്ഷേപിച്ച് സംസാരിക്കാൻവേണ്ടി പറഞ്ഞതല്ല. മുമ്പ് വിറകുപയോഗിച്ച് ശവം ദഹിപ്പിക്കുമ്പോൾ പുക വന്നാലും അടുത്ത് വീടുകളില്ലാത്തതുകൊണ്ട് പരാതിയുണ്ടായിരുന്നില്ല. എന്നാൽ ജനസാന്ദ്രത വർദ്ധിച്ചതുകാരണം ഇന്ന് ആ രീതി പ്രാകൃതമായി മാറിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് തൊട്ടടുത്ത പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് അസൗകര്യമില്ലാതെയും അന്തരീക്ഷമലിനീകരണമില്ലാതെയും പൊതുശ്മശാനങ്ങൾ 25 മീറ്ററിനുള്ളിൽ നടപ്പാക്കണമെങ്കിൽ ആധുനിക രീതിയിലുള്ള ശ്മശാനങ്ങൾ നിർമ്മിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണം. ഇപ്പോൾ ഗ്യാസ് ഉപയോഗിച്ചും ഇലക്ട്രിസിറ്റി ഉപയോഗിച്ചും വിറക് ഉപയോഗിച്ചും ശവസംസ്കാരം നടത്തുന്നു. മുൻകാലങ്ങളിൽ ശ്മശാനങ്ങൾക്ക് ഭീകരതയുണ്ടായിരുന്നു. ശ്മശാനങ്ങളെക്കുറിച്ചും ശവസംസ്കാരത്തെക്കുറിച്ചും ശവങ്ങളെക്കുറിച്ചും അതിനുശേഷമുള്ള ജീവിതത്തെക്കുറിച്ചുമൊക്കെ പല മതങ്ങളിലും പല ആചാരങ്ങളിലും ബീഭത്സമായ ഐതിഹ്യങ്ങളുള്ളതുകൊണ്ട് ശ്മശാനങ്ങൾക്കരികിൽക്കൂടി ആളുകൾ കടന്നുപോകാൻ ആളുകൾക്ക് ഭയമായിരുന്നു. ഭയത്തെക്കുറിച്ചുള്ള ചിന്താഗതിയാണ് പലപ്പോഴും ശ്മശാനങ്ങൾക്കെതിരെയുണ്ടാകുന്ന വികാരം. ഇതിന് മാറ്റം വരണമെങ്കിൽ പൊതുശ്മശാനങ്ങളെ ആധുനികരീതിയിലുള്ള ശ്മശാനങ്ങളാക്കി മാറ്റണമെന്ന നിലാപാടാണ് ഗവൺമെന്റും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്വീകരിക്കേണ്ടത്.

പൊതു ശ്മശാനങ്ങളിൽ പണ്ടുകാലഘട്ടത്തിലുണ്ടായിരുന്ന പലതിന്റെയും ചിമ്മിനിക്ക് കൂടിവന്നാൽ അഞ്ച് മീറ്റർ മാത്രമേ ഉയരമുണ്ടായിരുന്നു

ള്ളൂ. അവിടെ വിറകാണ് ഉപയോഗിച്ചുകൊണ്ടിരുന്നത്. അതുകൊണ്ട് പുകപടലവും മണവുമുണ്ടാകുന്നു. ഇന്ന് അതിനൊക്കെ എത്രയോ മാറ്റം ഉണ്ടായിരിക്കുന്നു. ലോകത്തിന്റെ നാനാ ഭാഗത്തും പോയിട്ടുള്ള ചില വ്യക്തികളൊക്കെ പുതിയ രീതിയെക്കുറിച്ചു പറഞ്ഞു. ലോകത്തിന്റെ നാനാ ഭാഗത്തും പോകേണ്ട ആവശ്യമില്ല, നമ്മുടെ നാട്ടിൽ തന്നെയുണ്ട്. എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിൽ രവിപുരം എന്ന സ്ഥലത്ത് കൊച്ചിൻ കോർപ്പറേഷന്റെയും മറ്റ് ഏജൻസികളുടെയും സഹായത്തോടുകൂടി നിർമ്മിച്ചിരിക്കുന്ന ഒരു പൊതു ശ്മശാനമുണ്ട്. ആ പൊതു ശ്മശാനത്തിൽ ഗ്യാസാണ് ഉപയോഗിക്കുന്നത്. ഇപ്പോഴുള്ളത് ഇലക്ട്രിക്ക് ക്രിമറ്റോറിയമാണ്. വൈദ്യുതിക്ക് പകരം അവിടെ ഗ്യാസ് ഉപയോഗിക്കുന്നു. അതിന്റെ ചിമ്മിനിക്ക് ഇരുപതടിയോളം ഉയരമുണ്ട്. അതുമാത്രമല്ല ഒരു ശവം ദഹിപ്പിക്കുമ്പോൾ അതിന് രണ്ടുമൂന്ന് തലങ്ങളുണ്ട്. ആദ്യം ബോഡി ദഹിപ്പിക്കും. ആ ബോഡി ദഹിപ്പിച്ചു കഴിയുമ്പോഴുണ്ടാകുന്ന പുകയിൽ വിഷാംശം ഉണ്ട്. അത് വീണ്ടും മണങ്ങളുണ്ടാകും. അതുകൊണ്ട് ആദ്യം ബോഡി ദഹിപ്പിച്ചതിനുശേഷം വരുന്ന പുക വീണ്ടും ദഹിപ്പിച്ച് ഇങ്ങനെ വരുന്ന ടോക്സിക് ഗ്യാസ് വീണ്ടും കത്തിച്ചുകളയണം. ആ ടോക്സിക് ഗ്യാസ് കത്തിച്ചു കളയുക മാത്രമല്ല അതിനുശേഷം അതു കുറച്ചുകൂടി ക്ലിയറാക്കുന്നതിനു വേണ്ടി പുക വെള്ളത്തിലൂടെ കടത്തിവിടണം. സ്കർബർ എന്നു പറയുന്ന ആധുനിക സൗകര്യം ഉപയോഗിച്ച് വെള്ളത്തിലൂടെ പുക കടത്തിവിട്ട് ഇരുപതടി പൊക്കത്തിലുള്ള ചിമ്മിനിയിലൂടെ പുറത്തേക്ക് വിടാൻ കഴിഞ്ഞാൽ ഇതിൽ നിന്നുണ്ടാകുന്ന മണവും പാരിസ്ഥിതിക പ്രശ്നങ്ങളും മാറും. അപ്പോൾ ശാസ്ത്രീയമായി പൊതു ശ്മശാനങ്ങൾ ഉണ്ടാക്കുക എന്നതാണ് ഇത്തരം ഭേദഗതികൾ വരുമ്പോൾ ഗവൺമെന്റ് ഏറ്റെടു

ക്കേണ്ടത്. ആരെയും കുറ്റപ്പെടുത്താൻ വേണ്ടി പറഞ്ഞതല്ല, ബില്ലിനെക്കുറിച്ചു തന്നെ സംസാരിക്കാം. പക്ഷെ ഈ ബില്ലിന്റെ ഭേദഗതികളുടെ ശവസംസ്കാരമാണ് കുറച്ച് മുൻപ് ഇവിടെ നടന്നത്. അതിനെക്കുറിച്ച് ശ്രീ. കെ. രാജു ഉൾപ്പെടെ കാര്യമായി സംസാരിച്ചില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. എങ്ങനെ നമുക്ക് ആധുനികമായ സജ്ജീകരണങ്ങളുണ്ടാക്കാം, അവിടെയാണ് ഗവൺമെന്റിന് ഉത്തരവാദിത്വമുള്ളത്. ഗവൺമെന്റും ലോക്കൽ ബോഡികളും അതിന് സബ്സിഡി കൊടുക്കണം. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന ഇടപ്പള്ളിയിൽ മറ്റൊരു ശ്മശാനം ഉണ്ട്. വളരെ ആളുകൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ് ഇടപ്പള്ളി. അവിടത്തെ ശ്മശാനം ആധുനികവൽക്കരിക്കുന്നതിനുവേണ്ടിയുള്ള ഒരു പരിശ്രമം ഞാൻ നടത്തി. കോർപ്പറേഷന് പരിമിതികളുണ്ട്, ലോക്കൽ ബോഡീസിനു പരിമിതികളുണ്ട്, ഞാൻ എം.എൽ.എ. അസറ്റ് ഫണ്ടിൽ നിന്നും 65 ലക്ഷം രൂപ നൽകി ആ ശ്മശാനം ആധുനികവൽക്കരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുവാൻ ശ്രമിച്ചു. എം.എൽ.എ.-മാർക്ക് അവരുടെ അസറ്റ് ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ട സാഹചര്യമുണ്ടാകാതെ, പൊതു ശ്മശാനം എന്നത് ഇന്ന് പൊതുവായ ഒരു ആവശ്യമായി കണ്ടുകൊണ്ട് ഇവ ആധുനികവൽക്കരിക്കുന്നതിനുവേണ്ടിയുള്ള സാമ്പത്തികസഹായം നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് വളരെ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്. ഇവിടെ നേരത്തേ ശ്രീ. രാജു എബ്രഹാം സൂചിപ്പിച്ചതുപോലെ ഇതിന് നല്ലൊരു മോഡൽ കിട്ടുന്നില്ല. അപ്പോൾ ആ ഒരു മോഡൽ ഉണ്ടാകണം. നമുക്ക് പഞ്ചായത്ത് തലത്തിലും, കോർപ്പറേഷൻ തലത്തിലും, മുൻസിപ്പാലിറ്റി തലത്തിലും ശ്മശാനങ്ങൾ എങ്ങനെ വേണമെന്നതിന്

പൊതുവായ ഒരു മോഡൽ ഉണ്ടാക്കി, അതിന്റെ അടിസ്ഥാനത്തിൽ ഈ ശ്മശാനങ്ങൾ നിർമ്മിക്കണം. അത് നിർമ്മിക്കുന്നുണ്ടോ എന്നതിനെക്കുറിച്ച് മോണിറ്ററിംഗ് ഉണ്ടാകണം. അങ്ങനെ ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്ന മോഡൽ അനുസരിച്ച് നിർമ്മിക്കുന്ന ശ്മശാനങ്ങൾക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിന് വേണ്ടി.....

ഡോ. കെ. ടി. ജലീൽ: സർ, ഈ ഗ്യാസ് ക്രിമറ്റോറിയങ്ങൾ നിർമ്മിക്കാൻ വേണ്ടി എം.എൽ.എ.-മാരുടെ ആസ്തി വികസനഫണ്ട് ഉപയോഗിക്കാമെന്ന് തീരുമാനിച്ചാലും ഇപ്പോൾ പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യാൻ വേണ്ടി മാത്രമാണ് എ.എസ്. കിട്ടുന്നത്. ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കാനും ശ്മശാനങ്ങൾ ആധുനിവൽക്കരിക്കാനുമായുള്ള പ്രവൃത്തികൾക്ക് ആസ്തി വികസന ഫണ്ട് പ്രയോജനപ്പെടുത്താൻ വേണ്ടിയിട്ടുള്ള ഒരു ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്ത് നിന്നും ഉണ്ടാകുമോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ എന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും ഇതിനുവേണ്ടി പണം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. അത് നേടിയെടുക്കാൻ കഴിയുമെന്നുള്ള പ്രതീക്ഷയാണ് എനിക്കുള്ളത്. ഇലക്ട്രിക് ശ്മശാനങ്ങളെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചല്ലോ, ഇവിടെ തൈക്കാട് ഇലക്ട്രിക് ശ്മശാനം ഉണ്ട്. ഇലക്ട്രിക് ശ്മശാനത്തെക്കാൾ ചെലവ് കുറഞ്ഞതും, നല്ലതും ഗ്യാസ് ശ്മശാനങ്ങളാണ്. കാരണം ഇലക്ട്രിക് ശ്മശാനങ്ങൾക്ക് സാങ്കേതികമായ ബുദ്ധിമുട്ടുണ്ട്. അതിന്റെ ബർണർ ഒരു മണിക്കൂർ മുമ്പെങ്കിലും ഓൺ ചെയ്താൽ മാത്രമേ ശവം ദഹിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഗ്യാസിനാണെങ്കിൽ ഈ പ്രശ്നമില്ല. ഇലക്ട്രിക് ശ്മശാനങ്ങൾക്ക് വളരെ ശക്തിയുള്ള ജനറേറ്ററുകളോ

ട്രാൻസ്ഫോർമറുകളോ സ്ഥാപിക്കണം. വൈദ്യുതി ചാർജ് വർദ്ധിക്കുന്നു അപ്പോൾ സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഇതിനുള്ള സാമ്പത്തിക ഭാരം താങ്ങാൻ കഴിയാതെ വരുന്നു. ഗ്യാസ് ഉപയോഗിച്ച് ദഹിപ്പിക്കുവാൻ കഴിഞ്ഞാൽ, ഗ്യാസിന് പലപ്പോഴും അത്രയും ചാർജ് വരുന്നില്ലായെന്ന് നമുക്കറിയാം. എന്നുമാത്രമല്ല അതിന് ഒരു ചെറിയ ജനറേറ്റർ ബാക്ക്അപ്പ് മതിയാകും. അതുകൊണ്ട് നമുക്ക് പണം ലാഭിക്കാനും ശവം പെട്ടെന്ന് ദഹിപ്പിക്കുവാനും സാധിക്കും. ഒരു ശവം ദഹിപ്പിക്കുമ്പോൾ സ്വാഭാവികമായി അതിന്റെ എല്ലാ ശരീരഭാഗങ്ങളും കത്തി അവശേഷിക്കണ മെന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. പഴയ കാലഘട്ടത്തിൽ പ്രാകൃത രൂപത്തിൽ ശവദാഹം നടത്തിക്കൊണ്ടിരുന്ന സമയത്ത് പലപ്പോഴും നമുക്ക് കാണാൻ കഴിഞ്ഞിരുന്നത് ശരീരത്തിന്റെ എല്ലാ ഭാഗങ്ങളും കത്തിദഹി ക്കാറില്ല. അതെല്ലാമാണ് പിന്നീട് ഭീകരതയുണ്ടാക്കുന്നത്. പിന്നീട് ആ ശ്മശാനത്തിലൂടെ കടന്നുപോകുമ്പോൾ കത്തിക്കരിയാത്ത ഏതെങ്കിലും ശരീരഭാഗങ്ങൾ കാണുമ്പോൾ കുട്ടികൾക്കുണ്ടാകുന്ന ഭയവും ഐതീഹ്യവു മായി ബന്ധപ്പെട്ട് വരുന്ന ചെറിയ കഥകളുമെല്ലാം ഭീകരതയുണ്ടാക്കുന്നുണ്ട്. ഒരു വ്യക്തിയുടെ ശവദാഹം നടത്തുമ്പോൾ അതിന് മതപരമായ ചില ചടങ്ങുകളുണ്ട്. ആ മതപരമായ ചടങ്ങുകൾ വ്യക്തിയുടെ ശവദാഹം നടത്തിയതിനുശേഷം അതിന്റെ ചാരം ശേഖരിച്ച് അത് സ്വാഭാവികമായി നിമഞ്ജനം ചെയ്യണമെന്നതാണ്. വിറക് ഉപയോഗിച്ച് കത്തിക്കുന്നതിനേ ക്കാൾ, ഇലക്ട്രിക് ശ്മശാനത്തേക്കാൾ ചെലവ് കുറഞ്ഞ ഗ്യാസ് ഉപയോഗി ക്കാനും, ഗ്യാസ് ഉപയോഗിക്കുമ്പോൾ മൃതശരീരം പെട്ടെന്ന് കത്തുകയും അതിന്റെ ചാരം ശേഖരിക്കാനും നമുക്ക് സാധിക്കും. വിറക് എന്ന് പറയു ന്നത് എപ്പോഴും വലിയ പ്രശ്നമാണ്. പ്രകൃതിയിൽ നിന്ന് നമുക്ക് വിറക് ലഭി

ക്കണം. പ്രകൃതിയിൽ നിന്നുള്ള വിറകിന്റെ ലഭ്യതപോലും കുറഞ്ഞിരിക്കുന്ന ഈ പശ്ചാതലത്തിൽ നമുക്ക് അത് സാധിക്കില്ല. അതോടൊപ്പം ശ്മശാനങ്ങളെക്കുറിച്ചുള്ള ഭീകരത മാറ്റണം. ശ്മശാനങ്ങൾ കുറച്ചുകൂടി ആധുനികവൽക്കരിക്കണം. അതിനുവേണ്ടിയുള്ള സ്ഥലസൗകര്യങ്ങൾ, നേരത്തേ ഇവിടെ ഫ്ളാറ്റുകളുടെ കാര്യം സൂചിപ്പിച്ചു. അത് ശരിയാണ്, എന്റെ നിയോജകമണ്ഡലത്തിൽ ഒട്ടേറെ ഫ്ളാറ്റുകളുണ്ട്. ആ ഫ്ളാറ്റുകളിൽ താമസിക്കുന്ന ആളുകൾ മരിച്ചാൽ അവരുടെ മൃതദേഹം വച്ച് മതപരമായ ചടങ്ങുകൾ നടത്താൻപോലും സൗകര്യമില്ല. അതിന് പൊതുസ്ഥലങ്ങളില്ല. ഈ പരാതി പരിഹരിക്കുകയും ഈ ആവശ്യം നിറവേറ്റുകയും ചെയ്യണമെങ്കിൽ അതിനുള്ള സൗകര്യങ്ങളുള്ള ശ്മശാനങ്ങളുണ്ടാകണം. പല വിദേശരാജ്യങ്ങളിലും നമുക്ക് കാണാൻ സാധിക്കുന്നത് ശ്മശാനങ്ങളിൽ അതിനുവേണ്ടിയുള്ള സ്ഥലസൗകര്യങ്ങളുണ്ട്, സംവിധാനങ്ങളുണ്ട്. മതപരമായ ചടങ്ങുകൾ നടത്തുന്നതിനുവേണ്ടിയുള്ള സ്ഥലസൗകര്യങ്ങൾ അവിടെ കൊടുക്കണം. ചില പ്രദേശങ്ങളിൽ ശ്മശാനങ്ങൾ നല്ല രീതിയിൽ നിർമ്മിച്ചിട്ട്, നമുക്കറിയാം ഇപ്പോൾ ബന്ധുമിത്രാദികളിൽ പലരും വിദേശത്താണ്. ഇവിടെ നേരത്തേ ശ്രീ. സാജു പോൾ സൂചിപ്പിച്ചതുപോലെ എന്തുകൊണ്ടാണ് മോർച്ചറിയിൽ മൃതദേഹം സൂക്ഷിക്കുന്നത്. മരിച്ചുകഴിഞ്ഞാൽ ബന്ധുമിത്രാദികൾ സ്ഥലത്തില്ല. പലരും വിദേശത്താണ്, അവർ തിരിച്ചുവരണം. അവർ തിരിച്ചുവരുന്നതിനുവേണ്ടിയാണ് പലപ്പോഴും സൂക്ഷിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം മോർച്ചറികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുള്ള സ്ഥലസൗകര്യങ്ങൾ ഫ്ളാറ്റുകളിൽ താമസിക്കുന്ന ആളുകൾക്ക് പലപ്പോഴും ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. അതു വേണമെങ്കിൽ ആധുനിക സജ്ജീകരണത്തോടുകൂടി പണിയുന്ന ഇവിടെ വച്ചാൽ അവിടെ ആളുകൾക്ക് താമസിക്കാനുള്ള സൗകര്യം ഏർപ്പെടുത്താൻ

പറ്റും. വരുന്ന ഗസ്റ്റുകൾക്ക് താമസിക്കാൻ സ്ഥലമില്ല. ഞാൻ അനുഭവിച്ചു കൊണ്ടിരിക്കുന്നു. പല ഫ്ളാറ്റുകളിലും മരണം നടക്കുമ്പോൾ വിദേശത്തു നിന്ന് ആളുകൾ വരുമ്പോൾ ശവസംസ്കാരം നടക്കുന്നതിന് മുമ്പ്, അവർക്ക് താമസിക്കാൻ കഴിയാതെ പലപ്പോഴും ബുദ്ധിമുട്ടുകൾ വരുന്നുണ്ട്. അവർക്ക് മൃതദേഹം അവിടെ വയ്ക്കുന്നതിനും അവരുടെ ആളുകൾക്ക് താമസിക്കുന്ന തിനും തുടങ്ങി പ്രാഥമികാവശ്യങ്ങൾ നിറവേറ്റത്തക്കരീതിയിലുള്ള സൗക ര്യങ്ങൾ ഉണ്ടാകണം. അതുപോലെതന്നെ, ഇന്നത്തെ പല ശ്മശാനങ്ങളും സാമൂഹ്യവിരുദ്ധന്മാരുടെ അഴിഞ്ഞാട്ടം നടക്കുന്ന പ്രദേശമാണ്. ആ ശ്മശാ നത്തിന്റെ പരിസരപ്രദേശങ്ങളിൽ കൂടി രാത്രിയിൽ ആളുകൾക്ക് പോകാൻ കഴിയാത്ത രീതിയിൽ സാമൂഹ്യവിരുദ്ധന്മാർ കുന്നുകൂടുന്നു. ഇതിന് മാറ്റമു ണ്ടാകണം. അതിന്റെ മുഖം മാറണം. ശ്മശാനമെന്നത് ഭീകരതയുടേതല്ല. അത് ശാന്തിവനങ്ങളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണങ്ങൾ, അല്ലെങ്കിൽ അതിനുവേണ്ടിയുള്ള പ്രേരണകൊടുക്കാൻ നമുക്ക് സാധിക്കണം. അവിടെ ശാന്തിവനങ്ങളായി മാറണം. അവിടെ ആളുകൾക്ക് വരാനും വൈകുന്നേരങ്ങളിൽ ഒരുമിച്ചിരിക്കാനും കാറ്റുകൊള്ളാനുമുള്ള സൗകര്യമു ണ്ടാകണം. അവിടെ ലൈറ്റിടണം. നമുക്കറിയാം, മഹാത്മാഗാന്ധി അന്ത്യവി ശ്രമം കൊള്ളുന്ന സ്ഥലമായ രാജ്ഘട്ട്, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി എന്നിവർ അന്ത്യവിശ്രമം കൊള്ളുന്ന പ്രദേശത്തിന്റെ സൗന്ദ ര്യമുണ്ടല്ലോ, അതിനൊരു പവിത്രതയുണ്ട്. സൗന്ദര്യം വർദ്ധിക്കുമ്പോഴാണ് പവിത്രതയുണ്ടാകുന്നത്. ഇന്ന് ഭീകരരൂപത്തിൽ കിടക്കുന്ന ശ്മശാനങ്ങളിൽ പോയി സ്വന്തം പിതാവിനെയോ മാതാവിനെയോ ദഹിപ്പിച്ചതോ അടക്കം ചെയ്തതോ ആയ സ്ഥലത്തുപോയി പ്രാർത്ഥനാനിരതനായി നിൽക്കുന്നതിനു പോലും ബന്ധുമിത്രാദികൾക്ക് സാധിക്കാത്തത് ആ പ്രദേശത്തിന്റെ ഒരു

വൈകൃത രൂപവും ഭീകരതയും കാരണമാണ്. അതുമാറ്റി ആളുകൾക്ക് സമാധാനത്തോടുകൂടി പ്രാർത്ഥിക്കാനോ ചെന്നിരിക്കാനോ ആനിവേഴ്സറി വരുമ്പോൾ ചായസൽക്കാരം നടത്തുന്നതിനോവേണ്ടി പബ്ലിക് സ്പേസുകളുണ്ടാക്കി, ചെറിയ ആഡിറ്റോറിയം ഉണ്ടാക്കി ഇന്നു കാണുന്ന ശ്മശാനത്തിന്റെ ഭീകര രൂപം അതിന്റെ സ്വഭാവം മാറ്റി ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ശാന്തിവനം പോലെയുള്ള പ്രദേശങ്ങളാക്കി മാറ്റാൻ കഴിയുമെന്നുള്ള തരത്തിലുള്ള സജീകരണങ്ങൾ ഉണ്ടാക്കുക എന്നതാണ് നമ്മുക്ക് ഇത്തരം ഭേദഗതികൾ ഉണ്ടാകുമ്പോൾ സ്വാഭാവികമായും ഗവൺമെന്റ് ഏറ്റെടുക്കേണ്ടത്. അത് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ ഗവൺമെന്റ് നടപടി എടുക്കണം. പിന്നെ അതിന്റെ മെയിന്റനൻസ്, പലപ്പോഴും ഞാൻ കണ്ട പ്രത്യേകത ശ്മശാനങ്ങൾ നിർമ്മിക്കും, ആ ശ്മശാനങ്ങൾക്ക് പണം കൊടുക്കുകയും ലോക്കൽ ബോഡീസ് പണം ചെലവാക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ അതിന് വേണ്ടത്ര മെയിന്റനൻസ് ഇല്ല. മെയിന്റനൻസിന് ഏജൻസികളെ ഏൽപ്പിക്കണം. അത് കാലാകാലങ്ങളിൽ വർഷാവർഷങ്ങളിൽ ഇതിന്റെ മെയിന്റനൻസ് നടക്കുന്നുണ്ടോ അങ്ങനെ മെയിന്റനൻസ് നടക്കുന്നതിനുള്ള പണം എങ്ങനെ സ്വരൂപിക്കുവാൻ കഴിയും. ഇതെല്ലാം ഗവൺമെന്റ് ആലോചിക്കേണ്ടതാണ്. അതിനുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കണം. ഈ ഭേദഗതി, 25 മീറ്റർ ആക്കുന്നതിനോടൊപ്പം തന്നെ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ആധുനിക സജ്ജീകരണങ്ങളും ശാസ്ത്രീയമായ ഇടപെടലുകളും ഈ ശ്മശാനങ്ങൾക്കുണ്ടായില്ലെങ്കിൽ ഈ ശ്മശാനങ്ങളുടെ പേരിൽ കൂടുതൽ പ്രശ്നങ്ങളുണ്ടാകും. കാരണം 25 മീറ്റർ സ്ഥലത്ത് പഴയതുപോലെ ശ്മശാനങ്ങൾ മാറിയാൽ ആളുകൾക്ക് ബുദ്ധിമുട്ടു

ണ്ടാകം. അതുകൊണ്ട് 25 മീറ്റർ ആക്കി സ്ഥലപരിമിതി ചുരുക്കുമ്പോൾ സ്വാഭാവികമായും അതുമായി ബന്ധപ്പെട്ട് ക്രമീകരിക്കേണ്ടതിന്റെ ആവശ്യക തകളെക്കുറിച്ച് ഗവൺമെന്റ് ബോധവാന്മാരാകുകയും അത് നടപ്പാക്കാനുള്ള ഉത്തരവാദിത്വം സ്വാഭാവികമായും ഗവൺമെന്റ് ഏറ്റെടുക്കുകയും ചെയ്താൽ മാത്രമെ ഈ ഭേദഗതികൊണ്ട് നമുക്ക് പ്രയോജനമുണ്ടാകുന്നുള്ളൂ. നേരത്തെ ശ്രീ. കെ. രാജു, ശ്രീമതി ബിജിമോൾ തുടങ്ങിയ ബഹുമാനപ്പെട്ട മെമ്പർമാർ നമ്മുടെ നഗരാസൂത്രണത്തെക്കുറിച്ചൊക്കെ പറഞ്ഞു. ഞാൻ അത്തരം വിഷയങ്ങളിലേക്കൊന്നും കടക്കാതെ ഇതിന്റെ പരിധിയിൽ മാത്രം ഒതുങ്ങിനിൽക്കാം. പക്ഷേ ഒരു കാര്യം ഞാൻ സൂചിപ്പിക്കുന്നു. നമുക്കറി യാം, ഈ സെപ്റ്റിക് ടാങ്കിലെ മാലിന്യങ്ങൾ ശുദ്ധീകരിച്ച് അതിൽ നിന്നും ശുദ്ധജലം വേർപ്പെടുത്തി ആ ശുദ്ധജലം മനുഷ്യന്റെ മറ്റ് ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്നതിനുള്ള സാങ്കേതികവും ശാസ്ത്രീയവുമായ വളർച്ച ഇന്ന് സമൂഹത്തിനുണ്ടായിട്ടുണ്ട്. അതാദ്യമായി ഏർപ്പെടുത്തിയത് ഈ ഗവൺമെന്റാണെന്ന് അഭിമാനത്തോടുകൂടി പറയുന്നു. ബഹുമാന്യനായ മഞ്ഞളാകുഴി അലി ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനുശേഷം സെപ്റ്റിക് ടാങ്കിലെ മാലിന്യങ്ങളിൽ നിന്നുവരുന്ന വെള്ളം ശുദ്ധീകരിച്ച്, ആ ശുദ്ധീകരിച്ച വെള്ളം മനുഷ്യന് പ്രയോജനകരമായ രീതിയിൽ മാറ്റുന്നതിനു വേണ്ടി ഇൻഡ്യയിലാദ്യമായി അത് കേരളത്തിലാരംഭിക്കുന്നു, അത് കൊച്ചി യിൽ ആരംഭിക്കുന്നു, സ്വാഭാവികമായും തൃക്കാക്കരയും പരിഗണിക്കുമെന്ന് എനിക്കറിയാം. തൃക്കാക്കര എന്നുപറയുന്നത് കൊച്ചിൻ സിറ്റിയുടെ നടു ക്കാണ് അതുകൊണ്ടാണ് പറയുന്നത്. പനമ്പിള്ളിനഗർ, ഇടപ്പള്ളി, പാലാരിവ ട്ടം, വൈറ്റില എന്നിവ തൃക്കാക്കരയിലാണ്. തൃക്കാക്കര എന്ന പേരുകേട്ട്

നിങ്ങൾ കൊച്ചിയെന്ന് വിളിക്കേണ്ട. കൊച്ചിൻ സിറ്റിയുടെ ബഹുഭൂരിപക്ഷം വരുന്നത് തൃക്കാക്കരയിലാണ്. എന്നാലും കൊച്ചിയെന്നുതന്നെ പറയുന്നു. ഇൻഡ്യയിലാദ്യമായി, ഞാൻ ശ്രീ. സി. ദിവാകരനോട് പറയുന്നു, നിങ്ങളുടെ കാലഘട്ടത്തിൽപ്പോലും നടപ്പാക്കാൻ കഴിയാത്ത തലത്തിൽ ഇക്കാര്യങ്ങൾ...

ശ്രീ. സി. ദിവാകരൻ: സർ, അന്ന് മാലിന്യങ്ങൾ കുറവായിരുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, എന്തു മാലിന്യങ്ങൾ. എന്റെ അടുത്തിരിക്കുന്ന എന്റെ ബഹുമാനപ്പെട്ട സ്നേഹിതന്മാർ ഈ വിഷയത്തിൽതന്നെ ഒതുങ്ങിനിൽക്കണമെന്ന് എന്നോട് ഇപ്പോഴും സൂചിപ്പിച്ചതാണ്. ഞാൻ ഒന്നു പറയുന്നു, മാലിന്യ സംസ്കരണമെന്നത് നിങ്ങളുടെ കാലഘട്ടത്തേക്കാൾ കൂടുതൽ വിജയപ്രദമായി നടക്കുന്നത് ഇപ്പോഴാണ്, വളരെ ഫലപ്രദമായി നടപ്പാക്കുന്നത് ഞാൻ താമസിക്കുന്ന പട്ടണത്തിലാണ്, അങ്ങയെ ഞാൻ ക്ഷണിക്കുന്നു, സ്വാഗതം ചെയ്യുന്നു. മാലിന്യ നിർമ്മാർജ്ജനത്തെക്കുറിച്ച് കുടുതലൊരു ബോധവൽക്കരണമുണ്ടായിരിക്കുന്നു. മാല്യന്യ സംസ്കരണം നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നടപ്പിലാക്കുന്നതല്ല, ഞാൻ സമ്മതിക്കുന്നു. ഒരു ജനാധിപത്യ സംവിധാനത്തിൽ നിയമത്തിന്റെ പിൻബലത്തോടുകൂടി എല്ലാകാര്യങ്ങളും നടപ്പാക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നില്ല. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ബോധവൽക്കരണമുണ്ടാകണം. ഞാനൊരു ഉദാഹരണം പറയാം. ‘Cigarette smoking is injurious to health’ ആണെങ്കിലും നമ്മളെല്ലാപേരും സിഗററ്റ് വലിച്ചുകൊണ്ടിരുന്നുവരാണ്. ഞാൻ തുറന്നു സമ്മതിക്കുന്നു ഞാൻ സിഗററ്റ് വലിച്ചുകൊണ്ടിരുന്ന ആളാണ്. ഞാനിപ്പോൾ സിഗരറ്റ് വലി നിർത്തി. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് സിഗററ്റ് വലി

നിർത്തി. ഇവിടെയിരിക്കുന്ന ബഹുഭൂരിപക്ഷം ആളുകളും സിഗററ്റ് വലി നിർത്തി. സിഗററ്റ് വലിക്കുന്നത് ഒരു കാലഘട്ടത്തിൽ ഫാഷനായിരുന്നു. കോളേജിൽ പഠിക്കുന്ന ആൺകുട്ടികളിൽ 80 ശതമാനം കുട്ടികളും സിഗററ്റ് വലിക്കുമായിരുന്നു. സിഗററ്റ് വലിക്കുന്നവരോടായിരുന്നു പ്രത്യേകിച്ച് പെൺകുട്ടികൾക്കുപോലും ബഹുമാനമുണ്ടായിരുന്നത്. നമുക്കറിയാം നമ്മുടെ വീടുകളിൽ കല്യാണം, അടിയന്തിരം എന്നിങ്ങനെ എന്തെങ്കിലുമൊരു ആവശ്യം വന്നാൽ സിഗററ്റ് സപ്ലൈ ചെയ്യുന്നതിനുവേണ്ടി ഒരാളെ നിർത്തുമായിരുന്നു. അന്ന് സിഗററ്റ് സപ്ലൈ ചെയ്തില്ലെങ്കിൽ ആ കുടുംബത്തിന് യോഗ്യതയുണ്ടായിരുന്നില്ല. അത്രമാത്രം പുകവലിയെ അന്ന് പ്രോത്സാഹിപ്പിച്ചിരുന്നുവെങ്കിൽ ആ പ്രോത്സാഹനം ഇല്ലാതായത് ബഹുമാനപ്പെട്ട ജസ്റ്റിസ് നാരാണയണ കുറുപ്പിന്റെ ഉത്തരവുവന്നതുകൊണ്ടോ സിഗററ്റ് വലിക്കുന്ന ഏതെങ്കിലുമൊരു വ്യക്തിക്ക് 100 രൂപ പെറ്റി കേസ് ചാർജ്ജുചെയ്തതുകൊണ്ടോ അല്ല. അതിനെതിരായ ശക്തമായ ഒരു മർമ്മറിംഗ് ക്യാമ്പയിൻ, ഒരു ബോധവൽക്കരണം, ഒരു അഡ്വർടൈസ്മെന്റ് ഉണ്ടായതുകൊണ്ടാണ്. ഞാൻ ബഹുമാനപ്പെട്ട സി. ദിവാകരനോട് പറയുന്നു, ഈ ഗവൺമെന്റ് വന്നതിനുശേഷം മാലിന്യസംസ്കരണത്തിനെതിരെ നിങ്ങളുടേതായ ഒരു നിയമമുണ്ടായിരുന്നില്ല എന്നൊന്നും ഞാൻ പറയുന്നില്ല, പക്ഷേ അതിനുവേണ്ടിയുള്ള ഒരു മർമ്മറിംഗ് ക്യാമ്പയിൻ, ഒരു ബോധവൽക്കരണം.....

ശ്രീ. പി. തിലോത്തമൻ: സർ, അങ്ങ് എറണാകുളം നഗരത്തിലെ മാലിന്യ സംസ്കരണത്തെക്കുറിച്ചും ഇന്നു നടക്കുന്ന മേന്മകളെക്കുറിച്ചുമാണല്ലോ പറയുന്നത്, എന്നാൽ എറണാകുളം നഗരത്തിലെ മാലിന്യങ്ങൾ ടാങ്കർ ലോറികളിലാക്കി സമീപത്തെ ഗ്രാമപ്രദേശങ്ങളിൽ കൊണ്ടുപോയി

നിക്ഷേപിക്കുന്നതും അതിനു പിന്നിൽ വലിയൊരു മാഫിയാ സംഘം പ്രവർത്തിക്കുന്നതിനെക്കുറിച്ചും അങ്ങേയ്ക്കറിയാമോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, ആ മാഫിയാ സംഘം ഇന്നലെ തുടങ്ങിയതല്ല. രണ്ടരവർഷം കൊണ്ട് തുടങ്ങിയതല്ല. അനുഭവസ്ഥരായ എറണാകുളം ജില്ലയിലെ ആളുകളിവിടെ ഇരിക്കുന്നു. മാലിന്യത്തെ ഇങ്ങനെ ഗ്രാമപ്രദേശങ്ങളിൽ കൊണ്ടുപോകുന്ന സംഘത്തെക്കുറിച്ചൊന്നും എനിക്ക് അഭിപ്രായ വ്യത്യാസമില്ല. പക്ഷേ അത് ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. അത് കുറഞ്ഞുവെന്നാണ് ഞാൻ പറഞ്ഞത്. അനുഭവസ്ഥരായ ഞങ്ങൾ പറയുന്നു അത് കുറഞ്ഞുവെന്ന്. എറണാകുളത്തെ കുറിച്ചാണിവിടെ പറയുന്നതെങ്കിൽ എറണാകുളത്തു താമസിക്കുന്ന ഞാൻ അത് കുറഞ്ഞുവെന്ന് പറയുന്നു. ഞാൻ എന്റെ അനുഭവത്തിൽനിന്നാണ് പറയുന്നത്. അതുകൊണ്ട് അതിനേതെങ്കിലും ഒരു പാർട്ടിമാത്രമല്ല, അവിടത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെപ്പോലെയും രാഷ്ട്രീയ പ്രവർത്തകരെപ്പോലെയും പൊതുപ്രവർത്തകരെപ്പോലെയുമൊക്കെത്തന്നെ ഈ മാലിന്യ സംസ്കരണത്തിനുവേണ്ടി ഏറ്റവും കൂടുതൽ ശക്തിയായി പ്രവർത്തിക്കുന്ന ഒന്നാണ് നമ്മുടെ റെസിഡൻസ് അസോസിയേഷനുകൾ. എല്ലാ റെസിഡൻസ് അസോസിയേഷനുകളുടെയും യോഗത്തിൽ അവർ ചർച്ച ചെയ്യപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട വസ്തുത ഈ മാലിന്യത്തെക്കുറിച്ചാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, നിയമത്തിന്റെ പിൻബലം മാത്രമല്ല, നിയമമുണ്ടെങ്കിലും നമ്മൾ നടത്തുന്ന ഒരു ക്യാമ്പയിനുണ്ട്.

ശ്രീ. സാജു പോൾ: സർ, പൊതുപ്രവർത്തകരും നേതാക്കന്മാരുമുൾപ്പെടെ പുകവലി നിർത്തി നാടിന് മാതൃകയായിയെന്ന് ബഹുമാന്യനായ ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞത് വളരെ വസ്തുതയാണ്. അതുപോലെ

തന്നെ ഈ മൃതശരീരം മെഡിക്കൽ കോളേജുകൾക്ക് നമ്മൾ കൊടുക്കുകയാണെങ്കിൽ അതൊരു മാതൃകയാക്കി ജനങ്ങളിലേക്കെത്തിയാൽ ഈ ശ്മശാനങ്ങളുടെതന്നെ ആവശ്യമില്ലാതാകും.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> സർ, ശ്രീ. സാജു പോളിന്റെ മൃതശരീരം മെഡിക്കൽ കോളേജിന് കൊടുത്ത് മാതൃക കാട്ടുന്നത് നല്ലതാണ്. പക്ഷേ ശ്രീ. സാജു പോളിന്റെ വീട്ടിലുള്ള ആളുകളുടെപോലും മൃതശരീരം മെഡിക്കൽ കോളേജിന് കൊടുത്ത് മാതൃക കാട്ടാൻ ശ്രീ. സാജു പോളിന് സാധിക്കുകയില്ലെന്ന് എനിക്കറിയാം. കാരണം ഒരു മൃതശരീരത്തെ സംബന്ധിച്ചിടത്തോളം അതിന് ചില മതപരവും ആചാരപരവുമായ ചില പ്രശ്നങ്ങളും പശ്ചാത്തലങ്ങളുമുണ്ട്. അതുമുഴുവൻ മാറ്റണമെന്നു പറഞ്ഞാൽ നമുക്ക് മാറ്റാൻ സാധിക്കില്ല. ഞാനും പറയുന്നു, കഴിയുന്നത്ര ആളുകൾക്ക് ഇക്കാര്യത്തിൽ പ്രോത്സാഹനം നൽകണം, നൽകുന്നത് മാതൃകാപരവുമാണ്. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്, ശ്രീ. സാജു പോളിനുപോലും ആ തീരുമാനമെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ശ്രീ. സാജു പോൾ അത് പ്രഖ്യാപിച്ചിട്ടില്ല. ശ്രീ. സാജു പോൾ അതു പ്രഖ്യാപിച്ചാൽത്തന്നെയും ശ്രീ. സാജു പോളിന്റെ സഹധർമ്മിണി അത് ചെയ്യില്ലായെന്ന് ശ്രീ. സാജു പോളിനുമറിയാം, എനിക്കുമറിയാം. ഇതിനെക്കുറിച്ചൊക്കെ പറയുമ്പോൾ മാതൃക കാണിക്കണം.

<u>മി. സ്പീക്കർ:</u> ശ്രീ. ബെന്നി ബെഹനാൻ, വെറുതേ പ്രകോപിപ്പിച്ച് സമയം കളയുന്നതെന്തിനാണ്?

<u>ശ്രീ. ബെന്നി ബെഹനാൻ:</u> സർ, ഞാൻ അവസാനിപ്പിക്കുന്നു. മാതൃകയെന്നു പറയുമ്പോൾ നമ്മളും മാതൃകയാകണമല്ലോ. അതുകൊണ്ട് ഞാൻ പറഞ്ഞുവെന്നുമാത്രമേയുള്ളൂ. ആരേയും വ്യക്തിപരമായി

ആക്ഷേപിക്കാൻ പറഞ്ഞതല്ല. ശവസംസ്കാര ചടങ്ങുമായി ബന്ധപ്പെട്ട ചില ആചാരങ്ങൾക്കുമെല്ലാം ഓരോ മതത്തിന്റെയും ഓരോ സമൂഹത്തിന്റേതുമായ ഓരോ പശ്ചാത്തലങ്ങളുണ്ട്. കേരളത്തിൽ തന്നെ ആംഗ്ലോ ഇൻഡ്യൻ സമൂഹത്തിൽ ഒരു വ്യക്തി മരിച്ചാൽ പാന്റും കോട്ടുമൊക്കെയിട്ട് ടൈം കെട്ടി മാത്രമേ അവർക്ക് ശവസംസ്കാര ചടങ്ങ് നടത്താൻ കഴിയുകയുള്ളൂ. അതൊരു ആർഭാടമല്ല, അതവരുടെ ആചാരമാണ്. ആ ആചാരം മാറ്റണമെന്ന് ഇപ്പോൾ ശ്രീ. ലൂഡി ലൂയിസിനോട് പറഞ്ഞാൽ അദ്ദേഹത്തിന് അത് മാറ്റാൻ കഴിയുമോ; സാധിക്കില്ല. അത് കാലാകാലങ്ങളിലായി മതത്തിന്റെയും സാമൂഹിക പശ്ചാത്തലത്തിന്റെയും അടിസ്ഥാനത്തിൽ ഉണ്ടായിരിക്കുന്ന ആചാരങ്ങളാണ്. ആചാരങ്ങൾ നമുക്ക് മുഴുവൻ മാറ്റാൻ സാധിക്കില്ല. പക്ഷെ, അതിനെതിരായിട്ടുള്ള ബോധവൽക്കരണം നടത്താൻ കഴിയും. ഞാൻ വീണ്ടും ബില്ലിലേയ്ക്ക് വരുന്നു. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഈ ഭേദഗതിയിൽ ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നതിനോടൊപ്പംതന്നെ ഒരിക്കൽ കൂടി ആവർത്തിക്കുന്നു, ഇതിന് മോണിറ്ററിംഗ് വേണം, ഇതിന് സാമ്പത്തിക സഹായം നൽകണം, ഈ ആധുനിക ജീവിത സാഹചര്യത്തിൽ പൊതുശ്മശാനമെന്നത് അനിവാര്യമായ പശ്ചാത്തലത്തിൽ പൊതുശ്മശാനങ്ങൾ ശാസ്ത്രീയമായ രീതിയിൽ പണിയുന്നതിനും അതിന്റെ പ്രയോജനം പാവപ്പെട്ടവരുൾപ്പെടെ മുഴുവൻ ആളുകൾക്കും സഹായം ചെയ്തുകൊടുക്കുന്ന തരത്തിൽ പൊല്യൂഷനും മറ്റ് ആരോഗ്യ പ്രശ്നങ്ങളുമില്ലാതെ നമ്മുടെ ശ്മശാനങ്ങൾ ശാന്തിവനങ്ങളാക്കി മാറ്റാൻ ഈ ഭേദഗതിയിലൂടെ സാധിക്കട്ടെ എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയും എന്റെ ഭേദഗതി മൂവ് ചെയ്യുകയും ചെയ്യുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ശ്മശാനങ്ങൾ വീടുകളുടെ അടുത്തുനിന്ന് 50 മീറ്റർ അകലെയായിരിക്കണമെന്നത്, കോൺക്രീറ്റ് മതിലുണ്ടെങ്കിൽ 25 മീറ്റർ മതിയെന്നതാണ് ഈ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. ഇപ്പോൾത്തന്നെ പഞ്ചായത്തുകളിൽ 25 മീറ്ററാണ് നിലവിലെ ദൂരപരിധി, അത് കോർപ്പറേഷനുകളിൽകൂടി ബാധകമാക്കണമെന്ന താണ് ഈ ഭേദഗതി. ഈ ഭേദഗതിയെ ഞാൻ അംഗീകരിക്കുകയാണ്. കേരളത്തിൽ ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ജനങ്ങൾ വളരെയധികം തിങ്ങിപ്പാർക്കുന്ന സംസ്ഥാനമാണ് കേരളം. അതുകൊണ്ട് മരണാനന്തരം ശവം സംസ്കരിക്കുന്നതിനാവശ്യമായ സൗകര്യം നല്ല നിലയിലുണ്ടാക്കേണ്ടതിന്റെ പ്രസക്തിയും പ്രാധാന്യവും ഗവൺമെന്റ് ഉൾക്കൊണ്ടുകൊണ്ട് ശക്തമായ നടപടി സ്വീകരിക്കണം. തൃശ്ശൂർ ജില്ലയിൽ തിരുവില്വാമല പഞ്ചായത്തിലെ പാമ്പാടിയിൽ ആ സമീപ പ്രദേശങ്ങളിലുള്ള എല്ലാ മൃതശരീരങ്ങളും സംസ്കരിക്കുന്ന ഒരു സ്ഥിതി വിശേഷമുണ്ടാകുന്നുണ്ട്. പാലക്കാട് ജില്ലയിലെ ആലത്തൂർ, ചിറ്റൂർ, മണ്ണാർക്കാട് എന്നിങ്ങനെ പാലക്കാട് ജില്ല സമ്പൂർണ്ണമായും ഏറെക്കുറെ തൃശ്ശൂർ ജില്ലയും മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ, പൊന്നാന്നി പ്രദേശങ്ങളിലുൾപ്പെടെയുള്ള മൃതശരീരങ്ങളാണ് അവിടെകൊണ്ടുവന്ന് സംസ്കരിക്കുന്നത്. ചെറിയ തോതിലാണ് തുടങ്ങിയതെങ്കിലും അതിപ്പോൾ വ്യാപാര വാണിജ്യാടിസ്ഥാനത്തിലായി. അത് ആ പ്രദേശത്താകെയൊരു

പ്രശ്നമായി. ഒരു ദിവസം ഏകദേശം 100 മൃതശരീരങ്ങളാണ് അവിടെ ദഹിപ്പിച്ചുക്കൊണ്ടിരിക്കുന്നത്. അത് പരിസര മലിനീകരണത്തിന് കാരണമായി. ശക്തമായ പ്രതിഷേധം ജനങ്ങളുയർത്തികൊണ്ടുവന്നു. പ്രക്ഷോഭ സമരം നടന്നു. പ്രക്ഷോഭ സമരം നടന്ന് അവസാനം ജനങ്ങൾ സംഘടിച്ച് ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ബഹു. ഹൈക്കോടതി അത് തടയുകയും ചെയ്തു. തടഞ്ഞപ്പോൾ പിന്നെ ആ പ്രദേശത്താകെ പ്രശ്നമായി. മരണാനന്തരം മൃതശരീരം സംസ്കരിക്കാൻ കഴിയാത്ത സ്ഥിതി വിശേഷം വന്നപ്പോൾ എല്ലാ പഞ്ചായത്തുകളിലും ചുരുങ്ങിയത് ബ്ലോക്ക് പഞ്ചായത്തുകളിലെങ്കിലും ഒരു ക്രിമറ്റോറിയം വേണമെന്ന ആവശ്യം ശക്തമായി ഉയർന്നുവന്നു.

അപ്പോൾ അതിന് ഫണ്ട് കണ്ടെത്തണം. ഫലപ്രദമായ രൂപത്തിൽ അതുണ്ടാക്കിയെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇതിനാവശ്യമായ ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾതന്നെ സ്വയം കണ്ടെത്തണം. പലയി ടത്തും ഇപ്പോൾ ഇതിന്റെപണി ആരംഭിച്ചിട്ടുണ്ട്. അങ്ങനെ ആരംഭിച്ചിട്ടുള്ള ക്രിമറ്റോറിയങ്ങളുടെ ഫലപ്രദമായ നടത്തിപ്പിന് ആവശ്യമായ സഹായവും പിന്തുണയും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. നമ്മുടെ നാട്ടിൽ ഭൂമിക്ക് ഭയങ്കര വിലയാണ്. സെന്റിന് നാല് അഞ്ച് എന്നൊക്കെ പറഞ്ഞാൽ നാലായിരം അയ്യായിരം എന്ന് തോന്നുമെങ്കിലും നാല് ലക്ഷവും അഞ്ചു ലക്ഷവുമൊക്കെയാണ് പറയുന്നത്. അതുകൊണ്ട് പൊതു സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ഭൂമി കിട്ടാനില്ല. പക്ഷേ ഇതിന് ഇഷ്ടംപോലെ സ്ഥലമുണ്ട്. എല്ലാ പഞ്ചായത്തുകളിലും വളരെ നേരത്തെതന്നെ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികൾ ഫണ്ടുപയോഗിച്ച് സ്ഥലം വാങ്ങിയിട്ടുണ്ട്. അവിടെ ഇത് നല്ല നിലയിൽ പ്രവർത്തിപ്പിക്കാൻ കഴിയും എന്നുള്ളതൊരു വസ്തുതയാണ്. ഭൂമി കിട്ടാതെ പല സ്ഥാപനങ്ങളും നടത്തി കൊണ്ടുപോകാൻ കഴിയാതിരിക്കുന്ന അവസരത്തിലും ഇതിന് ഭൂമി ആവശ്യാനുസരണം ലഭ്യമാണ്. അതുകൊണ്ട് ഗവൺമെന്റിന്റെ സഹായവും പിന്തുണയുമുണ്ടെങ്കിൽ ഇത് വളരെ ഫലപ്രദമായ രൂപത്തിൽ നടപ്പിലാക്കാൻ കഴിയും. അതിനാവശ്യമായ പൊതുവായ സമീപനം സ്വീകരിക്കണമെന്നാണ് ഈ ബില്ലുമായി ബന്ധപ്പെടുത്തി എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ ബില്ലിനെക്കുറിച്ച് ധാരാളം കാര്യങ്ങൾ ഇവിടെ ഒരുപാടുപേർ വളരെ വിശദമായി സംസാരിച്ചതുകൊണ്ട് ഞാൻ അതിന്റെ മറ്റുകാര്യങ്ങളി ലേയ്ക്കൊന്നും പോകുന്നില്ല. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ നാടിന്റെ പൊതുവായ വികസനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് നടക്കുന്നത്. മുനിസിപ്പാലിറ്റി, പഞ്ചായത്ത്, ഗ്രാമവികസനം എന്ന് മൂന്നാക്കി മൂന്നുകാലുള്ള ഒരപൂർവ്വ ജീവിയായിട്ടാണ് ഇപ്പോൾ നമ്മുടെ നാട്ടിലെ പൊതുവായ വികസനം മുന്നോട്ടുപോയിക്കൊണ്ടിരിക്കന്നത് എന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. അതിന്റേതായ സ്തംഭനാവസ്ഥ ഈ മേഖലയിൽ വന്നിട്ടുണ്ട്. നഗരസഭകൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ജീവനക്കാരു ടെയും തൊഴിലാളികളുടെയും ശമ്പളം, പെൻഷൻ, സർക്കാർ സ്ഥാപനങ്ങ ളുടെ നടത്തിപ്പ് എന്നിവയ്ക്ക് മുനിസിപ്പാലിറ്റികളിൽ ഫണ്ടില്ല. സർക്കാർ ജോലി എന്നത് നമ്മുടെ നാട്ടിലെ യുവാക്കളുടെ ആകർഷകമായിട്ടുള്ള ഒരു മേഖലയാണ്. അങ്ങനെ ജോലി കിട്ടുന്ന ആളുകൾ ചില മുനിസിപ്പാലിറ്റി കളിൽ പോകാൻ താല്പര്യം കാണിക്കുന്നില്ല. എന്താണെന്നുവച്ചാൽ പോയി

ജോലിചെയ്താൽ ശമ്പളം കിട്ടില്ല. ശമ്പളം കിട്ടാതെ പിന്നെ ജോലിചെയ്തിട്ട് എന്തെങ്കിലും കാര്യമുണ്ടോ? അപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി പ്രവർത്തിക്കുന്നതിനാവശ്യമായ ഫണ്ടില്ലാത്ത സ്ഥിതിവിശേഷമുണ്ട്. അതിന്റെ ഭാഗമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. നഗരസഭകൾക്ക് കോടിക്കണക്കിന് രൂപ കൊടുക്കാനുണ്ട്. അതും ശരിയായ രൂപത്തിൽ നിർവ്വഹിക്കാൻ കഴിയണം. ഫലപ്രദമായ രൂപത്തിലുള്ള ഏകോപനം ഇല്ലാത്തതിന്റെ ഭാഗമായിട്ടാണ് ഇതിനൊന്നും കഴിയാത്തത്. സംസ്ഥാനത്താകമാനം നഗരസഭകൾക്ക് ശമ്പളത്തിനും പെൻഷനുമായിട്ടുള്ള വാർഷികച്ചെലവ് ഏകദേശം 210 കോടി രൂപ വേണ്ടിവരും. തൊഴിൽ നികുതി, കെട്ടിട നികുതി, വിനോദ നികുതി എന്നിവയാണ് മുനിസിപ്പാലിറ്റികളുടെ ആകെ വരുമാനമെന്നു പറയുന്നത്. ഇത് വളരെ പരിമിതമാണ്. ഇത്തരം പരിമിതമായ വരുമാനംകൊണ്ട് ഫലപ്രദമായ രൂപത്തിൽ മുനിസിപ്പാലിറ്റികൾ നടത്തികൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. സ്കൂളുകൾ, ആശുപത്രികൾ, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, കൃഷിഭവനുകൾ എന്നിവയുടെ നടത്തിപ്പും മുനിസിപ്പാലിറ്റികളെ സംബന്ധിച്ചിടത്തോളം ബാധ്യതയായി മാറിയിരിക്കുകയാണ്. ഇതിന്റെ ഭാഗമായി മുനിസിപ്പാലിറ്റികൾ ഇപ്പോൾ പ്രതിസന്ധിയിലാണ്. ഇപ്പോൾ ശമ്പളം കിട്ടാൻ മുനിസിപ്പാലിറ്റിയിലെ ജീവനക്കാരും കണ്ടിജൻസി ജീവനക്കാരും തമ്മിലടിയാണ്. കാരണം ആദ്യം പണം വരുമ്പോൾ അത് ആർക്ക് കൊടുക്കണമെന്നതിനെ സംബന്ധിച്ച് വീതം വയ്പുമായി ബന്ധപ്പെടുത്തിയുള്ള സംഘർഷമുണ്ട് എന്നൊരു വാർത്ത കണ്ടു. ഈയടുത്തകാലത്ത് ഒരു മുനിസിപ്പാലിറ്റിയുടെ ചെയർമാൻ ഭാര്യയുടെ സ്വർണ്ണം പണയം വച്ച്

മുനിസിപ്പാലിറ്റിയുടെ ചെലവിനുവേണ്ടി പണംകൊടുത്തുവെന്ന് ഏതോ ഒരു പത്രത്തിൽ ഞാൻ വായിച്ചു. ഒരു ജനപ്രതിനിധി ആകുക എന്നതൊരു മഹാകാര്യം തന്നെ. അതിനിടയിൽ ഇത്തരം ഉത്തരവാദിത്വങ്ങൾകൂടി ഏറ്റെടുക്കേണ്ട മോശമായിട്ടുള്ള ഒരു സ്ഥിതിവിശേഷം നമ്മുടെ മുനിസിപ്പാലിറ്റികളിൽ നിലനിൽക്കുന്നുവെന്നത് വളരെ ഗൗരവമായ പരിശോധനയ്ക്കും ചർച്ചയ്ക്കും വിധേയമാക്കേണ്ടതാണ് എന്ന അഭിപ്രായമാണ് എനിക്കിതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. അതുപോലെ കേരളത്തിൽ നേരത്തെപറഞ്ഞ ഭൂമിയുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ കൂട്ടത്തിൽതന്നെ 'യു.ഡി.എഫ്. ഭരണത്തിൽ അനധികൃത കെട്ടിടങ്ങൾ, അഴിമതിക്കാർക്ക് ചാകര' എന്ന് ഒരു പത്രത്തിന്റെ ഹെഡ്‌ലൈനായി കണ്ടു. ആ പത്രം എന്റെ കയ്യിലുണ്ട്. നഗരാസൂത്രണ വകുപ്പിലെ അനധികൃത കെട്ടിടങ്ങൾ നിയമാനുസൃതമാക്കാൻ സർക്കാർ നടത്തുന്ന ശ്രമം സുപ്രീംകോടതി ഉത്തരവിന്റെ ലംഘനമാണ്. മുംബൈ കോർപ്പറേഷന്റെ പരിധിയിലുള്ള ഇഷാ ഏകതാ ഹൗസിംഗ് സൊസൈറ്റി സമർപ്പിച്ച ഹർജിയിൽ സുപ്രീംകോടതി നടത്തിയ പരാമർശം ഇതിന് തെളിവാണ്. സുപ്രീംകോടതി ശക്തമായിട്ടുള്ള നിലപാടാണ് ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. അനധികൃത കെട്ടിടങ്ങൾ അധികൃതമാക്കാൻ നടത്തുന്ന ശ്രമങ്ങളെ സുപ്രീംകോടതി നിശിതമായിട്ടാണ് വിമർശിച്ചിട്ടുള്ളത്. ഈ വിമർശനം നിലനിൽക്കെ കേരളത്തിൽ ഇത്തരം ഒരു നീക്കം നടത്തുന്നത് അഭികാമ്യമല്ല. വികസിത രാജ്യങ്ങളിലെല്ലാം നഗരസഭകളുടെ വികസനത്തിന് മാസ്റ്റർ പ്ലാനുകളിൽ പരമപ്രാധാന്യം നൽകുകയാണ്. എന്നാൽ ഭരണസമിതിയെ ഉപയോഗിച്ച് ഇവിടെ അവ അട്ടിമറിക്കുന്നതിനാവശ്യമായ

സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരു വ്യക്തി സ്വന്തം ആവശ്യത്തിന് വീടു വയ്ക്കുന്നതും ബിൽഡർ വലിയ കെട്ടിടം നിർമ്മിക്കുന്നതും രണ്ടും രണ്ടാണ്. വ്യക്തി അറിവില്ലായ്മകൊണ്ട് ചിലപ്പോൾ അത്തരം നിലപാട് സ്വീകരിച്ചേയ്ക്കാം. പക്ഷേ ഒരു കെട്ടിട നിർമ്മാതാവ് ബോധപൂർവ്വം നിയമം ലംഘിച്ചാണ് കെട്ടിടങ്ങൾ വയ്ക്കുന്നത്. അത് നിയമാനുസൃതമാക്കുകയെന്നുപറഞ്ഞാൽ അതൊരിക്കലും അംഗീകരിക്കാൻ കഴിയില്ല. ഇതിലെന്തെല്ലാമാണ് സംഭവിക്കുന്നതെന്നതിനെ സംബന്ധിച്ച് ഗൗരവമായി അന്വേഷിക്കണം, ആവശ്യമായ നടപടി സ്വീകരിക്കണം. ഇത് കേരളത്തിലെ ഫ്ളാറ്റ് നിർമ്മിക്കുന്ന ലോബിയെ സഹായിക്കാനുള്ള ഒരു നീക്കമാണ് എന്ന ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. പത്രവാർത്തകളുടെ അടിസ്ഥാനത്തിലാണ് ഞാനിത് പറയുന്നത്. സംസ്ഥാനത്ത് നിരവധി അനധികൃത കെട്ടിടങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട് എന്ന രീതിയിലുള്ള വാർത്തകളും വന്നിട്ടുണ്ട്. നിലവിലുള്ള നിയമങ്ങൾ കാറ്റിൽ പറത്തിയാണ് ഇത്തരം പരിപാടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നത് എന്നത് വളരെ ഗുരുതരമായ പ്രശ്നമാണ്. ഒരിഞ്ചുപോലും പാർക്കിംഗ് സൗകര്യമില്ലാത്ത കെട്ടിടങ്ങളും അധികൃതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. അപ്രോച്ച് റോഡ് ഇല്ലാത്ത കെട്ടിടങ്ങൾ, റോഡില്ലാതെ ഒരു കാര്യവും നടക്കില്ലല്ലോ. വാഹന ഗതാഗതം സുഗമമായി നടത്തുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഇല്ലാത്ത കെട്ടിടങ്ങളെ ഉൾപ്പെടെ നിയമാനുസൃതമാക്കുന്നതിന് ആവശ്യമായിട്ടുള്ള നിലപാടുകൾ സ്വീകരിക്കുന്നുവെന്ന പത്രവാർത്തകൾ വന്നിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കൊണ്ടുവന്ന കടുത്ത നിബന്ധനകൾ ഉൾപ്പെടെ ഒഴിവാക്കിയിട്ടാണ് ഇത്തരം

ഉദാരമായ സമീപനം സ്വീകരിക്കുന്നത്. അതെന്തായാലും പരിശോധിക്കേണ്ട താണ്. അതുപോലെ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ താല്പര്യം കാണിക്കാത്ത സർക്കാർ ഈ കാര്യത്തിന് അമിതവേഗതയിൽ ആവശ്യങ്ങ ളെല്ലാം അംഗീകരിച്ചുകൊണ്ട് ഇത് നടപ്പിലാക്കുന്നതിനാവശ്യമായ നീക്കങ്ങളു ണ്ടായതായി പത്രങ്ങളിൽ വളരെ പ്രധാനപ്പെട്ട വാർത്തയായി വന്നിട്ടുണ്ട്. ഇതുൾപ്പെടെയുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലു ണ്ടാകണം. മന്ത്രി എന്തെങ്കിലും ചെയ്തുവെന്ന വ്യക്തിപരമായ അഭിപ്രായം എനിക്കില്ല. പക്ഷേ പത്രങ്ങളിൽ വളരെ സീരിയസ്സായ വാർത്ത വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാന്യനായ മന്ത്രി ഇടപെടണം. കേരളത്തിലെ മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പ്രവർത്തനം ഫലപ്രദമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഈ ഭേദഗതിയിൽ പറയുന്ന കാര്യങ്ങൾ ഫലപ്രദമായ രൂപത്തിൽ നടപ്പിലാക്കുന്ന തിന് നടപടി സ്വീകരിക്കണം. ഇവിടെ മറ്റ് ബഹുമാനപ്പെട്ട അംഗങ്ങൾ സൂചി പ്പിച്ചതുപോലെ ശവം സംസ്കരിക്കുന്നതിനാവശ്യമായ മാതൃകാ കേന്ദ്രങ്ങൾ ഉണ്ടാക്കണം. പണ്ടൊക്കെ നാട്ടിൻപുറത്ത് ഇത്തരം കേന്ദ്രങ്ങൾക്ക് ചുടുകാട് എന്നാണ് പറയുന്നത്. ആ വഴിക്ക് ആരും പോകില്ല. എന്നാൽ ഇപ്പോൾ ആ പ്രശ്നമില്ല. ഭൂമിക്ക് വിലകൂടുതലായതുകൊണ്ടും ഭൂമി കിട്ടാത്തതുകൊണ്ടും ഇങ്ങനെയുള്ള സ്ഥലങ്ങളിൽപോയി താമസിക്കാൻ ജനങ്ങൾ തയ്യാറാകു ന്നുണ്ട്. ഇത് കുറച്ചുകൂടി നല്ല രീതിയിൽ നടത്തിയാൽ ഫലപ്രദമായ രൂപത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. ആ നിലയിലുള്ള ഒരു സമീപനം സ്വീകരിക്കണം എന്നാണ് ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഇതൊരു ചെറിയ ഭേദഗതിയായിരുന്നു. പക്ഷേ ഇവിടെ മെമ്പർമാർ മുനിസിപ്പാലിറ്റികളിലെ എല്ലാ കാര്യങ്ങളെക്കുറിച്ചും സംസാരിച്ചു. അതുകൊണ്ട് അതിനെപ്പറ്റി മറുപടി പറയാതിരിക്കുന്നത് ശരിയല്ല. ശ്രീമതി ഇ. എസ്. ബിജിമോൾ മുതൽ ശ്രീ. വി. ചെന്താമരാക്ഷൻ വരെ പറഞ്ഞതിൽ ഒന്നോ രണ്ടോ ആൾക്കാർ മാത്രമാണ് ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിച്ചത്. മറ്റുള്ളവരൊക്കെ മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള എല്ലാ കാര്യങ്ങളും പറഞ്ഞു. അത് രേഖയിൽ കിടക്കുന്നതുകൊണ്ട് അതിനൊരു മറുപടി പറയാതിരിക്കാൻ നിവൃത്തിയില്ല. ഇവിടെ ശ്രീമതി ഇ.എസ്. ബിജിമോൾ പറഞ്ഞുതുടങ്ങിയത് നമ്മുടെ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ടിനെക്കുറിച്ചാണ്. 1957 മുതൽ നമ്മുടെ സംസ്ഥാനത്ത് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് ഉണ്ടാക്കാൻ ശ്രമിച്ചിട്ട് കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ അതൊരു ഓർഡിനൻസായി ഇറക്കിയെന്നല്ലാതെ അതിനിടയിലുള്ള വർക്കുകൾ മുഴുവനും പെൻഡിംഗായി കിടക്കുകയായിരുന്നു. ഇപ്പോൾ നമുക്ക് ഒരു ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് നിലവിലുണ്ടെന്നാണ് പറയാനുള്ളത്. രണ്ടാമതായി മെമ്പർ പറഞ്ഞത് ക്രിമറ്റോറിയം നിർമ്മിക്കുമ്പോൾ അതിനു ചുറ്റുമുള്ള ഭാഗം 25 മീറ്റർ ആക്കുകയാണെങ്കിൽ കുറേയധികം വേസ്റ്റ് പുറന്തള്ളാൻ കഴിയും അതുകൊണ്ട് വലിയ പ്രശ്നമുണ്ടാകില്ല. പക്ഷേ ഇതു പോലുള്ള മോഡേൺ ക്രിമറ്റോറിയത്തിൽ അതായത് ഗ്യാസ് ക്രിമറ്റോറിയമാണെങ്കിലും ഇലക്ട്രിക് ക്രിമറ്റോറിയമാണെങ്കിലും പുകയല്ലാതെ പുറത്തേയ്ക്ക് മറ്റൊന്നും വരില്ല. ആ പുകതന്നെ ശുദ്ധീകരിച്ചിട്ടാണ് പുറത്തേയ്ക്കുവിടുന്നത്. അതുകൊണ്ട് ആ പുകയ്ക്ക് വലിയ സ്മെല്ലൊന്നു

മുണ്ടാകില്ല. കേരളത്തിലെ പല മുനിസിപ്പാലിറ്റികളിലും ഇന്ന് നല്ലരീതിയിൽ ഇതുപോലുള്ള ക്രിമറ്റോറിയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ശ്രീ. രാജു എബ്രഹാം പാർക്കിംഗിനെക്കുറിച്ചും വേസ്റ്റിനെക്കുറിച്ചുമൊക്കെ വളരെയധികം സംസാരിച്ചു. പാർക്കിംഗ് ഇന്ന് കേരളത്തിൽ വലിയൊരു പ്രശ്നം തന്നെയാണ്. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമൊക്കെ പുതിയതായിട്ടുള്ള പാർക്കിംഗ് അതായത് മെക്കനൈസ്ഡ് പാർക്കിംഗ് അവലംബിക്കാൻ പറഞ്ഞിട്ടുണ്ട്. സ്ഥലമുണ്ടെങ്കിൽ അതിനു വേണ്ട സാമ്പത്തിക സഹായം നൽകാൻ കഴിഞ്ഞ ബഡ്ജറ്റിൽ സംഖ്യ വകയിരുത്തിയിരുന്നു. പക്ഷേ ആരും അതിന് മുന്നോട്ടുവന്നിട്ടില്ലായെന്നുള്ളതാണ് വസ്തുത. വിളപ്പിൽശാലയുടെ വേസ്റ്റിനെപ്പറ്റി പറഞ്ഞു. വിളപ്പിൽശാല പൂട്ടാനുണ്ടായ കാര്യങ്ങളൊക്കെ നമ്മൾ പല പ്രാവശ്യം ഇവിടെ ചർച്ച ചെയ്തതാണ്.. അതുകൊണ്ട് ഞാൻ അതിനെപ്പറ്റി പറയുന്നില്ല. എന്നാൽ അവിടെയൊരു മോഡേൺ പ്ലാന്റുണ്ടാക്കാൻവേണ്ടിയുള്ള എല്ലാ കാര്യങ്ങളും തീരുമാനിച്ചു. അതിന്റെ കടലാസ്സുകൾ നഗരസഭയ്ക്ക് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ അവരത് കുറേ കാര്യങ്ങളുണ്ടെന്നൊക്കെ പറഞ്ഞ് കുറേക്കാലം താമസിപ്പിച്ചു. അക്കാര്യങ്ങളൊക്കെ പത്രങ്ങളിൽക്കൂടി നിങ്ങൾ അറിഞ്ഞിട്ടുള്ളതാണ്. വളരെ താമസിച്ചാണ് നമുക്ക് ആ കടലാസ്സുകളൊക്കെ മടക്കികിട്ടിയത്. അപ്പോഴേക്കും എഗ്രിമെന്റ് സൈൻ ചെയ്ത പാർട്ടി അതുപേക്ഷിച്ചുപോയി. അതിനാൽ ഞങ്ങൾക്കത് ക്യാൻസൽ ചെയ്യേണ്ടി വന്നു. ഇപ്പോൾ അത് കെ.എസ്.ഐ.ഡി.സി.-യെ ഏൽപ്പിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. അവിടെയൊരു പുതിയ പ്ലാന്റുണ്ടാക്കാനുള്ള ശ്രമവുമായി മുന്നോട്ടു പോകുന്നുണ്ട്. എറണാകുളത്ത് കിറ്റ്കോയെ ഏൽപ്പിച്ചിട്ടുണ്ട്.

എറണാകുളത്ത് ഇത് വളരെപ്പെട്ടെന്നുതന്നെ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മുട്ടത്തറ പ്ലാന്റിനെപ്പറ്റി ഇവിടെ പറഞ്ഞു. സ്വാതന്ത്ര്യലബ്ധിക്കുശേഷം കേരളത്തിൽ ആദ്യമായി ആരംഭിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റാണ് മുട്ടത്തറ പ്ലാന്റ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര സർക്കാരിന്റെ സഹായം ലഭിച്ചു, ഈ സർക്കാരാണ് അതിന്റെ വികസനം ആരംഭിച്ചത്. ഒരു ദിവസം 107 മില്യൺ ലിറ്ററാണ് ആ പ്ലാന്റിൽ ട്രീറ്റ്മെന്റ് നടത്തുന്നത്. വളരെ നല്ലരീതി യിലുള്ള മനോഹരമായ പ്ലാന്റാണത്. അതിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് ചില പ്രശ്നങ്ങളുണ്ടായി. സർക്കാർ വളരെ താൽപ്പര്യപൂർവ്വമാണ് ഇതെടു ത്തത്. കൊല്ലം കോർപ്പറേഷൻ, കൊച്ചി കോർപ്പറേഷൻ, കോഴിക്കോട് കോർപ്പറേഷൻ എന്നിവിടങ്ങളിലെല്ലാം പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ ജന ങ്ങൾ വലിയ എതിർപ്പ് പ്രകടിപ്പിക്കുന്നുണ്ട്. ഈ പ്ലാന്റ് ഉദ്ഘാടനം ചെയ്ത് നല്ല രീതിയിൽ പ്രവർത്തിപ്പിച്ചാൽ ജനങ്ങൾക്ക് ഇതിനെതിരെയുള്ള എതിർപ്പ് കുറയുമെന്നതിന്റെ അടിസ്ഥാനത്തിലാണ് അവിടെ നല്ലൊരു ഗ്രീനറി ഗാർഡ നും ഒരു പാർക്കും രൂപാന്തരപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഈ പ്ലാന്റ് ഏറ്റെ ടുക്കാനുള്ള ശ്രമം നടത്തുകയാണെന്ന് തെറ്റിദ്ധരിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അത് ഉപേക്ഷിച്ചു. 73, 74 ഭരണഘടനാ ഭേദഗതി പ്രകാരം ഈ അധികാരങ്ങളെല്ലാം കോർപ്പറേഷനുകൾക്കും പഞ്ചായത്തുകൾക്കും മുനിസി പ്പാലിറ്റികൾക്കുമാണ് കൊടുത്തിട്ടുള്ളത്. പക്ഷേ നാട്ടിലുള്ള പ്രശ്നങ്ങൾ പരിഹരിക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് സർക്കാർ

അതിൽ അമിതമായ താല്പര്യമെടുത്തത്. അല്ലാതെ അവരുടെ അധികാരങ്ങളൊന്നും കവർന്നെടുത്തതല്ല.

ഫ്ളാറ്റ് നിർമ്മാണത്തെക്കുറിച്ചാണ് കൂടുതൽ ആൾക്കാരും സംസാരിച്ചത്. 2010-ൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പുതിയ നിയമം വന്നതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾ വളരെ പ്രയാസപ്പെട്ടുണ്ടാക്കേണ്ട സ്ഥിതി വന്നു. അതിൽ കുറേയധികം സ്ട്രിക്ടായിട്ടുള്ള നിബന്ധനകളുണ്ടായിരുന്നു. കേരളം പോലുള്ള സ്ഥലത്ത് ഒരിക്കലും അതൊന്നും പ്രാക്ടിക്കലല്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുമ്പുണ്ടായിരുന്ന നിയമത്തിലേയ്ക്ക് പോയത്. 2010-ലെ അമെന്റ്മെന്റിലുണ്ടായിരുന്ന നല്ലനല്ല കാര്യങ്ങൾ നിലനിർത്തിക്കൊണ്ടാണ് പഴയ നിയമത്തിലേയ്ക്ക് പോയത്. അതല്ലാതെ പുതിയ നിയമമുണ്ടാക്കി കൂടുതൽ റിലാക്സേഷൻ കൊടുത്തിട്ടില്ല. പാർക്കിംഗ് പോലുള്ള കാര്യങ്ങളിൽ കുറച്ചുകൂടി സ്ട്രിക്ടായിട്ടുള്ള നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വേറൊരു കാര്യം ഇവിടെ പറഞ്ഞത്, പഴയ കാലത്ത് കെട്ടിടത്തിന്റെ നാലു ഭാഗത്തും അഞ്ച് മീറ്റർ വിട്ടുകൊടുക്കണമെന്ന വ്യവസ്ഥ മാറ്റി ഇപ്പോൾ കെട്ടിടത്തിന്റെ രണ്ട് ഭാഗത്തുമാത്രമാണ് അഞ്ചുമീറ്റർ വീതം വിട്ടുകൊടുക്കേണ്ടതെന്ന വ്യവസ്ഥ ഏർപ്പെടുത്തി എന്നാണ്. അഞ്ച് മീറ്റർ വീതം കെട്ടിടത്തിന്റെ നാലുഭാഗത്തും വിട്ടതുകൊണ്ട് പ്രത്യേകിച്ച് കാര്യമൊന്നുമില്ല. അഞ്ച് മീറ്റർ റോഡിൽക്കൂടി ഒരു ബിൽഡിംഗിന് ചുറ്റും ഒരു ഫയർ എഞ്ചിനും പോകാൻ പറ്റില്ലെന്ന കാര്യം നമുക്കെല്ലാം അറിയാവുന്നതാണ്. അതുകൊണ്ട് രണ്ട് സൈഡ് മാത്രം - ഫ്രണ്ടിലും അതിനോടനുബന്ധിച്ചുള്ള ഒരു സൈഡിലും മാത്രം - അഞ്ച് മീറ്റർ വിട്ടുകൊടുത്താൽ മതിയെന്ന നിബന്ധനയാണ് ഏർപ്പെടുത്തിയത്. അതല്ലാതെ പത്രങ്ങളിൽ പറയുന്നതുപോലൊന്നും ചെയ്തിട്ടില്ല.

വേറൊരു കാര്യം പറഞ്ഞത്, ചോദ്യങ്ങൾക്കുള്ള മറുപടി, പ്രത്യേകിച്ചും ബിൽഡിംഗ് റൂൾസിനെപ്പറ്റിയുള്ള ചോദ്യങ്ങളുടെ മറുപടിയൊന്നും കിട്ടുന്നി ല്ലെന്ന് പറഞ്ഞു. ഇന്ന് സഭയിൽ നൽകേണ്ട മറുപടി മുഴുവനും ഞാൻ ഇന്നലെത്തന്നെ ഒപ്പിട്ട് കൊടുത്തിട്ടുണ്ട്. ടൈപ്പ് ചെയ്ത് കിട്ടുന്നതിലെ കാലതാമസം കൊണ്ടായിരിക്കാം മറുപടി കിട്ടാതിരിക്കുന്നത്. അല്ലാതെ ഇതിൽ നിന്ന് ഒളിച്ചോടാനും പ്രസംഗിക്കാതിരിക്കാനുംവേണ്ടി കരുതിക്കൂട്ടി മറുപടി കൊടുക്കാതിരിക്കുന്നതല്ല.

മറ്റൊരു കാര്യം പറഞ്ഞത്, ജനന-മരണ സർട്ടിഫിക്കറ്റുമായി ബന്ധപ്പെ ട്ടാണ്. ഇന്നലെ ഒരു പത്രത്തിൽ, ജനന-മരണ സർട്ടിഫിക്കറ്റിൽ കാര്യമായ അഴിമതി നടക്കുന്നുണ്ടെന്ന വാർത്ത വന്നു. കൊച്ചിൻ കോർപ്പറേഷനെപ്പറ്റി യാണ് പത്രത്തിൽ പറഞ്ഞിട്ടുള്ളത്. കൊച്ചിൻ കോർപ്പറേഷൻ 2008-ൽ, അതായത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ എട്ടുകോടി രൂപയുടെ ഒരു ഡി.പി.ആർ. കേന്ദ്ര സർക്കാരിന് അയച്ചുകൊടു ത്തു. എട്ടുകോടി രൂപയുടെ ഡി.പി.ആർ. കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചു. 50% സർക്കാരും 50% കോർപ്പറേഷനും ചെലവാക്കിക്കൊണ്ട് മുഴുവനും കമ്പ്യൂട്ടറൈസ്ഡ് ചെയ്യുകയാണ്. അവിടെയുള്ള പഴയ കമ്പ്യൂട്ടറുകൾ മുഴുവനും മാറുകയാണ്. ഏകദേശം 60% ഹാർഡ്‌വെയറിനും 20% സോഫ്റ്റ്‌വെയറിനും 20% ജീവനക്കാരെ ട്രെയിൻ ചെയ്യാനുംവേണ്ടിയാണ് ആ സംഖ്യ നീക്കിവച്ചിട്ടുള്ളത്. ഐ.കെ.എം.-നോട് സോഫ്റ്റ്‌വെയറിലുള്ള ജനന -മരണ സർട്ടിഫിക്കറ്റിന്റെ ഡീറ്റെയ്ൽസ് കൊടുക്കാൻ പറഞ്ഞു. സ്റ്റാഫിന്റെ കുറവും മറ്റ് പ്രശ്നങ്ങളുംകൊണ്ട് കുറച്ച് സമയം വൈകിയതിന്റെ അടിസ്ഥാ നത്തിൽ അത് കൊടുക്കാൻ സാധിച്ചില്ല. 2008-ൽ കഴിഞ്ഞ സർക്കാരിന്റെ

കാലത്താണ് ഇതിന്റെ എഗ്രിമെന്റ് വച്ചത്. ഈ സർക്കാരിന് അതിൽ യാതൊരു പങ്കില്ല എന്നുകൂടി ഞാൻ അറിയിക്കുകയാണ്.

വേറൊരു കാര്യം, അറവുശാലയ്ക്ക് ഫണ്ട് അനുവദിക്കണമെന്ന് പറഞ്ഞു. കഴിഞ്ഞ ബഡ്ജറ്റിൽ പത്ത് കോടി രൂപയാണ് അറവുശാലയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ളത്. 15-ഓളം മുനിസിപ്പാലിറ്റികൾ അതിനുവേണ്ടി അപ്ലൈ ചെയ്തിട്ടുണ്ടായിരുന്നു. 10 ലക്ഷവും 20 ലക്ഷവും വീതം പലർക്കും കൊടുത്തിട്ടുണ്ട്. ആവശ്യപ്പെടുന്ന എല്ലാവർക്കും ഫണ്ട് കൊടുക്കാൻ തയ്യാറാണ്, ഇപ്പോഴും ഫണ്ട് ബാക്കിയുണ്ട്.

സാമ്പത്തികമായി പിന്നിൽ നിൽക്കുന്ന മുനിസിപ്പാലിറ്റികൾക്ക് ആവശ്യമുണ്ടെങ്കിൽ അവരുടെ ക്രിമറ്റോറിയം നവീകരിക്കാനുള്ള ഫണ്ടും സർക്കാർ നൽകുന്നതാണെന്നതുകൂടി അറിയിക്കുകയാണ്. ഈ ആവശ്യത്തിനുവേണ്ടി 10 ലക്ഷം രൂപ വരെ ഗവൺമെന്റ് കൊടുക്കുന്ന ഒരു പദ്ധതിയുമായി ഞങ്ങൾ മുന്നോട്ട് പോകുകയാണ്.

വേറൊരു കാര്യം ഇവിടെ പറഞ്ഞത്, തെരുവ് നായ്ക്കളെക്കുറിച്ചാണ്. തിരുവനന്തപുരത്ത് എല്ലാ സ്ഥലത്തും പ്രത്യേകിച്ചും എം.എൽ.എ. ഹോസ്റ്റലിലും ഇത് വളരെ വലിയ പ്രശ്നമാണ്. കേരളത്തിൽ ഏകദേശം അഞ്ച് ലക്ഷത്തോളം തെരുവ് നായ്ക്കളുണ്ടെന്നാണ് കണക്കാക്കുന്നത്.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: സർ, തെരുവ് നായ്ക്കളുടെ കാര്യം പറയുമ്പോൾ എം.എൽ.എ. ക്വാർട്ടേഴ്സിലെ ഫ്ളാറ്റിന്റെ വാതിൽ തുറക്കുമ്പോൾ അവയെ ചവിട്ടുന്ന സ്ഥിതിയുണ്ട്. ഇതിന് എന്തെങ്കിലും പരിഹാരം കണ്ടില്ലെങ്കിൽ അപകടമുണ്ടാകും.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: മൂന്നുദിവസം മുമ്പ് നിയമസഭയുടെ പുറത്തുവച്ച് ഒരു കുഞ്ഞിനെ തെരുവ് നായ കടിച്ചുവെന്ന് കേട്ടിരുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, അലഞ്ഞുതിരിയുന്ന തെരുവ് നായ്ക്കളെ പിടിക്കുന്നവർക്കെതിരായി കേസെടുക്കുമെന്നും അവരെ ജയിലടക്കുമെന്നുമുള്ള രീതിയിൽ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഹെൽത്ത് പ്രിൻസിപ്പൽ സെക്രട്ടറി ഒരു സർക്കുലർ അയച്ചതായി ഈയടുത്ത ദിവസം തിരുവനന്തപുരം മേയർ സൂചിപ്പിച്ചു. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. മഞ്ഞളാംകുഴി അലി: തിരുവനന്തപുരം മേയർ പറയുന്ന കാര്യങ്ങളിൽ അഭിപ്രായം പറയാൻ ഞാൻ ആളല്ലെന്നുമാത്രമാണ് അതിനെപ്പറ്റി പറയാനുള്ളത്.

ശ്രീ. സി. ദിവാകരൻ: സർ, ......(മൈക്ക് ഓഫ്)...... ഹെൽത്ത് സെക്രട്ടറിയുടെ ഉത്തരവുണ്ടോ എന്നാണ് ചോദിച്ചത്.

ശ്രീ. മഞ്ഞളാംകുഴി അലി: ഹെൽത്ത് സെക്രട്ടറിയുടെ ഉത്തരവുണ്ടോയെന്ന് എനിക്കറിയില്ല. ഈ വിഷയത്തിൽ സർക്കാർ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ പറയാം. കേരളത്തിൽ ഏകദേശം അഞ്ച് ലക്ഷത്തോളം തെരുവ് നായ്ക്കളുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇത് ഭാവിയിൽ വലിയ പ്രശ്നമാകാൻ പോകുകയാണ്. ഇപ്പോൾത്തന്നെ അതിനെ കൺട്രോൾ ചെയ്തില്ലെങ്കിൽ......, തെരുവ് നായ്ക്കളെ കൺട്രോൾ ചെയ്ത ഏക ഇന്ത്യൻ സംസ്ഥാനം ഗോവയാണ്. സുപ്രീം കോടതി തെരുവ് നായ്ക്കളെ കൊല്ലുന്നത് നിയന്ത്രിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഓരോരോ വർഷം കഴിയുന്തോറും ഇതിന്റെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. ഒരു നായയുടെ ആവറേജ് വയസ് 12 വർഷമാണെന്നാണ് പറയപ്പെടുന്നത്. അതിങ്ങനെ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിൽത്തന്നെ തെരുവുനായ ഓടിച്ചതിനെത്തുടർന്ന് മോട്ടോർ സൈക്കിളിൽ നിന്ന് വീണുമരിച്ച സംഭവമുണ്ടായിട്ടുണ്ട്.

അതുപോലെതന്നെ കുട്ടികളെ തെരുവ് നായ്ക്കൾ കടിച്ച സംഭവമുണ്ടായിട്ടുണ്ട്. ഇതൊരു വലിയ പ്രശ്നമായി മാറിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയുടെ പരിഗണനയിലുള്ള കേസിൽ കക്ഷി ചേരാൻവേണ്ടി എ.ജി.-യോട് ആവശ്യപ്പെടുകയും നമ്മൾ കക്ഷി ചേരുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, ഞങ്ങൾ പ്ലാൻ ചെയ്യുന്നത് എന്താണെന്നുവച്ചാൽ ഒഴിഞ്ഞ സ്ഥലത്ത് 10-15 ഏക്കറിൽ കെന്നൽ നിർമ്മിച്ച് പ്രധാനമായും നഗരങ്ങളിലുള്ള തെരുവ് നായ്ക്കളെ മുഴുവനും വന്ധ്യംകരിച്ച് ഭക്ഷണം കൊടുത്ത് അവിടെത്തന്നെ നിർത്തി ക്രമേണ അതിന്റെ എണ്ണം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. അതേസമയംതന്നെ രോഗമുള്ള തെരുവ് നായ്ക്കളെ കൊല്ലാം, അതിന് സുപ്രീംകോടതി വിധിയുണ്ട്. അതുകൂടി വരികയാണെങ്കിൽ ഈ പ്രശ്നം കൺട്രോൾ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനുള്ള സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുവേണ്ടിയുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. പിന്നെ വേറൊരു കാര്യം സെപ്റ്റേജ് പ്ലാന്റിനെ സംബന്ധിച്ചാണ്. സെപ്റ്റേജ് പ്ലാന്റിന്റെ അഭാവം വളരെ വലിയ പ്രശ്നമുണ്ടാക്കുന്നുണ്ട്. കേരളത്തിൽ എവിടെയും ഒരു സെപ്റ്റേജ് പ്ലാന്റ് ഇന്നില്ല.

ഇന്ത്യയിൽ തന്നെയുള്ളത് വളരെ പഴയകാലത്തുണ്ടായിരുന്ന ഒന്നോ രണ്ടോ സെപ്റ്റേജ് പ്ലാന്റുകളാണ്. ഈ പ്രാവശ്യം ടെൻഡർ വിളിച്ചിട്ടുണ്ട്. അതിന്റെ കടലാസ് പണികൾ നടക്കുന്നുണ്ട്. ആദ്യമായി എറണാകുളത്തും അതിന് ശേഷം ആലപ്പുഴ, പാലക്കാട്, കോഴിക്കോട് എന്നീ പ്രധാനപ്പെട്ട നഗരങ്ങളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒൻപത് മാസം കൊണ്ട് പണി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. എറണാകുളത്താണ് ഏറ്റവും കൂടുതൽ

പ്രശ്നമുള്ളത്. ട്രക്കിലും മറ്റും കളക്ട് ചെയ്യുന്ന മാലിന്യം പുഴയിലോ, തോടു കളിലോ, ആളില്ലാത്ത സ്ഥലത്തോ ഉപേക്ഷിക്കുന്ന സ്ഥിതിയാണ് ഇന്ന് കാണുന്നത്. അത് ആരോഗ്യ പ്രശ്നം ഉണ്ടാക്കുന്നുണ്ട്. ഇതു കാരണം മിക്ക വാറും എല്ലാ കിണറുകളിലും കോളിഫാം ബാക്ടീരിയ കാണുന്നുണ്ട്. എറണാകുളത്തെ ഏതൊരു കിണറിലെ ജലം പരിശോധിച്ചാലും അതിൽ ഇക്കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യമുണ്ട്. ആ ജലം കുടിക്കാൻ സാധിക്കുന്നതല്ല. അത് മനസ്സിലാക്കി ആദ്യം എറണാകുളത്തും പിന്നീട് മറ്റ് സ്ഥലങ്ങളിലും ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കും.

ശ്രീ. വി. ചെന്താമരാക്ഷൻ നഗരസഭയുടെ സാമ്പത്തിക ശേഷിയെപ്പറ്റി പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം വർഷം തോറും കൊടുക്കുന്ന സംഖ്യയ്ക്ക് പുറമേ ആദ്യമായി 50 ലക്ഷം രൂപ വീതം ഓരോ മുനിസപ്പാലിറ്റികൾക്കും കൊടുത്തു. അടുത്ത കാലത്തായി 70 കോടി രൂപ പെൻഷൻ നൽകുന്നതിനായി കൊടുത്തു. റോഡ് നിർമ്മിക്കുന്നതിന് വേണ്ടി 32 കോടി രൂപ ചില മുനിസിപ്പാലിറ്റികൾക്ക് അടുത്ത കാലത്തായി കൊടുത്തു. കോർപ്പറേഷനിൽ റോഡ് നിർമ്മിക്കുന്നതിന് വേണ്ടി 153 കോടി രൂപയോളം കഴിഞ്ഞ വർഷം അഡീഷണലായി കൊടുത്തു. പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് കുറേ കാര്യങ്ങൾ ചെയ്തു. എല്ലാ കാര്യങ്ങളും ഞാൻ ഇവിടെ പറയുന്നില്ല.

വേറൊരു കാര്യം പറയാനുള്ളത് അനധികൃത കെട്ടിടങ്ങളെപ്പറ്റിയാണ്. അനധികൃത കെട്ടിടങ്ങളെന്ന് കേൾക്കുമ്പോൾ എല്ലാവരും വിചാരിക്കുന്നത് വലിയ കെട്ടിടങ്ങളെന്നാണ്. വാസ്തവത്തിൽ അതല്ല. കോർപ്പറേഷൻ ഇതിന്റെ കണക്കെടുത്തു. അഞ്ച് കോർപ്പറേഷനിലായി ഏതാണ്ട് 25,000–ത്തോളം അനധികൃത കെട്ടിടങ്ങളുണ്ട്. കെട്ടിടമെന്ന് പറയുമ്പോൾ ചെറിയ വീടുകൾ.

അവർക്കെല്ലാവർക്കും അൺആതറൈസ്ഡ് നമ്പർ എന്ന പേരിൽ ഒരു നമ്പർ കൊടുക്കുകയാണ് ചെയ്യുന്നത്. ഒന്നുരണ്ട് വർഷം യു.എ നമ്പർ ഇങ്ങനെ പോയികൊണ്ടിരിക്കും രണ്ട് വർഷം കഴിയുമ്പോൾ യു.എ. എന്നതുമാറി നമ്പർ മാത്രമാവും ബാക്കിയുണ്ടാവുക. കേരളത്തിൽ ഇതുവരെ കഴിഞ്ഞ രണ്ടുപ്രാവശ്യം മാത്രമാണ് അൺആതറൈസ്ഡ് ബിൽഡിംഗ് റെഗുലറൈസ് ചെയ്ത് കൊടുത്തിട്ടുള്ളത്. 1999-ലും 2009-ലും രണ്ട് സമയത്തും ബഹുമാന പ്പെട്ട ശ്രീ. പാലോളി മുഹമ്മദ്കുട്ടി ആയിരുന്നു വകുപ്പുമന്ത്രി. അദ്ദേഹം ഇക്കാര്യങ്ങളെല്ലാം മനസ്സിലാക്കിക്കൊണ്ടാണ് റെഗുലറൈസ് ചെയ്ത് കൊടു ത്തിട്ടുള്ളത്. സേഫ്റ്റി ആന്റ് സെക്യൂരിറ്റിയെ ബാധിക്കാത്ത രീതിയിലാണ് അനധികൃത കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്തു കൊടുക്കുന്നത്. അല്ലാതെ അതിൽ വേറൊരു തകരാറും ഇല്ലായെന്നുകൂടി അറിയിക്കുകയാണ്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഫ്ളാറ്റുകളിൽ നായ്ക്കളും പലജാതി ജന്തുക്കളുമുണ്ട്. ഇവയൊക്കെ ചത്തുകഴിഞ്ഞാൽ എവിടെയാണ് സംസ്ക്കരി ക്കുക?

ശ്രീ. മഞ്ഞളാംകുഴി അലി: കഴിഞ്ഞപ്രാവശ്യം നിയമസഭയിൽ ഉണ്ടാ ക്കിയ നിയമപ്രകാരം ഫ്ളാറ്റുകളുടെ വേസ്റ്റ് മുഴുവൻ അവർ തന്നെ പ്രോസസ്സ് ചെയ്യണമെന്നതാണ് വ്യവസ്ഥ. അത് മിക്കവാറും വലിയ ഫ്ളാറ്റു കൾ ചെയ്യുന്നുമുണ്ട്. അങ്ങനെ ചെയ്യാത്ത ചെറിയ ഫ്ളാറ്റുകളുണ്ട്. അതില്ലാ യെന്ന് പറയുന്നില്ല. ഫ്ളാറ്റുകൾക്ക് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് ഇവ വേണമെന്നുണ്ട്. ചില ഫ്ളാറ്റുകൾ വളരെ നല്ല രീതി യിൽ നടക്കുന്നുണ്ട്. ചിലതിൽ എല്ലാ വേസ്റ്റുംകൂടി അടുത്ത പ്രദേശത്ത് കൊണ്ടിടുന്ന പ്രവണതയുമുണ്ട്. 73, 74 എന്നീ ഭരണഘടനാ അമെൻഡ് മെന്റുകൾ വന്നതിന്റെ അടിസ്ഥാനത്തിൽ അധികാരങ്ങൾ മുഴുവനും കോർപ്പ

റേഷനും മുനിസിപ്പാലിറ്റിക്കും കൊടുക്കുകയാണ്. ഇതിൽ സർക്കാരിന് ഒരു സേ ഇല്ല. കേരളത്തിൽ വിദൂരമല്ലാത്ത ഭാവിയിൽ വേസ്റ്റുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കാനുള്ള ശ്രമം ആത്മാർത്ഥമായി സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുന്നുണ്ട്. 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി ഇ. എസ്. ബിജി മോൾ, 2013-ലെ 52-ാം നമ്പർ ഓർഡിനൻസായ 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി. ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച നിരാകരണ പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച കത-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ....

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജനുവരി മാസം 22–ാം തീയതി ബുധനാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.15–ന് പിരിഞ്ഞു)